# غنائم العمر

## باللغة المليبارية

د. محمد بن عبدالرحمن بن عبدالله السبيهين

شبكة الألوكة
www.alukah.net

www.alukah.net
شبكة الألوكة

# ജീവിതത്തിലെ യഥാർത്ഥ സമ്പാദ്യങ്ങൾ

രചയിതാവ്
മുഹമ്മദ് ബിൻ അബ്ദുറഹ്മാൻ ബിൻ അബ്ദുല്ല
അസ്സുബൈഹീൻ

شبكة الألوكة - قسم الكتب

# അവതാരിക

മനുഷ്യനെ അവനറിയാത്ത കാര്യങ്ങളും അവനെ പേന കൊണ്ട് പഠിപ്പിക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. ജവാമിഉൽ കലിം നൽകപ്പെട്ട മുഹമ്മദ് നബി ﷺ യിലും ശ്രേഷ്ഠ വര്യന്മാരായ അവിടുത്തെ സ്വഹാബിമാരിലും അവരുടെ കാലടിപ്പാടുകളെ പിൻപറ്റുന്നവരിലും നാവു കൊണ്ടും തൂലികകൾ ചലിപ്പിച്ചും മത വിജ്ഞാനത്തിന്റെ പ്രകാശം പരത്തുന്നവരിലും അല്ലാഹുവിന്റെ സ്വലാത്തും സലാമും വർഷിക്കുമാറാക്കട്ടെ.

ഗ്രന്ഥകാരനും വായനക്കാർക്കും വിജ്ഞാനം കൊണ്ട് പ്രയോജനം ലഭിക്കാനുള്ള പ്രധാന കാരണമത്രെ അത് വളരെ സരളമായ ഭാഷയിലും എഴുത്തിലുമായിരുക്കുക എന്നത്. കാരണം; അപ്പോഴാണ് അത് കൂടുതൽ ഗ്രഹിക്കുവാനും മന:പ്പാഠമാക്കുവാനും അടുത്ത തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുവാനും ഉതകുക. അതിനാൽ തന്നെ നബി ﷺ യുടെ ഭാഷ വളരെ വ്യക്തവും അതിന്റെ ആശയ തലം മികവുറ്റതും അവ മന:പ്പാഠമാക്കുവാനും കൈമാറ്റം ചെയ്യാനും വളരെ എളുപ്പവുമായിരുന്നു. ഈ കൃതിയുടെ തലക്കെട്ടും അതിന്റെ ഉള്ളടക്കത്തിലും അവതരണ മികവിലും ഗ്രന്ഥ രചനയുടെ അമൂല്യമായ രണ്ട് നിധികൾ കോർത്തിണക്കുന്നതിലുമെല്ലാം രചയിതാവ് തന്റെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്.

ഒന്ന് : അമലുകളുടെ മഹത്വം പറയുന്ന വിഷയത്തിൽ ഈയൊരു ശൈലി ആരും തന്നെ ഈസ്വീകരിച്ചതായി എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

രണ്ട് : ( ഗ്രന്ഥ താളുകളിൽ ചിതറിക്കിടന്നിരുന്ന ) വിജ്ഞാനങ്ങളെ അദ്ദേഹം ഒരുമിച്ച് കൂട്ടുകയും അവ ക്രമപ്പെടുത്തുകയും ചെയ്തു

അതോടൊപ്പം തന്റെ കൃതിയിലെ വാക്കുകൾ വ്യത്യസ്തങ്ങളായ നിറങ്ങളാൽ അദ്ദേഹം അടയാളപ്പെടുത്തുകയും ചെയ്തിരിക്കുന്നു. വായനക്കാരുടെ മനസ്സിലേക്ക് അവ ആഴ്ന്നിറങ്ങുവാനും അവർക്ക് പെട്ടന്ന് മന:പ്പാഠമാക്കുവാനും ഈ രീതി വളരെയധികം സഹായകമാണെന്നതിൽ സംശയമില്ല.

മുഹമ്മദ് നബി ﷺ യിൽ നിന്നും സ്ഥിരപ്പെട്ട് വന്ന ഹദീസുകൾ മാത്രമേ ഗ്രന്ഥകാരൻ ഇതിൽ ഉദ്ധരിച്ചിട്ടുള്ളൂ എന്നത് ഇതിന്റെ മറ്റൊരു പ്രത്യേകതയാണ്. കാരണം; അമലുകളുടെ മഹത്വം പറയുന്ന വിഷയത്തിൽ ഗ്രന്ഥം രചിച്ചവരിലധികവും ദുർബലമോ അല്ലെങ്കിൽ നിർമ്മിതമോ ആയ ഹദീസുകൾ കൊണ്ട് തെളിവ് പിടിക്കാറുണ്ട്.

ദീനിൽ സ്ഥിരപ്പെട്ട് വന്ന ഒരു കർമ്മത്തിന്റെ മഹത്വം വിവരിക്കുന്ന ചെറിയ ദുർബലതകളുള്ള ഹദീസുകൾ തെളിവായി ഉദ്ധരിക്കാൻ ചില ഹദീസ് പണ്ഡിതന്മാർ ഇളവ് നൽകിയതായി കാണാം. എന്നാൽ നബി ﷺ യിൽ നിന്നും സ്ഥിരപ്പെട്ട് വന്നതിൽ പരിമിതപ്പെടുത്തലാണ് ഏറ്റവും സൂക്ഷ്മവും പ്രബലവുമായ അഭിപ്രായം. ഇമാം അബ്ദുല്ല ബിൻ മുബാറക്ക് - رحمه الله പറഞ്ഞതായി കാണാം : " ( അമലുകളിൽ മുഴുകാൻ ) ദുർബലമായ ഹദീസുകളെക്കാൾ സ്വീകാര്യമായത് തന്നെ ( ധാരാളമുണ്ട്. ) "

കൃതിയെക്കുറിച്ച് ചുരുക്കത്തിൽ : തെളിവുകളുടെ അകമ്പടിയോടെയുള്ള ആമുഖങ്ങളും ഫലങ്ങളും , മന:പ്പാഠമാക്കുവാനും ഗ്രഹിക്കുവാനും എളുപ്പമാകുന്ന തരത്തിൽ വ്യത്യസ്തങ്ങളായ നിറങ്ങളാൽ അലങ്കൃതവുമാണ് ഈ കൃതി.

രചയിതാവായ ഡോക്ടർ മുഹമ്മദ് ബിൻ അബ്ദുറഹ്മാൻ അസ്സുബൈഹീൻ -حفظه الله- യുടെ അറബി ഭാഷയിലും വ്യാകരണത്തിലുമുള്ള അറിവിൽ നിന്നും - അതിന് മുമ്പായി അദ്ദേഹത്തിന്റെ സ്വഭാവത്തിൽ നിന്നും - ഞാൻ ധാരാളം പ്രയോജനം എടുത്തിട്ടുണ്ട്. അദ്ദേഹം എനിക്കാണ് അവതാരിക എഴുതിത്തരാൻ യോഗ്യനായവൻ. എന്റെ ഈ അവതാരിക സ്വന്തം ഗുരുനാഥന്റെ മക്കളോട് ഒരു എളിയ വിദ്യാർത്ഥി ചെയ്യുന്ന സേവനമായേ കണക്കാകാവൂ. അദ്ദേഹത്തിന്റെ പിതാവ് എന്റെ ഗുരുക്കന്മാരിൽ പെട്ടവരാണ്; അദ്ദേഹത്തിന്റെ വിജ്ഞാനത്തിൽ നിന്നും ഗുണകാംക്ഷയോടെയുള്ള ഉപദേശങ്ങളിൽ നിന്നും ഞാൻ ഒരു പാട് ഉപകാരമെടുത്തിട്ടുണ്ട്. അല്ലാഹു ജന്നതുൽ ഫിർദൗസ് അദ്ദേഹത്തിന്റെ വാസ സ്ഥലമാക്കട്ടെ, അദ്ദേഹത്തിന്റെ മക്കളിലും പേരമക്കളിലും അല്ലാഹു ബറകത്ത് നൽകട്ടെ.

അവസാനിക്കും മുമ്പ് : ഇസ്‌ലാമിന്റെ അടിസ്ഥാന സ്തംഭങ്ങളായ നമസ്കാരം, സകാത്ത് , നോമ്പ് , ഹജ്ജ് പോലുള്ള വിഷയങ്ങളിൽ താങ്കൾക്ക് ഉചിതമാണെന്ന് തോന്നുന്ന ഹദീസുകൾ ഉദ്ധരിക്കുന്നതോടൊപ്പം പ്രതിഫലത്തിന്റെ ഇനങ്ങളായ പാപ മോചനമോ പദവികൾ ഉയർത്തുന്നതോ മറ്റോ ആയ കാര്യങ്ങൾ കൂടി ഉണർത്തി ഈ രചനാ ശൈലി ഒന്നുകൂടി വിപുലീകരിക്കണമെന്ന് ഡോക്ടർ മുഹമ്മദിനോട് നിർദ്ദേശിക്കുകയാണ്

അവസാനമായി : ഡോക്ടർ മുഹമ്മദിന്റെ ഈ പരിശ്രമത്തിനും അതുല്യമായ രചനയ്ക്കും അല്ലാഹു സ്വീകാര്യത നൽകി അനുഗ്രഹിക്കട്ടെ.

അദ്ദേഹത്തിന്റെ ഈ കൃതി വളരെയധികം ഉപകാരപ്രദമാകുമെന്ന് എനിക്ക് ശുഭ പ്രതീക്ഷയുണ്ട്. മാത്രമല്ല - അല്ലാഹുവിന്റെ കൃപയാൽ - ഈ കൃതിയുടെ പ്രയോജനം ഒട്ടനവധി മേഖലകളിൽ വ്യാപിച്ച് കിടക്കുന്നതാണ്; കാരണം, അതിന്റെ ഉള്ളടക്കത്തിൽ വിശ്വാസം, ആരാധന, പെരുമാറ്റ മര്യാദകൾ, അല്ലാഹു അവന്റെ മഹത്തായ കൃപയാൽ മത കാര്യങ്ങൾ ലളിതമാക്കിയിരിക്കുന്നു എന്നിങ്ങനെ തുടങ്ങി വ്യത്യസ്തങ്ങളായ മേഖലകളിലെ അമലുകളുടെ മഹത്വങ്ങളാണ് ഉൾകൊള്ളുന്നത്. ഈയൊരു കാര്യം ഇതിൽ നിന്നും വിജ്ഞാനമെടുക്കുവാനും തുടർന്ന് അതനുസരിച്ച് പ്രവർത്തിക്കുവാനും വായനക്കാർക്ക് പ്രചോദനമേകുന്നു. ഗ്രന്ഥ രചനയിലും അതിന്റെ ഘടനയിലും സമാഹരത്തിലും രചയിതാവിന് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ പ്രകടമായി തന്നെ ലഭിച്ചിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്.

ഈ കൃതിയുടെ രചയിതാവിന് അതിന്റെ പ്രയോജനം ഇഹ - പര ജീവിതത്തിലും ബർസഖിലും ലഭിക്കുവാനും ഈ കൃതി വായിക്കുകയോ കേൾക്കുകയോ അത് പ്രചരിപ്പിക്കുകയോ ചെയ്യുന്നവർക്ക് ലഭിക്കുന്ന തുല്യമായ പ്രതിഫലം അദ്ദേഹത്തിന് ലഭിക്കുവാനും ഞാൻ അല്ലാഹുവോട് പ്രാർത്ഥിക്കുന്നു. ഇഹ- പര നന്മകൾ ഏതൊരുവന്റെ അനുഗ്രഹത്താലാണോ പൂർത്തിയാകുന്നത് അങ്ങനെയുള്ള അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും .

**അബ്ദുൽ അസീസ് ബിൻ മുഹമ്മദ് ബിൻ അബ്ദുല്ല**
**അസ്സദ്ഹാൻ - حفظه الله-**

## "ജീവിതത്തിലെ യഥാർത്ഥ സമ്പാദ്യങ്ങൾ എന്ന കൃതിയിൽ ഞാൻ സ്വീകരിച്ച ശൈലി."

**ഒന്ന്** : വിശുദ്ധ ഖുർആനിലും പ്രബലമായ ഹദീസുകളാലും മാത്രം സ്ഥിരപ്പെട്ട് വന്ന നന്മയുടെ സമ്പാദ്യ മാർഗങ്ങൾ ഞാൻ ചുരുക്കി വിവരിക്കുകയാണ് ചെയ്തത്.
ഹദീസിന്റെ നിവേദക പരമ്പരയെക്കുറിച്ച് പഠിച്ച് മനസ്സിലാക്കുന്നതിൽ ഹദീസ് പണ്ഡിതന്മാരുടെ വ്യതസ്ത വീക്ഷണങ്ങൾ അവർക്കിടയിൽ തന്നെ ഒരു ഹദീസിനെക്കുറിച്ച് ഒന്നിലധികം വിധികൾ വരാൻ കാരണമായിട്ടുണ്ടെന്ന് പൊതുവെ അറിയപ്പെട്ട കാര്യമാകുന്നു. അതിനാൽ ചിലർ സ്വീകാര്യമാണെന്ന് വിധിച്ച ഹദീസുകൾ മറ്റു ചിലർ അസ്വീകാര്യമായിട്ടായിരിക്കും അഭിപ്രായപ്പെടുന്നുണ്ടാവുക. പണ്ഡിതന്മാർക്കിടയിലുള്ള ഇത്തരം അഭിപ്രായ വ്യത്യാസങ്ങൾ ധാരാളമായി ഉദ്ധരിക്കപ്പെട്ടതും അവ പ്രസിദ്ധവുമാണ്.

**രണ്ട്** : ഈ സമ്പാദ്യ മാർഗങ്ങളെ മൂന്ന് പ്രധാന അദ്ധ്യായങ്ങളായി ഞാൻ തരം തിരിക്കുകയുണ്ടായി. അവ ഇപ്രകാരമാകുന്നു : -

(1) അല്ലാഹുവിലേക്ക് അടുക്കുവാനുള്ള മാർഗങ്ങൾ .

(2) പ്രയാസങ്ങൾ അകറ്റുവാനുള്ള മാർഗങ്ങൾ.

(3) ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനുള്ള മാർഗങ്ങൾ.

മുസ്ലിമായ ഒരു വ്യക്തിയുടെ പ്രഥമ ലക്ഷ്യം അല്ലാഹുവിലേക്ക് അടുക്കലാകുന്നു. പിന്നീട് തന്നെ ബാധിക്കുന്ന പ്രയാസങ്ങൾ നീക്കുകയും ശേഷം ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയുമാണ് വേണ്ടത്. ഇതിലെ ഓരോ അദ്ധ്യായങ്ങൾക്ക് കീഴിലും അൽപ്പം ഉപാദ്ധ്യായങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

**മൂന്ന്** : ഒരോ ഉപാദ്ധ്യായങ്ങൾക്ക് കീഴിലും പ്രവർത്തനത്തിന്റെ ശ്രേഷ്ഠതക്കനുസരിച്ച് അവയെ ഞാൻ ക്രമപ്പെടുത്തുകയാണുണ്ടായത്. അതിലെ മുഴുവൻ കാര്യങ്ങളും നിർവ്വഹിക്കാൻ കഴിഞ്ഞില്ലെങ്കിൽ വലിയ പ്രതിഫലം കരസ്ഥമാക്കാനായി നൽകിയ ക്രമത്തിനനുസരിച്ച് നീ തുടങ്ങിക്കൊള്ളുക.

നാല് : എല്ലാ സമ്പാദ്യങ്ങൾക്കും തൊട്ടരികിലായി അവ നിർവ്വഹിച്ചാൽ അത് അടയാളപ്പെടുത്തുന്നതിനായി ഒരു കോളം ഞാൻ ഒരുക്കിയിട്ടുണ്ട്.

അഞ്ച് : എല്ലാ ഉപാദ്ധ്യായങ്ങളിലും നന്മയുടെ സമ്പാദ്യ മാർഗത്തെക്കുറിച്ചും അതിന്റെ ശ്രേഷ്ഠതയെക്കുറിച്ചും അതിന്റെ തെളിവുകളെക്കുറിച്ചുമെല്ലാം പ്രത്യേകമായി ഞാൻ സൂചിപ്പിച്ചിട്ടുണ്ട്.

ആറ് : നന്മയുടെ സമ്പാദ്യ മാർഗങ്ങൾക്ക് കറുപ്പ് നിറവും അതിന്റെ ശ്രേഷ്ഠതകൾക് സ്വർഗീയരുടെ വസ്ത്രത്തിന്റെ നിറമായ പച്ചയും തെളിവുകൾക്ക് കടലിന്റെ നിറമായ നീലയും തെളിവുകളിൽ നിന്നും യോജിക്കുന്ന ഭാഗം ചുവന്ന നിറത്തിലും ഞാൻ രേഖപ്പെടുത്തി.

ഏഴ് : ഇരു സ്വഹീഹുകളും നാല് സുനനുകളും മറ്റു ഹദീസ് ഗ്രന്ഥങ്ങളും മുൻ നിർത്തി ഹദീസുകളുടെ അവലംബവും നമ്പറും ചുരുക്കി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രമുഖ ഹദീസ് പണ്ഡിതന്മാരായ അഹ്മദ് ശാക്കിർ , അൽബാനി , ശുഐബ് അർനാഊത് -رحمهم الله- തുടങ്ങിയവരുടെ നിരൂപണങ്ങളെയും ഇതിനായി അവലംബിച്ചിട്ടുണ്ട്.

എട്ട് : അത്യാവശ്യമായ ചില ഘട്ടങ്ങളിൽ ഹദീസിന്റെ ചില പദങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

മുന്നൂറ്റി അറുപത് നന്മയുടെ സമ്പാദ്യ മാർഗങ്ങളാണ് ഇവിടെ ഒരുമിച്ച് കൂട്ടിയിട്ടുള്ളത്. അതാകട്ടെ ഒരു വർഷത്തെ ദിവസങ്ങളുടെ എണ്ണത്തോളമുണ്ടാവും. മുസ്‌ലിമായ ഒരു വ്യക്തി വർഷം മുഴുവൻ എല്ലാ ദിവസവും നന്മയുടെ ഒരോ സമ്പാദ്യ മാർഗങ്ങൾ നിർവ്വഹിക്കുകയാണെങ്കിൽ ഇതൊന്നും ചെയ്യാത്ത വ്യക്തി തന്റെ ആയുഷ്കാലം മുഴുവൻ നേടാത്തത് അവൻ ഒരു വർഷം കൊണ്ട് കരസ്ഥമാക്കുന്നു. അല്ലാഹുവിന്റെ തൗഫീക് ലഭിച്ചവനാണ് യഥാർത്ഥ സൗഭാഗ്യവാൻ.

ഇത് വായിക്കുകയോ കേൾക്കുകയോ പ്രചരിപ്പിക്കുകയോ അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവർക്കെല്ലാം ഇത് പ്രയോജനപ്പെടട്ടെ എന്ന് ഞാൻ അല്ലാഹുവോട് പ്രാർത്ഥിക്കുന്നു. ഉദാരനായ അല്ലാഹുവിലാകുന്നു എന്റെ അവലംബവും ആശ്രയവും. നന്മകൾ നേടിയെടുക്കുവാനോ തിന്മകൾ തടുക്കുവാനോ പ്രതാപിയും യുക്തിമാനുമായ അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു കഴിവും ശക്തിയുമില്ല.

**മുഹമ്മദ് ബിൻ അബ്ദുറഹ്മാൻ ബിൻ അബ്ദുല്ല**
**അസ്സുബൈഹീൻ - حفظه الله-**

# ജീവിതത്തിലെ യഥാർത്ഥ സമ്പാദ്യങ്ങൾ
## 360 കർമങ്ങൾ

### ഇഹ- പര ലോകത്തെ നമ്മുടെ ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള കർമങ്ങൾ — 210 കർമങ്ങൾ

- 5 കർമങ്ങൾ — മതപരമായ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള കർമങ്ങൾ
- 14 കർമങ്ങൾ — പ്രവർത്തനങ്ങളിലെ ലക്ഷ്യം നിറവേറ്റാനുള്ള കർമങ്ങൾ
- 146 കർമങ്ങൾ — പരലോക ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള കർമങ്ങൾ
- 31 കർമങ്ങൾ — മനസ്സിലെ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള കർമങ്ങൾ
- 10 കർമങ്ങൾ — ഇഹലോക ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള കർമങ്ങൾ
- 4 കർമങ്ങൾ — നിനക്ക് ചുറ്റുമുള്ളവരോട് നിറവേറ്റാനുള്ള കർമങ്ങൾ

### ഇഹ- പര ലോകത്തെ പ്രയാസങ്ങൾ നീങ്ങുവാനുള്ള കർമങ്ങൾ — 91 കർമങ്ങൾ

- 53 കർമങ്ങൾ — ദീനിന് ഉപദ്രവം വരുത്തുന്ന കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കാൻ സഹായിക്കുന്ന കർമങ്ങൾ
- 17 കർമങ്ങൾ — മരണാനന്തര ജീവിതത്തിൽ പ്രയാസങ്ങൾ വരാതിരിക്കാൻ സഹായിക്കുന്ന കർമങ്ങൾ
- 21 കർമങ്ങൾ — ഇഹ ലോക ജീവിതത്തിൽ പ്രയാസങ്ങൾ വരാതിരിക്കാൻ സഹായിക്കുന്ന കർമങ്ങൾ

### അടിമയിൽ നിന്ന് അല്ലാഹു ഉദ്ദേശിക്കുന്ന ലക്ഷ്യം പൂർത്തീകരിക്കാനും അവന്റെ സാമീപ്യവും കൃപയും നേടാൻ സഹായിക്കുന്ന സമ്പാദ്യങ്ങൾ — 59 കർമങ്ങൾ

- 25 കർമങ്ങൾ — അടിമയിൽ നിന്ന് അല്ലാഹു ഉദ്ദേശിക്കുന്ന ലക്ഷ്യം പൂർത്തീകരിക്കാൻ സഹായിക്കുന്ന കാര്യങ്ങൾ
- 13 കർമങ്ങൾ — അല്ലാഹുവിന്റെ സാമീപ്യം നേടാൻ സഹായിക്കുന്ന കർമങ്ങൾ
- 21 കർമങ്ങൾ — അല്ലാഹുവിന്റെ കൃപ നേടാൻ സഹായിക്കുന്ന കർമങ്ങൾ

# അദ്ധ്യായം ഒന്ന്:

## അടിമയിൽ നിന്ന് അല്ലാഹു ഉദ്ദേശിക്കുന്ന ലക്ഷ്യം പൂർത്തീകരിക്കാനും അവന്റെ സാമീപ്യവും കൃപയും നേടാൻ സഹായിക്കുന്ന കർമങ്ങൾ

(59 സൽകർമങ്ങൾ)

**ഈ അദ്ധ്യായം മൂന്ന് ഭാഗങ്ങളായി വീതിച്ചിരിക്കുന്നു :**

**ഒന്ന് : അടിമയിൽ നിന്ന് അല്ലാഹു ഉദ്ദേശിക്കുന്ന ലക്ഷ്യം പൂർത്തീകരിക്കാൻ സഹായിക്കുന്ന കാര്യങ്ങൾ (25)**

**രണ്ട് : അല്ലാഹുവിന്റെ സാമീപ്യം നേടാൻ സഹായിക്കുന്ന കർമങ്ങൾ (13)**

**മൂന്ന് : അല്ലാഹുവിന്റെ കൃപ നേടാൻ സഹായിക്കുന്ന കർമങ്ങൾ (21)**

# ഒന്ന്:

## അടിമയിൽ നിന്ന് അല്ലാഹു ഉദ്ദേശിക്കുന്ന ലക്ഷ്യം പൂർത്തീകരിക്കാൻ സഹായിക്കുന്ന കർമങ്ങൾ

(25 പുണ്യകർമങ്ങൾ)

നിർവഹിച്ചു

## സൽകർമം 1

### 1- പ്രാർത്ഥന

മഹത്വം : ഇബാദത്തിന്റെ സാക്ഷാത്കാരം.

തെളിവ് : നുഅ്മാൻ ബിൻ ബഷീർ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " പ്രാർത്ഥന അത് തന്നെയാകുന്നു ആരാധന " പിന്നീട് അവിടുന്ന് ഈ വചനം പാരായണം ചെയ്യുകയുണ്ടായി : [നിങ്ങളുടെ റബ്ബ് പറഞ്ഞിരിക്കുന്നു : നിങ്ങൾ എന്നോട് പ്രാർത്ഥിക്കുവീൻ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എനിക്കുള്ള ആരാധനയിൽ നിന്നും അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച] ( സൂറ: ഗാഫിർ : 40 ) [ തിർമിദി : 2969 ] ശൈഖ് അൽബാനി ഈ ഹദീസ് സ്വീകാര്യമാണെന്ന് വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 2

### 2- സത്യസന്ധത

മഹത്വം : സത്യസന്ധന്മാർക്ക് ലഭിക്കുന്ന ഉയർന്ന പദവി കരസ്ഥമാക്കാം.

തെളിവ് : അബ്ദുല്ല ബിൻ മസ്ഊദ് -رضي الله عنه- നിന്ന് നിവേദനം : നബി - ﷺ - പറഞ്ഞു : " സത്യം പറയൽ നന്മയിലേക്കും നന്മ സ്വർഗ്ഗത്തിലേക്കും നയിക്കും. അങ്ങനെ ഒരുവൻ ( ജീവിതത്തിന്റെ സകല മേഖലയിലും ) സത്യസന്ധത പുലർത്തുന്ന പക്ഷം അല്ലാഹുവിന്റെയടുക്കൽ അവനെ സത്യസന്ധന്മാരുടെ കൂട്ടത്തിൽ രേഖപ്പെടുത്തുന്നതാണ്. " [ ബുഖാരി : 6094, മുസ്‌ലിം : 2607 ]

നിർവഹിച്ചു

## സൽകർമം 3

### 3- തകവ്‌വയിലധിഷ്ഠിതമായി ജീവിക്കൽ

മഹത്വം : അല്ലാഹുവിന്റെയടുക്കൽ സൃഷ്ടികളിൽ ഏറ്റവും ആദരണീയരായിതീരാം.

തെളിവ് : അല്ലാഹു പറഞ്ഞു : “തീർച്ചയായും അല്ലാഹുവിന്റെ അരികിൽ സൃഷ്ടികളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു”.(സൂറ: അൽ ഹുജുറാത്ത് : 13 )

നിർവഹിച്ചു

## സൽകർമം 4-5

### 4 , 5 കോപം അടക്കുകയും ജനങ്ങൾക്ക് വിട്ടു വീഴ്ച നൽകുകയും ചെയ്യുക.

മഹത്വം : തകവ്‌വയുടെ സാക്ഷാത്കാരം.

തെളിവ് : ( സ്വർഗ്ഗത്തെക്കുറിച്ച് പറഞ്ഞതിന് ശേഷം ) അല്ലാഹു പറഞ്ഞു : "ധർമ്മനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്. (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമ്മങ്ങൾ ചെയ്യുകയും കോപം ഒതുക്കി വയ്ക്കുകയും മനുഷ്യർക്ക് മാപ്പ് നൽകുകയും ചെയ്യുന്നവർക്ക് വേണ്ടി. (അത്തരം) സൽകർമ്മകാരികളെ അല്ലാഹു ഇഷ്ടപ്പെടുന്നു”. (ആലു ഇംറാൻ : 133-134)

നിർവഹിച്ചു

## സൽകർമം 6

## 6- ഒട്ടക കുട്ടികളുടെ കൊളമ്പ് ചൂട് പിടിക്കുമ്പോൾ ദ്വുഹാ നമസ്കരിക്കൽ

മഹത്വം : ധാരാളമായി പശ്ചാത്തപിച്ച് മടങ്ങുന്നവരിൽ ഉൾപ്പെടാം. തെളിവ് : സൈദ് ബിൻ അർകം -رضي الله عنه- നിന്ന് നിവേദനം : ദ്വുഹാ നമസ്കാരം ( അതിന്റെ ആദ്യ സമയത്ത് നിർവ്വഹിക്കുന്ന ചിലരെ ) കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു : ഇതല്ലാത്ത മറ്റൊരു സമയത്ത് നമസ്കരിക്കലാണ് ശ്രേഷ്ഠമെന്ന് അവർക്ക് അറിഞ്ഞുകൂടെ..? നിശ്ചയം റസൂൽ ﷺപറഞ്ഞിട്ടുണ്ട് : " ഒട്ടക കുട്ടികളുടെ കൊളമ്പ് ചൂട് പിടിക്കുമ്പോഴാണ് ( അല്ലാഹുവിലേക്ക് ) ധാരാളമായി പശ്ചാത്തപിച്ച് മടങ്ങുന്നവരുടെ ( ദുഹാ ) നമസ്കാരം. " [ മുസ്‌ലിം : 748 ]

നിർവഹിച്ചു

## സൽകർമം 7

## 7 - നാൽപ്പത് ദിവസം തുടർച്ചയായി ജമാഅത്ത് നിസ്കാരത്തിൽ തക്ബീറതുൽ ഇഹ്‌റാം ലഭിക്കൽ .

മഹത്വം : നിഫാകിൽ നിന്ന് ( കാപട്യത്തിൽ നിന്ന് ) സംരക്ഷണമേകുന്നു. തെളിവ് : അനസ് ബിൻ മാലിക് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നാൽപ്പത് ദിവസം ( തുടർച്ചയായി ) ജമാഅത്ത് നമസ്കാരത്തിൽ തക്ബീറതുൽ ഇഹ്‌റാം ലഭിക്കുന്ന തരത്തിൽ അല്ലാഹുവിന് വേണ്ടി നമസ്കരിക്കുന്നവർക്ക് നരകത്തിൽ നിന്നും, നിഫാകിൽ നിന്നും അവൻ സംരക്ഷണമേകുന്നതാണ്. " [ തിർമിദി : 241 , അഹ്മദ് : 12583]

നിർവഹിച്ചു

## സൽകർമം 8

### 8- നോമ്പ്

മഹത്വം : സൽകർമ്മങ്ങളിൽ വെച്ച് ഏറ്റവും വിശിഷ്ടമായത്.

തെളിവ് : അബൂഉമാമ: -رضي الله عنه- നിന്ന് നിവേദനം : എനിക്ക് സ്വർഗ്ഗപ്രവേശനത്തിനുതകുന്ന ഒരു ആരാധന എന്നോട് കൽപ്പിച്ചാലുമെന്ന് റസൂൽ ﷺനോട് ഞാൻ ചോദിച്ചപ്പോൾ അവിടുന്ന് പ്രതികരിച്ചു : " നീ നോമ്പ് മുറുകെപ്പിടിച്ചു കൊള്ളുക. അതിന് തുല്യമായ വേറെ ഒന്നുമില്ല. " [ അഹ്മദ് : 22707]

നിർവഹിച്ചു

## സൽകർമം 9

### 9- അല്ലാഹുവെ സദാ സ്മരിച്ച് കൊണ്ടിരിക്കൽ

മഹത്വം: അമലുകളിൽ വെച്ച് ഏറ്റവും വിശിഷ്ടവും പരിശുദ്ധവുമായത്.

തെളിവ് : അബുദ്ദർദാഅ് -رضي الله عنه- നിന്ന് നിവേദനം : നബി ﷺപറഞ്ഞു : നിങ്ങളുടെ സൽകർമ്മങ്ങളിൽ വെച്ച് അല്ലാഹുവിന്റെയടുക്കൽ ഏറ്റവും വിശിഷ്ടവും പരിശുദ്ധവുമായതും സ്വർഗ്ഗത്തിൽ നിങ്ങളുടെ പദവികൾ ഉയർത്തുന്നതും സ്വർണ്ണവും വെള്ളിയും ധാനം ചെയ്യുന്നതിനെക്കാൾ ശ്രേഷ്ഠമായതും നിങ്ങളുടെ ശത്രുക്കളോട് യുദ്ധം ചെയ്ത് പോരടിക്കുന്നതിനെക്കാൾ ഉത്തമമായതുമായ ഒരു സൽകർമ്മം ഞാൻ നിങ്ങൾക്ക് അറിയിച്ച് തരട്ടെയോ..? സ്വഹാബികൾ ' അതെ ' എന്ന് പ്രതികരിച്ചപ്പോൾ അവിടുന്ന് പറഞ്ഞു : " അല്ലാഹുവെക്കുറിച്ചുള്ള സമരണയത്രെ അത് [ തിർമിദി : 3377 ]

നിർവഹിച്ചു

## സൽകർമം 10

### 10- നൂറ് തവണ ഈ ദിക്ർ ചൊല്ലൽ.

### لا إلهَ إلّا اللهُ وحدَه لا شريكَ له له المُلكُ وله الحمدُ وهو على كلِّ شيءٍ قديرٌ

മഹത്വം : സൽകർമ്മങ്ങളിൽ വെച്ച് ഏറ്റവും വിശിഷ്ടവും പരിശുദ്ധവുമായത്.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് സർവ്വ സ്തുതിയും പരമാധികാരവും. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു. " എന്ന ദിക്ർ ഒരു ദിവസം നൂറ് തവണ ചൊല്ലിയവർക്ക് അവൻ പത്ത് അടിമകളെ മോചിപ്പിച്ചതിന് തുല്യമായ പ്രതിഫലവും നൂറ് നന്മകൾ രേഖപ്പെടുത്തുകയും അവനിൽ നിന്നും നൂറ് തെറ്റുകൾ മായ്ക്കപ്പെടുകയും ചെയ്യുന്നതാണ്. അതു പോലെ ആ ദിവസം വൈകുന്നേരം വരെ പിശാചിൽ നിന്നും അതവന് സംരക്ഷണമേകുന്നതുമാണ്. ഇപ്രകാരം നിർവ്വഹിച്ചവനെക്കാൾ അധികമായി സർകർമ്മങ്ങൾ ചെയ്തവനല്ലാതെ അവൻ കൊണ്ടുവന്നതിനെക്കാൾ ശ്രേഷ്ഠമായ മറ്റൊരു കർമ്മവും കൊണ്ടുവരുന്നില്ല. [ ബുഖാരി 3293, മുസ്‌ലിം : 2691 ]

നിർവഹിച്ചു

## സൽകർമം 11

### 11- പ്രഭാതത്തിലും പ്രദോഷത്തിലുമായി നൂറ് തവണ ഇപ്രകാരം ചൊല്ലൽ سبحان الله وبحمده

മഹത്വം : അമലുകളിൽ ഏറ്റവും വിശിഷ്ടവും പരിശുദ്ധവുമായത്.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " [ അല്ലാഹുവെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു ] എന്ന ദിക്ർ രാവിലെയും വൈകുന്നേരവുമായി നൂറ് തവണ വീതം ആരെങ്കിലും നിർവ്വഹിച്ചാൽ കിയാമത്ത് നാളിൽ അവനെക്കാൾ മികച്ച ഒരു കർമ്മവുമായി മറ്റാരും തന്നെ വരികയില്ല; അവനെക്കാൾ അധികമായോ അതു പോലെയോ സൽകർമ്മങ്ങൾ ചെയ്തവരൊഴികെ. "[ മുസ്ലിം : 2692 ]

നിർവഹിച്ചു

## സൽകർമം 12-13

### 12_13- ഭക്ഷണം നൽകൽ , പരിചയമുള്ളവരോടും ഇല്ലാത്തവരോടും സലാം പറയൽ

മഹത്വം : അമലുകളിൽ ഏറ്റവും വിശിഷ്ടവും പരിശുദ്ധവുമായത്.

തെളിവ് : അബ്ദുല്ല ബിൻ ഉമർ -رضي الله عنه- നിന്ന് നിവേദനം : ഇസ്ലാമിലെ ( സൽപ്രവൃത്തികളിൽ വെച്ച് ) ഏറ്റവും ശ്രേഷ്ഠമായതേതാണെന്ന് ഒരു വ്യക്തി നബി ﷺചോദിച്ചപ്പോൾ അവിടുന്ന് പത്രികരിച്ചത് : " മറ്റുള്ളവർക്ക് ആഹാരം നൽകലും സുപരിചിതരും അപരിചിതരുമായവർക്കെല്ലാം സലാം പറയലുമാണവ എന്നായിരുന്നു. " [ ബുഖാരി : 12 , മുസ്ലിം : 39 ]

നിർവഹിച്ചു

## സൽകർമം 14-17

### 14 - 17- മുസ്‌ലിമായ ഒരു വ്യക്തിയെ സന്തോഷിപ്പിക്കുകയും അവന്റെ പ്രയാസങ്ങൾ നീക്കുകയും, കടങ്ങൾ വീട്ടുകയും, വിശപ്പകറ്റുകയും ചെയ്യൽ.

മഹത്വം : അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള പ്രവർത്തനങ്ങളാകുന്നു.
തെളിവ് : ഇബ്നു ഉമർ - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " മുസ്ലിമായ ഒരു വ്യക്തിയെ സന്തോഷിപ്പിക്കുകയോ അവന്റെ പ്രയാസങ്ങൾ നീക്കുകയോ, കടങ്ങൾ വീട്ടുകയോ, വിശപ്പകറ്റുകയോ ചെയ്യലാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള പ്രവർത്തനങ്ങൾ. " [ ത്വബ്റാനി : മുഅ്ജമുൽ കബീർ : 13646]

നിർവഹിച്ചു

## സൽകർമം 18

### 18- അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുക , അതിന്റെ പേരിൽ നിൽക്കേണ്ടി വരിക , അവന്റെ മാർഗത്തിൽ അതിർത്തികളിൽ രാപ്പകലുകൾ കാവൽ നിൽക്കൽ

മഹത്വം : ലൈലത്തുൽ ക്വദ്റിന്റെ രാവിൽ ഹജറുൽ അസ്വദിന്റെ അടുക്കൽ വെച്ച് നമസ്കരിക്കുന്നതിനെക്കാളും , അറുപത് വർഷം ഇബാദത്ത് നിർവ്വഹിക്കുന്നതിനെക്കാളും , അറുപത് വർഷം തനിച്ച് നമസ്കരിക്കുന്നതിനെക്കാളും , ഒരു മാസം നോമ്പും നിസ്കാരവുമായി കഴിയുന്നതിനെക്കാളുമെല്ലാം ശ്രേഷ്ഠമായത്.
തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറയുന്നതായി ഞാൻ കേട്ടു : " അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തിൽ അൽപ്പ സമയം നിൽക്കലാണ് ലൈലത്തുൽ ക്വദ്റിന്റെ രാവിൽ ഹജറുൽ അസ്വദിന്റെ അടുക്കൽ വെച്ച് നമസ്കരിക്കുന്നതിനെക്കാൾ ശ്രേഷ്ഠം. " [ ഇബ്നു ഹിബ്ബാൻ : 463 ]

- ഇംറാൻ ബിൻ ഹുസൈൻ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തിൽ അണിനിരക്കലാണ് ഒരു വ്യക്തി അറുപത് വർഷം ഇബാദത്ത് നിർവ്വഹിക്കുന്നതിനെക്കാളും അവന്റെയടുക്കൽ ശ്രേഷ്ഠകരമായിട്ടുള്ളത്. " [ ഹാകിം : 2396 ]
- അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺപറഞ്ഞു : " അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തിൽ നിൽക്കലാണ് അറുപത് വർഷം തനിച്ച് നമസ്കരിക്കുന്നതിനെക്കാൾ ശ്രേഷ്ഠം " [ അഹ്മദ് : 10937 ]
- സൽമാൻ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു : " ( അല്ലാഹുവിന്റെ മാർഗത്തിൽ ) ശത്രുവിനെതിരെ അതിർത്തികളിൽ ഒരു രാപ്പകൽ പാർത്തിരിക്കലാണ് ഒരു മാസം നോമ്പ് നോൽക്കുകയും രാത്രി നമസ്കരിക്കുകയും ചെയ്യുന്നതിനെക്കാൾ ഉൽകൃഷ്ടമായത്. " [ മുസ്‌ലിം : 1913 ]
- സൽമാനുൽ ഫാരിസി - -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറയുന്നതായി ഞാൻ കേട്ടു : അല്ലാഹുവിന്റെ മാർഗത്തിൽ അതിർത്തികളിൽ ഒരു ദിവസം കാവൽ നിൽക്കുന്നതാണ് ഒരു മാസം നോമ്പും രാത്രി നമസ്കാരവും നിർവ്വഹിക്കുന്നതിനെക്കാൾ ശ്രേഷ്ഠം. " [ തിർമിദി : 1660 ]

നിർവഹിച്ചു

## സൽകർമം 19

## 19- ലൈലത്തുൽ ക്വദ്റിന്റെ രാത്രി സൽപ്രവർത്തനങ്ങളിൽ മുഴുകൽ

മഹത്വം : ആയിരം മാസങ്ങളെക്കാൾ ഉത്തമമാകുന്നു .

തെളിവ് : അല്ലാഹു പറഞ്ഞു :[ലൈലത്തുൽ ക്വദ്റിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു.] ( സൂറ: അൽ ക്വദ്ർ : 3 )

നിർവഹിച്ചു

## സൽകർമം 20

## 20- പിണങ്ങി നിൽക്കുന്നവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കൽ

മഹത്വം : നമസ്കാരം, നോമ്പ്, സകാത്ത് പോലുള്ള ഇബാദത്തുകളെക്കാൾ പദവിയുള്ളത്.

തെളിവ് : അബുദ്ദർദാഅ് -رضي الله عنه- നിന്ന് നിവേദനം : "നമസ്കാരം, നോമ്പ്, സകാത്ത് പോലുള്ള ഇബാദത്തുകളെക്കാൾ പദവിയുള്ള ഒരു കാര്യത്തെക്കുറിച്ച് ഞാൻ നിങ്ങൾക്ക് അറിയിച്ച് തരട്ടെയോ എന്ന് റസൂൽ സ്വഹാബികളോട് ചോദിക്കുകയുണ്ടായി. അപ്പോൾ 'അതെ ' എന്നവർ പ്രതികരിച്ചപ്പോൾ അവിടുന്ന് പറഞ്ഞു : ( അസ്വാരസ്യമായി കഴിയുന്ന ) രണ്ട് പേർക്കിടയിൽ രഞ്ജിപ്പുണ്ടാക്കലത്രെ അത്. ( കാരണം; ) വ്യക്തികൾ തമ്മിലുള്ള കുഴപ്പങ്ങൾ അവരെ മുച്ചൂടും നശിപ്പിക്കുന്നതാണ്. " [ അബൂദാവൂദ് : 4919 , തിർമിദി : 2509 , അഹ്മദ് : 28156 ]

നിർവഹിച്ചു

## സൽകർമം 21

### 21- വെള്ളിയാഴ്ച്ച ദിനം സുബ്ഹ് നമസ്കാരം ജമാഅത്തായി നിർവ്വഹിക്കൽ.

മഹത്വം : നമസ്കാരങ്ങളിൽ ഏറ്റവും ശേഷ്ഠമായത്.

തെളിവ് : അബൂ ഉബൈദത്ത് ബിൻ ജർറാഹ് -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " നമസ്കാരങ്ങളിൽ ഏറ്റവും ശേഷ്ഠമായത് വെള്ളിയാഴ്ച്ചയിലെ ജമാഅത്തായുള്ള സുബ്ഹ് നമസ്കാരമാകുന്നു. " [ മുസ്നദ് ബസ്സാർ : 1279 ]

നിർവഹിച്ചു

## സൽകർമം 22

### 22- ഐച്ഛിക നമസ്കാരങ്ങൾ വീട്ടിൽ വെച്ച് നിർവ്വഹിക്കൽ

മഹത്വം : നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷം ശ്രേഷ്ഠമായവ.

തെളിവ് : സൈദ് ബിൻ ഥാബിത് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ജനങ്ങളേ, നിങ്ങളുടെ വീടുകളിൽ വെച്ച് ( ഐച്ഛിക ) നമസ്കാരങ്ങൾ നിർവ്വഹിച്ച് കൊള്ളുക. തീർച്ചയായും നിർബന്ധമല്ലാത്ത നമസ്കാരങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത് ഒരു വ്യക്തി തന്റെ വീട്ടിൽ വെച്ച് നിർവഹിക്കുന്ന നമസ്കാരമാകുന്നു. " [ ബുഖാരി : 731 ].

നിർവഹിച്ചു

## സൽകർമം 23

## 23- നൂറ് ആയത്ത് പാരയണം ചെയ്ത് രാത്രി നമസ്കരിക്കൽ.

മഹത്വം : നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷം ഏറ്റവും ശ്രേഷ്ഠമായത്, അല്ലാഹുവിന് കീഴ്പ്പെട്ട് ജീവിക്കുന്ന അടിമകളിൽ ഉൾപ്പെടാൻ സാധിക്കുന്നു. തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷം ഏറ്റവും ശ്രേഷ്ഠമായത് രാത്രി നമസ്കാരമാകുന്നു. " [ മുസ്‌ലിം : 1163 ]

അബ്ദുല്ല ബിൻ അംറ് ബിൻ അൽ ആസ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നൂറ് ആയത്ത് പാരായണം ചെയ്തു കൊണ്ട് രാത്രി നമസ്കരിക്കുന്നവരെ അല്ലാഹു അവന് കീഴ്പ്പെട്ട് ജീവിക്കുന്നവരിൽ രേഖപ്പെടുത്തുന്നതാണ്. " [ അബൂ ദാവൂദ് : 1398 ]

നിർവഹിച്ചു

## സൽകർമം 24

## 24- മുഹർറം മാസത്തിൽ നോമ്പനുഷ്ഠിക്കൽ

മഹത്വം : റമദ്വാൻ മാസത്തിലെ നോമ്പിന് ശേഷം ഏറ്റവും ശ്രേഷ്ഠമായ നോമ്പ്.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " റമദ്വാനിലെ നോമ്പിനുശേഷം ഏറ്റവും ശ്രേഷ്ഠമായ നോമ്പ് അല്ലാഹുവിന്റെ മാസമായ മുഹററത്തിലേതാകുന്നു. " [മുസ്‌ലിം : 1163 ]

## സൽകർമം 25

## 25- ഇശാഅ് നമസ്കാര ശേഷം ഒരൊറ്റ സലാമിൽ നാല് റക്അത്ത് നമസ്കരിക്കൽ.

മഹത്വം : ലൈലത്തുൽ ക്വദ്റിന്റെ രാത്രി അവ നിർവ്വഹിച്ചാലുള്ള അതേ പ്രതിഫലം രേഖപ്പെടുത്തുന്നതാണ്

തെളിവ് : അബ്ദുല്ല ബിൻ മസ്ഊദ് -رضي الله عنه- നിന്ന് നിവേദനം : അദ്ദേഹം പറഞ്ഞു : " ഇശാഅ് നമസ്കാര ശേഷം നാല് റക്അത്ത് ഒരൊറ്റ തശഹുദിൽ നമസ്കരിച്ചാൽ അത് പോലുള്ളവ ലൈലത്തുൽ ക്വദ്റിന്റെ രാത്രി നിർവ്വഹിച്ച അതേ പ്രതിഫലം രേഖപ്പെടുത്തുന്നതാണ്. " [ മുസ്വനഫ് ഇബ്നു അബീ ശൈബ: : 2/ 72/ 1 ]

# ഭാഗം രണ്ട്:

## അല്ലാഹുവിനോട് സാമീപ്യം ലഭിക്കാനുള്ള മാർഗങ്ങൾ

## (13 സൽകർമങ്ങൾ)

നിർവഹിച്ചു

## സൽകർമം 26

### 1- തക്വ്‌വയിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കൽ

മഹത്വം : ഒരു വ്യക്തിക്ക് അല്ലാഹുവിന്റെ വലിയ്യ് ആകുവാനും അവന്റെ സ്നേഹവും സാമീപ്യവും ലഭിക്കുവാനും കാരണവുമാകുന്നു.

തെളിവ് : അല്ലാഹു പറഞ്ഞു : [ അറിയുക : തീർച്ചയായും അല്ലാഹുവിന്റെ വലിയ്യാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. വിശ്വസിക്കുകയും ധർമ്മനിഷ്ഠ പാലിക്കുകയും ചെയ്യുന്നവരെത്ര അവർ. ] ( സൂറ: യൂനുസ് : 62 - 63 )

- അല്ലാഹു പറഞ്ഞു : [ അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരുടെ രക്ഷാകർത്താവാകുന്നു. ] ( സൂറ: അൽ ജാഥിയ: : 19 )
- അല്ലാഹു പറഞ്ഞു : [ അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരുടെ കൂടെയാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക. ] ( സൂറ: അത്തൗബ: : 123 )
- അല്ലാഹു പറഞ്ഞു : [ തീർച്ചയായും അല്ലാഹു ധർമ്മനിഷ്ഠ പാലിക്കുന്നവരോടൊപ്പമാകുന്നു.] ( സൂറ: അന്നഹ്ൽ : 128 )
- അല്ലാഹു പറഞ്ഞു : [ തീർച്ചയായും അല്ലാഹു ധർമ്മനിഷ്ഠ പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.] ( സൂറ: ആലു ഇംറാൻ 76, സൂറ: അത്തൗബ: : 7 )

നിർവഹിച്ചു

## സൽകർമം 27

### 2- മറ്റുള്ളവർക്ക് നന്മ ചെയ്യൽ

മഹത്വം : അല്ലാഹുവിന്റെ സ്നേഹവും സാമീപ്യവും ലഭിക്കുന്നു.

തെളിവ് : അല്ലാഹു പറഞ്ഞു : [ തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരോടും സുകൃതം പ്രവർത്തിക്കുന്നവരോടൊപ്പവുമാകുന്നു. ] ( സൂറ: അന്നഹ്ൽ 128)

- അല്ലാഹു പറഞ്ഞു : [ സൽകർമ്മകാരികളെ അല്ലാഹു ഇഷ്ടപ്പെടുന്നു. ] ( സൂറ: ആലു ഇംറാൻ : 134 )

നിർവഹിച്ചു

## സൽകർമം 28

### 3- അല്ലാഹുവെ സദാ സ്മരിക്കൽ

മഹത്വം : അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാം.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : അല്ലാഹു പറഞ്ഞിരിക്കുന്നു : " എന്നെക്കുറിച്ച് എന്റെ അടിമ വിചാരിക്കുന്നതിനനുസരിച്ചായിരിക്കും ( അവനോട് ഞാൻ വർത്തിക്കുക.) അവൻ എന്നോട് പ്രാർത്ഥിക്കുകയാണെങ്കിൽ ഞാൻ അവനോടൊപ്പമുണ്ടാവും. " [ ബുഖാരി 7405 , മുസ്‌ലിം : 2675 ]

നിർവഹിച്ചു

## സൽകർമം 29

### 4- അല്ലാഹുവോട് പ്രാർത്ഥിക്കൽ

മഹത്വം : അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാം.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : അല്ലാഹു പറഞ്ഞിരിക്കുന്നു : " എന്നെക്കുറിച്ച് എന്റെ അടിമ വിചാരിക്കുന്നതിനനുസരിച്ചായിരിക്കും (അവനോട് ഞാൻ വർത്തിക്കുക.) അവൻ എന്നോട് പ്രാർത്ഥിക്കുകയാണെങ്കിൽ ഞാൻ അവനോടൊപ്പമുണ്ടാവും. " [ മുസ്‌ലിം : 2675 ]

നിർവഹിച്ചു

## സൽകർമം 30

### 5-ജനങ്ങൾക്ക് ഉപകാരം ചെയ്യൽ

മഹത്വം : ജനങ്ങളിൽ വെച്ച് അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ളവർ

തെളിവ് : ഇബ്നു ഉമർ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ജനങ്ങളിൽ വെച്ച് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടവർ അവരിൽ മറ്റുള്ളവർക്ക് ഏറ്റവുമധികം ഉപകാരം ചെയ്യുന്നവരെയാകുന്നു. " [ ത്വബ്റാനി : മുഅ്ജമുൽ കബീർ : 13646 ]

നിർവഹിച്ചു

## സൽകർമം 31

### 6-അല്ലാഹുവിൽ മാത്രം ഭരമേൽപ്പിക്കൽ

മഹത്വം : അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാം.

തെളിവ് : അല്ലാഹു പറഞ്ഞു : [ തീർച്ചയായും അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നവരെ അവൻ ഇഷ്ടപ്പെടുന്നതാണ്. ] ( സൂറ: ആലു ഇംറാൻ : 159 )

നിർവഹിച്ചു

## സൽകർമം 32

### 7-അല്ലാഹുവിന്റെ മാർഗത്തിൽ പരസ്പ്പരം സ്നേഹിക്കുകയും സന്ദർശിക്കുകയും ചെയ്യുക.

മഹത്വം : അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാം.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : ഒരു വ്യക്തി മറ്റൊരു നാട്ടിലുള്ള തന്റെ സഹോദരനെ സന്ദർശിക്കാൻ പുറപ്പെടുകയുണ്ടായി. അദ്ദേഹത്തെ നിരീക്ഷിക്കാനായി വഴിയിൽ ഒരു മലക്കിനെ അല്ലാഹു ഏർപ്പെടുത്തി. അങ്ങനെ ആ വ്യക്തി തന്റെ അരികിലെത്തിയപ്പോൾ മലക്ക് ചോദിച്ചു : താങ്കൾ എവിടേക്കാണ് പോകുന്നത്.? ഈ നാട്ടിലുള്ള ഒരു സഹോദരനെ സന്ദർശിക്കാൻ വന്നതാണെന്ന് അദ്ദേഹം പറഞ്ഞപ്പോൾ മലക്ക് വീണ്ടും ചോദിച്ചു : അവനിൽ നിന്നും താങ്കൾ ( ദുനിയാവിൽ വല്ല നേട്ടവും ) പ്രതീക്ഷിക്കുന്നുണ്ടോ..? അദ്ദേഹം പറഞ്ഞു : ഒരിക്കലുമില്ല; മറിച്ച്, അല്ലാഹുവിന്റെ പ്രീതിക്കായ് അവനെ സ്നേഹിക്കുന്നത് കൊണ്ടാണ് ( ഞാൻ അവനെ സന്ദർശിക്കുന്നത്. ) അപ്പോൾ മലക്ക് പറയും : നിശ്ചയം താങ്കൾ അല്ലാഹുവിന്റെ പേരിൽ ആ വ്യക്തിയെ സ്നേഹിച്ചതിനാൽ അല്ലാഹു താങ്കളെയും സ്നേഹിച്ചിരിക്കുന്നു എന്ന സന്ദേശവുമായി നിന്നിലേക്കയക്കപ്പെട്ട അല്ലാഹുവിന്റെ ദൂതനാകുന്നു ഞാൻ. " [ മുസ്‌ലിം : 2567 ]

ഉബാദ: ബിൻ സ്വാമിത്ത് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : അല്ലാഹു പറഞ്ഞിരിക്കുന്നു " എന്റെ മാർഗത്തിൽ പരസ്പ്പരം സ്നേഹിക്കുകയും ഗുണകാംക്ഷയോടെ വർത്തിക്കുകയും തമ്മിൽ സന്ദർശനം നടത്തുകയും ചെയ്യുന്നവർക്ക് എന്റെ സ്നേഹം നിർബന്ധമായിരിക്കുന്നു. " [ ഇബ്നു ഹിബ്ബാൻ 577]

നിർവഹിച്ചു

## സൽകർമം 33

### 8- അല്ലാഹുവിന്റെ മാർഗത്തിൽ പരസ്പര ബന്ധം പുലർത്തൽ

മഹത്വം : അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാം.

തെളിവ് : ഉബാദ: ബിൻ സ്വാമിത്ത് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : അല്ലാഹു പറഞ്ഞിരിക്കുന്നു " എന്റെ മാർഗത്തിൽ പരസ്പരം ബന്ധം പുലർത്തുന്നവർക്ക് എന്റെ സ്നേഹം നിർബന്ധമായിരിക്കുന്നു. " [ ഹാകിം : 7409 ]

നിർവഹിച്ചു

## സൽകർമം 34

### 9- അല്ലാഹുവിന്റെ മാർഗത്തിൽ സമ്പത്ത് ചെലവഴിക്കൽ.

മഹത്വം : അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാം. തെളിവ് : ഉബാദ: ബിൻ സ്വാമിത്ത് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : അല്ലാഹു പറഞ്ഞിരിക്കുന്നു " എന്റെ മാർഗത്തിൽ സമ്പത്ത് ചിലവഴിക്കുന്നവർക്ക് എന്റെ സ്നേഹം നിർബന്ധമായിരിക്കുന്നു. "[ ഹാകിം : 7409 ]

നിർവഹിച്ചു

## സൽകർമം 35

### 10- അൻസ്വാരികളെ സ്നേഹിക്കൽ

മഹത്വം : അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാം.

തെളിവ് : ഹാരിഥ് ബിൻ സിയാദ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " അൻസ്വാരികളെ ഇഷ്ടപ്പെടുന്നവരെ കിയാമത്ത് നാളിൽ അല്ലാഹു ഇഷ്ടപ്പെടുന്നതാണ്. " [ ഇബ്നു ഹിബ്ബാൻ : 7273, ഇബ്നു മാജ: : 163, നസാഈ : 6274, അഹ്മദ് : 15780 ]

നിർവഹിച്ചു

## സൽകർമം 36

### 11- അല്ലാഹുവെ കണ്ട് മുട്ടുന്നത് ഇഷ്ടപ്പെടൽ

മഹത്വം : അല്ലാഹു അവന്റെ അടിമയെയും കാണാൻ ഇഷ്ടപ്പെടും. തെളിവ് : ഉബാദ: ബിൻ സ്വാമിത്ത് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " അല്ലാഹുവെ കണ്ട് മുട്ടുന്നത് ഇഷ്ടപ്പെടുന്നവരെ അവനും കണ്ട് മുട്ടാൻ ഇഷ്ടപ്പെടുന്നതാണ്. " [ ബുഖാരി : 6507 , മുസ്‌ലിം : 2683 ]

നിർവഹിച്ചു

## സൽകർമം 37

### 12- കുടുംബ ബന്ധം ചേർക്കൽ

മഹത്വം : അല്ലാഹു അവരുമായി ബന്ധം ചേർക്കും . തെളിവ് : ആയിഷ -رضي الله عنها- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " കുടുംബ ബന്ധം അർശിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. അതിപ്രകാരം പ്രാർത്ഥിച്ചുകൊണ്ടിരിക്കും : എന്നെ ചേർത്തവരോട് അല്ലാഹു ബന്ധം ചേർക്കട്ടെ എന്നെ മുറിച്ചവരോട് അല്ലാഹു ബന്ധം മുറിക്കട്ടെ. " [ മുസ്‌ലിം : 2555 ]

## സൽകർമം 38

### 13- സുജൂദിൽ ദുആ വർധിപ്പിക്കൽ

മഹത്വം : അല്ലാഹു പ്രാർത്ഥന സ്വീകരിക്കാൻ അതിയായ സാധ്യതയുള്ള സന്ദർഭമാണത്. തെളിവ് : അബൂഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ഒരടിമ തന്റെ റബ്ബുമായി ഏറ്റവും കൂടുതൽ അടുക്കുന്ന സന്ദർഭം അവൻ സുജൂദിലായിരിക്കുമ്പോഴാണ്. അതിനാൽ നിങ്ങൾ തദവസരം ധാരാളമായി പ്രാർത്ഥിച്ച് കൊള്ളുക. " [ മുസ്‌ലിം : 482 ]

# ഭാഗം മൂന്ന്

## അല്ലാഹുവിന്റെ കൃപ കരസ്ഥമാക്കുവാനുള്ള മാർഗങ്ങൾ

## (21 സൽകർമങ്ങൾ)

നിർവഹിച്ചു

## സൽകർമം 39

### 1- തക്വ്‌വയിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കൽ

മഹത്വം : അല്ലാഹുവിന്റെ തൃപ്തി നേടാം.

തെളിവ് : അല്ലാഹു പറഞ്ഞു : [ ധർമ്മനിഷ്ഠ പാലിച്ചവർക്ക് തങ്ങളുടെ റബ്ബിന്റെയടുക്കൽ താഴ്ഭാഗത്ത് നദികളൊഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗത്തോപ്പുകളുണ്ട്. അവർ അവിടെ നിത്യവാസികളായിരിക്കും. പരിശുദ്ധരായ ഇണകളും (അവർക്കുണ്ടായിരിക്കും.) കൂടാതെ അല്ലാഹുവിന്റെ പ്രീതിയും". (സൂറ: ആലു ഇംറാൻ : 15)

നിർവഹിച്ചു

## സൽകർമം 40

### 2- അന്ന - പാനീയങ്ങൾക്കു ശേഷം الحمد لله എന്ന് പറയൽ.

മഹത്വം : അല്ലാഹുവിന്റെ തൃപ്തി നേടാം.

തെളിവ് : അനസ് ബിൻ മാലിക്ക് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അന്ന - പാനീയങ്ങൾ ഭക്ഷിച്ചതിന് ശേഷം അതിന്റെ പേരിൽ അല്ലാഹുവിന് സ്തുതി ചൊല്ലുന്നവരെ അവൻ തൃപ്തിപ്പെടുന്നതാണ്. " [ മുസ്‌ലിം : 2734 ]

നിർവഹിച്ചു

## സൽകർമം 41

### 3- ദന്ത ശുദ്ധീകരണം വരുത്തൽ

മഹത്വം : അല്ലാഹുവിന്റെ തൃപ്തി നേടാം.

തെളിവ് : ആയിഷ -رضي الله عنها- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : "ദന്ത ശുദ്ധീകരണം വായയെ ശുദ്ധീകരിക്കുന്നതും അല്ലാഹുവിന്റെ തൃപ്തി നേടിത്തരുന്നതുമാണ്. " [ നസാഈ : സുനനുൽ കുബ്റാ : 4 , ഇബ്നു മാജ: : 3449 ]

നിർവഹിച്ചു

## സൽകർമം 42

### 4- രാവിലെയും വൈകുന്നേരവുമായി ഈ ദിക്ർ ചൊല്ലൽ

رضينا بالله ربا وبالإسلام دينا وبمحمد رسولا

മഹത്വം : അല്ലാഹു അവന്റെ അടിമയെ തൃപ്തിപ്പെടുന്നു.

തെളിവ് : അബൂ സല്ലാം -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " [ അല്ലാഹുവെ റബ്ബായും ഇസ്‌ലാമിനെ മതമായും മുഹമ്മദ് ﷺ യെ റസൂലായും ഞങ്ങൾ തൃപ്തിപ്പെട്ടിരിക്കുന്നു. ] എന്ന് പ്രഭാതത്തിലും പ്രദോഷത്തിലുമായി ചൊല്ലുന്നവരെ തൃപ്തിപ്പെടൽ അല്ലാഹു ( സ്വയം ഏറ്റെടുത്ത ) ബാധ്യതയാകുന്നു. " [ അബൂ ദാവൂദ് : 5072 ]

നിർവഹിച്ചു

## സൽകർമം 43

### 5- അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങൽ

മഹത്വം : അല്ലാഹു അവർക്ക് പൊറുത്തു നൽകുന്നു. തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിക്കുന്നതിന് മുമ്പായി അല്ലാഹുവിലേക്ക് തൗബ ചെയ്ത് മടങ്ങുന്നവർക്ക് അവൻ പൊറുത്തു നൽകുന്നതാണ്. " [ മുസ്‌ലിം : 2703 ]

നിർവഹിച്ചു

## സൽകർമം 44

### 6- ഖുർആൻ പഠിക്കുകയും അത് പഠിപ്പിക്കുകയും ചെയ്യൽ.

മഹത്വം : ( ഇഹ-പര ) നന്മകൾ ലഭിക്കുന്നു.

തെളിവ് : ഉഥ്മാൻ -رضي الله عنه- വിൽ നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ഖുർആൻ പഠിക്കുകയും അത് പഠിപ്പിക്കുകയും ചെയ്യുന്നവരാകുന്നു നിങ്ങളിൽ വെച്ച് ഏറ്റവും ഉത്തമർ " [ ബുഖാരി : 5072]

നിർവഹിച്ചു

## സൽകർമം 45

### 7- എല്ലാ നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷവും

### سبحان الله والحمد لله والله أكبر

### എന്ന് 33 തവണ ചൊല്ലൽ

മഹത്വം : ( ഇഹ-പര ) നന്മകൾ ലഭിക്കുന്നു.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ഞാൻ നിങ്ങൾക്ക് ഒരു കാര്യം അറിയിച്ച് തരട്ടെയോ, നിങ്ങളത് മുറുകെ പിടിക്കുകയാണെങ്കിൽ ( നന്മയിൽ ) നിങ്ങളെക്കാൾ മുൻ കടന്നവരുടെ പദവി കരസ്ഥമാക്കാം. അതു പോലെ നിങ്ങൾക്ക് ശേഷമുള്ള ഒരാളും ( ഈ പ്രവർത്തനം ചെയ്യാതെ ) നിങ്ങളുടെ പദവിയിൽ എത്തുകയില്ല. ഇതല്ലാത്ത മറ്റു ആരാധനകൾ ചെയ്യുന്ന ചുറ്റുമുള്ളവരെക്കാൾ ശ്രേഷ്ഠരായിരിക്കുകയും ചെയ്യും നിങ്ങൾ. എല്ലാ നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷവും മുപ്പത്തിമൂന്ന് തവണ വീതം തസ്ബീഹും തഹ്മീദും തക്ബീറും നിർവ്വഹിക്കലത്രെ അത്. അതായത് سبحان الله ، الحمد لله ، الله أكبر എന്നിങ്ങനെ ഒരോന്നും മൂപ്പത്തിമൂന്ന് തവണ നീ പറഞ്ഞ് കൊള്ളുക. " [ ബുഖാരി : 843 , മുസ്‌ലിം : 595 ]

നിർവഹിച്ചു

## സൽകർമം 46

### 8- നോമ്പ് തുറക്കാൻ ധൃതി കാണിക്കുക

മഹത്വം : ( ഇഹ-പര ) നന്മകൾ ലഭിക്കുന്നു.

തെളിവ് : സഹ്ൽ ബിൻ സഅ്ദ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " നോമ്പ് തുറക്കാൻ ധൃതി കാണിക്കുന്ന കാലമത്രയും ജനങ്ങൾ നന്മയിലായിരിക്കും. " [ ബുഖാരി : 1957 , മുസ്‌ലിം : 1098 ]

നിർവഹിച്ചു

## സൽകർമം 47

### 9- നബി ﷺയുടെ മേൽ സ്വലാത്ത് ചൊല്ലൽ

മഹത്വം : അല്ലാഹു അവർക്കായി പത്ത് സ്വലാത്ത് നിർവ്വഹിക്കുന്നതാണ്.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും എനിക്കു വേണ്ടി ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന്റെ മേൽ പത്ത് സ്വലാത്ത് നിർവ്വഹിക്കുന്നതാണ്. " [ മുസ്‌ലിം : 408 ]

നിർവഹിച്ചു

## സൽകർമം 48

### 10- ജമാഅത്ത് നമസ്കാരം ഒന്നാമത്തെ സ്വഫ്ഫിൽ വെച്ച് നിർവ്വഹിക്കൽ

മഹത്വം : അല്ലാഹുവിന്റെ സ്വലാത്ത് കരസ്ഥമാക്കാം.

തെളിവ് : ബറാഅ് ബിൻ ആസിബ് -رضي الله عنه- നിന്ന് നിവേദനം : നബി ﷺപറഞ്ഞു : " ഒന്നാമത്തെ സ്വഫ്ഫിൽ വെച്ച് നമസ്കരിക്കുന്നവർക്ക് വേണ്ടി അല്ലാഹുവും അവന്റെ മലക്കുകളും സ്വലാത്ത് നിർവ്വഹിക്കുന്നതാണ്. " [ നസാഈ : സുനനുൽ കുബ്റാ : 3 / 645 ]

നിർവഹിച്ചു

## സൽകർമം 49

### 11- ദാഹിച്ച് വലഞ്ഞ മൃഗങ്ങൾക്ക് വെള്ളം നൽകൽ

മഹത്വം : അല്ലാഹുവിന്റെ നന്ദി കരസ്ഥമാക്കാം.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ഒരിക്കൽ ഒരാൾ ഒരു വഴിയിലൂടെ നടന്ന് പോകുമ്പോൾ അയാൾക്ക് അതി കഠിനമായ ദാഹം അനുഭവപ്പെട്ടു. അങ്ങനെ മുന്നോട്ട് നടക്കവെ വഴിയരികിൽ കണ്ട ഒരു കിണറ്റിലിറങ്ങി വെള്ളം കുടിച്ച് പുറത്തേക്ക് വന്നു. തത്സമയം ഒരു നായ നാവ് പുറത്തേക്ക് ഇട്ട് കിതച്ച്കൊണ്ടിരിക്കുന്നു. ദാഹം സഹിക്ക വയ്യാതെ മണ്ണ് പോലും അത് തിന്നുന്നുണ്ടായിരുന്നു. അപ്പോൾ ആ മനുഷ്യൻ ആത്മഗതം ചെയ്തു; എന്നെ ബാധിച്ചത് പോലുള്ള ദാഹം അതിനും എത്തി കാണണം. ഉടനെ അയാൾ വീണ്ടും കിണറ്റിലിറങ്ങി തന്റെ ഷൂസിൽ വെള്ളം നിറച്ച് ആ നായയെ കുടിപ്പിക്കുയുണ്ടായി. അക്കാരണത്താൽ അല്ലാഹു അയാളോട് നന്ദി കാണിക്കുകയുണ്ടായി. " ( അതായത് അയാളുടെ പാപങ്ങൾ മാപ്പാക്കുകയും സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയുമുണ്ടായി എന്നർത്ഥം.) [ ബുഖാരി : 2466 , മുസ്‌ലിം : 2244]

നിർവഹിച്ചു

## സൽകർമം 50

### 12- അല്ലാഹുവെ സ്മരിക്കുന്നതിനായി ഒരുമിച്ച് കൂടൽ

മഹത്വം : അല്ലാഹു അവന്റെയടുക്കൽ അവരെ സ്മരിക്കുകയും അവരിൽ സമാധാനവും ശാന്തിയും വർഷിക്കുകയും ചെയ്യും.

തെളിവ് : അബൂഹുറൈറ , അബൂ സഈദ് അൽ ഖുദ്‌രി -رضي الله عنهما- നിന്ന് നിവേദനം : നബി ﷺപറഞ്ഞു : " അല്ലാഹുവെ സ്മരിക്കുന്നതിനായി ഒരുമിച്ച് കൂടുന്നവരെ മലക്കുകൾ വലയം ചെയ്യുകയും കാരുണ്യം അവരെ പൊതിയുകയും ശാന്തിയും സമാധാനവും അവരിൽ വർഷിക്കുകയും അല്ലാഹു അവന്റെയടുക്കൽ അവരെ സ്മരിക്കുകയും ചെയ്യും. " [ മുസ്‌ലിം : 2700 ]

അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺപറഞ്ഞു : അല്ലാഹു പറഞ്ഞിരിക്കുന്നു : " എന്നെക്കുറിച്ച് എന്റെ അടിമ വിചാരിക്കുന്നതിനനുസരിച്ചായിരിക്കും ( അവനോട് ഞാൻ വർത്തിക്കുക.) അവൻ എന്നെ സ്മരിക്കുകയാണെങ്കിൽ ഞാൻ അവനോടൊപ്പമുണ്ടാവും. അവൻ എന്നെ തനിച്ചാണ് സമരിക്കുന്നതെങ്കിൽ ഞാനവനെ സ്വന്തത്തിൽ ഓർക്കുന്നതാണ്. ഇനി അവൻ വല്ല സദസ്സിലുമാണ് എന്നെ സമരിക്കുന്നതെങ്കിൽ അതിനെക്കാൾ ഉത്തമമായ സദസ്സിൽ ഞാനവനെ ഓർക്കുന്നതാണ് " [ ബുഖാരി : 7405 , മുസ്‌ലിം : 2675 ]

നിർവഹിച്ചു

## സൽകർമം 51

### 13- അല്ലാഹുവെ സദാ സ്മരിക്കൽ

മഹത്വം : അല്ലാഹു അവരെയും സ്മരിക്കും.

തെളിവ് : അല്ലാഹു പറഞ്ഞു : [ ആകയാൽ നിങ്ങൾ എന്നെ ഓർക്കുവിൻ നിങ്ങളെ ഞാനും ഓർക്കുന്നതാണ്. ] ( സൂറ: അൽ ബകറ: : 152 )

നിർവഹിച്ചു

## സൽകർമം 52

### 14- ഏകാന്തനായിരിക്കെ അല്ലാഹുവെ സ്മരിക്കൽ

മഹത്വം : അല്ലാഹു അവരെ സ്വന്തത്തിൽ ഓർക്കുന്നതാണ്.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : അല്ലാഹു പറഞ്ഞിരിക്കുന്നു : " എന്നെക്കുറിച്ച് എന്റെ അടിമ വിചാരിക്കുന്നതിനനുസരിച്ചായിരിക്കും ( അവനോട് ഞാൻ വർത്തിക്കുക.) അവൻ എന്നെ സ്മരിക്കുകയാണെങ്കിൽ ഞാൻ അവനോടൊപ്പമുണ്ടാവും. അവൻ എന്നെ തനിച്ചാണ് സമരിക്കുന്നതെങ്കിൽ ഞാനവനെ സ്വന്തത്തിൽ ഓർക്കുന്നതാണ്. ഇനി അവൻ വല്ല സദസ്സിലുമാണ് എന്നെ സമരിക്കുന്നതെങ്കിൽ അതിനെക്കാൾ ഉത്തമമായ സദസ്സിൽ ഞാനവനെ ഓർക്കുന്നതാണ് " [ ബുഖാരി : 7405 , മുസ്‌ലിം : 2675]

നിർവഹിച്ചു

## സൽകർമം 53

### 15- അല്ലാഹുവിന് കീഴ്പ്പെടലും ജനങ്ങൾക്കിടയിൽ ദുർബലനായി കഴിയലും

മഹത്വം : അത്തരക്കാർ അല്ലാഹുവെക്കൊണ്ട് സത്യം ചെയ്ത് പറഞ്ഞാൽ അല്ലാഹു അത് നിറവേറ്റി കൊടുക്കുന്നതാണ്.

തെളിവ് : ഹാരിഥ: ബിൻ വഹ്ബിൻ അൽ ഖുസാഈ -رضي الله عنه- നിന്ന് നിവേദനം: നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " സ്വർഗവാസികളെക്കുറിച്ച് ഞാൻ നിങ്ങൾക്ക് അറിയിച്ച് തരട്ടെയോ..? അല്ലാഹുവിന്റെ മുന്നിൽ വിനായാന്വിതനായി കീഴ്പ്പെടുന്നവനും ജനങ്ങൾക്കിടയിൽ നിസ്സാരനും ദുർബലനുമായി കഴിയുന്നവരത്രെ അതിന്റെ ആളുകൾ. അവർ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്താൽ അവനത് നിറവേറ്റി നൽകുന്നതാണ്. " [ ബുഖാരി : 4918 , മുസ്‌ലിം : 2853 ]

നിർവഹിച്ചു

## സൽകർമം 54

### 16- നിർബന്ധ നമസ്കാരങ്ങൾ പള്ളിയിൽ വെച്ച് നിർവ്വഹിച്ച ശേഷം ഐച്ഛിക നമസ്കാരങ്ങൾ വീട്ടിൽ വെച്ച് നിർവ്വഹിക്കൽ

മഹത്വം : വീട്ടിൽ നന്മ നില നിൽക്കും.

തെളിവ് : ജാബിർ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നിങ്ങളിലാരെങ്കിലും പള്ളിയിൽ വെച്ച് നിർബന്ധ നമസ്കാരങ്ങൾ നിർവ്വഹിച്ചതിന് ശേഷം ഐച്ഛിക നമസ്കാരങ്ങളിൽ നിന്നും ഒരോഹരി വീട്ടിൽ വെച്ച് നിർവ്വഹിക്കുക. നിശ്ചയം; അവന്റെ വീട്ടിൽ ഈ നമസ്കാരം മുഖേന അല്ലാഹു നന്മ ഉണ്ടാക്കുന്നതാണ്. " [ മുസ്‌ലിം : 778 ]

നിർവഹിച്ചു

## സൽകർമം 55

### 17- സൂറത്തുൽ ബക്വറ പാരായണം ചെയ്യൽ

മഹത്വം : അത് അനുഗ്രഹമാകുന്നു.

തെളിവ് : അബൂഉമാമ: അൽ ബാഹിലി -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറയുന്നതായി ഞാൻ കേട്ടു : " നിങ്ങൾ സൂറത്തുൽ ബക്വറ പാരായാണം ചെയ്ത് കൊള്ളുക. നിശ്ചയം അത് മുറുകെ പിടിക്കൽ അനുഗ്രഹമാണ്. " [ മുസ്ലിം : 804 ]

നിർവഹിച്ചു

## സൽകർമം 56

### 18- നോമ്പിന് അത്താഴം കഴിക്കൽ

മഹത്വം : അത് അനുഗ്രഹമാകുന്നു.

തെളിവ് : അനസ് ബിൻ മാലിക് -رضي الله عنه- നിന്ന് നിവേദനം : നബി ﷺപറഞ്ഞു : " നിങ്ങൾ അത്താഴം കഴിക്കുവീൻ; നിശ്ചയം അതിൽ അനുഗ്രഹമുണ്ട്. " [ ബുഖാരി : 1923 , മുസ്ലിം : 1095 ]

നിർവഹിച്ചു

## സൽകർമം 57

### 19- തിന്മമയെ നന്മ കൊണ്ട് പ്രതിരോധിക്കൽ

മഹത്വം : ഇഹ - പര ലോകത്തും വമ്പിച്ച ഭാഗ്യമുള്ളവരായിരിക്കും അവർ.

തെളിവ് : അല്ലാഹു പറഞ്ഞു : [ നന്മയും തിന്മയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അതു കൊണ്ട് നീ തിന്മയെ പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവൻ ഒരു ഉറ്റബന്ധുവെന്നപോലെ ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവനല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. ] ( സൂറ: ഫുസ്സിലത്ത് : 34 - 35 )

നിർവഹിച്ചു

## സൽകർമം 58

### 20- വെള്ളിയാഴ്ച്ച ദിവസം സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യൽ

മഹത്വം : ഒരാഴ്ച്ച മുഴുവൻ അത് പ്രകാശമേകുന്നു. അതു പോലെ അവന്റെയും കഅ്ബയുടെയും ഇടയിലെ വഴി ദൂരമത്രയും അത് പ്രകാശമായിരിക്കും.

തെളിവ് : അബൂ സഈദ് അൽ ഖുദ്‌രി -رضي الله عنه- നിന്ന് നിവേദനം : നബി ﷺപറഞ്ഞു : " വെള്ളിയാഴ്ച്ച ദിവസം സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യുന്നവർക്ക് അടുത്ത വെള്ളിയാഴ്ച്ച വരെ അത് പ്രകാശമായിരിക്കും. " [ ഹാകിം : 3412 ]

- അബൂ സഈദ് അൽ ഖുദ്‌രി -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " വെള്ളിയാഴ്ച്ച ദിവസം സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യുന്നവർക്ക് അവരുടെയും കഅ്ബയുടെയും ഇടയിലെ വഴി ദൂരമത്രയും അത് പ്രകാശമായിരിക്കും." [ ബൈഹകി : സുനനുൽ കുബ്റാ : 6078 ]

നിർവഹിച്ചു

## സൽകർമം 59

### 21- മൂന്ന് ഇറക്കുകളായി വെള്ളം കുടിക്കൽ

മഹത്വം : കുടിക്കുന്ന വെള്ളത്തിൽ ബറക്കത്ത് നൽകപ്പെടും.

തെളിവ് : അനസ് -رضي الله عنه- നിന്ന് നിവേദനം : അദ്ദേഹം പറഞ്ഞു : "റസൂൽ ﷺ മൂന്ന് തവണ ശ്വാസം പുറത്തേക്ക് വിട്ടുകൊണ്ടാണ് വെള്ളം കുടിച്ചിരുന്നത്. ( അഥവാ, മൂന്ന് ഇറക്കുകളായി. ) എന്നിട്ട് അവിടുന്ന് പറയുമായിരുന്നു : അത് ദാഹം ശമിക്കുവാനും വയറിന് സംരക്ഷണവും ഉപകാര പ്രദവുമാണ്. " [ മുസ്‌ലിം : 2028 ]

# അദ്ധ്യായം രണ്ട്:

## ഇഹ- പര ലോകത്തെ പ്രയാസങ്ങൾ നീങ്ങുവാനുള്ള കർമങ്ങൾ

**(91 സൽകർമങ്ങൾ)**

**ഈ അദ്ധ്യായം മൂന്ന് ഭാഗങ്ങളായി വീതിച്ചിരിക്കുന്നു :**

**ഒന്ന് : ദീനിന് ഉപദ്രവം വരുത്തുന്ന കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കാൻ സഹായിക്കുന്ന കർമങ്ങൾ. (53)**

**രണ്ട് : മരണാനന്തര ജീവിതത്തിൽ പ്രയാസങ്ങൾ വരാതിരിക്കാൻ സഹായിക്കുന്ന കർമങ്ങൾ. (17)**

**മൂന്ന് : ഇഹ ലോക ജീവിതത്തിൽ പ്രയാസങ്ങൾ വരാതിരിക്കാൻ സഹായിക്കുന്ന കർമങ്ങൾ. (21)**

## ഭാഗം ഒന്ന്:

ദീനിന് ഉപദ്രവം വരുത്തുന്ന കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കാൻ സഹായിക്കുന്ന കർമങ്ങൾ.

(53 സൽകർമങ്ങൾ)

www.alukah.net
شبكة الألوكة

شبكة الألوكة - قسم الكتب

നിർവഹിച്ചു

## സൽകർമം 60

### 1- നൂറ് തവണ سبحان الله وبحمده എന്ന് ചൊല്ലൽ

മഹത്വം : പാപങ്ങളെല്ലാം പൊറുത്തു നൽകുകയും ആയിരം തെറ്റുകൾ കൊഴിഞ്ഞ് പോവുകയും ചെയ്യും.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ' അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. ' എന്ന ദിക്ർ ഒരു ദിവസം നൂറ് തവണ ചൊല്ലുന്നവരുടെ പാപങ്ങളെല്ലാം കൊഴിഞ്ഞ് പോകുന്നതാണ്; അവ കടൽ നുരയോളമുണ്ടെങ്കിലും ശരി. " [ ബുഖാരി : 6405 , മുസ്‌ലിം : 2691 ]

സഅദ് ബിൻ അബീ വക്വാസ് -رضي الله عنه- നിന്ന് നിവേദനം : ഒരിക്കൽ റസൂൽ ﷺയുടെ കൂടെ ഞങ്ങൾ ഇരിക്കവെ അവിടുന്ന് ചോദിച്ചു : ഒരു ദിവസം ആയിരം നന്മകൾ കരസ്ഥമാക്കാൻ നിങ്ങൾക്ക് കഴിയുന്നില്ലയോ.? (അതിനുള്ള മാർഗമെന്താണെന്ന് ഒരാൾ ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു : ) നൂറ് തവണ ' സുബ്ഹാനല്ലാഹ് ' പറയുകയാണെങ്കിൽ അവന് ആയിരം നന്മകൾ രേഖപ്പെടുത്തുകയോ അല്ലെങ്കിൽ അത്ര തന്നെ തെറ്റുകൾ അവനിൽ നിന്നും കൊഴിഞ്ഞ് പോവുകയോ ചെയ്യുന്നതാണ്. " [ മുസ്‌ലിം : 2698 ]

നിർവഹിച്ചു

## സൽകർമം 61

### 2- നല്ല നിലയിൽ വുദ്വൂഅ് ചെയ്യൽ, പ്രത്യേകിച്ച് പ്രയാസ ഘട്ടങ്ങളിൽ അത് പൂർണ്ണമായും നിർവ്വഹിക്കൽ

മഹത്വം : പാപങ്ങളെല്ലാം പൊറുത്തു നൽകുന്നു.

തെളിവ് :അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ഒരു സത്യവിശ്വാസി വുദൂഅ് ചെയ്യവെ മുഖം കഴുകിയാൽ അയാൾ കണ്ണ് കൊണ്ട് കണ്ട തിന്മകളെല്ലാം പ്രസ്തുത വെള്ളത്തോടൊപ്പം ഒലിച്ച് പോകുന്നതാണ്. കൈകൾ കഴുകുമ്പോൾ അത് കൊണ്ട് സ്പർശിച്ച മുഴുവൻ പാപങ്ങളും ഒലിച്ച് പോകുന്നു. കാലുകൾ കഴുകുമ്പോൾ അതുപയോഗിച്ച് തെറ്റുകളിലേക്ക് നടന്ന് പോയതെല്ലാം അയാളുടെ കാലിൽ നിന്നും പുറത്ത് പോകുന്ന അവസാന ജലത്തുള്ളിയോടൊപ്പം ഒലിച്ച് പോകുന്നതാണ്. അങ്ങനെ അയാൾ പരിപൂർണ്ണ പാപമുക്തനായിട്ടായിരിക്കും വുദൂഅ് കഴിഞ്ഞ് വരുന്നത്. " [ മുസ്‌ലിം : 244 ]

- ഉഥ്മാൻ ബിൻ അഫ്ഫാൻ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും നല്ല നിലയിൽ വുദൂഅ് ചെയ്താൽ അയാളുടെ ശരീരത്തിലെ പാപങ്ങൾ നഖത്തിനടിയിലൂടെ ഉതിർന്ന് പോകുന്നതാണ്. " [ മുസ്‌ലിം : 245 ]
- അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നിങ്ങളുടെ പാപങ്ങൾ മായ്ക്കപ്പെടുകയും പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്ന ഒരു കാര്യം നിങ്ങൾക്ക് ഞാൻ അറിയിച്ച് തരട്ടെയോ എന്ന് റസൂൽ ﷺചോദിച്ചപ്പോൾ സ്വഹാബികൾ 'അതെ' എന്ന് പറയുകയുണ്ടായി. അപ്പോൾ അവിടുന്ന് പറഞ്ഞു : പ്രയാസ ഘട്ടങ്ങളിൽ പൂർണമായി വുദൂഅ് നിർവ്വഹിക്കലാകുന്നു അത്. " [ മുസ്‌ലിം : 251 ]

നിർവഹിച്ചു

## സൽകർമം 62

## 3- സ്ത്രീ - പുരുഷ സംസർഗമോ ദുർവൃത്തിയോ ചെയ്യാതെ ഹജ്ജ് നിർവ്വഹിക്കൽ

മഹത്വം : പാപങ്ങളെല്ലാം പൊറുത്തു നൽകുന്നു.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " സ്ത്രീ - പുരുഷ സംസർഗമോ ദുർവൃത്തിയോ ചെയ്യാതെ അല്ലാഹുവിന് വേണ്ടി ആരെങ്കിലും ഹജ്ജ് നിർവ്വഹിച്ചാൽ സ്വമാതാവ് അവനെ പ്രസവിച്ച ദിവസം പോലെ ( പാപരഹിതനായാണ് ) അവൻ മടങ്ങുക. " [ ബുഖാരി :1521 , മുസ്‌ലിം : 1350 ]

നിർവഹിച്ചു

## സൽകർമം 63

## 4- നമസ്കാരം ലക്ഷ്യം വെച്ച് മസ്ജിദുൽ അഖ്സയിലേക്ക് പുറപ്പെടൽ

മഹത്വം : പാപങ്ങളെല്ലാം പൊറുത്തു നൽകുന്നു.

തെളിവ് : അബ്ദുല്ല ബിൻ ഉമർ -رضي الله عنهما- നബി ﷺ പറഞ്ഞു : " സുലൈമാൻ നബി -عليه السلام- ബൈതുൽ മക്ദിസിന്റെ പണി പൂർത്തികരിച്ച ശേഷം അല്ലാഹുവോട് മൂന്ന് കാര്യങ്ങൾ ചോദിക്കുകയുണ്ടായി : ( ഒന്ന് ) താൻ വിധിക്കുന്ന വിധികളെല്ലാം അല്ലാഹുവിന്റെ വിധിയുമായി യോജിച്ച് വരാൻ , ( രണ്ട് ) അദ്ദേഹത്തിന് ശേഷം ഒരാൾക്കും തരപ്പെടാത്ത ഒരു അധികാരം ലഭിക്കാൻ , ( മൂന്ന് ) നമസ്കാരം മാത്രം ഉദ്ദേശം വെച്ച് ഈ പള്ളിയിലേക്ക് വരുന്നവർ സ്വമാതാവ് അവനെ പ്രസവിച്ച ദിവസം പോലെ പാപരഹിതനായി തിരിച്ച് മടങ്ങുന്ന പ്രതിഫലം ലഭിക്കാൻ. നബി ﷺ പറഞ്ഞു : ( ആദ്യത്തെ ) രണ്ട് കാര്യങ്ങൾ അദ്ദേഹത്തിന് നൽകപ്പെട്ടിട്ടുണ്ട്. മൂന്നാമത്തേതും ലഭിച്ചിട്ടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്. " [ നസാഈ 774, ഇബ്നു മാജ: : 1408 ]

നിർവഹിച്ചു

## സൽകർമം 64

### 5 - ബലികർമ്മത്തിന് സാക്ഷ്യം വഹിക്കൽ

മഹത്വം : പാപങ്ങളെല്ലാം പൊറുത്തു നൽകുന്നു.

തെളിവ് : ഇംറാൻ ബിൻ ഹുസൈൻ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ ഫാത്തിമയോട് പറഞ്ഞു : " നിന്റെ ബലികർമ്മത്തിന് നീ സാക്ഷിയായി കൊള്ളുക; കാരണം, അതിൽ നിന്നും ഉറ്റി വീഴുന്ന ആദ്യ രക്തത്തുള്ളി നീ പ്രവർത്തിച്ച മുഴുവൻ പാപങ്ങളെയും പൊറുക്കപ്പെടുന്നതാണ് " [ ബൈഹകി : സുനനുൽ കുബ്റാ : 10336 ]

നിർവഹിച്ചു

## സൽകർമം 65

### 6- യുദ്ധത്തിൽ രക്തസാക്ഷിത്വം വരിക്കൽ

മഹത്വം : പാപങ്ങളെല്ലാം പൊറുത്തു നൽകുന്നു.

തെളിവ് : അബ്ദുല്ല ബിൻ അംറുബ്നുൽ ആസ് -رضي الله عنه- റസൂൽ ﷺ പറഞ്ഞു : " കടം ഒഴികെയുള്ള മറ്റ് എല്ലാ പാപങ്ങളും രക്തസാക്ഷിക്ക് അല്ലാഹു പൊറുത്തു കൊടുക്കും. " [ മുസ്‌ലിം : 1886 ]

നിർവഹിച്ചു

## സൽകർമം 66

### 7- നല്ല നിലയിൽ വുദൂഅ് ചെയ്ത ശേഷം മനസ്സിൽ മറ്റു ചിന്തകൾ കടന്നു വരാതെ രണ്ട് റക്അത്ത് നമസ്കരിക്കുകയും അതിന് ശേഷം പാപമോചനം തേടുകയും ചെയ്യൽ

മഹത്വം : മുൻ കഴിഞ്ഞു പോയ ചെറു പാപങ്ങൾ പൊറുക്കപ്പെടും. തെളിവ് : ഉഥ്മാൻ ബിൻ അഫ്ഫാൻ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " ഞാൻ വുദൂഅ് ചെയ്ത് കാണിച്ചത് പോലെ ആരെങ്കിലും വുദൂഅ് നിർവ്വഹിക്കുകയും തുടർന്ന് മനസ്സിൽ മറ്റു ചിന്തകൾ കടന്നു വരാതെ ഭയ ഭക്തിയോട് കൂടി രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്താൽ അവന്റെ മുൻ കഴിഞ്ഞ ( ചെറു ) പാപങ്ങൾ അല്ലാഹു പൊറുത്തു നൽകുന്നതാണ്. " [ ബുഖാരി : 159 , മുസ്‌ലിം : 226 ].

- അബൂബക്കർ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : ഒരു വ്യക്തി വല്ല തെറ്റ് ചെയ്ത് പോവുകയും പിന്നീട് നല്ല രീതിയിൽ വുദൂഅ് ചെയ്ത് രണ്ട് റക്അത്ത് നമസ്കരിക്കുകയും തുടർന്ന് അല്ലാഹുവോട് ( ആ തെറ്റിൽ നിന്നും ) പാപ മോചനം തേടുകയും ചെയ്താൽ അല്ലാഹു അവന് പൊറുത്തു നൽകുന്നതാണ്. " [ അബൂദാവൂദ് : 1521 , തിർമിദി : 406 , നസാഈ : സുനനുൽ കുബ്റാ : 10175 ]

നിർവഹിച്ചു

## സൽകർമം 67

### 8- റമദ്വാൻ മാസം ഈമാനോടും പ്രതിഫലേഛയോടും കൂടി രാത്രി നമസ്കരിക്കൽ

മഹത്വം : മുൻ കഴിഞ്ഞ ചെറു പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " സത്യ വിശ്വാസത്തോടും പ്രതിഫലേഛയോടും കൂടി ആരെങ്കിലും റമദ്വാനിൽ രാത്രി നമസ്കരിച്ചാൽ അവന്റെ മുൻ കഴിഞ്ഞ (ചെറു) പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. " [ ബുഖാരി : 1901, മുസ്‌ലിം : 760 ]

നിർവഹിച്ചു

## സൽകർമം 68

### 9- ലൈലത്തുൽ ക്വദ്റിന്റെ രാവിൽ ഈമാനോടും പ്രതിഫലേഛയോടും കൂടി രാത്രി നമസ്കരിക്കൽ

മഹത്വം : മുൻ കഴിഞ്ഞ ചെറു പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " സത്യ വിശ്വാസത്തോടും പ്രതിഫലേഛയോടും കൂടി ആരെങ്കിലും ലൈലത്തുൽ ക്വദ്റിന്റെ രാത്രി നമസ്കരിച്ചാൽ അവന്റെ മുൻ കഴിഞ്ഞ (ചെറു) പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. " [ ബുഖാരി : 1901, മുസ്‌ലിം : 760]

നിർവഹിച്ചു

## സൽകർമം 69

## 10- ഇമാമിന്റെ കൂടെ ആമീൻ പറയുന്നതോടൊപ്പം മലക്കുകളുടെ ആമീനുമായി യോജിച്ച് വരൽ

മഹത്വം : മുൻ കഴിഞ്ഞ ചെറു പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ഇമാം ആമീൻ പറയാൻ ഉദ്ദേശിച്ചാൽ നിങ്ങളും അത് പറഞ്ഞ് കൊള്ളുക. കാരണം, മലക്കുകളുടെ ആമീനുമായി ആരുടേതാണോ യോജിച്ച് വരുന്നത് അവരുടെ മുൻ കഴിഞ്ഞ (ചെറു) പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. " [ ബുഖാരി : 780 , മുസ്‌ലിം : 410 ]

നിർവഹിച്ചു

## സൽകർമം 70

## 11- لا إله إلا الله ، والله أكبر ، ولا حول ولا قوة إلا بالله എന്ന ദിക്ർ ചൊല്ലൽ

മഹത്വം : ധാരാളം തെറ്റുകൾ പൊറുക്കപ്പെടും

തെളിവ് : അബ്ദുല്ല ബിൻ ഉമർ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല , അവൻ ഏറ്റവും വലിയവനാകുന്നു , ( ദോഷങ്ങൾ തടുക്കുവാനോ നന്മകൾ നേടിയെടുക്കുവാനോ ) അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു കഴിവും ശക്തിയുമില്ല എന്ന ദിക്ർ ചൊല്ലിയവന് അല്ലാഹു അവന്റെ ( ചെറു ) പാപങ്ങൾ പൊറുത്തു കൊടുക്കുന്നതാണ്. അത് സമുദ്ര നുരയോളമുണ്ടെങ്കിലും ശരി. " [ തിർമിദി : 3460 , നസാഈ : 9873 , അഹ്മദ് : 6554 ]

നിർവഹിച്ചു

## സൽകർമം 71

### 12- എല്ലാ നിർബന്ധ നമസ്കാരങ്ങൾക്കു ശേഷവും 33 തവണ سبحان الله ، الله أكبر ، الحمد لله എന്നും നൂറ് തികയ്ക്കാനായി لا إله إلا الله وحده لا شريك له، له المُلكُ وله الحمدُ وهو على كلِّ شيءٍ قديرٌ എന്നും ചൊല്ലൽ

മഹത്വം : ധാരാളം തെറ്റുകൾ പൊറുക്കപ്പെടും

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " എല്ലാ നിർബന്ധ നമസ്കാരങ്ങൾക്കു ശേഷവും 33 തവണ വീതം തസ്ബീഹും ഹംദും തക്ബീറും ചൊല്ലുകയും പിന്നീട് നൂറ് തികയ്ക്കാനായി

لا إله إلا الله وحده لا شريك له، له المُلكُ وله الحمدُ وهو على كلِّ شيءٍ قدير

എന്ന് പറയുകയും ചെയ്യുന്ന പക്ഷം അല്ലാഹു അവന്റെ ( ചെറു ) പാപങ്ങൾ പൊറുത്തു കൊടുക്കുന്നതാണ്. അത് സമുദ്ര നുരയോളമുണ്ടെങ്കിലും ശരി. " [ മുസ്‌ലിം : 597]

നിർവഹിച്ചു

## സൽകർമം 72

# 13- ഫർദ് നമസ്കാരം ജമാഅത്തായി നിർവ്വഹിക്കണമെന്ന ഉദ്ദേശ്യത്തോടെ മാത്രം വീട്ടിൽ നിന്നും നല്ല രീതിയിൽ വുദൂഅ് ചെയ്ത് പള്ളിയിലേക്ക് കാൽനടയായി പുറപ്പെടൽ

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : " നിങ്ങളുടെ പാപങ്ങൾ മായ്ക്കപ്പെടുകയും പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്ന ഒരു കാര്യം നിങ്ങൾക്ക് ഞാൻ അറിയിച്ച് തരട്ടെയോ എന്ന് റസൂൽ ﷺചോദിച്ചപ്പോൾ സ്വഹാബികൾ 'അതെ' എന്ന് പറയുകയുണ്ടായി. അപ്പോൾ അവിടുന്ന് പറഞ്ഞു : പ്രയാസ ഘട്ടങ്ങളിൽ പൂർണ്ണമായി വുദൂഅ് ചെയ്യലും പള്ളികളിലേക്ക് ധാരാളം കാലടികൾ വെക്കലുമാകുന്നു അവ. " [ മുസ്ലിം : 251 ]

- ഉഥ്മാൻ ബിൻ അഫ്ഫാൻ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " നമസ്കാരത്തിന് വേണ്ടി പൂർണ്ണമായി വുദൂഅ് നിർവ്വഹിക്കുകയും പിന്നീട് നിർബന്ധ നമസ്കാരത്തിനായി നടന്ന് പോവുകയും പള്ളിൽ വെച്ച് ജമാഅത്തായി നമസ്കരിക്കുകയും ചെയ്താൽ അല്ലാഹു അവന്റെ (ചെറു) പാപങ്ങൾ പൊറുത്തു കൊടുക്കുന്നതാണ്. "[ മുസ്ലിം : 232 ]
- അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും നല്ല രീതിയിൽ വുദൂഅ് ചെയ്യുകയും പിന്നീട് നമസ്കാരം മാത്രം ലക്ഷ്യം വെച്ച് പള്ളിയിലേക്ക് പുറപ്പെടുകയും ചെയ്താൽ അവൻ വെക്കുന്ന ഒരോ കാലടികൾക്കും അവന്റെ ഒരു പദവി ഉയർത്തപ്പെടുകയും ഒരു തെറ്റ് കൊഴിഞ്ഞ് പോവുകയും ചെയ്യുന്നതാണ്. " [ ബുഖാരി : 2119 , മുസ്ലിം : 649 ]

- അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും അല്ലാഹുവോടുള്ള നിർബന്ധ ബാധ്യതയായ നമസ്കാരത്തിനായി തന്റെ വീട്ടിൽ നിന്നും വുദൂഅ് ചെയ്ത് അല്ലാഹുവിന്റെ ഭവനങ്ങളിൽ പെട്ട ഏതെങ്കിലുമൊരു പള്ളിയിലേക്ക് പുറപ്പെടുകയാണെങ്കിൽ അവൻ വെക്കുന്ന ഓരോ കാലടികൾക്കനുസരിച്ചും അവന്റെ ഒരു പാപം കൊഴിഞ്ഞ് പോവുകയും ഒരു പദവി ഉയർത്തപ്പെടുകയും ചെയ്യുന്നതാണ്. " [ മുസ്‌ലിം : 666 ]

നിർവഹിച്ചു

**സൽകർമം 73**

## 14- ഒരു നമസ്കാരത്തിന് ശേഷം അടുത്തതിനായി അവിടെ തന്നെ കാത്തിരിക്കൽ

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : " നിങ്ങളുടെ പാപങ്ങൾ മായ്ക്കപ്പെടുകയും പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്ന ഒരു കാര്യം നിങ്ങൾക്ക് ഞാൻ അറിയിച്ച് തരട്ടെയോ എന്ന് റസൂൽ ﷺ ചോദിച്ചപ്പോൾ സ്വഹാബികൾ 'അതെ' എന്ന് പറയുകയുണ്ടായി. അപ്പോൾ അവിടുന്ന് പറഞ്ഞു : പ്രയാസ ഘട്ടങ്ങളിൽ പൂർണ്ണമായി വുദൂഅ് ചെയ്യലും പള്ളികളിലേക്ക് ധാരാളം കാലടികൾ വെക്കലും ഒരു നമസ്കാരത്തിന് ശേഷം അടുത്തതിനായി അവിടെ തന്നെ കാത്തിരിക്കലുമാണവ. അത് തന്നെയാകുന്നു രിബാത്വ്, അത് തന്നെയാകുന്നു രിബാത്വ് " ( അതായത്, അല്ലാഹുവിന്റെ മാർഗത്തിൽ അതിർത്തികളിൽ കാവൽ നിൽക്കുന്നവരുടെ പദവിയിലായിരിക്കും ഇവർ.) [ മുസ്‌ലിം : 251 ]

നിർവഹിച്ചു

## സൽകർമം 74

### 15- രാത്രിയുടെ യാമങ്ങളിൽ നമസ്കരിക്കൽ.

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും

തെളിവ് : മുആദ് ബിൻ ജബൽ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " വെള്ളം തീയെ അണക്കുന്നത് പോലെ ദാനധർമ്മവും രാത്രി നമസ്കാരവും തെറ്റുകളെ അണച്ച് കളയുന്നതാണ്. " [ നസാഈ : സുനനുൽ കുബ്റാ : 11330, തിർമിദി : 2616, അഹ്മദ് : 22439 ]

നിർവഹിച്ചു

## സൽകർമം 75

### 16- സമൃദ്ധാവസ്ഥയിലും പ്രയാസ ഘട്ടത്തിലും ദാനധർമ്മം ചെയ്യൽ

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അല്ലാഹു പറഞ്ഞു : [ " നിങ്ങളുടെ റബ്ബിൽ നിന്നുള്ള പാപമോചനവും, ആകാശ - ഭൂമികളോളം വിശാലമായ സ്വർഗ്ഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠ പാലിക്കുന്നവർക്കു വേണ്ടി ഒരുക്കി വെക്കപ്പെട്ടതത്രെ അത്. ( അതായത് ) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ധാന ധർമ്മം ചെയ്യുന്നവർ.." ] ( സൂറ: ആലു ഇംറാൻ : 133- 134 )

മുആദ് ബിൻ ജബൽ -رضي الله عنه- നിന്ന് നിവേദനം : നബി ﷺപറഞ്ഞു : " വെള്ളം തീയെ അണക്കുന്നത് പോലെ ദാനധർമ്മം തെറ്റുകളെ അണച്ച് കളയുന്നതാണ്. " [ നസാഈ : സുനനുൽ കുബ്റാ : 11330, തിർമിദി 2616, അഹ്മദ് : 22439 ]

നിർവഹിച്ചു

## സൽകർമം 76

### 17- തുടരെത്തുടരെ ഹജ്ജും ഉംറയും നിർവ്വഹിക്കൽ

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അബ്ദുല്ല ബിൻ മസ്ഊദ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ഒന്നിന് പിറകെ ഒന്നായി നിങ്ങൾ ഹജ്ജും ഉംറയും നിർവ്വഹിച്ച് കൊള്ളുക; നിശ്ചയം, കൊല്ലന്റെ ഉല ഇരുമ്പിന്റെയും സ്വർണ്ണത്തിന്റെയും വെള്ളിയുടെയും മാലിന്യത്തെ നീക്കുന്നത് പോലെ അവ രണ്ടും ദാരിദ്രത്തെയും പാപങ്ങളെയും നീക്കി കളയുന്നതാണ്. "

[ അഹ്മദ് : 3743 , തിർമിദി : 810 , നസാഇൗ : 3597]

നിർവഹിച്ചു

## സൽകർമം 77

### 18- അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യൽ

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും

തെളിവ് : അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തിൽ നിൽക്കലാണ് അറുപത് വർഷം തനിച്ച് രാത്രി നമസ്കരിക്കുന്നതിനെക്കാൾ ശ്രേഷ്ഠം, അല്ലാഹു നിങ്ങൾക്ക് പൊറുത്ത് തരുന്നത് നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ..? " [ അഹ്മദ് : 10879 ]

നിർവഹിച്ചു

## സൽകർമം 78

### 19- അല്ലാഹുവിലേക്ക് ആത്മാർത്ഥമായി ഖേദിച്ച് മടങ്ങൽ

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും

തെളിവ് : അല്ലാഹു പറഞ്ഞു : [ " സത്യ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ ( സത്യസന്ധമായ ) പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ റബ്ബ് നിങ്ങളുടെ പാപങ്ങൾ മായ്ച്ചു തന്നേക്കാം. " ] ( സൂറ : അത്തഹ്‌രീം : 8 )

നിർവഹിച്ചു

## സൽകർമം 79

### 20- തക്‌വ്വയിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കൽ

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും

തെളിവ് : അല്ലാഹു പറഞ്ഞു : [ " നിങ്ങളുടെ റബ്ബിൽ നിന്നുള്ള പാപമോചനവും, ആകാശ - ഭൂമികളോളം വിശാലമായ സ്വർഗ്ഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠ പാലിക്കുന്നവർക്കു വേണ്ടി ഒരുക്കി വെക്കപ്പെട്ടതത്രെ അത്. " ] ( സൂറ: ആലു ഇംറാൻ : 133- 134 )

- അല്ലാഹു പറഞ്ഞു : [ " സത്യ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ചു ജീവിക്കുകയാണെങ്കിൽ നിങ്ങൾക്ക് സത്യവും അസത്യവും വിവേചിക്കാനുള്ള കഴിവ് അവനുണ്ടാക്കിത്തരികയും അവൻ നിങ്ങളുടെ തിന്മകൾ മായ്ച്ചു കളയുകയും നിങ്ങൾക്ക് പൊറുത്തു തരികയും ചെയ്യുന്നതാണ്. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു. " ] ( സൂറ: അൽ അൻഫാൽ : 29 ]
- അല്ലാഹു പറഞ്ഞു : [ " സത്യ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും നേരായ വാക്ക് പറയുകയും ചെയ്യുക , എങ്കിൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ കർമ്മങ്ങൾ നന്നാക്കിത്തരികയും പാപങ്ങൾ പൊറുത്തു തരികയും ചെയ്യും. " ] ( സൂറ: അൽ അഹ്സാബ് : 70- 71 ]

- അല്ലാഹു പറഞ്ഞു : [ " ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിന്റെ അവസ്ഥ എങ്ങനെയെന്നാൽ അതിൽ പകർച്ച വരാത്ത വെള്ളത്തിന്റെ നദികളുണ്ട്. രുചി ഭേദം വരാത്ത പാലിന്റെ നദികളും കുടിക്കുന്നവർക്ക് ആസ്വാദ്യമായ മദ്യത്തിന്റെ നദികളും ശുദ്ധീകരിക്കപ്പെട്ട തേനിന്റെ നദികളുമുണ്ട്. അവർക്കതിൽ എല്ലാ തരം കായ്കനികളും തങ്ങളുടെ റബ്ബിൽ നിന്നുള്ള പാപമോചനവുമുണ്ട്. " ] ( സൂറ: മുഹമ്മദ് : 15 )
- അല്ലാഹു പറഞ്ഞു : [ " സത്യവിശ്വാസികളെ , നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവന്റെ ദൂതനിൽ വിശ്വസിക്കുകയും ചെയ്യുക. എന്നാൽ അവന്റെ കാരുണ്യത്തിൽ നിന്ന് രണ്ട് ഓഹരി അവൻ നിങ്ങൾക്കു നൽകുന്നതാണ്. ഒരു പ്രകാശം അവൻ നിങ്ങൾക്ക് ഏർപ്പെടുത്തിത്തരുകയും ചെയ്യും. അതുകൊണ്ട് നിങ്ങൾക്ക് (ശരിയായ പാതയിലൂടെ) നടന്നു പോകാം. നിങ്ങൾക്കവൻ പൊറുത്തു തരുകയും ചെയ്യും. അല്ലാഹു വളരെയധികം പൊറുക്കുന്നവനും കരുണയുള്ളവനുമാകുന്നു. " ] ( സൂറ: അൽ ഹദീദ് : 28 )
- അല്ലാഹു പറഞ്ഞു : [ " വല്ലവനും അല്ലാഹുവെ സൂക്ഷിക്കുക പക്ഷം അവന്റെ തിന്മകളെ അവൻ മായ്ച്ചു കളയുകയും അവനുള്ള പ്രതിഫലം അവൻ വലുതാക്കിക്കൊടുക്കുകയും ചെയ്യുന്നതാണ്. " ] ( സൂറ: അത്ത്വലാക് : 5 )

നിർവഹിച്ചു

## സൽകർമം 80

### - 21 - പാപമോചനം തേടുകയും

### - أستغفر الله الذي لا إله إلا هو الحي القيوم وأتوب إليه

**എന്ന് പ്രാർത്ഥിക്കുകയും തെറ്റുകളിൽ തുടരാതിരിക്കുകയും ചെയ്യൽ**

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അല്ലാഹു പറഞ്ഞു : [" നിങ്ങളുടെ റബ്ബിൽ നിന്നുള്ള പാപമോചനവും, ആകാശ - ഭൂമികളോളം വിശാലമായ സ്വർഗ്ഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠ പാലിക്കുന്നവർക്കു വേണ്ടി ഒരുക്കി വെക്കപ്പെട്ടതത്രെ അത്. ( അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ധാന ധർമ്മങ്ങൾ ചെയ്യുകയും, കോപം അടക്കി വെക്കുകയും, മനുഷ്യർക്ക് മാപ്പ് നൽകുകയും ചെയ്യുന്നവർക്ക് വേണ്ടി. ( അത്തരം ) സൽകർമ്മകാരികളെ അല്ലാഹു ഇഷ്ടപ്പെടുന്നു. വല്ല നീചകൃത്യവും ചെയ്തു പോയാൽ, അഥവാ സ്വദേഹത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തുപോയാൽ അല്ലാഹുവേ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പ് തേടുകയും ചെയ്യുന്നവർക്കുവേണ്ടി. പാപങ്ങൾ പൊറുക്കാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്.? ചെയ്തുപോയ ( ദുഷ്പ്രവർത്തിയിൽഅറിഞ്ഞുകൊണ്ട്
ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ " ] (ആലു ഇംറാൻ : 133- 135 )

- അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " അല്ലാഹുവാണെ സത്യം, നിങ്ങൾ തെറ്റ് ചെയ്യാത്തവരാണെങ്കിൽ അല്ലാഹു നിങ്ങളെ നശിപ്പിക്കുകയും പകരം തെറ്റുകൾ പ്രവർത്തിക്കുകയും പാപമോചനം തേടുകയും അനന്തരം അല്ലാഹു പൊറുത്തു കൊടുക്കുകയും ചെയ്യുന്ന ഒരു ജനവിഭാഗത്തെ അവനിവിടെ കൊണ്ടുവരുന്നതാണ്. " [ മുസ്‌ലിം : 2749 ]
- യസാർ ബിൻ സൈദ് -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറയുന്നതായി അദ്ദേഹം കേട്ടു : ആരെങ്കിലും أستغفر الله الذي لا إله إلا هو الحي القيوم وأتوب إليه എന്ന് പ്രാർത്ഥിക്കുകയാണെങ്കിൽ അവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. അവൻ യുദ്ധമുഖത്ത് നിന്ന് പിന്തിരിഞ്ഞോടിയവനാണെങ്കിലും ശരി. " [ അബൂദാവൂദ് : 1517 , തിർമിദി : 3577 ]

നിർവഹിച്ചു

## സൽകർമം 81

### 22- രോഗം, ക്ഷീണം, പ്രയാസം, വിഷമം പോലുള്ള വിപത്തുകൾ ബാധിക്കുമ്പോൾ ക്ഷമയവലംബിക്കൽ

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അബൂ സഈദ് അൽ ഖുദ്‌രി, അബൂഹുറൈറ -رضي الله عنهما- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " മുസ്‌ലിമായ ഒരു വ്യക്തിക്ക് ബാധിക്കുന്ന രോഗം, ക്ഷീണം, പ്രയാസം, വിഷമം പോലുള്ള വിപത്തുകൾ കാരണമായി അല്ലാഹു അവരുടെ പാപങ്ങൾ പൊറുത്തു നൽകുന്നതാണ്. എത്രത്തോളമെന്നാൽ ഒരു മുള്ള് തറക്കുന്ന വേദനക്ക് പോലും. " [ ബുഖാരി : 5641 ]

നിർവഹിച്ചു

## സൽകർമം 82

### 23- തിന്മകൾക്ക് തുടരെ നന്മ പ്രവർത്തിക്കൽ.

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അല്ലാഹു പറഞ്ഞു : [ " തീർച്ചയായും സൽകർമ്മങ്ങൾ ദുഷ് കർമ്മങ്ങളെ നീക്കിക്കളയുന്നതാണ്. " ] ( സൂറ: ഹൂദ് : 114 )

അബൂദർ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " തിന്മക്ക് പിറകെ നീ നന്മ ചെയ്യുക. അത് തിന്മയെ മായ്ച്ച് കളയുന്നതാണ്. " [ അഹ്മദ് : 21750, തിർമിദി : 1987

നിർവഹിച്ചു

## സൽകർമം 83

### 24- വൻപാപങ്ങൾ പൂർണ്ണമായും ഉപേക്ഷിക്കൽ.

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അല്ലാഹു പറഞ്ഞു : [ " നിങ്ങളോട് നിരോധിക്കപ്പെടുന്ന വൻപാപങ്ങൾ നിങ്ങൾ വർജ്ജിക്കുന്നപക്ഷം നിങ്ങളുടെ തിന്മകളെ നിങ്ങളിൽ നിന്ന് നാം മായ്ച്ചു കളയുകയും മാന്യമായ ഒരു സ്ഥാനത്ത് നിങ്ങളെ നാം പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. " ] ( സൂറ: അന്നിസാഅ് : 31 )

നിർവഹിച്ചു

## സൽകർമം 84

### 25- ഒരു വ്യക്തി തന്റെ പ്രാർത്ഥനകൾ മുഴുവൻ നബി ﷺ യ്ക്ക് വേണ്ടി സ്വലാത്ത് ആക്കി മാറ്റൽ.

മഹത്വം : അവന്റെ ഇഹ- പര കാര്യങ്ങൾക്കെല്ലാം അല്ലാഹു മതിയായവനാകും.

തെളിവ് : ഉബയ്യ് ബിൻ കഅ്ബ് -رضي الله عنه- നബി ﷺ യോട് ചോദിച്ചു : " എന്റെ പ്രാർത്ഥന മുഴുവൻ അങ്ങേയ്ക്കുള്ള സ്വലാത്ത് ആയി നിർവ്വഹിക്കട്ടെയോ..? അവിടുന്ന് പറഞ്ഞു : അങ്ങനെയെങ്കിൽ നിന്റെ ഇഹ - പര കാര്യങ്ങൾക്കെല്ലാം അല്ലാഹു മതിയായവനും നിന്റെ പാപങ്ങൾ പൊറുത്ത് തരുന്നതുമായിരിക്കും. " [ തിർമിദി : 2547 ]

നിർവഹിച്ചു

## സൽകർമം 85

### 26- സൂറത്തുൽ മുൽക് പാരായണം ചെയ്യൽ.

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " നിശ്ചയം മുപ്പത് വചനങ്ങളുള്ള ഒരു അദ്ധ്യായം വിശുദ്ധ ക്വുർആനിലുണ്ട്. പാപങ്ങൾ പൊറുക്കപ്പെടുന്നുവരെ അതിന്റെ ആളുകൾക്ക് വേണ്ടി അത് ശുപാർശ ചെയ്തു കൊണ്ടിരിക്കും. അതത്രെ സൂറത്തുൽ മുൽക് . " [ ഇബ്നു മാജ: : 2899 ]

നിർവഹിച്ചു

## സൽകർമം 86

### 27- അല്ലാഹുവെ സ്മരിക്കുന്നതിനായി ഒരുമിച്ച് കൂടൽ

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അല്ലാഹുവെ സ്മരിക്കുന്നവരെ അന്വേഷിച്ച് നടക്കുന്ന ചില പ്രത്യേക തരം മലക്കുകൾ അവനുണ്ട്. അങ്ങനെ അവർ അതിന്റെ ആളുകളെ കണ്ടെത്തിയാൽ അവർ പരസ്പരം വിളിച്ച് പറയും : നിങ്ങൾ അന്വേഷിച്ച് നടക്കുന്നതിലേക്ക് ധൃതിപ്പെട്ട് വരുവീൻ. അങ്ങനെ അവർ വരികയും തങ്ങളുടെ ചിറകുകൾ ഒന്നാനാകശത്തേക്ക് വിടർത്തി കൊണ്ട് അവരെ വലയം ചെയ്യുകയും ചെയ്യും. അപ്പോൾ അവരെക്കാൾ നന്നായി തന്റെ അടിമകളെക്കുറിച്ച് അറിയുന്ന അല്ലാഹു അവരോട് ചോദിക്കും : എന്റെ ദാസന്മാർ എന്താണ് ഉരുവിട്ട് കൊണ്ടിരിക്കുന്നത്.? അവർ പറയും : ( റബ്ബേ, ) അവർ നിന്നെ പരിശുദ്ധപ്പെടുത്തുകയും മഹത്വപ്പെടുത്തുകയും സ്തുതി കീർത്തനങ്ങൾ പറഞ്ഞ് കൊണ്ടിരിക്കുകയുമാണ്. അപ്പോൾ അല്ലാഹു മലക്കുകളോട് പറയും : നിങ്ങളെ സാക്ഷി നിർത്തി ഞാൻ പറയട്ടെ; അവർക്ക് ഞാൻ പൊറുത്തു കൊടുത്തിരിക്കുന്നു. " [ ബുഖാരി : 6408, മുസ്ലിം : 2689 ]

നിർവഹിച്ചു

## സൽകർമം 87

## 28- രാത്രിയുടെ മൂന്നിലൊന്നിന്റെ അവസാന സമയത്ത് പാപ മോചനം തേടൽ.

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അബൂഹുറൈറ - -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " രാത്രിയുടെ മൂന്നിലൊന്നിന്റെ അവസാന സമയത്ത് ഭൂമിയോട് അടുത്ത ആകാശത്തേക്ക് എല്ലാ രാത്രിയും അല്ലാഹു ഇറങ്ങി വരികയും എന്നിട്ട് ഇപ്രകാരം പറയുകയും ചെയ്യും : ആരുണ്ട് എന്നോട് പ്രാർത്ഥിക്കാൻ ഞാനവന് ഉത്തരം നൽകുന്നതാണ്, ആരുണ്ട് എന്നോട് ചോദിക്കാൻ ഞാനവന് നൽകുന്നതാണ്, ആരുണ്ട് എന്നോട് പാപ മോചനം തേടാൻ ഞാനവന് പൊറുത്തു നൽകുന്നതാണ്. " [ ബുഖാരി : 7494 , മുസ്ലിം : 758 ]

നിർവഹിച്ചു

## സൽകർമം 88

## 29- പരസ്പ്പരം കണ്ടുമുട്ടുമ്പോൾ ഹസ്തദാനം ചെയ്യൽ

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : ബർറാഅ് -رضي الله عنه- -നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " മുസ്ലിമായ രണ്ട് വ്യക്തികൾ പരസ്പ്പരം കണ്ടുമുട്ടുകയും അവർ ഹസ്തദാനം ചെയ്യുകയുമാണെങ്കിൽ അവർ വേർ പിരിയുന്നതിന് മുമ്പായി അവരുടെ ( ചെറു ) പാപങ്ങൾ പൊറുക്കപ്പെടുന്നതാണ് . " [ അബൂദാവൂദ് 5212, തിർമിദി : 2727 , ഇബ്നുമാജ: : 3703 , അഹ്മദ് : 18845 ]

നിർവഹിച്ചു

## സൽകർമം 89

### 30- ബാങ്കിന് ശേഷം ഇപ്രകാരം പറയൽ :

**أشهد أن لا إله إلا الله وحده لا شريك له وأن محمدا عبده ورسوله ، رضيت بالله ربا وبمحمد رسولا وبالإسلام دينا**

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : സഅദ് ബിൻ അബീ വക്വാസ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ബാങ്ക് കേൾക്കുന്നവൻ ' അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നും അവൻ ഏകനും പങ്കുകാരില്ലാത്തവനാണെന്നും മുഹമ്മദ് ﷺ അവന്റെ ദാസനും ദൂതനുമാണെന്നും, അല്ലാഹുവിനെ ഞാൻ റബ്ബായും മുഹമ്മദ് ﷺ യെ റസൂലായും ഇസ്‌ലാമിനെ മതമായും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു. ' എന്ന് പറഞ്ഞാൽ അയാളുടെ ( ചെറു ) പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. [ മുസ്‌ലിം : 386 ]

നിർവഹിച്ചു

## സൽകർമം 90

### 31- വഴിയിൽ നിന്ന് തടസ്സം നീക്കൽ .

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ഒരാൾ ഒരു വഴിയിലൂടെ നടക്കവെ ( ജനങ്ങൾക്ക് ഉപദ്രവകരമായ നിലയിൽ ) ഒരു മുള്ളിന്റെ മരക്കൊമ്പ് കാണുകയും അയാൾ അതവിടെ നിന്ന് മാറ്റുകയും ചെയ്തു. തത്ഫലമായി അല്ലാഹു അയാളോട് നന്ദി കാണിക്കുകയും അയാളുടെ ( ചെറു ) പാപങ്ങൾ പൊറുക്കുകയുമുണ്ടായി. " [ ബുഖാരി : 652 , മുസ്‌ലിം : 1914 ]

നിർവഹിച്ചു

## സൽകർമം 91-92

### 32 , 33- കോപം അടക്കി വെക്കുകയും ജനങ്ങൾക്ക് മാപ്പ് നൽകുകയും ചെയ്യൽ.

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അല്ലാഹു പറഞ്ഞു : [ " നിങ്ങളുടെ റബ്ബിൽ നിന്നുള്ള പാപമോചനവും, ആകാശ - ഭൂമികളോളം വിശാലമായ സ്വർഗ്ഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠ പാലിക്കുന്നവർക്കു വേണ്ടി ഒരുക്കി വെക്കപ്പെട്ടതത്രെ അത്. ( അതായത് ) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ധാന ധർമ്മങ്ങൾ ചെയ്യുകയും, കോപം അടക്കി വെക്കുകയും, മനുഷ്യർക്ക് മാപ്പ് നൽകുകയും ചെയ്യുന്നവർക്ക് വേണ്ടി.." ] ( സൂറ: ആലു ഇംറാൻ : 133- 134 )

നിർവഹിച്ചു

## സൽകർമം 93

### 34- ബാങ്ക് വിളിക്കൽ

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും

തെളിവ്: അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " ബാങ്ക് വിളിക്കുന്നവന്റെ ശബ്ദം എത്തുന്ന പരിധിയോളം (അവന്റെ പാപങ്ങൾ ഉണ്ടെങ്കിലും അല്ലാഹു ) അവന് പൊറുത്തു നൽകുന്നതാണ്. " [ നസാഇൗ : സുനനുൽ കുബ്റാ : 1621 , അഹ്മദ് : 7726 , അബൂ ദാവൂദ് : 515 ]

നിർവഹിച്ചു

## സൽകർമം 94

## 35- ദാഹിച്ച് വലഞ്ഞ മൃഗങ്ങൾക്ക് വെള്ളം നൽകൽ.

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ഒരിക്കൽ ഒരാൾ ഒരു വഴിയിലൂടെ നടന്ന് പോകുമ്പോൾ അയാൾക്ക് അതി കഠിനമായ ദാഹം അനുഭവപ്പെട്ടു. അങ്ങനെ മുന്നോട്ട് നടക്കവെ വഴിയരികിൽ കണ്ട ഒരു കിണറ്റിലിറങ്ങി വെള്ളം കുടിച്ച് പുറത്തേക്ക് വന്നു. തത്സമയം ഒരു നായ നാവ് പുറത്തേക്ക് ഇട്ട് കിതച്ച്കൊണ്ടിരിക്കുന്നു. ദാഹം സഹിക്ക വയ്യാതെ മണ്ണ് പോലും അത് തിന്നുന്നുണ്ടായിരുന്നു. അപ്പോൾ ആ മനുഷ്യൻ ആത്മഗതം ചെയ്തു; എന്നെ ബാധിച്ചത് പോലുള്ള ദാഹം അതിനും എത്തി കാണണം. ഉടനെ അയാൾ വീണ്ടും കിണറ്റിലിറങ്ങി തന്റെ ഷൂസിൽ വെള്ളം നിറച്ച് ആ നായയെ കുടിപ്പിക്കുയുണ്ടായി. അക്കാരണത്താൽ അല്ലാഹു അയാളോട് നന്ദി കാണിക്കുകയുണ്ടായി. " ( അതായത് അയാളുടെ പാപങ്ങൾ മാപ്പാക്കുകയും സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയുമുണ്ടായി എന്നർത്ഥം.) [ ബുഖാരി : 2466 , മുസ്‌ലിം : 2244 ]

നിർവഹിച്ചു

## സൽകർമം 95

## 36- മരണപ്പെട്ട വ്യക്തിക്ക് വേണ്ടി അദ്ദേഹത്തിന്റെ സമ്പത്തിൽ നിന്നും ദാനം ചെയ്യൽ.

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺയുടെ അരികിലേക്ക് വന്ന് ഒരാൾ പറഞ്ഞു : എന്റെ പിതാവ് മരണപ്പെടുകയും ധാരാളം സമ്പത്ത് വിട്ടേച്ച് പോവുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ദാനം നൽകാനായി അദ്ദേഹം ഒന്നും വസ്വിയ്യത്ത് ചെയ്തിട്ടില്ല; അങ്ങനെയാണെങ്കിൽ അദ്ദേഹത്തിന് വേണ്ടി ഞാൻ ദാനം ചെയ്യുകയാണെങ്കിൽ അദ്ദേഹത്തിന്റെ പാപങ്ങൾ പൊറുക്കപ്പെടുമോ.? അവിടുന്ന് പറഞ്ഞു : അതെ. " [ മുസ്‌ലിം : 1630 ]

നിർവഹിച്ചു

## സൽകർമം 96

### 37- കടം വീട്ടാൻ പ്രയാസമനുഭവിക്കുന്നവന് അവധി നീട്ടി നൽകലും കടത്തിൽ ഇളവ നൽകലും.

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : ഹുദൈഫ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ഒരാൾ മരണപ്പെടുകയും തുടർന്ന് സ്വർഗത്തിൽ പ്രവേശിക്കുകയുമുണ്ടായി. താങ്കൾ ( ഇതിനു വേണ്ടി ) എന്താണ് പ്രവർത്തിച്ചതെന്ന് അദ്ദേഹത്തോട് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു : ' ഞാൻ ജനങ്ങളുമായി പണമിടപാടുകൾ നടത്താറുണ്ട്, അങ്ങനെ അവരിൽ ( കടം വാങ്ങിയവരിൽ ഞെരുക്കാരന് ) സാവകാശം നൽകുകയും പണം സ്വീകരിക്കുമ്പോൾ വരുന്ന ചെറിയ കുറവുകൾ ഞാൻ മാപ്പാക്കാറുമുണ്ട്. ' ( അത് കാരണമായി ) അദ്ദേഹത്തിന്റെ ( ചെറു ) പാപങ്ങൾ പൊറുക്കപ്പെട്ടു. " [ ബുഖാരി : 2391 , മുസ്‌ലിം : 1560 ]

നിർവഹിച്ചു

## സൽകർമം 97

### 38- കഅ്ബയെ ത്വവാഫ് ചെയ്യുമ്പോൾ വെക്കുന്ന കാലടികൾ.

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : ഇബ്നു ഉമർ -رضي الله عنهما- നിന്ന് നിവേദനം : നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " ആരെങ്കിലും കഅ്ബയെ ഏഴ് തവണ ത്വവാഫ് ചെയ്യുമ്പോൾ അവൻ വെക്കുന്ന ഓരോ കാലടികളും നിമിത്തം അല്ലാഹു അവനിൽ നിന്നും ഒരു തെറ്റിനെ മായ്ച്ചു കളയുകയും ഒരു നന്മ രേഖപ്പെടുത്തുകയും ഒരു പദവി ഉയർത്തുകയും ചെയ്യുന്നതാണ്. "[ ഇബ്നു ഹിബ്ബാൻ : 3697 , തിർമിദി : 959 ]

നിർവഹിച്ചു

## സൽകർമം 98

### 39- ഹജറുൽ അസ്‌വദിന്റെയും റുക്‌നുൽ യാമിനിയുടെയും മൂല കൈ കൊണ്ട് തടവൽ.

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : ഇബ്‌നു ഉമർ -رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അവ രണ്ടും തടവുന്നത് ( ചെറു ) പാപങ്ങൾക്കുള്ള പ്രായശ്ചിത്തമാകുന്നു. " [ ഹാകിം : 1805 , തിർമിദി : 959 ]

നിർവഹിച്ചു

## സൽകർമം 99

### 40- അല്ലാഹുവിനായി സുജൂദ് നിർവ്വഹിക്കൽ.

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : ഥൗബാൻ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " താങ്കൾ അല്ലാഹുവിനായി സുജൂദുകൾ വർധിപ്പിച്ച് കൊള്ളുക; നിശ്ചയം അല്ലാഹുവിനായി താങ്കൾ ഒരു സുജൂദ് നിർവ്വഹിച്ചാൽ അവൻ താങ്കളുടെ ഒരു പദവി ഉയർത്തുകയും ഒരു തിന്മ മായ്ക്കുകയും ചെയ്യുന്നതാണ്. " [ മുസ്‌ലിം : 488 ]

നിർവഹിച്ചു

## സൽകർമം 100

### 41- അങ്ങാടിയിലേക്ക് പ്രവേശിക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കൽ :

**لا إله إلا الله وحده لا شريك له وله الملك وله الحمد ، يحيي ويميت وهو حي لا يموت ، بيده الخير وهو على كل شيء قدير**

മഹത്വം : പത്ത് ലക്ഷം തിന്മകൾ മായ്ക്കപ്പെടും.

തെളിവ് : ഉമർ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും അങ്ങാടിയിൽ പ്രവേശിക്കുമ്പോൾ ' അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് സർവ്വ സ്തുതിയും പരമാധികാരവും. ജീവൻ നൽകുന്നതും മരിപ്പിക്കുന്നതും അവനാണ്. അവൻ എന്നെന്നും ജീവിക്കുന്നവനാണ് . മരിക്കുകയില്ല. എല്ലാ നന്മകളും അവന്റെ കരങ്ങളിലാണ്; അവൻ എല്ലാത്തിനും കഴിവുള്ളവനാണ്. ' എന്ന് ചൊല്ലിയാൽ അയാൾക്ക് പത്ത് ലക്ഷം നന്മകൾ രേഖപ്പെടുത്തുകയും അയാളുടെ പത്ത് ലക്ഷം തിന്മകൾ മായ്ക്കപ്പെടുകയും അയാൾക്ക് സ്വർഗത്തിൽ ഒരു ഭവനം പണിയുകയും ചെയ്യുന്നതാണ്. " [ ഹാകിം : 1980 , തിർമിദി : 3428 ]

നിർവഹിച്ചു

## സൽകർമം 101

### 42- അറഫാ ദിനത്തിൽ നോമ്പനുഷ്ഠിക്കൽ .

മഹത്വം : കഴിഞ്ഞു പോയതും വരാനിരിക്കുന്നതുമായ ഒരു വർഷത്തെ ചെറു പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അബൂ കതാദ: -رضي الله عنه- നിന്ന് നിവേദനം : " അറഫാ ദിനത്തിലെ നോമ്പിനെക്കുറിച്ച് നബി ﷺ യോട് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു : വരാനിരിക്കുന്നതും കഴിഞ്ഞു പോയതുമായ ഒരു വർഷത്തെ മുഴുവൻ ( ചെറു ) പാപങ്ങൾക്കുമുള്ള പരിഹാരമാകുന്നു അത്. " [ മുസ്‌ലിം : 1162 ]

നിർവഹിച്ചു

## സൽകർമം 102

### 43- ആശൂറാഅ് ദിനത്തിൽ നോമ്പനുഷ്ഠിക്കൽ.

മഹത്വം : മുൻ കഴിഞ്ഞു ഒരു വർഷത്തെ ചെറു പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അബൂ കതാദ: -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ആശൂറാഅ് ദിനത്തിലെ നോമ്പനുഷ്ഠിച്ചാൽ കഴിഞ്ഞ വർഷത്തെ മുഴുവൻ ( ചെറു ) പാപങ്ങളും അല്ലാഹു പൊറുക്കുമെന്ന് ഞാനാശിക്കുന്നു. " [ മുസ്‌ലിം : 1162 ]

നിർവഹിച്ചു

## സൽകർമം 103

### 44- ഒരു ഉംറ മുതൽ അടുത്ത ഉംറ വരെയുള്ള കാലയളവ്.

മഹത്വം : അവയ്ക്കിടയിൽ സംഭവിക്കുന്ന ചെറു പാപങ്ങൾക്കുള്ള പരിഹാരമാകുന്നു.

തെളിവ് : അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ഒരു ഉംറ മുതൽ അടുത്ത ഉംറ വരെ സംഭവിക്കാവുന്ന ( ചെറു ) പാപങ്ങൾക്ക് ആ ഉംറ പ്രായശ്ചിതമാണ്. " [ ബുഖാരി : 1773 , മുസ്‌ലിം : 1349 ]

നിർവഹിച്ചു

## സൽകർമം 104

### 45- നൂറ് തവണ ഈ ദിക്ർ ചൊല്ലൽ

### لا إله إلا الله وحده لا شريك له له الملك وله الحمد وهو على كل شيء قدير

മഹത്വം : നൂറ് തെറ്റുകൾ മായ്ക്കപ്പെടുകയും ശൈത്വാനിൽ നിന്ന് കാവൽ ലഭിക്കുകയും ചെയ്യുന്നു.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു :' അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് സർവ്വ സ്തുതിയും പരമാധികാരവും. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു. ' എന്ന ഈ ദിക്ർ ഒരു ദിവസം നൂറ് തവണ ചൊല്ലിയവർക്ക് അവൻ പത്ത് അടിമകളെ മോചിപ്പിച്ചതിന് തുല്യമായ പ്രതിഫലവും നൂറ് നന്മകൾ രേഖപ്പെടുത്തുകയും അവനിൽ നിന്നും നൂറ് തെറ്റുകൾ മായ്ക്കപ്പെടുകയും ചെയ്യുന്നതാണ്. അതു പോലെ ആ ദിവസം വൈകുന്നേരം വരെ ശൈത്വാനിൽ നിന്നും അതവന് സംരക്ഷണമേകുന്നതുമാണ്. " [ ബുഖാരി : 3293 , മുസ്‌ലിം : 2691 ]

## സൽകർമം 105

### 46- സുബ്ഹ് നമസ്കാര ശേഷം ഇരിക്കുന്ന രൂപത്തിൽ മാറ്റം വരുത്താതെയും ഭൗതികമായ കാര്യങ്ങൾ സംസാരിക്കുന്നതിനും മുമ്പായി പത്ത് പ്രാവശ്യം ഇപ്രകാരം പ്രാർത്ഥിക്കൽ

### لا إله إلا الله وحده لا شريك له له الملك وله الحمد يحيي ويميت وهو على كلِّ شيءٍ قديرٌ

മഹത്വം : പത്ത് തിന്മകൾ മായ്ക്കപ്പെടും , ഇത് പ്രാർത്ഥിച്ച ദിവസം ശിർക്കല്ലാത്ത മറ്റ് പാപങ്ങൾ അവനെ നശിപ്പിക്കുകയില്ല , പിശാചിൽ നിന്നും സംരക്ഷണം.

തെളിവ് : അബൂ ദർറ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും സുബ്ഹ് നമസ്കാര ശേഷം ഇരിക്കുന്ന രൂപത്തിൽ മാറ്റം വരുത്താതെയും ഭൗതികമായ കാര്യങ്ങൾ സംസാരിക്കുന്നതിനും മുമ്പായി - ' അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് സർവ്വ സ്തുതിയും പരമാധികാരവും. ജീവൻ നൽകുന്നതും മരിപ്പിക്കുന്നതും അവനാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനാണ്. ' എന്ന് പത്ത് പ്രാവശ്യം ചൊല്ലിയാൽ അതിലെ ഓരോന്ന് പറയുമ്പോഴും അവനൊരു നന്മ രേഖപ്പെടുത്തുകയും ഒരു തിന്മ മായ്ക്കപ്പെടുകയും ( സ്വർഗത്തിലെ ) ഒരു പദവി ഉയർത്തപ്പെടുന്നതുമാണ്. അതു പോലെ അതിലെ ഒരോന്നിനും ഒരടിമയെ മോചിപ്പിച്ച ( പ്രതിഫലവും ലഭിക്കുന്നതാണ്.) മാത്രമല്ല അന്നേ ദിവസം സർവ്വ വിപത്തുകളിൽ നിന്നും ശൈത്വാനിൽ നിന്നും അതവന് സംരക്ഷണമേകുന്നതാണ്. അതോടൊപ്പം ശിർക്കല്ലാത്ത മറ്റ് പാപങ്ങൾ ആ ദിവസം അവനെ നശിപ്പിക്കുകയില്ല " [ നസാഈ : സുനനുൽ കുബ്റാ : 9878 , തിർമിദി : 3474 ]

നിർവഹിച്ചു

## സൽകർമം 106

### 47- സദസ്സ് പിരിയുന്നതിന് മുമ്പായി ഇപ്രകാരം ചൊല്ലൽ

### سبحانك اللهم وبحمدك أشهد أن لا إله إلا أنت أستغفرك وأتوب إليك

മഹത്വം : ആ സദസ്സിൽ സംഭവിച്ച തെറ്റുകൾ പൊറുക്കപ്പെടും.

തെളിവ് : അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും ഒരു സദസ്സിലിരിക്കുകയും അവിടെ നിരക്കാത്ത കാര്യങ്ങൾ പ്രവർത്തിക്കുകയുമാണെങ്കിൽ അവൻ അവിടെ നിന്ന് എഴുന്നേൽക്കുന്നതിന് മുമ്പായി ' അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. എനിക്ക് പൊറുത്തു തരുവാൻ നിന്നോട് ഞാൻ തേടുകയും നിന്നിലേക്ക് ഞാൻ പശ്ചാത്തിപിച്ചു മടങ്ങുകയും ചെയ്യുന്നു. ' എന്ന് ചൊല്ലിയാൽ ആ സദസ്സിൽ അയാൾക്ക് സംഭവിച്ച തെറ്റുകൾ അല്ലാഹു പൊറുത്തു നൽകുന്നതാണ്. " [ തിർമിദി : 3433, നസാഈ : സുനനുൽ കുബ്റാ : 10157 , അഹ്മദ് : 10559 ]

നിർവഹിച്ചു

## സൽകർമം 107

### 48- അല്ലാഹുവിൽ ഭരമേൽപ്പിക്കൽ.

മഹത്വം : ശൈത്വാനിൽ നിന്നും സംരക്ഷണമേകുന്നു.

തെളിവ് : അല്ലാഹു പറഞ്ഞു : [ " വിശ്വസിക്കുകയും തങ്ങളുടെ റബ്ബിൽ മാത്രം ഭരമേൽപ്പിക്കുകയും ചെയ്യുന്നവരാരോ അവരുടെ മേൽ അവന് ( ശൈത്വാനിന് ) യാതൊരധികാരവുമില്ല; തീർച്ച. " ] ( സൂറ: അന്നഹ്ൽ : 99 )

നിർവഹിച്ചു

## സൽകർമം 108

### 49- ഉറങ്ങാൻ കിടക്കുമ്പോൾ ആയത്തുൽ കുർസിയ്യ് ഓതൽ.

മഹത്വം : പുലർച്ചയാകുവോളം ശൈത്വാൻ സമീപിക്കുകയില്ല.

തെളിവ് : അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " താങ്കൾ കിടക്കാൻ പോകുമ്പോൾ ആയതുൽ കുർസിയ്യ് പാരായണം ചെയ്ത് കൊള്ളുക. അങ്ങനെയാണെങ്കിൽ നേരം പുലരുവോളം അല്ലാഹുവിൽ നിന്നുള്ള ഒരു സംരക്ഷകൻ താങ്കൾക്കുണ്ടാവും; അതോടൊപ്പം നേരം പുലരുവോളം ശൈത്വാൻ താങ്കളുടെ അടുക്കലേക്ക് വരികയുമില്ല. " [ ബുഖാരി : 3275 ]

നിർവഹിച്ചു

## സൽകർമം 109

### 50- ഭാര്യയെ സംയോഗം ചെയ്യുന്നതിന് മുമ്പായി ഇപ്രകാരം പ്രാർത്ഥിക്കൽ

بِسْمِ اللهِّ اللَّهُمَّ جَنِّبْنَا الشَّيْطَانَ وَجَنِّبِ الشَّيْطَانَ مَا رَزَقْتَنَا

മഹത്വം : ( ജനിക്കാനിരിക്കുന്ന ) കുട്ടിക്ക് ശൈത്വാനിൽ നിന്നും സംരക്ഷണം ലഭിക്കുന്നു.

തെളിവ് : ഇബ്നു അബ്ബാസ് -رضي الله عنهما- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : നിങ്ങളിലൊരാൾ തന്റെ ഭാര്യയെ സംയോഗം ചെയ്യാൻ സമീപിക്കുകയാണെങ്കിൽ ഇപ്രകാരം പറഞ്ഞു കൊള്ളട്ടെ : " അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവേ ഞങ്ങളിൽ നിന്നും പിശാചിനെ നീ അകറ്റേണമേ. ഞങ്ങൾക്ക് ഇതിലൂടെ നൽകുന്നതിൽ ( സന്താനത്തിൽ ) നിന്നും നീ പിശാചിനെ അകറ്റേണമേ. " നിശ്ചയം അതിലൂടെ അവർക്ക് ഒരു സന്താനത്തെ നൽകപ്പെടുകയാണെങ്കിൽ അതിനെ പിശാച് ഒരിക്കലും ഉപദ്രവിക്കുകയില്ല. " [ ബുഖാരി : 6388 , മുസ്‌ലിം : 1434 ]

നിർവഹിച്ചു

## സൽകർമം 110

## 51 , 52- അനാഥയെ തലോടൽ, സാധുക്കൾക്ക് ഭക്ഷണം നൽകൽ

മഹത്വം : ഹൃദയം ലോലമായിത്തീരും.

തെളിവ് : അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : ഒരാൾ തന്റെ ഹൃദയ കാഠിന്യത്തെക്കുറിച്ച് നബി ﷺയോട് ആവലാതിപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു : " നീ അനാഥയെ തലോടുകയും സാധുവിന് ഭക്ഷണം നൽകുകയും ചെയ്തു കൊള്ളുക. " [ അഹ്മദ് : 9140]

നിർവഹിച്ചു

## സൽകർമം 111

## 53- പത്ത് ആയത്ത് പാരായണം ചെയ്തു കൊണ്ട് രാത്രി നമസ്കരിക്കൽ.

മഹത്വം : അശ്രദ്ധയിൽ നിന്നും സംരക്ഷണമേകുന്നു.

തെളിവ് : അബ്ദുല്ല ബിൻ അംറ് ബിൻ അൽ ആസ് -رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " പത്ത് ആയത്ത് പാരായണം ചെയ്തു കൊണ്ട് രാത്രി നമസ്കരിക്കുന്നവരെ അല്ലാഹു അശ്രദ്ധാലുക്കളിൽ രേഖപ്പെടുത്തുകയില്ല. " [ അബൂ ദാവൂദ് : 1398]

**ഭാഗം രണ്ട് : മരണാനന്തര ജീവിതത്തിൽ പ്രയാസങ്ങൾ വരാതിരിക്കാൻ സഹായിക്കുന്ന കർമങ്ങൾ.**

**(17 സൽകർമങ്ങൾ)**

നിർവഹിച്ചു

## സൽകർമം 113

### 1-തക്വ്വയിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കുകയും , ആന്തരികവും ബാഹ്യവുമായ പ്രവർത്തനങ്ങൾ നന്നാക്കുകയും ചെയ്യുക.

മഹത്വം : നരകത്തിൽ നിന്നും കവചം , ഭയമോ ദുഃഖമോ അവരെ ബാധിക്കുകയില്ല.

തെളിവ് : അല്ലാഹു പറഞ്ഞു : [" സൂക്ഷ്മത പാലിച്ചവർ തീർച്ചയായും നിർഭയമായ വാസസ്ഥലത്താകുന്നു. തോട്ടങ്ങൾക്കും അരുവികൾക്കുമിടയിൽ. നേർത്ത പട്ടുതുണിയും കട്ടിയുള്ള പട്ടുതുണിയും അവർ ധരിക്കും. അവർ അന്യോന്യം അഭിമുഖമായിട്ടായിരിക്കും ഇരിക്കുന്നത്. അങ്ങനെയാകുന്നു ( അവരുടെ അവസ്ഥ. ) വിശാലമായ നേത്രങ്ങളുള്ള വെളുത്ത സ്ത്രീകളെ അവർക്ക് നാം ഇണകളായി നൽകുകയും ചെയ്യും. സുരക്ഷിതത്വബോധത്തോടു കൂടി എല്ലാ വിധ പഴങ്ങളും അവർ അവിടെ വെച്ച് ആവശ്യപ്പെട്ടുകൊണ്ടിരിക്കും. ആദ്യത്തെ മരണമല്ലാതെ മറ്റൊരു മരണം അവർക്കവിടെ അനുഭവിക്കേണ്ടതില്ല. നരക ശിക്ഷയിൽ നിന്ന് അല്ലാഹു അവരെ കാത്തുരക്ഷിക്കുകയു ചെയ്തിരിക്കുന്നു. നിന്റെ റബ്ബിൽ നിന്നുള്ള ഔദാര്യമത്രെ അത്. അത് തന്നെയാണ് മഹത്തായ വിജയം. " ] ( സൂറ: അദ്ദുഖാൻ : 51 - 57 )

- അല്ലാഹു പറഞ്ഞു : [ " സൂക്ഷ്മത പുലർത്തിയവരെ രക്ഷപ്പെടുത്തി അവർക്കുള്ളതായ സുരക്ഷിത സ്ഥാനത്ത് അല്ലാഹു എത്തിക്കുകയും ചെയ്യും. ശിക്ഷ അവരെ സ്പർശിക്കുകയില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. " ] ( സൂറ: അസ്സുമർ : 61 )
- അല്ലാഹു പറഞ്ഞു : [ " പിന്നീട് ധർമ്മനിഷ്ഠ പാലിച്ചവരെ നാം രക്ഷപ്പെടുത്തുകയും അക്രമികളെ മുട്ടുകുത്തിയവരായിക്കൊണ്ട് നാം അതിൽ വിട്ടേക്കുകയും ചെയ്യുന്നതാണ്. " ] ( സൂറ: മർയം : 72 )
- അല്ലാഹു പറഞ്ഞു : [ " അപ്പോൾ സൂക്ഷമത പാലിക്കുകയും പ്രവർത്തനങ്ങൾ നന്നാക്കിതീർക്കുകയും ചെയ്യുന്നതാരോ അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. " ] ( സൂറ: അൽ അഅ്റാഫ് : 35 )

- അല്ലാഹു പറഞ്ഞു : [ "അറിയുക : തീർച്ചയായും അല്ലാഹുവിന്റെ വലിയ്യാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. വിശ്വസിക്കുകയും ധർമ്മനിഷ്ഠ പാലിക്കുകയും ചെയ്യുന്നവരെത്ര അവർ. " ]( സൂറ: യൂനുസ് : 62 63)

നിർവഹിച്ചു

## സൽകർമം 114

### 2- അല്ലാഹുവിന്റെ മാർഗത്തിൽ ഒരു ദിവസം നോമ്പനുഷ്ഠിക്കൽ

മഹത്വം : നരകത്തിൽ നിന്ന് കവചവും മുഖത്തെ അതിൽ നിന്ന് എഴുപത് വർഷത്തെ വഴിദൂരം അകറ്റുകയും ചെയ്യുന്നു.

തെളിവ് : അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " നോമ്പ് ഒരു പരിചയും നരകത്തിൽ നിന്നും തടുക്കുന്ന ശക്തമായൊരു രക്ഷാകവചവുമാകുന്നു. " [ അഹ്മദ് : 9348 , നസാഈ : സുനനുൽ കുബ്റാ : 2549 ] ഇത് സ്വീകാര്യമാണെന്ന് സുയൂത്തിയും അർനഊതും വിധി നല്കിയിട്ടുണ്ട്.

- അബൂ സഈദ് അൽ ഖുദ്‌രി -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " ആരെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ ഒരു ദിവസം നോമ്പനുഷ്ഠിച്ചാൽ നരകത്തിൽ നിന്നും അല്ലാഹു അവന്റെ മുഖത്തെ എഴുപത് വർഷത്തെ വഴിദൂരം അകറ്റുന്നതാണ്. " [ മുസ്‌ലിം : 1153]

നിർവഹിച്ചു

## സൽകർമം 115

### 3- നാൽപ്പത് ദിവസം തുടർച്ചയായി ജമാഅത്ത് നമസ്കാരത്തിൽ തക്ബീറതുൽ ഇഹ്റാം ലഭിക്കൽ .

മഹത്വം : നരകത്തിൽ നിന്നും സംരക്ഷണമേകുന്നു.

തെളിവ് : അനസ് ബിൻ മാലിക് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അല്ലാഹുവിന് വേണ്ടി നാൽപ്പത് ദിവസം (തുടർച്ചയായി) ജമാഅത്ത് നമസ്കാരത്തിൽ തക്ബീറതുൽ ഇഹ്റാം ലഭിക്കുന്ന തരത്തിൽ നമസ്കരിക്കുന്നവർക്ക് നരകത്തിൽ നിന്നും, നിഫാകിൽ നിന്നും അവൻ സംരക്ഷണമേകുന്നതാണ്. " [ തിർമിദി : 241 ] ഇത് സ്വീകാര്യമാണെന്ന് അൽബാനി വിധി നല്കിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 116

### 4- ദ്വുഹ്ർ നമസ്കാരത്തിന് മുമ്പും ശേഷവുമായി നാല് റക്അത്ത് പതിവാക്കൽ

മഹത്വം : നരകത്തിൽ നിന്നും സംരക്ഷണമേകുന്നു.

തെളിവ് : ഉമ്മു ഹബീബ: -رضي الله عنها- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ദ്വുഹ്ർ നമസ്കാരത്തിന് മുമ്പും ശേഷവുമായി നാല് റക്അത്ത് പതിവാക്കുന്നവർ നരകത്തിൽ പ്രവേശിക്കുകയില്ല. " [ അബൂ ദാവൂദ് : 1269, തിർമിദി : 428 , നസാഈ : സുനനുൽ കുബ്റാ : 1486 , ഇബ്നു മാജ: 1160 ] ഇത് സ്വീകാര്യമാണെന്ന് അൽബാനി വിധി നല്കിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 117

### 5- കാരക്കയുടെ ഒരു കഷ്ണമെങ്കിലും ദാനം ചെയ്യൽ

മഹത്വം : നരകത്തിൽ നിന്നും സംരക്ഷണമേകുന്നു. തെളിവ് : അദിയ്യ് ബിൻ ഹാതിം -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " ഒരു കാരക്കയുടെ കഷ്ണം ദാനം ചെയ്ത് കൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുവീൻ "
[ ബുഖാരി : 1417 , മുസ്‌ലിം : 1016 ]

- അദിയ്യ് ബിൻ ഹാതിം -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " നിങ്ങളിൽ കഴിവുള്ളവൻ ഒരു കാരക്കയുടെ കഷ്ണം ദാനം ചെയ്ത് കൊണ്ടെങ്കിലും നരകത്തെ സൂക്ഷിക്കട്ടെ. " [ ബുഖാരി : 6539 , മുസ്‌ലിം : 1016 ]

നിർവഹിച്ചു

## സൽകർമം 118

### 6- അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തിൽ കാൽ പാദങ്ങൾ പൊടിപിടിക്കുകയും പൊടി ശ്വസിക്കുകയും ചെയ്യൽ.

മഹത്വം : നരകത്തിൽ നിന്നും സംരക്ഷണമേകുന്നു.

തെളിവ് : അബൂ അബ്സിൻ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തിൽ കാൽ പാദങ്ങൾ പൊടിപിടിക്കുകയാണെങ്കിൽ അവ രണ്ടും നരകത്തിൽ പ്രവേശിക്കുകയില്ല. " [ തിർമിദി : 1632 ] ഇത് സ്വീകാര്യമാണെന്ന് അൽബാനിയും ഇബ്നുൽ അറബിയും വിധി നല്കിയിട്ടുണ്ട്.

- ആയിഷ -رضي الله عنها- നിന്ന് നിവേദനം : റസൂൽ ﷺപറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധം നിമിത്തമായി മുസ്‌ലിമായ ഒരു വ്യക്തിയുടെ ഹൃദയം പൊടി പുരണ്ടിട്ടുണ്ടെങ്കിൽ ( പൊടി ശ്വസിച്ചിട്ടുണ്ടെങ്കിൽ ) അല്ലാഹു അവന്റെ മേൽ നരകം നിഷിദ്ധമാക്കിയിരിക്കുന്നു. " [ അഹ്മദ് : 25187 ] ഇത് സ്വീകാര്യമാണെന്ന് അൽബാനി വിധി നല്കിയിട്ടുണ്ട്.
- അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തിലെ പൊടിയും നരകത്തിലെ പുകയും ഒരാളിൽ ഒരിമിച്ചുകൂടുകയില്ല. " [ നസാഈ : സുനനുൽ കുബ്റാ : 4306 ] ഇത് സ്വീകാര്യമാണെന്ന് അൽബാനി വിധി നല്കിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 119

### 7- അല്ലാഹുവെ സ്മരിക്കൽ

മഹത്വം : നരകത്തിൽ നിന്നും സംരക്ഷണമേകുന്നു.

തെളിവ് : മുആദ് ബിൻ ജബൽ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അല്ലാഹുവെക്കുറിച്ചുള്ള സ്മരണയെക്കാൾ അവന്റെ ശിക്ഷയിൽ നിന്നും രക്ഷപ്പെടുത്തുന്ന മറ്റൊരു പ്രവർത്തനവും മനുഷ്യർ ചെയ്യുന്നില്ല. " [ അഹ്മദ് : 22504 ] ഇത് സ്വീകാര്യമാണെന്ന് അൽബാനി വിധി നല്കിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 120

### 8- പെൺ മക്കളെ ക്ഷമയോടെ പരിപാലിക്കുകയും അവരോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യൽ

മഹത്വം : നരകത്തിൽ നിന്നും സംരക്ഷണമേകുന്നു.

തെളിവ് : ആയിഷ -رضي الله عنها- നിന്ന് നിവേദനം : നബി ﷺപറഞ്ഞു : " (അല്ലാഹു) പെൺ മക്കളെ നൽകി കൊണ്ട് ആരെയെങ്കിലും പരീക്ഷിക്കുകയും അങ്ങനെ ആ വ്യക്തി അവരോട് നല്ല നിലയിൽ വർത്തിക്കുകയുമാണെങ്കിൽ അവർ നരകത്തിൽ നിന്നും അയാൾക്കൊരു മറയായിരിക്കും. " [ ബുഖാരി : 1418 , മുസ്‌ലിം : 2629 ]

- ഉക്ബത് ബിൻ ആമിർ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ആർകെങ്കിലും മൂന്ന് പെൺ മക്കളുണ്ടാവുകയും അങ്ങനെ അവരുടെ കാര്യത്തിൽ ക്ഷമയവലംബിക്കുകയും തന്റെ സമ്പത്തിൽ നിന്ന് അവർക്ക് വേണ്ട ഭക്ഷണവും പാനീയവും വസ്ത്രവുമെല്ലാം ( നൽകി അവരെ വളർത്തിയാൽ ) ക്വിയാമത്ത് നാളിൽ അവർ നരകത്തിൽ നിന്നും അയാൾക്കൊരു മറയായിരിക്കും. " [ ഇബ്നു മാജ: : 3669 , അഹ്മദ് : 17675 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നല്കിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 121

### 9- അല്ലാഹുവെ ഭയപ്പെട്ട് കരയൽ

മഹത്വം : നരകത്തിൽ നിന്നും സംരക്ഷണമേകുന്നു.

തെളിവ് : അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " കറന്നെടുത്ത പാൽ അകിട്ടിലേക്ക് പോകുന്നത് വരെ അല്ലാഹുവിനെ ഭയപ്പെട്ട് കരഞ്ഞവൻ നരകത്തിൽ പ്രവേശിക്കുകയില്ല. " [ നസാഈ : സുനനുൽ കുബ്റാ : 4301 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് ഇബ്നുൽ അറബിയും അൽബാനിയയും വിധി നല്കിയിട്ടുണ്ട്.

- അനസ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " രണ്ട് തരം കണ്ണുകളെ ഒരിക്കലും നരകം സ്പർശിക്കുകയില്ല; (അതിലൊന്ന് ) അല്ലാഹുവെ ഭയപ്പെട്ട് കരഞ്ഞ കണ്ണാകുന്നു. " [ മുസ്നദ് അബൂ യഅ്ലാ : 4346 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂത്തിയും അൽബാനിയും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 122

### 10- സൗമ്യനും മൃദുലനും ജനങ്ങളോട് അടുത്തവനുമാവുക.

മഹത്വം : നരകത്തിൽ നിന്നും സംരക്ഷണമേകുന്നു.

തെളിവ് : അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " മൃദുലനും സൗമ്യനും ജനങ്ങളോട് അടുത്തവനുമായവൻ നരകത്തിൽ പ്രവേശിക്കുകയില്ല. " [ ഹാകിം : 434 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂത്തിയും അൽബാനിയും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 123

### 11- മുസ്‌ലിമിന്റെ അഭിമാനത്തെ അവന്റെ അസാന്നിധ്യത്തിൽ പ്രതിരോധിക്കൽ

മഹത്വം : നരകത്തിൽ നിന്നും സംരക്ഷണമേകുന്നു.

തെളിവ് : അസ്മാഅ് ബിൻത് യസീദ് -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ( മുസ്‌ലിമായ ) തന്റെ സഹോദരന്റെ അസാന്നിധ്യത്തിൽ അയാളുടെ മാംസം ഭക്ഷിക്കുന്നത് ആരെങ്കിലും പ്രതിരോധിച്ചാൽ അവനെ നരകത്തിൽ നിന്നും രക്ഷപ്പെടുത്തൽ അല്ലാഹു ( സ്വയം ഏറ്റെടുത്ത ) ബാധ്യതയാകുന്നു. " [ അഹ്മദ് : 28257 ]

- ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 124

### 12- അല്ലാഹുവിന്റെ മാർഗത്തിൽ ഉറക്കമുണർന്ന് കാവലിരിക്കൽ.

മഹത്വം : നരകത്തിൽ നിന്നും സംരക്ഷണമേകുന്നു

തെളിവ് : ഇബ്നു അബ്ബാസ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " രണ്ട് തരം കണ്ണുകളെ ഒരിക്കലും നരകം സ്പർശിക്കുകയില്ല; അല്ലാഹുവെ ഭയപ്പെട്ട് കരയുന്നതും അവന്റെ മാർഗത്തിൽ ഉറക്കമുണർന്ന് കാവലിരിക്കുന്ന കണ്ണുകളുമാകുന്നു അവ. " [ തിർമിദി : 1639] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 125

### 13- റമദ്വാനിലെ രാപ്പകലുകൾ ആരാധനകളാൽ സജീവമാക്കൽ.

മഹത്വം : നരകത്തിൽ നിന്നും സംരക്ഷണമേകുന്നു.

തെളിവ് : അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ( റമദ്വാനിലെ ) എല്ലാ രാപ്പകലുകളിലും നരകത്തിൽ നിന്നും മോചിപ്പിക്കപ്പെടുന്ന കുറെ അടിമകൾ അല്ലാഹുവിനുണ്ട്. " [അഹ്മദ് : 7567] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്..

നിർവഹിച്ചു

## സൽകർമം 126

### 14- കോപമടക്കി വെക്കൽ

മഹത്വം : അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും സംരക്ഷണമേകുന്നു.

തെളിവ് : അനസ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " കോപം അടക്കി വെക്കുന്നവരിൽ നിന്നും അല്ലാഹു അവന്റെ ശിക്ഷയെ തടഞ്ഞുവെക്കുന്നതാണ്. " [ അൽ മുഖ്താറ: : ദ്വിയാഅ് അൽ മക്ദിസി : 2266 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്..

നിർവഹിച്ചു

## സൽകർമം 127

### 15-നരകത്തിൽ നിന്നും മൂന്ന് തവണ അല്ലാഹുവോട് അഭയം ചോദിക്കൽ

മഹത്വം : അവനെ അതിൽ നിന്നും രക്ഷപ്പെടുത്താനായി നരകം അല്ലാഹുവോട് പ്രാർത്ഥിക്കും.

തെളിവ് : അനസ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും അല്ലാഹുവോട് ( ആത്മാർത്ഥമായി ) നരകത്തിൽ നിന്നും അഭയം തേടിയാൽ നരകം അല്ലാഹുവോട് പറയും : അല്ലാഹുവേ, അവനെ നീ നരകത്തിൽ നിന്നും കാക്കേണമേ."

[തിർമിദി : 2572 , നസാഈ : സുനനുൽ കുബ്റാ : 7909 , ഇബ്നു മാജ: : 4340, അഹ്മദ് : 12353 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനിയും സുയൂത്തിയും വിധി നൽകിയിട്ടുണ്ട്..

നിർവഹിച്ചു

## സൽകർമം 128

### 16- അല്ലാഹുവിന്റെ മാർഗത്തിൽ അതിർത്തികളിൽ കാവൽ നിൽക്കെ മരണപ്പെടൽ.

മഹത്വം : ഖബ്ർ ശിക്ഷയിൽ നിന്നും നിർഭയത്വം ലഭിക്കുന്നു.

തെളിവ് : ഫദാല ബിൻ ഉബൈദ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " മരണപ്പെടുന്ന എല്ലാവരുടെയും പ്രവർത്തനങ്ങൾ അതോടു കൂടി അവസാനിക്കുന്നതാണ്. അല്ലാഹുവിന്റെ മാർഗത്തിൽ അതിർത്തികളിൽ കാവൽ നിൽക്കുന്നവന്റെതൊഴികെ. അവരുടെ പ്രവർത്തനങ്ങൾ ഖിയാമത്ത് നാൾ വരെ ഇരട്ടിയായിക്കൊണ്ടിരിക്കും. അതുപോലെ ഖബ്റിലെ പരീക്ഷണത്തിൽ നിന്നും അയാൾക്ക് രക്ഷയുമുണ്ടാകും. "

[ അബൂ ദാവൂദ് : 2500 , തിർമിദി : 1621 , അഹ്മദ് : 24584 ]

- സൽമാൻ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " ( അല്ലാഹുവിന്റെ മാർഗത്തിൽ അതിർത്തികളിൽ കാവൽ നിൽക്കെയാണ് ) ആരെങ്കിലും മരണപ്പെടുന്നതെങ്കിൽ ( ക്വിയാമത്ത് നാൾ വരെ ) അവൻ നിർവ്വഹിച്ച് കൊണ്ടിരുന്ന പ്രവർത്തനത്തിന്റെ പ്രതിഫലവും ( സ്വർഗത്തിൽ നിന്ന് ) ഉപജീവനവും അവന് ലഭിക്കുന്നതാണ്. അതോടൊപ്പം ക്വബ്റിൽ ചോദ്യം ചോദിക്കുന്ന മലക്കുകളിൽ നിന്നും അവന് രക്ഷയുണ്ടാവും. " [ മുസ്‌ലിം : 1913 ]
- സൽമാനുൽ ഫാരിസി -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " ( അല്ലാഹുവിന്റെ മാർഗത്തിൽ അതിർത്തികളിൽ കാവൽ നിൽക്കെയാണ് ) വല്ലവനും മരണപ്പെടുന്നതെങ്കിൽ ക്വബ്റിലെ പരീക്ഷണങ്ങളിൽ നിന്നും അല്ലാഹു അവന് സംരക്ഷമേകുന്നതാണ്. " [ തിർമിദി : 1665 ]

നിർവഹിച്ചു

## സൽകർമം 129

### 17- മുസ്‌ലിമായ ഒരു വ്യക്തിയുടെ പ്രയാസം ദൂരീകരിക്കൽ.

മഹത്വം : ക്വിയാമത്ത് നാളിലെ പ്രയാസങ്ങളിലൊന്ന് അല്ലാഹു നീക്കി കൊടുക്കും.

തെളിവ് : അബ്ദുല്ല ബിൻ ഉമർ -رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " മുസ്‌ലിമായ ഒരു വ്യക്തിയുടെ ഏതെങ്കിലുമൊരു പ്രയാസം ദൂരീകരിച്ച് നൽകുന്നവർക്ക് ക്വിയാമത്ത് നാളിലെ ബുദ്ധിമുട്ടുകളിലൊന്ന് അല്ലാഹു നീക്കിത്തരുന്നതാണ്. " [ ബുഖാരി : 2442 , മുസ്‌ലിം : 2580 ]

## ഭാഗം മൂന്ന്:

## ഇഹ ലോക ജീവിതത്തിൽ പ്രയാസങ്ങൾ വരാതിരിക്കാൻ സഹായിക്കുന്ന കർമങ്ങൾ.

**(21 സൽ കർമങ്ങൾ)**

നിർവഹിച്ചു

## സൽകർമം 130

### 1- വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കൽ

### بسم الله توكلت على الله لا حول ولا قوة إلا بالله

മഹത്വം : അല്ലാഹുവിന്റെ സംരക്ഷണം , അവന്റെ ഇഹ - പര കാര്യങ്ങൾക്ക് അല്ലാഹു മതിയായവനാകും.

തെളിവ് : അനസ് ബിൻ മാലിക് -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ഒരാൾ തന്റെ വീട്ടിൽ നിന്നും പുറപ്പെടുമ്പോൾ ' അല്ലാഹുവിന്റെ നാമത്തിൽ ഞാൻ പുറപ്പെടുന്നു. എല്ലാം ഞാൻ അല്ലാഹുവിൽ ഭരമേൽപ്പിച്ചിരിക്കുന്നു. അല്ലാഹുവെ കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല. ' ഇപ്രകാരം പ്രാർത്ഥിച്ചാൽ ( മലക്ക് ) അവനോട് പറയും : താങ്കൾ നേർവഴിയിലേക്ക് നയിക്കപ്പെട്ടിരിക്കുന്നു , താങ്കൾക്ക് അല്ലാഹു മതിയായവനാകുന്നു , എല്ലാ പ്രയാസങ്ങളിൽ നിന്നും താങ്കൾ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ പിശാചുക്കളെല്ലാം അവനിൽ നിന്നും അകന്നു പോകും. അപ്പോൾ അവനോട് മറ്റൊരു പിശാച് പറയും : നേർവഴിയിലേക്ക് മാർഗദർശനം ലഭിച്ച, അല്ലാഹു മതിയായവനായ , പ്രയാസങ്ങളിൽ നിന്നും സംരക്ഷിക്കപ്പെട്ട ഒരു വ്യക്തിയെ നിനക്ക് എങ്ങനെ സമീപിക്കാനാകും..?! " [ അബൂ ദാവൂദ് : 5095 , നസാഈ : സുനനുൽ കുബ്റാ : 9837 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 131

### 2- പ്രഭാതത്തിലും പ്രദോഷത്തിലുമായി സൂറതുൽ ഇഖ്ലാസും ഫലകും നാസും മൂന്ന് തവണ ഓതുക.

മഹത്വം : അല്ലാഹുവിൽ നിന്നുള്ള കാവൽ ലഭിക്കുന്നു.

തെളിവ് : അബ്ദുല്ല ബിൻ ഖുബൈബ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " രാവിലെയും വൈകുന്നേരവുമായി സൂറതുൽ ഇഖ്ലാസും ഫലകും നാസും മൂന്ന് പ്രാവശ്യം വീതം ഓതിയാൽ എല്ലാ കാര്യങ്ങൾക്കും നിനക്കത് മതിയായിരിക്കും. "

[അബൂ ദാവൂദ് : 5082 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 132

### 3- പ്രഭാതത്തിലും പ്രദോഷത്തിലുമായി മൂന്ന് തവണ ഇപ്രകാരം പ്രാർത്ഥിക്കൽ

**بسم الله الذي لا يضر مع اسمه شيء في الأرض ولا في السماء وهو السميع العليم**

മഹത്വം : അല്ലാഹുവിൽ നിന്നുള്ള കാവൽ ലഭിക്കുന്നു.

തെളിവ് : ഉഥ്മാൻ ബിൻ അഫ്ഫാൻ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ഒരോ ദിവസവും ഒരടിമ രാവിലെയും വൈകുന്നേരവുമായി ' തന്റെ നാമത്തോടൊപ്പം, ഭൂമിയിലോ ആകാശത്തിലോ ഉള്ള യാതൊന്നും ദ്രോഹം വരുത്താതായ അല്ലാഹുവിന്റെ നാമത്തിൽ. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. ' എന്ന പ്രാർത്ഥന മൂന്ന് പ്രാവശ്യം ചൊല്ലിയാൽ അവനെ യാതൊരു ദ്രോഹവും ബാധിക്കുകയില്ല. " [ തിർമിദി : 3388 , നസാഈ : സുനനുൽ കുബ്റാ : 10106 , ഇബ്നു മാജ: : 3869] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 133

### 4- ഉറങ്ങാൻ കിടക്കുമ്പോൾ ആയത്തുൽ കുർസിയ്യ് ഓതൽ

മഹത്വം : അല്ലാഹുവിൽ നിന്നുള്ള കാവൽ ലഭിക്കുന്നു

തെളിവ് : അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " താങ്കൾ കിടക്കാൻ പോകുമ്പോൾ ആയതുൽ കുർസിയ്യ് പാരായണം ചെയ്ത് കൊള്ളുക. അങ്ങനെയാണെങ്കിൽ നേരം പുലരുവോളം അല്ലാഹുവിൽ നിന്നുള്ള ഒരു സംരക്ഷകൻ താങ്കൾക്കുണ്ടാവും; അതോടൊപ്പം നേരം പുലരുവോളം ശൈത്വാൻ താങ്കളുടെ അടുക്കലേക്ക് വരികയുമില്ല [ ബുഖാരി : 2311 ]

നിർവഹിച്ചു

## സൽകർമം 134

### 5- ദുഃഖവും വിഷമവും ഉണ്ടാകുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കൽ

**( اللهم إني عبدُكَ، وابنُ عبدِكَ، وابنُ أَمَتِكَ، ناصيتي بيدكَ، ماضٍ فيَّ حُكْمُكَ، عدلٌ فيَّ قضاؤُكَ، أسألكَ بكلِّ اسمٍ هو لك، سميتَ به نفسكَ، أو علَّمتَه أحدًا من خلقِكَ، أو أنزلتَه في كتابِكَ، أو استأثرتَ به في علمِ الغيبِ عندك أن تجعلَ القرآنَ ربيعَ قلبي، ونورَ صدري، وجلاءَ حزني، وذهابَ همِّي )**

മഹത്വം : വിഷമവും ദുഃഖവും നീങ്ങിപ്പോവുകയും തത്സ്ഥാനത്ത് പകരം സന്തോഷമാവുകയും ചെയ്യും.

തെളിവ് : അബ്ദുല്ല ബിൻ മസ്ഊദ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " വല്ല ദുഃഖമോ വിഷമോ ബാധിച്ചവൻ ' അല്ലാഹുവേ! ഞാൻ നിന്റെ അടിമയും നിന്റെ അടിമയുടെ പുത്രനും, നിന്റെ അടിമസ്ത്രീയുടെ മകനുമാണ്. എന്റെ മൂർദ്ദാവ് (കടിഞ്ഞാൺ) നിന്റെ കയ്യിലാണ്. നിന്റെ തീരുമാനം എന്നിൽ നടപ്പാകുന്നു. നിന്റെ വിധി (ഖളാഅ്) എന്നിൽ നീതിയാകുന്നു. നീ നിനക്ക് നിശ്ചയിച്ചതും, നിന്റെ ഗ്രന്ഥത്തിൽ അവതരിപ്പിച്ചതും, നിന്റെ സൃഷ്ടികളിൽ ആരെയെങ്കിലും നീ പഠിപ്പിച്ചതും, നിന്റെ പക്കലുള്ള മറഞ്ഞിരിക്കുന്ന ജ്ഞാനത്തിൽ നീ സ്വന്തമാക്കിവെച്ചതുമായ നിൻറെ സംപൂർണ്ണ നാമങ്ങൾ മുഖേന ഞാൻ നിന്നോട് തേടുന്നു. ഖുർആൻ എന്റെ ഹൃദയത്തിന് വസന്തവും, എന്റെ നെഞ്ചിന് പ്രകാശവും, എന്റെ ദുഖത്തിന് പരിഹാരവും, എന്റെ വിഷാദം നീക്കുന്നതുമാക്കി തീർക്കേണമേ. ' എന്ന് പ്രാർത്ഥിച്ചാൽ അല്ലാഹു അവന്റെ വിഷമവും ദുഃഖവും നീക്കുകയും തത്സ്ഥാനത്ത് സന്തോഷം നിറയ്ക്കുകയും ചെയ്യും. അപ്പോൾ ചിലർ ഞങ്ങളിത് പഠിക്കേണ്ടതുണ്ടോ..? എന്ന് റസൂലിനോട് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു : അതെ, ഇത് കേട്ടവരെല്ലാം അത് പഠിക്കേണ്ടിയിരിക്കുന്നു. "

[ അഹ്മദ് : 3788 , ഇബ്നു ഹിബ്ബാൻ : 972 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 135

### 6- സുബ്ഹ് നമസ്കാര ശേഷം ഇരിക്കുന്ന രൂപത്തിൽ മാറ്റം വരുത്താതെയും ഭൗതികമായ കാര്യങ്ങൾ സംസാരിക്കുന്നതിനും മുമ്പായി പത്ത് പ്രാവശ്യം ഇപ്രകാരം പ്രാർത്ഥിക്കൽ لا إله إلا الله وحده لا شريك له له الملك وله الحمد يحيي ويميت وهو على كلِّ شيءٍ قديرٌ

മഹത്വം : ഇത് പ്രാർത്ഥിച്ച ദിവസം സർവ്വ വിപത്തുകളിൽ അതവന് സംരക്ഷണമേകുന്നു.

തെളിവ് : അബൂ ദർറ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും സുബ്ഹ് നമസ്കാര ശേഷം ഇരിക്കുന്ന രൂപത്തിൽ മാറ്റം വരുത്താതെയും ഭൗതികമായ കാര്യങ്ങൾ സംസാരിക്കുന്നതിനും മുമ്പായി അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് സർവ്വ സ്തുതിയും പരമാധികാരവും. ജീവൻ നൽകുന്നതും മരിപ്പിക്കുന്നതും അവനാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനാണ്. ' എന്ന് പത്ത് പ്രാവശ്യം ചൊല്ലിയാൽ അവന് പത്ത് നന്മകൾ രേഖപ്പെടുത്തുകയും പത്ത് തിന്മകൾ മായ്ക്കപ്പെടുകയും ( സ്വർഗത്തിലെ ) പത്ത് പദവികൾ ഉയർത്തപ്പെടുന്നതുമാണ്. അതുപോലെ ആ ദിവസം എല്ലാ വിപത്തുകളിൽ നിന്നും അതവന് സംരക്ഷണമേകുന്നതാണ്. " [ നസാഈ : സുനനുൽ കുബ്റാ : 9878 , തിർമിദി : 3474] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 136

### 7- അല്ലാഹുവിൽ മാത്രം ഭരമേൽപ്പിക്കൽ

മഹത്വം : അവന്റെ ഇഹ - പരകാര്യങ്ങൾക്കെല്ലാം അല്ലാഹു മതിയായവനാകും.

തെളിവ് : അല്ലാഹു പറഞ്ഞു : [ " വല്ലവനും അല്ലാഹുവിൽ ഭരമേൽപ്പിക്കുന്ന പക്ഷം അവന് അല്ലാഹു തന്നെ മതിയാകുന്നതാണ്. " ] ( സൂറ: അത്ത്വലാക്വ് : 2 )

നിർവഹിച്ചു

## സൽകർമം 137

### 8- ദുരിതം ബാധിച്ചവനെ കാണുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കൽ

الحمدُ للّهِ الذي عافاني مِمّا ابتلاه به وفَضَّلَنِي على كثيرٍ مِمَّنْ خَلَقَ تفضيلًا

മഹത്വം : ആ വിപത്തിൽ നിന്നും അല്ലാഹു അവന് സംരക്ഷണമേകുന്നതാണ്.

തെളിവ് : ഉമർ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ഒരു വിപത്ത് ബാധിച്ചവനെ ആരെങ്കിലും കാണുകയാണെങ്കിൽ ' അവനെ ബാധിച്ചത് പോലുള്ള വിപത്തിൽ നിന്നും എനിക്ക് സൗഖ്യം നൽകുകയും; സൃഷ്ടികളിൽ പലരെക്കാളും എന്നെ ഉത്കൃഷ്ടനാക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും. ' എന്ന് പറഞ്ഞാൽ ആ വിപത്തിൽ നിന്നും അല്ലാഹു അവന് സംരക്ഷണം നൽകുന്നതാണ്. " [ തിർമിദി : 3431 , അബൂ ദാവൂദ് അത്ത്വയാലിസി : 13 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് ഇബ്നുൽ ഖയ്യിമും അൽബാനിയും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 138

### 9- കുറ്റകരമായതോ കുടുംബ ബന്ധം വിച്ഛേദിക്കുന്നതോ അല്ലാത്ത കാര്യങ്ങൾ അല്ലാഹുവോട് ചോദിക്കൽ

മഹത്വം : അവന്റെ ഇഹ- പര കാര്യങ്ങൾക്കെല്ലാം അല്ലാഹു മതിയായവനാകും.

തെളിവ് : അബൂ സഈദ് അൽ ഖുദ്‌രി -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " മുസ്‌ലിമായ ഒരു വ്യക്തി കുറ്റകരമായതോ കുടുംബ ബന്ധം വിച്ഛേദിക്കുന്നതോ അല്ലാത്ത ഏത് നല്ല കാര്യവും അല്ലാഹുവോട് ചോദിക്കുകയാണെങ്കിൽ മൂന്നാലൊരു കാര്യം അവന് ലഭിക്കുന്നതായിരിക്കും. ( ഒന്ന് ) പെട്ടന്ന് തന്നെ അതിനുള്ള ഉത്തരം ലഭിക്കും. ( രണ്ട് ) അതിന്റെ പ്രതിഫലം പരലോകത്തേക്ക് അല്ലാഹു നീട്ടിവെക്കും. ( മൂന്ന് ) പ്രാർത്ഥനയുടെ തോതനുസരിച്ച് അവനിൽ നിന്നും തിന്മകൾ തടയപ്പെടും. ( അപ്പോൾ ഒരു സ്വഹാബി ) എങ്കിൽ ഞങ്ങൾ ധാരാളമായി അല്ലാഹുവോട് ചോദിക്കുമെന്ന് പറഞ്ഞപ്പോൾ അവിടുന്ന് പറഞ്ഞു : ( ചോദിക്കുന്നവർക്ക് ) അല്ലാഹു ധാരാളമായി നൽകുന്നതാണ്. " [ അഹ്‌മദ് : 11302 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 139

### 10- ഒരു വ്യക്തി തന്റെ പ്രാർത്ഥനകൾ മുഴുവൻ നബി ﷺ യ്ക്ക് വേണ്ടി സ്വലാത്ത് ആക്കി മാറ്റൽ.

മഹത്വം : അവന്റെ ഇഹ- പര കാര്യങ്ങൾക്കെല്ലാം അല്ലാഹു മതിയായവനാകും.

തെളിവ് : ഉബയ്യ് ബിൻ കഅ്ബ് -رضي الله عنه- നബി ﷺ യോട് ചോദിച്ചു : " എന്റെ പ്രാർത്ഥന മുഴുവൻ അങ്ങേയ്ക്കുള്ള സ്വലാത്ത് ആയി നിർവ്വഹിക്കട്ടെയോ..? അവിടുന്ന് പറഞ്ഞു : അങ്ങനെയെങ്കിൽ നിന്റെ ഇഹ - പര കാര്യങ്ങൾക്കെല്ലാം അല്ലാഹു മതിയായവനും നിന്റെ പാപങ്ങൾ പൊറുത്ത് തരുന്നതുമായിരിക്കും. " [ തിർമിദി : 2457 ]

നിർവഹിച്ചു

## സൽകർമം 140

### 11- രാവിലെയും വൈകുന്നേരവും ഏഴ് തവണ ഇപ്രകാരം ചൊല്ലൽ حسبي الله لا إله إلا هو عليه توكلت وهو رب العرش العظيم

മഹത്വം : അവന്റെ ഇഹ- പര കാര്യങ്ങൾക്കെല്ലാം അല്ലാഹു മതിയായവനാകും.

തെളിവ് : അബൂദ്ദർദാഅ് -رضي الله عنه- നിന്ന് നിവേദനം : അദ്ദേഹം പറഞ്ഞു : " പ്രഭാതത്തിലും പ്രദോഷത്തിലുമായി ആരെങ്കിലും ' എനിക്ക് അല്ലാഹു മതി. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവനിൽ മാത്രമാണ് ഞാൻ ഭരമേൽപ്പിച്ചിരിക്കുന്നത്. അവൻ മഹത്തായ അർശിന്റെ ഉടമസ്ഥനാകുന്നു. ' എന്ന് ഏഴ് പ്രാവശ്യം പറഞ്ഞാൽ അവന്റെ ഇഹ - പര കാര്യങ്ങൾക്കെല്ലാം അല്ലാഹു മതിയായവനാകുന്നു. " [ അബൂ ദാവൂദ് : 5081 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അർനഊഥ് വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 141

### 12- സൂറത്തുൽ ബകറയിലെ അവസാന രണ്ട് വചനങ്ങൾ പരായണം ചെയ്യൽ

മഹത്വം : അവന്റെ ഇഹ- പര കാര്യങ്ങൾക്കെല്ലാം അത് മതിയായതാകുന്നു. അതുപോലെ ശൈത്വാൻ വീട്ടിലേക്ക് അടുക്കുകയില്ല. തെളിവ് : അബൂ മസ്ഊദ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " സൂറത്തുൽ ബകറയിലെ അവസാന രണ്ട് വചനങ്ങൾ രാത്രി ആരെങ്കിലും പാരായണം ചെയ്യുകയാണെങ്കിൽ അവന് അത് മതിയാകുന്നതാണ്. " [ മുസ്‌ലിം : 808 ]

- നുഅ്മാൻ ബിൻ ബഷീർ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " നിശ്ചയം ആകാശ ഭൂമികളെ സൃഷ്ടിക്കുന്നതിന് രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് അല്ലാഹു ഒരു ഗ്രന്ഥത്തിൽ എല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ നിന്നാണ് സൂറത്തുൽ ബകറ അവസാനിക്കുന്ന രണ്ട് വചനങ്ങൾ അവതരിച്ചിട്ടുള്ളത്. ഇവ രണ്ടും മൂന്ന് രാത്രി ഒരു വീട്ടിൽ പാരായണം ചെയ്തില്ലെങ്കിൽ അവിടേക്ക് ശൈത്വാൻ അടുക്കുന്നതാണ്. "[ തിർമിദി : 3136 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 142

### 13- തക്വയിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കൽ

മഹത്വം : പ്രയാസങ്ങൾക്ക് തുറവി ലഭിക്കുകയും ശത്രുവിൽ നിന്ന് സംരക്ഷണവുമേകുന്നു.

തെളിവ് : അല്ലാഹു പറഞ്ഞു : [" വിശ്വസിക്കുകയും ധർമ്മനിഷ്ഠ പുലർത്തിക്കൊണ്ടിരിക്കുകയും ചെയ്തവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. " ] ( സൂറ: ഫുസ്സ്വിലത് : 18 )

- അല്ലാഹു പറഞ്ഞു : [ " വല്ലവനും അല്ലാഹുവെ സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവനൊരു പോം വഴി ഉണ്ടാക്കിക്കൊടുക്കുന്നതാണ്. " ] ( സൂറ: അത്ത്വലാക്വ് : 2 )
- അല്ലാഹു പറഞ്ഞു : [ " നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്ന പക്ഷം നിങ്ങൾക്കൊരു ഉപദ്രവവും വരുത്തുകയില്ല. " ] ( സൂറ: ആലു ഇംറാൻ : 120 )

നിർവഹിച്ചു

## സൽകർമം 143

### 14- പാപമോചനം പതിവാക്കൽ

മഹത്വം : പ്രയാസങ്ങൾ ദൂരീകരിക്കപ്പെടും.

തെളിവ് : ഇബ്നു അബ്ബാസ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും പാപമോചനം പതിവാക്കുന്നുവെങ്കിൽ അവന്റെ എല്ലാ ബുദ്ധിമുട്ടുകളിൽ നിന്നും അല്ലാഹു ഒരു പോംവഴി നൽകുന്നതും എല്ലാ ദുഃഖത്തിൽ നിന്നും ഒരു തുറവി നൽകുന്നതുമാണ്. " [ അബൂ ദാവൂദ് : 1513 , നസാഈ : സുനനുൽ കുബ്റാ : 10217 , ഇബ്നു മാജ: : 3819 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അബ്ദുൽ ഹഖ് അൽ ഇഷ്ബീലിയും അൽബാനിയും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 144

### 15- നാല് റക്അത്ത് ദുഹാ നമസ്കരിക്കൽ

മഹത്വം : ആ ദിവസത്തെ പകലിന്റെ അവസാനം വരെ പ്രായസങ്ങളിൽ നിന്നും തെറ്റുകളിൽ സംരക്ഷണമായി അത് മതിയാകുന്നതാണ്.

തെളിവ് : അബു ദ്ദർദാഅ്, അബൂ ദർറ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ നിന്ന് : അല്ലാഹു പറഞ്ഞു : " അല്ലയോ മനുഷ്യാ, പകലിന്റെ ആദ്യ സമയത്ത് എനിക്ക് വേണ്ടി നാല് റക്അത്ത് നീ നമസ്കരിച്ച് കൊള്ളുക. അങ്ങനെയെങ്കിൽ ആ പകലിന്റെ അവസാനം വരെ ( പ്രായസങ്ങളിൽ നിന്നും തെറ്റുകളിൽ സംരക്ഷണമായി ) അത് മതിയാകുന്നതാണ്. " [ തിർമിദി : 475 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 145

### 16- തുടരെത്തുടരെ ഹജ്ജും ഉംറയും നിർവ്വഹിക്കൽ

മഹത്വം : ദാരിദ്ര്യം നീങ്ങിപോകും.

തെളിവ് : അബ്ദുല്ല ബിൻ മസ്ഊദ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ഒന്നിന് പിറകെ ഒന്നായി നിങ്ങൾ ഹജ്ജും ഉംറയും നിർവ്വഹിച്ച് കൊള്ളുക; നിശ്ചയം, കൊല്ലന്റെ ഉല ഇരുമ്പിന്റെയും സ്വർണ്ണത്തിന്റെയും വെള്ളിയുടെയും മാലിന്യത്തെ നീക്കുന്നത് പോലെ അവ രണ്ടും ദാരിദ്രത്തെയും പാപങ്ങളെയും നീക്കി കളയുന്നതാണ്. " [ അഹ്മദ് : 3743 , തിർമിദി : 810 , നസാഈ : 3597 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അഹ്മദ് ശാകിർ വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 146

### 17- ക്ഷമ മുറുകെ പിടിക്കൽ

മഹത്വം : ശത്രുവിന്റെ കുതന്ത്രങ്ങളിൽ നിന്നും സംരക്ഷണം ലഭിക്കുന്നു.

തെളിവ് : അല്ലാഹു പറഞ്ഞു : [ " നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്ന പക്ഷം നിങ്ങൾക്കൊരു ഉപദ്രവവും വരുത്തുകയില്ല. " ] ( സൂറ: ആലു ഇംറാൻ : 120)

നിർവഹിച്ചു

## സൽകർമം 147

### 18- സൂറത്തുൽ ബകറ പാരായണം ചെയ്യൽ.

മഹത്വം : മാരണക്കാരിൽ നിന്നും സംരക്ഷണമേകുന്നു.

തെളിവ് : അബൂഉമാമ: അൽ ബാഹിലി -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു : " നിങ്ങൾ സൂറത്തുൽ ബകറ പാരായാണം ചെയ്ത് കൊള്ളുക. നിശ്ചയം അത് മുറുകെ പിടിക്കൽ അനുഗ്രഹവും ഒഴിവാക്കൽ നഷ്ടവുമാകുന്നു. അതു പോലെ മാരണക്കാർക്ക് നിങ്ങളെ സിഹ്ർ ചെയ്യുക സാധ്യവുമല്ല. " [ മുസ്‌ലിം : 804 ]

നിർവഹിച്ചു

## സൽകർമം 148

### 19- ഉറക്കിനിടയിൽ ദുസ്വപ്നം കാണാനിടയായാൽ ഇടത് വശത്തേക്ക് മൂന്ന് തവണ തുപ്പുകയും പിശാചിൽ നിന്ന് മൂന്ന് തവണ അഭയം തേടുകയും കിടന്നിരുന്ന ഭാഗത്തിൽ മാറ്റം വരുത്തുകയും ചെയ്യൽ

മഹത്വം : ദുസ്വപ്നങ്ങളിൽ നിന്നും കാവലേകുന്നു.

തെളിവ് : അബൂ ക്വതാദ: -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ആരെങ്കിലും ഉറക്കത്തിനിടയിൽ ദുസ്വപ്നം കണ്ടാൽ അവൻ ഇടതു വശത്തേക്ക് ( ഉമിനീർ പാറ്റിക്കൊണ്ട് ) മൂന്ന് തവണ ഊതുകയും പിശാചിൽ നിന്നും അവൻ അഭയം തേടുകയും ചെയ്യട്ടെ. പിന്നീട് പിശാച് അവനെ യാതൊരു ദ്രോഹവും വരുത്തുകയില്ല. " [ ബുഖാരി : 6995 , മുസ്‌ലിം : 2261 ]

- ജാബിർ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " നിങ്ങളിലാരെങ്കിലും ഉറക്കത്തിനിടയിൽ ദുഷിച്ച സ്വപ്നം കാണാനിടയായാൽ അവൻ തന്റെ ഇടതു വശത്തേക്ക് മൂന്ന് തവണ തുപ്പുകയും പിശാചിൽ നിന്നും അല്ലാഹുവിനോട് മൂന്ന് തവണ കാവൽ തേടുകയും കിടന്ന ഭാഗത്ത് നിന്ന് തെറ്റി കിടക്കുകയും ചെയ്ത് കൊള്ളട്ടെ. " [ ബുഖാരി : 7005 , മുസ്‌ലിം : 2262 ]

നിർവഹിച്ചു

## സൽകർമം 149

## 20- ഉറക്കിനിടയിൽ ഭയമോ വിഭ്രാന്തിയോ ഉണ്ടായാൽ ഇപ്രകാരം പ്രാർത്ഥിക്കൽ

## أعوذ بكلمات الله التامة من غضبه وعقابه وشر عباده ، ومن همزات الشياطين وأن يحضرون

മഹത്വം : ദുസ്വപ്നങ്ങളിൽ നിന്നും കാവലേകുന്നു.

തെളിവ് : അബ്ദുല്ല ബിൻ അംറുബ്നുൽ ആസ്വ് -رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നിങ്ങളിലാർകെങ്കിലും ഉറക്കത്തിനിടയിൽ വിഭ്രാന്തിയുണ്ടായാൻ അവൻ ഇപ്രകാരം പറഞ്ഞു കൊള്ളട്ടെ : ' അല്ലാഹുവിന്റെ കോപത്തിൽ നിന്നും അവന്റെ ശിക്ഷയിൽ നിന്നും അവന്റെ അടിമകളുടെ തിന്മയിൽ നിന്നും പിശാചുക്കളുണ്ടാക്കുന്ന വിഭ്രാന്തിയിൽ നിന്നും പിശാചുക്കൾ എന്റെയടുക്കൽ സന്നിഹിതരാവുന്നതിൽ നിന്നും അല്ലാഹുവിന്റെ സമ്പൂർണ്ണ വചനങ്ങൾ മുൻ നിർത്തി ( അല്ലാഹുവിൽ ) ഞാൻ അഭയം തേടുന്നു. ' ( ഇങ്ങനെ പ്രാർത്ഥിച്ചാൽ ) പിശാച് അവനെ യാതൊരു ദ്രോഹവും വരുത്തുകയില്ല. " [ നസാഈ : സുനനുൽ കുബ്റാ : 10533 , അബൂ ദാവൂദ് : 3893 , തിർമിദി : 3528 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് ഇമാം മുൻദിരി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 150

## 21- സൂറ: അൽ കഹ്ഫിലെ ആദ്യ പത്ത് വചനങ്ങൾ മനഃപ്പാഠമാക്കൽ

മഹത്വം : ദജ്ജാലിൽ നിന്നും രക്ഷ ലഭിക്കുന്നു.

തെളിവ് : അബൂദ്ദർദാഅ് -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " സൂറത്തുൽ കഹ്ഫിലെ ആദ്യ പത്ത് വചനങ്ങൾ ആരെങ്കിലും മനഃപ്പാഠമാക്കിയാൽ ദജ്ജാലിന്റെ ( കെടുതിയിൽ നിന്നും ) അവൻ സംരക്ഷിക്കപ്പെടും. " [ മുസ്‌ലിം : 809]

## അദ്ധ്യായം മൂന്ന്:
## ഇഹ- പര ലോകത്തെ നമ്മുടെ ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള കർമങ്ങൾ
## (210 സൽകർമങ്ങൾ)

ഈ അദ്ധ്യായം ആറ് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു

1- മതപരമായ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള കർമങ്ങൾ. (5 സൽകർമങ്ങൾ)

2- പ്രവർത്തനങ്ങളിലെ ലക്ഷ്യം നിറവേറ്റാനുള്ള കർമങ്ങൾ. (14 സൽകർമങ്ങൾ)

3- പരലോക ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള കർമങ്ങൾ. (146 സൽകർമങ്ങൾ)

4- മനസ്സിലെ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള കർമങ്ങൾ. (31 സൽകർമങ്ങൾ)

5- ഇഹലോക ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള കർമങ്ങൾ. (10 സൽകർമങ്ങൾ)

6- നിനക്ക് ചുറ്റുമുള്ളവരോട് നിറവേറ്റാനുള്ള കർമങ്ങൾ. (4 സൽകർമങ്ങൾ)

# ഭാഗം ഒന്ന്: മതപരമായ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള കർമങ്ങൾ.

(5)

നിർവഹിച്ചു

## സൽകർമം 151

### 1- അല്ലാഹുവെക്കുറിച്ച് എപ്പോഴും സദ് വിചാരം വെച്ച് പുലർത്തൽ

മഹത്വം : അല്ലാഹുവെക്കുറിച്ച് എങ്ങനെയാണോ വിചാരിക്കുന്നത് അതുപോലെയായിരിക്കും അവൻ വർത്തിക്കുക.

തെളിവ് : അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : അല്ലാഹു പറഞ്ഞിരിക്കുന്നു : " എന്റെ അടിമ എന്നെ കുറിച്ച് വിചാരിക്കുന്നതുപോലെയാണ് ( ഞാനവനോട് വർത്തിക്കുക.) " [ ബുഖാരി : 7405 , മുസ്‌ലിം : 2675 ]

നിർവഹിച്ചു

## സൽകർമം 152

### 2- സുബ്ഹിന് മുമ്പ് രണ്ട് റക്അത്ത് നമസ്കരിക്കൽ

മഹത്വം : ദുനിയാവും അതിലുള്ളതിനെക്കാൾ എല്ലാം ഉത്തമമായത്.

തെളിവ്: ആയിഷ -رضي الله عنها- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " സുബ്ഹിന് ( മുമ്പുള്ള ) രണ്ട് റക്അത്ത് ഈ ദുനിയാവും അതിലുള്ളതിനെക്കാളും ഉത്തമമായതാകുന്നു. " [ മുസ്‌ലിം : 725 ]

നിർവഹിച്ചു

## സൽകർമം 153

## 3- തക്വ്‌വയിലധിഷ്ഠിതമായി ജീവതം ക്രമീകരിക്കൽ

മഹത്വം : സത്യവും അസത്യവും വേർതിരിക്കാനുള്ള പ്രകാശവും തൗഫീഖും നൽകപ്പെടുകയും അല്ലാഹുവെ തൃപ്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളിലേക്ക് അവനെ നയിക്കുകയും ചെയ്യുന്നു.

തെളിവ് : അല്ലാഹു പറഞ്ഞു : [ " സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുകയാണെങ്കിൽ നിങ്ങൾക്ക് സത്യവും അസത്യവും വിവേചിക്കാനുള്ള കഴിവ് അവനുണ്ടാക്കിത്തരുന്നതാണ്." ] ( സൂറ: അൽ അൻഫാൽ : 29 )

- അല്ലാഹു പറഞ്ഞു : [ " സത്യവിശ്വാസികളെ , നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവന്റെ ദൂതനിൽ വിശ്വസിക്കുകയും ചെയ്യുക. എന്നാൽ അവന്റെ കാരുണ്യത്തിൽ നിന്ന് രണ്ട് ഓഹരി അവൻ നിങ്ങൾക്കു നൽകുന്നതാണ്. ഒരു പ്രകാശം അവൻ നിങ്ങൾക്ക് ഏർപ്പെടുത്തിത്തരുകയും ചെയ്യും. " ] ( സൂറ: അൽ ഹദീദ് : 28 )
- അല്ലാഹു പറഞ്ഞു : [ " എന്നാൽ ഏതൊരാൾ ദാനം നൽകുകയും സൂക്ഷ്മത പാലിക്കുകയും ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ അവനു നാം ഏറ്റവും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തിക്കൊടുക്കുന്നതാണ്. " ] ( സൂറ: അല്ലൈൽ : 5-7)

നിർവഹിച്ചു

## സൽകർമം 154

## 4- അല്ലാഹുവിന് തൃപ്തിയുള്ള മാർഗത്തിൽ ദാനം നൽകൽ.

മഹത്വം : അല്ലാഹുവെ തൃപ്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളിലേക്ക് നയിക്കുന്നു.

തെളിവ് : അല്ലാഹു പറഞ്ഞു : [ " എന്നാൽ ഏതൊരാൾ ദാനം നൽകുകയും സൂക്ഷ്മത പാലിക്കുകയും ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ അവനു നാം ഏറ്റവും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തിക്കൊടുക്കുന്നതാണ്. " ] ( സൂറ: അല്ലൈൽ : 5-7 )

നിർവഹിച്ചു

## സൽകർമം 155

### 5- വീട്ടിൽ നിന്നും പുറത്ത് പോകുമ്പോൾ ഇപ്രകാരം പറയൽ :

### بسم الله، توكلت على الله ، لا حول ولا قوة إلا بالله

മഹത്വം : അല്ലാഹുവെ തൃപ്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളിലേക്ക് നയിക്കുന്നു.

തെളിവ് : അനസ് ബിൻ മാലിക് -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ഒരാൾ തന്റെ വീട്ടിൽ നിന്നും പുറപ്പെടുമ്പോൾ ' അല്ലാഹുവിന്റെ നാമത്തിൽ ഞാൻ പുറപ്പെടുന്നു. എല്ലാം ഞാൻ അല്ലാഹുവിൽ ഭരമേൽപ്പിച്ചിരിക്കുന്നു. അല്ലാഹുവെ കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല. ' ഇപ്രകാരം പ്രാർത്ഥിച്ചാൽ ( മലക്ക് ) അവനോട് പറയും : താങ്കൾ നേർവഴിയിലേക്ക് നയിക്കപ്പെട്ടിരിക്കുന്നു , താങ്കൾക്ക് അല്ലാഹു മതിയായവനാകുന്നു , എല്ലാ പ്രയാസങ്ങളിൽ നിന്നും താങ്കൾ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ പിശാചുക്കളെല്ലാം അവനിൽ നിന്നും അകന്നു പോകും. അപ്പോൾ അവനോട് മറ്റൊരു പിശാച് പറയും : നേർവഴിയിലേക്ക് മാർഗദർശനം ലഭിച്ച, അല്ലാഹു മതിയായവനായ , പ്രയാസങ്ങളിൽ നിന്നും സംരക്ഷിക്കപ്പെട്ട ഒരു വ്യക്തിയെ നിനക്ക് എങ്ങനെ സമീപിക്കാനാകും..?! " [ അബൂ ദാവൂദ് : 5090 , നസാഈ : സുനനുൽ കുബ്റാ : 9837 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

# ഭാഗം രണ്ട്:
# പ്രവർത്തനങ്ങളിലെ ലക്ഷ്യം നിറവേറ്റാനുള്ള കർമങ്ങൾ
# (14)

നിർവഹിച്ചു

## സൽകർമ്മം 156

### 1- തക്വ്‌വയിലധിഷ്ഠിതമായി ജീവതം ക്രമീകരിക്കൽ

മഹത്വം : അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള പ്രവർത്തനങ്ങളിൽ പെട്ടതും കർമ്മങ്ങൾ നന്നാകുവാനും സ്വീകരിക്കപ്പെടാനുമുള്ള പ്രധാന കാരണവുമാകുന്നു.

തെളിവ് : അല്ലാഹു പറഞ്ഞു : [ " നിങ്ങൾ യത്രാ വിഭവങ്ങൾ ഒരുക്കിക്കൊള്ളുക; എന്നാൽ വിഭവങ്ങളിൽ ഏറ്റവും ഉത്തമമായത് ധർമ്മനിഷ്ഠയാകുന്നു. " ] ( സൂറ: അൽ ബക്വറ: : 197 )

- അല്ലാഹു പറഞ്ഞു : [ " സത്യ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും നേരായ വാക്ക് പറയുകയും ചെയ്യുക , എങ്കിൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ കർമ്മങ്ങൾ നന്നാക്കിത്തരികയും പാപങ്ങൾ പൊറുത്തു തരികയും ചെയ്യും. " ] ( സൂറ: അൽ അഹ്സാബ് : 70-71]
- അല്ലാഹു പറഞ്ഞു : [ " ധർമ്മനിഷ്ഠയുള്ളവരിൽ നിന്നു മാത്രമേ അല്ലാഹു ( കർമ്മങ്ങൾ ) സ്വീകരിക്കുകയുള്ളൂ. " ] ( സൂറ: അൽ മാഇദ: : 27 )

നിർവഹിച്ചു

## സൽകർമ്മം 157-160

### 2-5- മുസ്‌ലിമായ ഒരു വ്യക്തിയെ സന്തോഷിപ്പിക്കുകയും അവന്റെ പ്രയാസങ്ങൾ നീക്കുകയും, കടങ്ങൾ വീട്ടുകയും, വിശപ്പകറ്റുകയും ചെയ്യൽ.

മഹത്വം : അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള പ്രവർത്തനങ്ങളാകുന്നു അവ.

തെളിവ് : ഇബ്നു ഉമർ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " മുസ്ലിമായ ഒരു വ്യക്തിയെ സന്തോഷിപ്പിക്കുകയോ അവന്റെ പ്രയാസങ്ങൾ നീക്കുകയോ, കടങ്ങൾ വീട്ടുകയോ, വിശപ്പകറ്റുകയോ ചെയ്യലാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള പ്രവർത്തനങ്ങൾ. " [ ത്വബ്റാനി : മുഅ്ജമുൽ കബീർ : 13644 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 161

## 6- ദുൽഹിജ്ജയിലെ ആദ്യ പത്ത് ദിനങ്ങളിൽ ആരാധനകൾ നിർവ്വഹിക്കൽ

മഹത്വം : അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള പ്രവർത്തനങ്ങളിൽ പെട്ടതാകുന്നു.

തെളിവ് : ഇബ്നു അബ്ബാസ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " സൽക്കർമ്മങ്ങൾ നിർവ്വഹിക്കാൻ ദുൽഹിജ്ജയിലെ ആദ്യ പത്ത് ദിനങ്ങളെക്കാൾ അല്ലാഹുവിന് ഇഷ്ടപ്പെട്ട മറ്റു ദിനങ്ങളില്ല. " [ അബൂ ദാവൂദ് : 2438 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 162

## 7-ദുൽഹിജ്ജ പത്തിന് ബലി കർമ്മം നടത്തൽ

മഹത്വം : അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള പ്രവർത്തനങ്ങളിൽ പെട്ടതാകുന്നു.

തെളിവ് : ആയിഷ -رضي الله عنها- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ബലിദിനത്തിൽ അല്ലാഹുവിന് ബലിയെക്കാൾ ഇഷ്ടപ്പെട്ട ഒരു കർമ്മവുമില്ല. ഉയിർത്തെഴുന്നേൽപ്പുനാളിൽ ബലിമൃഗം അതിന്റെ കൊമ്പുകളും രോമങ്ങളും കുളമ്പുകളുമായി ഹാജരാകും. അതിന്റെ രക്തം ഭൂമയിൽ പതിക്കുന്നതിന് മുമ്പ് അല്ലാഹുവിങ്കൽ സ്ഥാനം പിടിക്കും. അതിനാൽ സംതൃപ്ത മനസ്സോടെ നിങ്ങൾ ബലിയർപ്പിക്കുക. " [ തിർമിദി : 1493 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് തിർമിദി , ഇബ്നു ഹജർ ,അൽബാനി തുടങ്ങിയവർ വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 163

## 8- سبحان الله ، والحمد لله ، ولا إله إلا الله، والله أكبر എന്ന് പറയൽ

മഹത്വം : അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള വാക്കുകങ്ങളിൽ പെട്ടതാകുന്നു.

തെളിവ് : സമുറ: ബിൻ ജുൻദുബ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള വാക്കുകൾ നാലെണ്ണമാണ്. അവയിൽ ഏത് കൊണ്ട് നീ ആരംഭിച്ചാലും കുഴപ്പമില്ല. (سبحان الله) അല്ലാഹു പരിശുദ്ധനാകുന്നു. (الحمد لله) സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു. (لا إله إلا الله) അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. (الله أكبر) അല്ലാഹുവാകുന്നു ഏറ്റവും വലിയവൻ. ) " [ മുസ്‌ലിം : 2137 ].

നിർവഹിച്ചു

## സൽകർമം 164

## 9- سبحان الله وبحمده എന്ന് പറയൽ

മഹത്വം : അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള വാക്കുകങ്ങളിൽ പെട്ടതാകുന്നു.

തെളിവ് : അബൂ ദർറ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട വാക്കുകൾ താങ്കൾക്ക് ഞാൻ അറിയിച്ചു തരട്ടെയോ.?, നിശ്ചയം അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള വാക്കുകൾ അല്ലാഹുവെ സ്തുതിക്കുന്നതോടൊപ്പം سبحان الله وبحمده അവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. എന്നതാകുന്നു. " [ മുസ്‌ലിം : 2731 ]

നിർവഹിച്ചു

## സൽകർമം 165

### 10- سبحان الله وبحمده ، سبحان الله العظيم എന്ന് ചൊല്ലൽ.

മഹത്വം : അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള വാക്കുകങ്ങളിൽ പെട്ടതാകുന്നു.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " നാവുകൊണ്ട് ഉച്ചരിക്കാൻ ഭാരം ലഘുവായതും ( പരലോകത്തെ ത്രാസിൽ ഭാരമുള്ളതും പരമകാരുണ്യവാനായ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടതുമായ രണ്ടു വാക്കുകൾ ഇവയാണ്; سبحان الله وبحمده ، سبحان الله العظيم അല്ലാഹുവെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. ഉന്നതനായ അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. ) " [ ബുഖാരി : 6406 , മുസ്ലിം : 2694 ]

നിർവഹിച്ചു

## സൽകർമം 166

### 11- രാത്രി ഉറക്കിൽ നിന്ന് അസമയത്ത് ഉണർന്നാൽ ഇപ്രകാരം പ്രാർത്ഥിച്ചതിന് ശേഷം വുദ്വൂഅ് ചെയ്ത് നമസ്കരിക്കൽ لا إله إلا الله وحده لا شريك له الملك وله الحمد وهو على كل شيء قدير ، الحمد لله وسبحان الله ، ولا إله إلا الله ، والله أكبر ، ولا حول ولا قوة إلا بالله ، اللهم اغفر لي

മഹത്വം : ആ നമസ്കാരം സ്വീകരിക്കപ്പെടുന്നതാണ്.

തെളിവ് : ഉബാദത് ബിൻ സ്വാമിത് -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " രാത്രി ഉറക്കിനിടയിൽ ഉണർന്നാൽ - ' അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ ഏകനും പങ്കുകാരില്ലാത്താവനുമാണ്. സർവ്വ സ്തുതിയും പരമാധികാരവും അവനാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനാണ്. സർവ്വ സ്തുതിയും അല്ലാഹുവിനാണ്. അല്ലാഹു എത്ര പരിശുദ്ധൻ !. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അല്ലാഹു ഏറ്റവും വലിയവനാകുന്നു.

അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല. - എന്ന് പറയുകയും ശേഷം അല്ലാഹുവോട് പാപമോചനം തേടുകയോ പ്രാർത്ഥിക്കുകയോ ചെയ്താൽ അവൻ ഉത്തരം നൽകുന്നതാണ്. ഇനി വുദൂഅ് ചെയ്ത് നമസ്കരിച്ചാൽ അത് സ്വീകരിക്കപ്പെടുകയും ചെയ്യും. "

[ബുഖാരി : 1154 ]

നിർവഹിച്ചു

## സൽകർമം 167

### 12- സ്വന്തം കുടുംബത്തിന് ചിലവിന് നൽകുമ്പോൾ റബ്ബിന്റെ പ്രതിഫലം കാംക്ഷിക്കൽ

മഹത്വം : അല്ലാഹു അത് ദാനധർമ്മമായി സ്വീകരിക്കും.

തെളിവ് : അബൂ മസ്ഊദ് അൽ അൻസ്വാരി -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " മുസ്ലിമായ ഒരു വ്യക്തി തന്റെ കുടുംബത്തിന് ചിലവ് നൽകുകയും അതിൽ ( അല്ലാഹുവിന്റെ പ്രതിഫലം ) കാംക്ഷിക്കുകയും ചെയ്താൽ അതവന് ഒരു ദാനധർമ്മമായിരിക്കും. " [ ബുഖാരി : 5351 , മുസ്ലിം : 1002]

നിർവഹിച്ചു

## സൽകർമം 168

### 13- സൂര്യൻ മധ്യാഹ്നത്തിൽ നിന്ന് തെറ്റിയതിന് ശേഷം ദുഹ്റിന് മുമ്പായി നാല് റക്അത്ത് നമസ്കരിക്കൽ

മഹത്വം : ആകാശ കാവടങ്ങൾ തുറക്കപ്പെടുന്ന സമയമാകുന്നു.

തെളിവ് : അബ്ദുല്ല ബിൻ സാഇബ് -رضي الله عنه- നിന്ന് നിവേദനം : അദ്ദേഹം പറഞ്ഞു : " സൂര്യൻ മധ്യാഹ്നത്തിൽ നിന്ന് തെറ്റിയതിന് ശേഷം ദുഹ്റിന് മുമ്പായി റസൂൽ ﷺ നാല് റക്അത്ത് നമസ്കരിക്കുമായിരുന്നു. അവിടുന്ന് പറഞ്ഞു : ആകാശ കവാടങ്ങൾ തുറക്കപ്പെടുന്ന സമയമത്രെ അത്. തത്സമയം എന്നിൽ നിന്നും സൽക്കർമ്മങ്ങൾ അല്ലാഹുവിലേക്ക് ഉയരുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. " [ തിർമിദി : 478 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 169

### 14- നിർബദ്ധ നമസ്കാരങ്ങൾക്ക് ശേഷം (سبحان الله ، الحمد لله ، الله أكبر) എന്ന് 33 തവണ പറയൽ

മഹത്വം : നന്മയിൽ മുൻ കടന്നവരുടെ പദവി കരസ്ഥമാക്കുവാനും മറ്റുള്ളവരെ മുൻ കടക്കുവാനും കഴിയുന്ന പ്രവർത്തനം.

തെളിവ് : അബൂഹുറൈറ -رضي الله عنه- പറഞ്ഞു : " ദരിദ്രരായ കുറച്ച് പേർ നബി ﷺ യുടെ അടുത്ത് വന്ന് പറയുകയുണ്ടായി ; സമ്പന്നർ അവരുടെ പണമുപയോഗിച്ച് സ്വർഗത്തിലെ ഉയർന്ന പദവികളും അനുഗ്രഹങ്ങളുമെല്ലാം കരസ്ഥമാക്കിയിരിക്കുന്നു. ഞങ്ങൾ നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നത് പോലെ അവരും അത് നിർവ്വഹിക്കുന്നുണ്ട്. അതോടൊപ്പം ബാക്കി വരുന്ന പണം കൊണ്ട് അവർ ഹജ്ജും ഉംറയും ജിഹാദും സ്വദകയും നിർവ്വഹിക്കുന്നു. അപ്പോൾ നബി ﷺ പറഞ്ഞു : എങ്കിൽ ഞാൻ നിങ്ങൾക്ക് ഒരു കാര്യം അറിയിച്ച് തരട്ടെയോ, നിങ്ങളത് മുറുകെ പിടിക്കുകയാണെങ്കിൽ ( നന്മയിൽ ) നിങ്ങളെക്കാൾ മുൻ കടന്നവരുടെ പദവി കരസ്ഥമാക്കാം. അതു പോലെ നിങ്ങൾക്ക് ശേഷമുള്ള ഒരാളും ( ഈ പ്രവർത്തനം ചെയ്യാതെ ) നിങ്ങളുടെ പദവിയിൽ എത്തുകയില്ല. ഇതല്ലാത്ത മറ്റു ആരാധനകൾ ചെയ്യുന്ന ചുറ്റുമുള്ളവരെക്കാൾ ശ്രേഷ്ഠരായിരിക്കുകയും ചെയ്യും നിങ്ങൾ. എല്ലാ നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷവും മുപ്പത്തിമൂന്ന് തവണ വീതം തസ്ബീഹും തഹ്മീദും തക്ബീറും നിർവ്വഹിക്കലത്രെ അത്. അബൂഹുറൈറ - رضي الله عنه- പറഞ്ഞു : അങ്ങനെ ഞങ്ങൾക്കിടയിൽ ( ഇതിന്റെ രൂപത്തെക്കുറിച്ച് ) ഭിന്നിപ്പുണ്ടായി. ചിലർ അഭിപ്രായപ്പെട്ടത് : 33 തവണ വീതം തസ്ബീഹും തഹ്മീദും 34 തവണ തക്ബീറും ചൊല്ലണമെന്നാണ്. അങ്ങനെ ഞാൻ നബി ﷺയിലേക്ക് വിഷയത്തെ മടക്കിയപ്പോൾ അവിടുന്ന് പറഞ്ഞത് سبحان الله ، الحمد لله ، الله أكبر എന്നിങ്ങനെ ഒരോന്നും മുപ്പത്തിമൂന്ന് തവണ വീതം നീ പറഞ്ഞ് കൊള്ളുക എന്നായിരുന്നു." [ ബുഖാരി : 843 , മുസ്‌ലിം 595]

# ഭാഗം മൂന്ന്:

## പരലോക ലക്ഷ്യങ്ങൾ

## നിറവേറ്റാനുള്ള കർമങ്ങൾ

## (146)

നിർവഹിച്ചു

## സൽകർമം 170

### 1- അല്ലാഹുവെ സദാ സ്മരിച്ച് കൊണ്ടിരിക്കൽ

മഹത്വം : സ്വർഗ്ഗത്തിലെ ഉയർന്ന പദവികൾ നേടിത്തരുന്നതും അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തെക്കാൾ ഉത്തമവും സ്വർണ്ണവും വെള്ളിയും ധാനം ചെയ്യുന്നതിനെക്കാൾ ശ്രേഷ്ഠമായതുമായ സൽകർമ്മം.

തെളിവ് : അബുദ്ദർദാഅ് -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : നിങ്ങളുടെ സൽകർമ്മങ്ങളിൽ വെച്ച് അല്ലാഹുവിന്റെയടുക്കൽ ഏറ്റവും വിശിഷ്ടവും പരിശുദ്ധവുമായതും സ്വർഗ്ഗത്തിൽ നിങ്ങളുടെ പദവികൾ ഉയർത്തുന്നതും സ്വർണ്ണവും വെള്ളിയും ധാനം ചെയ്യുന്നതിനെക്കാൾ ശ്രേഷ്ഠമായതും നിങ്ങളുടെ ശത്രുക്കളോട് യുദ്ധം ചെയ്ത് പോരടിക്കുന്നതിനെക്കാൾ ഉത്തമമായതുമായ ഒരു സൽകർമ്മം ഞാൻ നിങ്ങൾക്ക് അറിയിച്ച് തരട്ടെയോ..? സ്വഹാബികൾ ' അതെ ' എന്ന് പ്രതികരിച്ചപ്പോൾ അവിടുന്ന് പറഞ്ഞു : " അല്ലാഹുവെക്കുറിച്ചുള്ള സമരണയത്രെ അത് " [ തിർമിദി : 3377] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 171

### 2- അങ്ങാടിയിലേക്ക് പ്രവേശിക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കൽ :

**لا إله إلا الله وحده لا شريك له وله الملك وله الحمد ، يحيي ويميت وهو حي لا يموت ، بيده الخير وهو على كل شيء قدير**

മഹത്വം : പത്ത് ലക്ഷം നന്മകൾ രേഖപ്പെടുത്തുകയും സ്വർഗത്തിൽ ഒരു ഭവനം ലഭിക്കുകയും ചെയ്യും.

തെളിവ് : ഉമർ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " ആരെങ്കിലും അങ്ങാടിയിൽ പ്രവേശിക്കുമ്പോൾ ' അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് സർവ്വ സ്തുതിയും പരമാധികാരവും. ജീവൻ നൽകുന്നതും മരിപ്പിക്കുന്നതും അവനാണ്. അവൻ എന്നെന്നും ജീവിക്കുന്നവനാണ് . മരിക്കുകയില്ല. എല്ലാ നന്മകളും അവന്റെ കരങ്ങളിലാണ്; അവൻ എല്ലാത്തിനും കഴിവുള്ളവനാണ്. ' എന്ന് ചൊല്ലിയാൽ അയാൾക്ക് പത്ത് ലക്ഷം നന്മകൾ രേഖപ്പെടുത്തുകയും അയാളുടെ പത്ത് ലക്ഷം തിന്മകൾ മായ്ക്കപ്പെടുകയും അയാൾക്ക് സ്വർഗത്തിൽ ഒരു ഭവനം ഉണ്ടാക്കുകയും ചെയ്യുന്നതാണ്. " [ തിർമിദി : 3429 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 172

### 3- സുബ്ഹ് നമസ്കാര ശേഷം ഇരിക്കുന്ന രൂപത്തിൽ മാറ്റം വരുത്താതെയും ഭൗതികമായ കാര്യങ്ങൾ സംസാരിക്കുന്നതിനും മുമ്പായി പത്ത് പ്രാവശ്യം ഇപ്രകാരം പ്രാർത്ഥിക്കൽ

### لا إله إلا الله وحده لا شريك له له الملك وله الحمد يحيي ويميت وهو على كلِّ شيءٍ قديرٌ

മഹത്വം : സ്വർഗത്തിലെ പത്ത് പദവികൾ ഉയർത്തുകയും പത്ത് നന്മകൾ രേഖപ്പെടുത്തുകയും ചെയ്യുന്നു.

തെളിവ് : അബൂ ദർറ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും സുബ്ഹ് നമസ്കാര ശേഷം ഇരിക്കുന്ന രൂപത്തിൽ മാറ്റം വരുത്താതെയും ഭൗതികമായ കാര്യങ്ങൾ സംസാരിക്കുന്നതിനും മുമ്പായി - ' അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് സർവ്വ സ്തുതിയും പരമാധികാരവും. ജീവൻ നൽകുന്നതും മരിപ്പിക്കുന്നതും അവനാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനാണ്. ' എന്ന് പത്ത് പ്രാവശ്യം ചൊല്ലിയാൽ അവന് പത്ത് നന്മകൾ രേഖപ്പെടുത്തുകയും പത്ത് തിന്മകൾ മായ്ക്കപ്പെടുകയും ( സ്വർഗത്തിലെ ) പത്ത് പദവികൾ ഉയർത്തപ്പെടുന്നതുമാണ്. " [ നസാഈ : സുനനുൽ കുബ്റാ : 9878 , തിർമിദി : 3474 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 173

# 4- വീട്ടിൽ നിന്ന് വുദ്വൂഅ് ചെയ്ത് ഫർദ് നമസ്കാരം ജമാഅത്തായി നിർവ്വഹിക്കുന്നതിന് ധാരാളം കാലടികൾ വെച്ച് പള്ളിയിലേക്ക് പോകൽ

മഹത്വം : സ്വർഗത്തിലെ പദവികൾ ഉയർത്തുന്നതും അവിടെ ഒരു ഭവനം ലഭിക്കുന്നതും ഹജ്ജിന്റെ പ്രതിഫലം ലഭിക്കുന്നതുമായ സൽകർമ്മം.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : " നിങ്ങളുടെ പാപങ്ങൾ മായ്ക്കപ്പെടുകയും പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്ന ഒരു കാര്യം നിങ്ങൾക്ക് ഞാൻ അറിയിച്ച് തരട്ടെയോ എന്ന് റസൂൽ ﷺ ചോദിച്ചപ്പോൾ സ്വഹാബികൾ 'അതെ' എന്ന് പറയുകയുണ്ടായി. അപ്പോൾ അവിടുന്ന് പറഞ്ഞു : പ്രയാസ ഘട്ടങ്ങളിൽ വുദൂഅ് പൂർണമായി നിർവ്വഹിക്കലും പള്ളികളിലേക്ക് ധാരാളം കാലടികൾ വെക്കലുമാണവ. " [ മുസ്‌ലിം : 251 ]

- അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും അല്ലാഹുവോടുള്ള നിർബന്ധ ബാധ്യതയായ നമസ്കാരത്തിനായി തന്റെ വീട്ടിൽ നിന്നും വുദൂഅ് ചെയ്ത് അല്ലാഹുവിന്റെ ഭവനങ്ങളിൽ പെട്ട ഏതെങ്കിലുമൊരു പള്ളിയിലേക്ക് പുറപ്പെടുകയാണെങ്കിൽ അവൻ വെക്കുന്ന ഓരോ കാലടികൾക്കനുസരിച്ചും അവന്റെ ഒരു പാപം കൊഴിഞ്ഞ് പോവുകയും ഒരു പദവി ഉയർത്തപ്പെടുകയും ചെയ്യുന്നതാണ്. " [ മുസ്‌ലിം : 666 ]

- അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " പള്ളിയിൽ വെച്ചുള്ള ജമാഅത്ത് നമസ്കാരത്തിന് സ്വന്തം വീട്ടിലോ അങ്ങാടിയിലോ വെച്ച് നമസ്കരിക്കുന്നതിനെക്കാൾ ഇരുപതിൽ പരം ഇരട്ടി പ്രതിഫലമുണ്ട്. കാരണം, നിങ്ങളിലൊരാൾ നന്നായി വുദ്വൂഅ് ചെയ്യുകയും പിന്നീട് നമസ്കാരം ഉദ്ദേശിച്ച് മാത്രം പള്ളിയിലേക്ക് വരികയുമാണെങ്കിൽ അവൻ വെക്കുന്ന ഓരോ കാലടികൾക്കും അവന്റെ ഒരു പദവി ഉയർത്തപ്പെടുന്നതാണ്. " [ ബുഖാരി : 2119 , മുസ്ലിം : 666 ]
- അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " രാവിലെയോ വൈകുന്നേരമോ പള്ളിയിലേക്ക് ഒരാൾ പുറപ്പെട്ടാൽ ആ സമയത്തെല്ലാം ആ വ്യക്തിക്ക് വേണ്ടി അല്ലാഹു സ്വർഗത്തിൽ സൽക്കാരം ഒരുക്കുന്നതാണ്. " [ ബുഖാരി : 662 , മുസ്ലിം : 669 ]
- അബൂ ഉമാമ: -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും ശുദ്ധിയുള്ളവനായി നിർബന്ധ നമസ്കാരത്തിന് വേണ്ടി കാൽനടയായി പോവുകയാണെങ്കിൽ ഹജ്ജ് നിർവ്വഹിച്ചവന് ലഭിക്കുന്നത് പോലുള്ള പ്രതിഫലം അവന് ലഭിക്കുന്നതായിരിക്കും. " [ അഹ്മദ് : 22735 , അബൂ ദാവൂദ് : 558 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 174

### 5- ഒരു നമസ്കാരത്തിന് ശേഷം അടുത്തതിനായി അവിടെ തന്നെ കാത്തിരിക്കൽ

മഹത്വം : സ്വർഗ പദവികൾ ഉയർത്തപ്പെടുന്നതും നമസ്കാരത്തിന്റെ പ്രതിഫലം രേഖപ്പെടുത്തുന്നതുമാണ്.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : " നിങ്ങളുടെ പാപങ്ങൾ മായ്ക്കപ്പെടുകയും പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്ന ഒരു കാര്യം നിങ്ങൾക്ക് ഞാൻ അറിയിച്ച് തരട്ടെയോ എന്ന് റസൂൽ ﷺ ചോദിച്ചപ്പോൾ സ്വഹാബികൾ 'അതെ' എന്ന് പറയുകയുണ്ടായി. അപ്പോൾ അവിടുന്ന് പറഞ്ഞു : പ്രയാസ ഘട്ടങ്ങളിൽ പൂർണ്ണമായി വുദൂഅ് ചെയ്യലും പള്ളികളിലേക്ക് ധാരാളം കാലടികൾ വെക്കലും ഒരു നമസ്കാരത്തിന് ശേഷം അടുത്തതിനായി അവിടെ തന്നെ കാത്തിരിക്കലുമാണവ. അത് തന്നെയാകുന്നു രിബാത്വ്, അത് തന്നെയാകുന്നു രിബാത്വ് " [ മുസ്ലിം : 251 ] ( അതായത്, അല്ലാഹുവിന്റെ മാർഗത്തിൽ അതിർത്തികളിൽ കാവൽ നിൽക്കുന്നവരുടെ പദവിയിലായിരിക്കും ഇവർ. )

- അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ( ഒരു നമസ്കാരം കഴിഞ്ഞ് അടുത്തതിനായി അവിടെ തന്നെ ) പ്രതീക്ഷിച്ച് ഇരിക്കുന്ന സമയമത്രെയും അവൻ നമസ്കാരത്തിലായിരിക്കും. " [ ബുഖാരി : 659, മുസ്ലിം : 649 ]

നിർവഹിച്ചു

## സൽകർമം 175

### 6- പ്രയാസ ഘട്ടങ്ങളിൽ വുദ്വൂഅ് പൂർണ്ണമായും നിർവ്വഹിക്കൽ.

മഹത്വം : സ്വർഗ പദവികൾ ഉയർത്തപ്പെടും.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : " നിങ്ങളുടെ പാപങ്ങൾ മായ്ക്കപ്പെടുകയും പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്ന ഒരു കാര്യം നിങ്ങൾക്ക് ഞാൻ അറിയിച്ച് തരട്ടെയോ എന്ന് റസൂൽ ﷺ ചോദിച്ചപ്പോൾ സ്വഹാബികൾ 'അതെ' എന്ന് പറയുകയുണ്ടായി. അപ്പോൾ അവിടുന്ന് പറഞ്ഞു : പ്രയാസ ഘട്ടങ്ങളിൽ വുദൂഅ് പൂർണമായി നിർവ്വഹിക്കലാകുന്നു അത്. " [ മുസ്‌ലിം : 251 ]

## സൽകർമം 176

നിർവഹിച്ചു

### 7- അല്ലാഹുവിനായി സുജൂദ് വർധിപ്പിക്കൽ

മഹത്വം : സ്വർഗ പദവികൾ ഉയർത്തപ്പെടുകയും അവിടെ റസൂൽ ﷺ യുടെ കൂടെ കഴിയാനും ഭാഗ്യം ലഭിക്കുന്നു.

തെളിവ് : ഥൗബാൻ -رضي الله عنه- പറഞ്ഞു : അല്ലാഹുവിന്റെ ദൂതരേ, എനിക്ക് സ്വർഗപ്രവേശനത്തിനുതകുന്ന ഒരു ആരാധന അറിയിച്ച് തന്നാലും; അവിടുന്ന് പറഞ്ഞു : താങ്കൾ അല്ലാഹുവിനായി സുജൂദുകൾ വർധിപ്പിച്ച് കൊള്ളുക; നിശ്ചയം അല്ലാഹുവിനായി താങ്കൾ ഒരു സുജൂദ് നിർവ്വഹിച്ചാൽ അവൻ താങ്കളുടെ ഒരു പദവി ഉയർത്തുന്നതാണ്. " [ മുസ്‌ലിം : 488 ]

- റബീഅ: ബിൻ കഅ്ബ് അൽ അസ്‌ലമി -رضي الله عنه- പറഞ്ഞു : " ഞാനൊരിക്കൽ റസൂൽ ﷺ യുടെ കൂടെ രാപ്പാർക്കുകയുണ്ടായി; അങ്ങനെ അദ്ദേഹത്തിന് വുദ്വൂഅ് ചെയ്യാനും മറ്റും ആവശ്യമായ വെള്ളവുമായി ഞാൻ അടുത്ത് ചെന്നപ്പോൾ അവിടുന്ന് പറഞ്ഞു : താങ്കളുടെ ആവശ്യങ്ങൾ ചോദിച്ചു കൊള്ളുക. സ്വർഗത്തിൽ താങ്കളുടെ കൂടെ കഴിയാനാണ് ഞാൻ ചോദിക്കുന്നത്. ഇത് കേട്ട റസൂൽ ﷺ ചോദിച്ചു ഇതല്ലാത്ത മറ്റു വല്ലതുമുണ്ടോ.? ഞാൻ പറഞ്ഞു : അത് മാത്രമാണുള്ളത്. അപ്പോൾ അവിടുന്ന് പറഞ്ഞു :

അല്ലാഹുവിന് ധാരാളം സുജൂദുകൾ നിർവ്വഹിച്ച് കൊണ്ട് ( ആ പദവി സാക്ഷാത്കരിക്കാൻ ) താങ്കൾ എന്നെ സഹായിച്ച് കൊള്ളുക. "
[ മുസ്‌ലിം : 489 ]

നിർവഹിച്ചു

## സൽകർമം 177

## 8- മാതാപിതാക്കളുടെ മരണ ശേഷം അവർക്ക് വേണ്ടി മക്കൾ പാപമോചനം തേടൽ

മഹത്വം : സ്വർഗ പദവികൾ ഉയർത്തപ്പെടും.

തെളിവ്: അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നിശ്ചയം സ്വാലിഹായ ഒരടിമയുടെ സ്വർഗത്തിലെ പദവി അല്ലാഹു ഉയർത്തി നൽകുമ്പോൾ അവൻ ചോദിക്കും : എന്റെ റബ്ബേ, എങ്ങനെയാണ് എനിക്ക് ഈ പദവി ലഭിച്ചത്..? അല്ലാഹു പറയും : നിനക്ക് വേണ്ടി നിന്റെ സന്താനങ്ങൾ പാപമോചനം തേടിയത് കാരണം. " [ അഹ്മദ് : 10760 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് ഇബ്നു കഥീർ , ശൌകാനി തുടങ്ങിയവർ വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 178-181

### 9-12- ശകുനം നോക്കാതിരിക്കുകയും മന്ത്രിക്കാൻ ആവശ്യപ്പെടാതിരിക്കുകയും ചൂട് വെച്ചുള്ള ചികിത്സ നടത്താതിരിക്കുകയും ചെയ്യുന്നതോടൊപ്പം അല്ലാഹുവിൽ മാത്രം ഭരമേൽപ്പിക്കൽ

മഹത്വം : വിചാരണ കൂടാതെ സ്വർഗത്തിൽ പ്രവേശിക്കാം. തെളിവ് : ഇബ്നു അബ്ബാസ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ( പരലോകത്ത് ഒരോ സമുദായങ്ങളുടെയും അവസ്ഥ എന്തായിരിക്കുമെന്ന് ) എനിക്ക് പ്രദർശിപ്പിക്കപ്പെട്ടു. അപ്പോഴതാ ചക്രവാളം മുട്ടും കണക്കെ ഒരു ജനാവലി ഞാൻ കാണുകയുണ്ടായി. തദവസരം എന്നോട് പറയപ്പെട്ടു : ഇത് താങ്കളുടെ സമുദായമാകുന്നു; വിചാരണ കൂടാതെ സ്വർഗത്തിൽ പ്രവേശിക്കുന്ന എഴുപതിനായിരം പേർ അവരുടെ കൂടെയുണ്ട്. പിന്നീട് നബി ﷺപറഞ്ഞു : അവർ ശകുനം നോക്കാത്തവരും മന്ത്രിക്കാൻ ആവശ്യപ്പെടാത്തവരും ചൂട് വെച്ചുള്ള ചികിത്സ നടത്താത്തവരും തങ്ങളുടെ റബ്ബിൽ മാത്രം ഭരമേൽപ്പിക്കുകയും ചെയ്യുന്നവരാകുന്നു. " [ ബുഖാരി : 5752 ]

നിർവഹിച്ചു

## സൽകർമം 182

### 13- മുഹമ്മദ് നബി ﷺ യെ സ്നേഹിക്കൽ

മഹത്വം : സ്വർഗത്തിൽ റസൂൽ ﷺയുടെ കൂടെ കഴിയാം.

തെളിവ് : അനസ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " താങ്കൾ ആരെയാണോ സ്നേഹിച്ചത് അവരുടെ കൂടെയായിരിക്കും. " [ ബുഖാരി : 3688 ]

നിർവഹിച്ചു

## സൽകർമം 183

### 14- ഒരു വ്യക്തി അയാളുടെ പെൺ മക്കൾക്കോ സഹോദരിമാർക്കോ അവർ അദ്ദേഹവുമായി വേർപിരിയുന്നത് വരെയോ അല്ലെങ്കിൽ ആ വ്യക്തി അവരെ ബാക്കിയാക്കി യാത്രയകുന്നത് വരെയോ അവരെ പരിചരിക്കുകയും അവരുടെ ചിലവുകൾ വഹിക്കുകയും ചെയ്യൽ.

മഹത്വം : സ്വർഗത്തിൽ റസൂൽ ﷺ യുടെ കൂടെ കഴിയാം.

തെളിവ് : അനസ് ബിൻ മാലിക് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും രണ്ടോ മൂന്നോ പെൺ മക്കളെയോ സഹോദരിമാരെയോ അവരുടെ ( വിവാഹം കഴിയുന്നത് വരെയോ അല്ലെങ്കിൽ മരണപ്പെടുന്നത് വരെയോ ) അല്ലെങ്കിൽ ആ വ്യക്തി അവരെ ബാക്കിയാക്കി യാത്രയകുന്നത് വരെയോ അവരെ പരിചരിക്കുകയും അവരുടെ ചിലവുകൾ വഹിക്കുകയുമാണെങ്കിൽ സ്വർഗത്തിൽ ഞാനുമവനും ഇപ്രകാരമായിരിക്കും. ( ഇത് പറയവെ ) അവിടുത്തെ ചൂണ്ടു വിരലും നടുവിരലും അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു. " [ ഇബ്നു ഹിബ്ബാൻ : 447 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 184

### 15- അനാഥയുടെ സംരക്ഷണമേറ്റെടുക്കൽ

മഹത്വം : സ്വർഗത്തിൽ റസൂൽ ﷺ യുടെ കൂടെ കഴിയാം.

തെളിവ് : സഹ്ൽ ബിൻ സഅദ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ഞാനും അനാഥയെ സംരക്ഷിക്കുന്നവനും സ്വർഗത്തിൽ ഇപ്രകാരമായിരിക്കും. " ( ഹദീസിന്റെ റിപ്പോർട്ടർമാരിൽ ഒരാൾ ) തന്റെ ചൂണ്ടുവിരലും നടുവിരലും ഉയർത്തിക്കാട്ടുകയും എന്നിട്ട് അവ ചെറുതായി വിടർത്തുകയും ചെയ്തു. [ ബുഖാരി : 5304 ]

നിർവഹിച്ചു

## സൽകർമം 185

### 16- നന്നായി വുദ്വൂഅ് ചെയ്തതിന് ശേഷം ഹൃദയവും മുഖവുമായി അല്ലാഹുവിലേക്ക് മുന്നിട്ട് രണ്ട് റക്അത്ത് നമസ്കരിക്കൽ

മഹത്വം : സ്വർഗ പ്രവേശനം നിർബന്ധമാക്കുന്ന ഇബാദത്ത്.

തെളിവ് : ഉക്ബ: ബിൻ ആമിർ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " മുസ്‌ലിമായ ഒരു വ്യക്തി നന്നായി വുദ്വൂഅ് ചെയ്യുകയും പിന്നീട് തന്റെ ഹൃദയവും മുഖവും അല്ലാഹുവിലേക്ക് അഭിമുഖമാക്കി നിന്ന് രണ്ട് റക്അത്ത് നമസ്കരിക്കുകയാണെങ്കിൽ അവന് സ്വർഗം നിർബന്ധമായി. " [ മുസ്‌ലിം : 234 ]

- അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : സുബ്ഹ് നമസ്കാര സമയത്ത് നബി ﷺ ബിലാൽ -رضي الله عنه- വിനോട് ചോദിച്ചു : ബിലാൽ, താങ്കൾ ഇസ്ലാമിലേക്ക് കടന്നുവന്നതിന് ശേഷം കൂടുതൽ പ്രതിഫലമാഗ്രഹിക്കുന്ന പ്രവർത്തനമേതാണെന്ന് എന്നെ അറിയിച്ചാലും. കാരണം, സ്വർഗത്തിൽ എന്റെ മുൻ വശത്തായി താങ്കളുടെ ചെരുപ്പടി ശബ്ദം ഞാൻ കേട്ടിരുന്നു. അദ്ദേഹം പറഞ്ഞു : രാത്രിയോ പകലോ ഏതവസരത്തിലും ഞാൻ വുദൂഅ് ചെയ്താൽ എനിക്ക് നിശ്ചയിക്കപ്പെട്ടത്ര ഞാൻ നമസ്കരിക്കുമായിരുന്നു. കൂടുതൽ പ്രതിഫലമാഗ്രഹിക്കാവുന്ന ഇതല്ലാത്ത മറ്റൊന്നും ഞാൻ ചെയ്തിട്ടില്ല. " [ ബുഖാരി : 1149 , മുസ്ലിം : 2458 ]

നിർവഹിച്ചു

## സൽകർമം 186

## 17- അൽപ്പ നേരമാണെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യൽ

മഹത്വം : സ്വർഗ പ്രവേശനം നിർബന്ധമാക്കുന്ന ഇബാദത്ത്.

തെളിവ് : അല്ലാഹു പറഞ്ഞു : [ " തീർച്ചയായും സത്യവിശ്വാസികളുടെ പക്കൽനിന്ന് അവർക്ക് സ്വർഗമുണ്ടായിരിക്കുക എന്നതിനു പകരമായി അവരുടെ ദേഹങ്ങളും ധനവും അല്ലാഹു വാങ്ങിയിരിക്കുന്നു. അവർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുകയും അങ്ങനെ അവർ കൊല്ലുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. ( അങ്ങനെ അവർ സ്വർഗാവകാശികളാകുന്നു.) തൗറാത്തിലും ഇൻജീലിലും ഖുർആനിലും തന്റെ മേൽ ബാധ്യതയായി അല്ലാഹു പ്രഖ്യാപിച്ച സത്യവാഗ്ദാനമത്രെ അത്. " ] ( സൂറ: അത്തൗബ: : 111)

- മുആദ് ബിൻ ജബൽ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അകിടിൽ നിന്നും രണ്ട് തവണ പാൽ ചുരത്തുന്നതിനിടയിലുള്ള സമയമത്രയും അല്ലാഹുവിന്റെ മാർഗത്തിൽ ആരെങ്കിലും പോരാടുന്നുവെങ്കിൽ അവന് സ്വർഗം നിർബന്ധമായിരിക്കുന്നു. " [ അബൂ ദാവൂദ് : 2541 , നസാഈ : സുനനുൽ കുബ്റാ : 4334 , തിർമിദി : 1657, ഇബ്നുമാജ: : 2792 ] ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.
- അബ്ദുല്ല ബിൻ അബീ ഔഫാ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നിശ്ചയം വാളുകൾക്ക് താഴെയാണ് സ്വർഗമെന്ന് നിങ്ങൾ അറിഞ്ഞ് കൊള്ളുക. " [ ബുഖാരി : 2818 ]

നിർവഹിച്ചു

## സൽകർമം 187

## 18- നാവും ഗുഹ്യാവയവും തെറ്റുകളിൽ നിന്നും സൂക്ഷിക്കൽ

മഹത്വം : സ്വർഗ പ്രവേശനം നിർബന്ധമാക്കുന്ന ഇബാദത്ത്.

തെളിവ് : സഹ്ൽ ബിൻ സഅ്ദ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " രണ്ട് താടിയെല്ലുകൾക്കിടയിലുള്ളതും കാലുകൾക്കിടയിലുള്ളതും ( സൂക്ഷിക്കാമെന്ന് ) എനിക്ക് ഉറപ്പു നൽക്കുന്നവർക്ക് സ്വർഗം ഞാനും ഉറപ്പ് നൽകാം. " [ ബുഖാരി : 6474]

നിർവഹിച്ചു

## സൽകർമം 188

### 19- പ്രഭാതത്തിൽ ഇപ്രകാരം ചൊല്ലൽ
### رضيت بالله ربا وبالإسلام دينا وبمحمد ﷺ نبيا

മഹത്വം : സ്വർഗ പ്രവേശനം നിർബന്ധമാക്കുന്ന ഇബാദത്ത്.

തെളിവ് : മുൻദിർ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു : " ആരെങ്കിലും നേരം പുലർന്നാൽ ' അല്ലാഹുവെ റബ്ബായും ഇസ്ലാമിനെ മതമായും മുഹമ്മദ് ﷺയെ നബിയായും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു. ' എന്ന് പറഞ്ഞാൽ അയാളെ ഞാൻ കൈപിടിച്ച് സ്വർഗത്തിലേക്ക് പ്രവേശിപ്പിക്കുക തന്നെ ചെയ്യുമെന്ന് ഞാൻ ജാമ്യം നിൽക്കുന്നു. " [ ത്വബ്റാനി : മുഅ്ജമുൽ കബീർ : 838 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 189

### 20- മുസ്ലികളുടെ ജമാഅത്തിനെ മുറുകെ പിടിക്കൽ

മഹത്വം : സ്വർഗത്തിലെ മധ്യഭാഗം ലഭിക്കുന്നു.

തെളിവ് : ജാബിർ ബിൻ സമുറ: -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നിങ്ങളിലാർക്കെങ്കിലും സ്വർഗത്തിലെ മധ്യഭാഗം ലഭിക്കണമെന്ന് ഇഷ്ടപ്പെടുന്നുണ്ടെങ്കിൽ അവൻ മുസ്ലിംകളുടെ ജമാഅത്തിനെ മുറുകെ പിടിച്ചു കൊള്ളട്ടെ. നിശ്ചയം തനിച്ച് നടക്കുന്നവരുടെ കൂടെയാണ് പിശാച് ഉണ്ടാവുക. രണ്ട് ആളുകളിൽ നിന്ന് അവൻ അകലെയായിരിക്കും. " [ അഹ്മദ് : 179 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അർനഊഥ് വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 190

**21- രോഗിയെയോ അല്ലാഹുവിന്റെ മാർഗത്തിൽ മുസ്‌ലിമായ തന്റെ സഹോദരനെയോ സന്ദർശിക്കൽ**

മഹത്വം : സ്വർഗ പ്രവേശനവും അവിടെ ഒരു ഭവനവും പൂന്തോട്ടവും അതിലെ കായ്കനികൾ ലഭിക്കുകയും ചെയ്യുന്നു.

തെളിവ് : അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " മുസ്‌ലിമായ ഒരു വ്യക്തി രോഗിയെയോ തന്റെ സഹോദരനെയോ സന്ദർശിക്കുകയാണെങ്കിൽ അല്ലാഹു പറയും : നിന്റെ ഇഹ-പര ജീവിതം നന്നാകട്ടെ, നിന്റെ കാൽപ്പാടുകൾ അനുഗ്രഹിക്കപ്പെടട്ടെ, നിനക്ക് സ്വർഗത്തിൽ ഒരു ഭവനം ഉണ്ടാകട്ടെ. "
[ ഇബ്നു ഹിബ്ബാൻ : 2961 ]

- അലി -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു : " മുസ്‌ലിമായ ഒരു വ്യക്തി തന്റെ സഹോദരനെ രാവിലെ സന്ദർശിക്കുകയാണെങ്കിൽ വൈകുന്നേരമാകുന്നത് വരെ എഴുപതിനായിരം മലക്കുകൾ അവന് വേണ്ടി പാപമോചനത്തിനായി പ്രാർത്ഥിക്കുന്നതാണ്. ഇനി വൈകുന്നേരമാണ് സന്ദർശിക്കുന്നതെങ്കിൽ രാവിലെ വരെ എഴുപതിനായിരം മലക്കുകൾ അവന് വേണ്ടി പാപമോചനത്തിന് പ്രാർത്ഥിക്കുന്നതാണ്. സ്വർഗത്തിൽ അവനൊരു പൂന്തോട്ടവുമുണ്ടാകും. " [ തിർമിദി : 969 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.
- ഥൗബാൻ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " മുസ്‌ലിമായ ഒരു വ്യക്തി രോഗിയെ സന്ദർശിക്കുന്നുവെങ്കിൽ അവൻ തിരിച്ചു വരുന്നതുവരെയും സ്വർഗത്തിലെ ഒരു ' ഖുർഫതി 'ലായിരിക്കും. സ്വർഗത്തിലെ ' ഖുർഫത് ' എന്നാൽ എന്താണെന്ന് റസൂലിനോട് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു : അവിടെ നിന്നും പറിച്ചെടുക്കുന്ന കായ്കനികളത്രെ അത്. " [ മുസ്‌ലിം : 2568 ]

- അനസ് -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " അല്ലാഹുവിന്റെ പ്രീതി മാത്രം ഉദ്ദേശിച്ച് കുറച്ച് അകലെയുള്ള തന്റെ സഹോദരനെ സന്ദർശിക്കുന്ന വ്യക്തി സ്വർഗത്തിലായിരിക്കും. " [ ത്വബ്റാനി : ഔസ്വത് : 1743 , സ്വഗീർ : 118 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

**സൽകർമം 191**

## 22- അല്ലാഹുവിന്റെ മാർഗത്തിൽ പരസ്പരം സ്നേഹിക്കൽ

മഹത്വം : സ്വർഗ പ്രവേശനവും അവിടെ ഒരു ഭവനം ലഭിക്കുകയും ചെയ്യും , ക്വിയാമത്ത് നാളിൽ അർശിന്റെ തണൽ ലഭിക്കുന്നതാണ്. തെളിവ് : അബൂ സഈദ് അൽ ഖുദ്രി -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നിശ്ചയം കിഴക്കോ പടിഞ്ഞാറോ ഉദിച്ച വെള്ളി നക്ഷത്രം തിളങ്ങുന്നത് പോലെ അല്ലാഹുവിന്റെ മാർഗത്തിൽ പരസ്പ്പരം സ്നേഹിച്ചവരുടെ സ്വർഗത്തിലെ മുറികൾ തിളങ്ങുന്നതായി കാണപ്പെടുമ്പോൾ ചിലർ ചോദിക്കും : ആരുടേതാണിത്..? അല്ലാഹുവിന്റെ മാർഗത്തിൽ പരസ്പ്പരം സ്നേഹിച്ചവരുടേതാണെന്ന് അവരോട് പറയപ്പെടും. " [ അഹ്മദ് : 12009 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂഥി വിധി നൽകിയിട്ടുണ്ട്.

- അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നിങ്ങൾ സത്യവിശ്വാസികളാകാതെ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. നിങ്ങൾ പരസ്പ്പരം സ്നേഹിക്കുന്നത് വരെ നിങ്ങളുടെ വിശ്വാസം പൂർണ്ണമാവുകയില്ല. ഞാനൊരു കാര്യം നിങ്ങൾക്ക് അറിയിച്ച് തരട്ടെയോ; അത് നടപ്പിലാക്കിയാൽ നിങ്ങൾ പരസ്പ്പരം സ്നേഹിക്കുന്നവരാകും. സാലാം പറയുന്നത് നിങ്ങൾക്കിടയിൽ വ്യാപിപ്പിക്കലത്രെ അത്. " [ മുസ്ലിം : 54 ]

- അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " അല്ലാഹുവിന്റേതല്ലാത്ത മറ്റൊരു തണലുമില്ലാത്ത ദിവസം ഏഴ് വിഭാഗം ആളുകൾക്ക് അവൻ തന്റെ അർശിന്റെ തണലിട്ടു നൽകുന്നതാണ്. " അതിൽ പെട്ടവരാണ് : " അല്ലാഹുവിന്റെ പ്രീതിക്കായി പരസ്പ്പരം സ്നേഹിക്കുകയും ഒരുമിച്ച് കൂടുകയും അവന്റെ പേരിൽ തന്നെ വേർപിരിയുകയും ചെയ്യുന്നവർ.." [ ബുഖാരി : 660 , മുസ്‌ലിം : 1031 ]
- അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : കിയാമത്ത് നാളിൽ അല്ലാഹു പറയും : " എന്റെ മഹത്വം കാരണം പരസ്പരം സ്നേഹിച്ചവർ എവിടെ.? എന്റെ തണലല്ലാത്ത വേറൊരു തണലുമില്ലാത്ത ഈ ദിവസം അവർക്ക് ഞാൻ എന്റെ അർശിന്റെ തണലിട്ടു കൊടുക്കുന്നതാണ്. "
- [ മുസ്‌ലിം : 2566 ]

നിർവഹിച്ചു

## സൽകർമം 192

### 23- സൽസ്വഭാവം

മഹത്വം : സ്വർഗ പ്രവേശനവും അവിടെ മുകൾ ഭാഗത്ത് ഒരു ഭവനം ലഭിക്കുകയും ചെയ്യും , പരലോകത്തെ ത്രാസിൽ ഏറ്റവും കനം തൂങ്ങുന്ന പ്രവർത്തനമായിരിക്കും.

തെളിവ് : അബൂഹുറൈറ -رضي الله عنه- നിന്ന് നിവേദനം : " ജനങ്ങളെ ധാരാളമായി സ്വർഗത്തിലേക്ക് പ്രവേശിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് റസൂൽ ﷺയോട് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞത്: അല്ലാഹുവെ ഭക്തി പുരസരം സൂക്ഷിച്ച് ജീവിക്കലും സൽ സ്വഭാവവുമാകുന്നു അവ എന്നായിരുന്നു. " [ തിർമിദി : 2004 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് തിർമിദി വിധി നൽകിയിട്ടുണ്ട്.

- അബുദ്ദർദാഅ് -رضي الله عنه- നിന്ന് നിവേദനം : നബി ﷺപറഞ്ഞു : " പരലോകത്ത് ഒരു സത്യവിശ്വാസിയുടെ തുലാസിൽ സൽ സ്വഭാവത്തെക്കാൾ ഭാരമുള്ള മറ്റൊന്നുമില്ല. " [ തിർമിദി : 2002 അബൂ ദാവൂദ് : 4799 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.
- അബൂ ഉമാമ: -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " പെരുമാറ്റം നന്നാക്കുന്നവർക്ക് സ്വർഗത്തിലെ മുകൾ ഭാഗത്ത് ഒരു ഭവനം ലഭിക്കുമെന്ന് ഞാൻ ജാമ്യം നിൽക്കുന്നു. " [ അബൂ ദാവൂദ് : 4800] ഈ ഹദീസ് സ്വീകാര്യമാണെന്ന് നവവിയും ഇബ്നുൽ ഖയ്യിമും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 193

### 24- വിപത്തുകൾ ബാധിക്കുമ്പോൾ അല്ലാഹുവെ സ്തുതിക്കുകയും ഇപ്രകാരം പറയുകയും ചെയ്യൽ

إنا لله وإنا إليه راجعون ، اللهم أجرني في مصيبتي ، وأخلف لي خيرا منها

മഹത്വം : സ്വർഗത്തിൽ ഒരു ഭവനവും വമ്പിച്ച പ്രതിഫലവും ലഭിക്കും.

തെളിവ് : അബൂ മൂസ അൽ അശ്അരി -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " സത്യ വിശ്വാസിയായ ഒരടിമയുടെ സന്താനം മരണപ്പെടുമ്പോൾ അല്ലാഹു മലക്കുകളോട് ചോദിക്കും : മുഅ്മിനായ എന്റെ അടിമയുടെ സന്താനത്തെ നിങ്ങൾ പിടികൂടിയോ.?! അവർ ' അതെ ' എന്ന് പ്രതികരിച്ചപ്പോൾ അല്ലാഹു വീണ്ടും ചോദിക്കും : അദ്ദേഹത്തിന്റെ കരളിന്റെ കഷ്ണത്തെ നിങ്ങൾ പിടികൂടിയോ.?! അവർ വീണ്ടും ' അതെ ' എന്ന് പറഞ്ഞപ്പോൾ മുഅ്മിനായ എന്റെ ദാസൻ അപ്പോൾ എന്താണ് പറഞ്ഞതെന്ന് അല്ലാഹു ചോദിക്കുമ്പോൾ മലക്കുകൾ പറയും : അവർ നിന്നെ സ്തുതിക്കുകയും ( മുകളിൽ നൽകിയ പ്രകാരം പ്രാർത്ഥിക്കുകയും ചെയ്തു. ) അപ്പോൾ അല്ലാഹു പറയും : മുഅ്മിനായ എന്റെ അടിമയ്ക്ക് നിങ്ങൾ സ്വർഗത്തിൽ ഒരു ഭവനം പണിയുവീൻ. അതിന് ' ബൈതുൽ ഹംദ് ' എന്ന് നാമകരണം ചെയ്യുകയും ചെയ്യുവീൻ. " [ തിർമിദി : 1021 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് തിർമിദി വിധി നൽകിയിട്ടുണ്ട്.

- ഉമ്മു സലമ: -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " അല്ലാഹുവിന്റെ ഏതെങ്കിലുമൊരു അടിമക്ക് ഒരു വിപത്ത് ബാധിക്കുകയും അയാൾ ' ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവനിലേക്ക് തന്നെ മടങ്ങാനുള്ളവരുമാണ്. അല്ലാഹുവേ എന്റെ ഈ വിപത്തിൽ എനിക്ക് നീ പ്രതിഫലം നൽകേണമേ, അതിന് പകരം അതിലും ഉത്തമമായത് എനിക്ക് നീ നൽകേണമേ. ' ഇങ്ങനെ ചൊല്ലുകയും ചെയ്താൽ അല്ലാഹു അയാൾക്ക് അതിൽ പ്രതിഫലം നൽകുകയും അതിനെക്കാൾ ഉത്തമമായത് പകരം നൽകുകയും ചെയ്യുന്നതാണ്. " [ മുസ്‌ലിം : 918 ]

നിർവഹിച്ചു

## സൽകർമം 194

### 25- തമാശയ്ക്കാണെങ്കിലും കളവ് ഉപേക്ഷിക്കൽ.

മഹത്വം : സ്വർഗത്തിലെ മധ്യഭാഗത്ത് ഒരു ഭവനം ലഭിക്കും.

തെളിവ് : അബൂ ഉമാമ: - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " തമാശയ്ക്കാണെങ്കിലും കളവുപേക്ഷിക്കുന്നവർക്ക് സ്വർഗത്തിലെ മധ്യഭാഗത്ത് ഒരു ഭവനം ലഭിക്കുമെന്ന് ഞാൻ ജാമ്യം നിൽക്കുന്നു. " [ അബൂ ദാവൂദ് : 4800 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് നവവിയും ഇബ്നുൽ ഖയ്യിമും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 195

### 26- നിർബന്ധ നമസ്കാരങ്ങൾക്ക് പുറമെ ദിവസവും പന്ത്രണ്ട് റക്അത്ത് നമസ്കരിക്കൽ.

മഹത്വം : സ്വർഗത്തിൽ ഒരു ഭവനം ലഭിക്കും.

തെളിവ് : ഉമ്മു ഹബീബ: - رضي الله عنها- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " എല്ലാ ദിവസവും നിർബന്ധ നമസ്കാരങ്ങൾക്ക് പുറമെ പന്ത്രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിക്കുന്ന ഒരോ മുസ്ലിമിനും അല്ലാഹു സ്വർഗത്തിൽ ഒരു ഭവനമുണ്ടാക്കി നൽകുന്നതാണ് . " [ മുസ്ലിം : 728 ]

നിർവഹിച്ചു

## സൽകർമം 196

### 27- പള്ളി നിർമ്മിക്കൽ

മഹത്വം : സ്വർഗത്തിൽ ഒരു ഭവനം ലഭിക്കും

തെളിവ് : ഉഥ്മാൻ ബിൻ അഫ്ഫാൻ - رضي الله عنه -നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " അല്ലാഹുവിന് വേണ്ടി ആരെങ്കിലും ഒരു പള്ളി പണിയുകയാണെങ്കിൽ അതു പോലുള്ളത് അല്ലാഹു സ്വർഗത്തിൽ അവന് നിർമ്മിച്ച് നൽകുന്നതാണ്. " മറ്റൊരു റിപ്പോർട്ടിൽ കാണാം " അല്ലാഹു സ്വർഗത്തിൽ അവന് ഒരു ഭവനം നിർമ്മിച്ച് നൽകുന്നതാണ്. " [ ബുഖാരി : 450 , മുസ്‌ലിം : 533 ]

- ജാബിർ - رضي الله عنه - നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " അല്ലാഹുവിന് വേണ്ടി ആരെങ്കിലും ഒരു ചെറു പക്ഷി മുട്ടയിടുന്ന സ്ഥലത്തിന്റെ വലിപ്പമോ അല്ലെങ്കിൽ അതിനെക്കാൾ ചെറുതോ ആയ ഒരു പള്ളി പണിയുകയാണെങ്കിൽ അല്ലാഹു സ്വർഗത്തിൽ അവന് ഒരു ഭവനം നിർമ്മിച്ച് നൽകുന്നതാണ്. " [ ഇബ്നു മാജ: : 738 , ഇബ്നു ഖുസൈമ : 1292 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 197

### 28- ന്യായമുണ്ടായിട്ടും കുതർക്കമുപേക്ഷിൽ

മഹത്വം : സ്വർഗത്തിലെ താഴ്ഭാഗത്ത് ഒരു ഭവനം ലഭിക്കും.

തെളിവ് : അബൂ ഉമാമ: - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ന്യായമുണ്ടായിട്ടും കുതർക്കമുപേക്ഷിക്കുന്നവർക്ക് സ്വർഗത്തിലെ താഴ്ഭാഗത്ത് ഒരു ഭവനം ലഭിക്കുമെന്ന് ഞാൻ ജാമ്യം നിൽക്കുന്നു. " [ അബൂ ദാവൂദ് : 4800 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് നവവിയും ഇബ്നുൽ ഖയ്യിമും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 198

### 29- തക്വയിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കൽ

മഹത്വം : സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും അവിടെ ഇണകളെ ലഭിക്കുകയും ചെയ്യും , അല്ലാഹുവിന്റെയടുക്കൽ സത്യത്തിന്റെ ഇരിപ്പിടത്തിൽ ആയിരിക്കും , വിജയവും നല്ല പര്യവസാനവും അവർക്കായിരിക്കും , വമ്പിച്ച പ്രതിഫലം ലഭിക്കും.

തെളിവ് : അല്ലാഹു പറഞ്ഞു : [ " സൂക്ഷ്മത പാലിച്ചവർക്ക് തങ്ങളുടെ റബ്ബിന്റെ അടുക്കൽ താഴ്ഭാഗത്തുകൂടി നദികളൊഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗത്തോപ്പുകളുണ്ട്. അവർ അവിടെ നിത്യവാസികളായിരിക്കും. പരിശുദ്ധരായ ഇണകളും ( അവർക്കുണ്ടായിരിക്കും ) " ] ( സൂറ: ആലു ഇംറാൻ : 15 )

- അല്ലാഹു പറഞ്ഞു : [ " സൂക്ഷ്മത പാലിച്ചവർ തീർച്ചയായും നിർഭയമായ വാസസ്ഥലത്താകുന്നു. തോട്ടങ്ങൾക്കും അരുവികൾക്കുമിടയിൽ. നേർത്ത പട്ടുതുണിയും കട്ടിയുള്ള പട്ടുതുണിയും അവർ ധരിക്കും. അവർ അന്യോന്യം അഭിമുഖമായിട്ടായിരിക്കും ഇരിക്കുന്നത്. അങ്ങനെയാകുന്നു ( അവരുടെ അവസ്ഥ. ) വിശാലമായ നേത്രങ്ങളുള്ള വെളുത്ത സ്ത്രീകളെ അവർക്ക് നാം ഇണകളായി നൽകുകയും ചെയ്യും. " ] ( സൂറ: അദ്ദുഖാൻ : 51 - 54 )
- അല്ലാഹു പറഞ്ഞു : [ " തീർച്ചയായും സൂക്ഷ്മത പാലിച്ചവർക്ക് വിജയമുണ്ട് , അതായത് ( സ്വർഗത്തിലെ ) തോട്ടങ്ങളും മുന്തിരികളും , തുടുത്ത മാർവിടമുള്ള സമപ്രായക്കാരായ തരുണികളും , നിറഞ്ഞ പാന പാത്രങ്ങളും , അവിടെ വെച്ച് അനാവശ്യമായ ഒരു വാക്കോ ഒരു വ്യാജ വാർത്തയോ അവർ കേൾക്കുകയില്ല , ( അത് ) നിന്റെ റബ്ബിൽ നിന്നുള്ള ഒരു പ്രതിഫലവും കണക്കൊത്ത സമ്മാനവുമാകുന്നു. " ] ( സൂറ: അന്നബഅ് : 31- 36 )

- അല്ലാഹു പറഞ്ഞു : [ " നിങ്ങളുടെ റബ്ബിൽ നിന്നുള്ള പാപമോചനവും, ആകാശ - ഭൂമികളോളം വിശാലമായ സ്വർഗ്ഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠ പാലിക്കുന്നവർക്കു വേണ്ടി ഒരുക്കി വെക്കപ്പെട്ടതത്രെ അത്. " ] ( സൂറ: ആലു ഇംറാൻ : 133)
- അല്ലാഹു പറഞ്ഞു : [ " ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിന്റെ അവസ്ഥ ( ഇതത്രെ : ) അതിന്റെ താഴ്ഭാഗത്തു കൂടി നദികൾ ഒഴുകിക്കൊണ്ടിരിക്കും. അതിലെ കനികളും അതിലെ തണലും ശശ്വതമായിരിക്കും അതത്രെ സൂക്ഷമത പാലിച്ചവരുടെ പര്യവസാനം. സത്യനിഷേധികളുടെ പര്യവസാനം നരകമാകുന്നു. " ] ( സൂറ: അർറഅദ് : 35 )
- അല്ലാഹു പറഞ്ഞു : [ " സൂക്ഷ്മത പാലിക്കുന്നവർക്കുള്ള ഭവനം എത്രയോ നല്ലത്! , അതെ, അവർ പ്രവേശിക്കുന്ന സ്ഥിരവാസത്തിനുള്ള സ്വർഗ്ഗത്തോപ്പുകൾ. അവയുടെ താഴ് ഭാഗത്തു കൂടി നദികൾ ഒഴുകിക്കൊണ്ടിരിക്കും. അവർക്ക് അവർ ഉദ്ദേശിക്കുന്നതെന്തും അതിൽ ഉണ്ടായിരിക്കും. അപ്രകാരമാണ് സൂക്ഷമത പാലിക്കുന്നവർക്ക് അല്ലാഹു പ്രതിഫലം നൽകുന്നത്. " ] ( സൂറ: അന്നഹ്ൽ : 30-31 )
- അല്ലാഹു പറഞ്ഞു : [ " തീർച്ചയായും സൂക്ഷമത പാലിക്കുന്നവർ സ്വർഗത്തോപ്പുകളിലും അരുവികളിലുമായിരിക്കും. " ] ( സൂറ: അദ്ദാരിയാത്ത് : 15 )
- അല്ലാഹു പറഞ്ഞു : [ " എന്നാൽ ഏതൊരാൾ ദാനം നൽകുകയും സൂക്ഷ്മത പാലിക്കുകയും ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ അവനു നാം ഏറ്റവും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തിക്കൊടുക്കുന്നതാണ്. " ] ( സൂറ: അല്ലൈൽ : 5- 7 )
- അല്ലാഹു പറഞ്ഞു : [ " ( അന്ന് ) സൂക്ഷമത പാലിക്കുന്നവർക്ക് സ്വർഗം അടുപ്പിക്കപ്പെടുന്നതാണ്. " ] ( സൂറ: അശു അറാഅ് : 90 )
- അല്ലാഹു പറഞ്ഞു : [ " തീർച്ചയായും സൂക്ഷമത പാലിക്കുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അനുഗ്രഹങ്ങളുടെ സ്വർഗ്ഗത്തോപ്പുകളുണ്ട്. " ] ( സൂറ: അൽ ക്വലം : 34 )

- അല്ലാഹു പറഞ്ഞു : [ " ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിന്റെ അവസ്ഥ ( ഇതത്രെ : ) അതിൽ പകർച്ച വരാത്ത വെള്ളത്തിന്റെ നദികളുണ്ട്. രുചി ഭേദം വരാത്ത പാലിന്റെ നദികളും കുടിക്കുന്നവർക്ക് ആസ്വാദ്യമായ മദ്യത്തിന്റെ നദികളും ശുദ്ധീകരിക്കപ്പെട്ട തേനിന്റെ നദികളുമുണ്ട്. അവർക്കതിൽ എല്ലാ തരം കായ്കനികളുമുണ്ട്. " ] ( സൂറ: മുഹമ്മദ് : 15 )
- അല്ലാഹു പറഞ്ഞു : [ " തങ്ങളുടെ റബ്ബിനെ സൂക്ഷിച്ചു ജീവിച്ചവർ സ്വർഗത്തിലേക്ക് കൂട്ടംകൂട്ടമായി നയിക്കപ്പെടും. അങ്ങനെ അതിന്റെ കവാടങ്ങൾ തുറന്നുവെക്കപ്പെട്ട നിലയിൽ അവർ അതിനടുത്ത് വരുമ്പോൾ അവരോട് അതിന്റെ കാവൽക്കാർ പറയും : നിങ്ങൾക്ക് സമാധാനം. നിങ്ങൾ സംശുദ്ധരായിരിക്കുന്നു. അതിനാൽ നിത്യവാസികളെന്ന നിലയിൽ നിങ്ങൾ അതിൽ പ്രവേശിച്ചു കൊള്ളുക. " ] ( സൂറ: അസ്സുമർ : 73 )
- അല്ലാഹു പറഞ്ഞു : [ " തീർച്ചയായും സൂക്ഷ്മത പാലിച്ചവർ ( സ്വർഗത്തിൽ ) തണലുകളിലും അരുവികൾക്കിടയിലുമാകുന്നു , അവർ ഇഷ്ടപ്പെടുന്ന തരത്തിലുള്ള പഴവർഗങ്ങൾക്കിടയിലും , ( അവരോട് പറയപ്പെടും ) നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമായി ആഹ്ലാദത്തോടെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക , തീർച്ചയായും നാം അപ്രകാരമാകുന്നു സദ്വൃത്തർക്ക് പ്രതിഫലം നൽകുന്നത്. " ] ( സൂറ: അൽ മുർസലാത്ത് : 41 - 44 )
- അല്ലാഹു പറഞ്ഞു : [ " തീർച്ചയായും ധർമ്മനിഷ്ഠ പാലിച്ചവർ ഉദ്യാനങ്ങളിലും നദികളിലുമായിരിക്കും , സത്യത്തിന്റെ ഇരിപ്പിടത്തിൽ, ശക്തനായ രാജാവിന്റെ അടുക്കൽ. " ] ( സൂറ: അൽ ക്വമർ : 54 - 55 )
- അല്ലാഹു പറഞ്ഞു : [ " വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ , അവർക്കാണ് ഐഹിക ജീവിതത്തിലും പരലോകത്തും സന്തോഷവാർത്തയുള്ളത്. അല്ലാഹുവിന്റെ വചനങ്ങൾക്ക് യാതൊരു മാറ്റവുമില്ല. അതു ( സന്തോഷ വാർത്ത ) തന്നെയാണ് മഹത്തായ ഭാഗ്യം. " ] ( സൂറ: യൂനുസ് : 63 - 64 )

- അല്ലാഹു പറഞ്ഞു : [ " ഇത് ( ക്വുർആൻ ) നിന്റെ ഭാഷയിൽ നാം ലളിതമാക്കിതന്നിരിക്കുന്നത് ധർമ്മനിഷ്ഠയുള്ളവർക്ക് ഇത് മുഖേന നീ സന്തോഷവാർത്ത നൽകുവാൻ വേണ്ടി മാത്രമാകുന്നു. " ] ( സൂറ: മർയം : 97 )
- അല്ലാഹു പറഞ്ഞു : [ " പര്യവസാനം ധർമ്മനിഷ്ഠ പാലിക്കുന്നവർക്കനുകൂലമായിരിക്കും " ] ( സൂറ: അൽ അഅ്റാഫ് : 128 , സൂറ: അൽ ക്വസസ് : 83 )
- അല്ലാഹു പറഞ്ഞു : [ " അത് കൊണ്ട് നീ ക്ഷമിക്കുക, തീർച്ചയായും പര്യവസാനം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും. " ] ( സൂറ: ഹൂദ് : 49 )
- അല്ലാഹു പറഞ്ഞു : [ " വല്ലവനും അല്ലാഹുവെ സൂക്ഷിക്കുന്ന പക്ഷം അവന്റെ തിന്മകളെ അവൻ മായ്ച്ചുകളയുകയും അവനുള്ള പ്രതിഫലം അവൻ വലുതാക്കിക്കൊടുക്കുകയും ചെയ്യുന്നതാണ്. " ] ( സൂറ: അത്ത്വലാക്വ് : 5 )
- അല്ലാഹു പറഞ്ഞു : [ " നിങ്ങൾ വിശ്വസിക്കുകയും സൂക്ഷമത പാലിക്കുകയും ചെയ്യുന്ന പക്ഷം നിങ്ങൾക്ക് മഹത്തായ പ്രതിഫലമുണ്ട്. " ] ( സൂറ: ആലു ഇംറാൻ : 179 )
- അല്ലാഹു പറഞ്ഞു : [ " നിങ്ങൾ വിശ്വസിക്കുകയും സൂക്ഷമത പാലിക്കുകയും ചെയ്യുന്ന പക്ഷം നിങ്ങൾക്കുള്ളതായ പ്രതിഫലം അവൻ നിങ്ങൾക്ക് നൽകുന്നതാണ്. " ] ( സൂറ: മുഹമ്മദ് : 36 )
- അബൂഹുറൈറ - رضي الله عنه- നിന്ന് നിവേദനം : " ജനങ്ങളെ ധാരാളമായി സ്വർഗത്തിലേക്ക് പ്രവേശിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് റസൂൽ ﷺയോട് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞത് : അല്ലാഹുവെ ഭക്തി പുരസരം സൂക്ഷിച്ച് ജീവിക്കലാണ് അത് എന്നായിരുന്നു. " [ തിർമിദി : 2004 ]

നിർവഹിച്ചു

**സൽകർമം 199-202**

## 30-33 താഴെ നൽകിയ ദിക്റുകൾ ചൊല്ലൽ

## سبحان الله ، الحمد لله ، لا إله إلا الله ، الله أكبر

മഹത്വം : സ്വർഗത്തിൽ ഒരു വൃക്ഷം ലഭിക്കുന്നു , സ്വദകയുടെ പ്രതിഫലം ലഭിക്കുന്നു.

തെളിവ് : അബൂ ഹുറൈറ - رضي الله عنه - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു , അല്ലാഹുവിനാണ് സർവ്വ സ്തുതിയും , അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല , അല്ലാഹുവാണ് ഏറ്റവും വലിയവൻ. എന്ന് നീ പറയുക. ഇതിലെ ഒരോ ദിക്ർ ചൊല്ലുമ്പോഴും സ്വർഗത്തിൽ നിനക്ക് വേണ്ടി ഒരു മരം നട്ടുപിടിപ്പിക്കുന്നതാണ്. "

[ ഇബ്നു മാജ: : 3920 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

- അബൂ ദർറ് - رضي الله عنه - നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : ".( നിങ്ങൾ ചൊല്ലുന്ന ) എല്ലാ തസ്ബീഹും എല്ലാ തക്ബീറും എല്ലാ തഹ്മീദും എല്ലാ തഹ്ലീലും സ്വദകയാകുന്നു. " [ മുസ്‌ലിം : 1006]
- അബൂ ദർറ് - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " നിങ്ങളിൽ ഒരോരുത്തരുടെയും ഓരോ സന്ധികൾക്കും നേരം പുലരുന്നതോടെ ഒരോ ധർമം ബാധ്യതയാകുന്നു. നിങ്ങൾ ചൊല്ലുന്ന ഒരോ തസ്ബീഹും ഒരോ തഹ്മീദും ഒരോ തഹ്ലീലും ഒരോ തക്ബീറും സ്വദകയാണ്. " [ മുസ്‌ലിം : 1648 ]

നിർവഹിച്ചു

## സൽകർമം 203

## 34- താഴെ നൽകിയ ദിക്ർ ചൊല്ലൽ

## سبحان الله العظيم وبحمده

മഹത്വം : സ്വർഗത്തിൽ നിനക്ക് വേണ്ടി ഒരു ഈന്തപ്പന നട്ടുപിടിപ്പിക്കപ്പെടും.

തെളിവ് : ജാബിർ - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ആരെങ്കിലും ' മഹത്വമുടയവനായ അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം ഞാൻ വാഴ്ത്തുന്നു. ' എന്ന് ചൊല്ലിയാൽ അയാൾക്കു വേണ്ടി സ്വർഗത്തിൽ ഒരു ഈന്തപ്പന നട്ടുപിടിപ്പിക്കുന്നതാണ്. " [ തിർമിദി : 3808 , നസാഈ : സുനനുൽ കുബ്റാ : 10594 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 204

## 35- കോപം അടക്കി വെക്കൽ

മഹത്വം : സ്വർഗ പ്രവേശനം , കിയാമത്ത് നാളിൽ ജനമദ്ധ്യത്തിൽ വെച്ച് അല്ലാഹു അവനെ വിളിക്കുകയും സ്വർഗ സുന്ദരികളായ സ്ത്രീകളിൽ നിന്നും അവനുദ്ദേശിക്കുന്നവരെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം , ഹൃദയത്തിൽ പ്രത്യാശ നിറയ്ക്കുന്നതാണ്.

തെളിവ് : അല്ലാഹു പറഞ്ഞു : [ " നിങ്ങളുടെ റബ്ബിൽ നിന്നുള്ള പാപമോചനവും, ആകാശ - ഭൂമികളോളം വിശാലമായ സ്വർഗ്ഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠ പാലിക്കുന്നവർക്കു വേണ്ടി ഒരുക്കി വെക്കപ്പെട്ടതത്രെ അത്. ( അതായത് ) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ധാന ധർമ്മം ചെയ്യുകയും കോപം ഒതുക്കി വെക്കുകയും ചെയ്യുന്നവർ.." ] ( സൂറ: ആലു ഇംറാൻ : 133- 134 )

- മുആദ് ബിൻ അനസ് - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ( കോപത്തിനനുസരിച്ച് ) പ്രതികരിക്കാൻ ശേഷിയുണ്ടായിട്ടും വല്ലവനും കോപമടക്കിയാൽ കിയാമത്ത് നാളിൽ ജനമദ്ധ്യത്തിൽ വെച്ച് അല്ലാഹു അവനെ വിളിക്കുകയും സ്വർഗ സുന്ദരികളായ സ്ത്രീകളിൽ നിന്നും അവനുദ്ദേശിക്കുന്നവരെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകുകയും ചെയ്യും. " [ അഹ്മദ് : 15877, തിർമിദി : 2021 , അബൂ ദാവൂദ് : 4777 , ഇബ്നു മാജ: : 4186 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.
- ഇബ്നു ഉമർ - رضي الله عنهما - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " താൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ തന്റെ ദേഷ്യത്തിനനുസരിച്ച് പ്രവർത്തിക്കാൻ കഴിവുണ്ടായിട്ടും തന്റെ കോപത്തെ അടക്കി നിർത്തുന്നവരുടെ ഹൃദയത്തിൽ അല്ലാഹു പരലോകത്ത് ലഭിക്കാനിരിക്കുന്ന പ്രതിഫലങ്ങളെക്കുറിച്ച് പ്രത്യാശ നിറയ്ക്കുന്നതാണ്. " [ ത്വബ്റാനി : മുഅ്ജമുൽ കബീർ : 13646 ] . ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 205

### 36- അല്ലാഹുവിന് കീഴ്പ്പെടലും ജനങ്ങൾക്കിടയിൽ ദുർബലനായി കഴിയലും കഴിവുണ്ടായിട്ടും പൊങ്ങച്ചത്തിന്റെ വസ്ത്രം ഉപേക്ഷിക്കലും

മഹത്വം : അത്തരക്കാർ അല്ലാഹുവെക്കൊണ്ട് സത്യം ചെയ്ത് പറഞ്ഞാൽ അല്ലാഹു അത് നിറവേറ്റി കൊടുക്കുന്നതാണ്.

തെളിവ് : ഹാരിഥ: ബിൻ വഹ്ബിൻ അൽ ഖുസാഈ - رضي الله عنه- നിന്ന് നിവേദനം: നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " സ്വർഗവാസികളെക്കുറിച്ച് ഞാൻ നിങ്ങൾക്ക് അറിയിച്ച് തരട്ടെയോ..? അല്ലാഹുവിന്റെ മുന്നിൽ വിനായാന്വിതനായി കീഴ്പ്പെടുന്നവനും ജനങ്ങൾക്കിടയിൽ നിസ്സാരനും ദുർബലനുമായി കഴിയുന്നവരത്രെ അതിന്റെ ആളുകൾ. " [ ബുഖാരി : 6657 , മുസ്‌ലിം : 2853 ]

- സഹ്ൽ ബിൻ മുആദ് ബിൻ അനസ് - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " പൊങ്ങച്ചത്തിന്റെ വസ്ത്രം ധരിക്കാൻ കഴിവുണ്ടായിട്ടും അല്ലാഹുവിന് വിനായാന്വിതനായിക്കൊണ്ട് ആരെങ്കിലും അതുപേക്ഷിച്ചാൽ ക്വിയാമത്ത് നാളിൽ ജനമദ്ധ്യത്തിൽ വെച്ച് അല്ലാഹു അവരെ വിളിക്കുകയും സത്യവിശ്വാസിത്തിന്റെ വസ്ത്രത്തിൽ നിന്നും അവർ ഇഷ്ടപ്പെടുന്നത് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നൽകുകയും ചെയ്യും. "[ അഹ്മദ് : 15798 , തിർമിദി : 2685 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂഥിയും അൽബാനിയും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

സൽകർമം 206

## 37- കടം വീട്ടാൻ പ്രയാസമനുഭവിക്കുന്നവന് അവധി നീട്ടി നൽകലും കടത്തിൽ ഇളവ നൽകലും അവന്റെ കടം വിട്ടേക്കുകയോ ചെയ്യൽ

മഹത്വം : സ്വർഗ പ്രവേശനും പരലോകത്ത് അർശിന്റെ തണൽ ലഭിക്കുകയും ചെയ്യും.

തെളിവ് : ഹുദൈഫ - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ഒരാൾ മരണപ്പെടുകയും തുടർന്ന് സ്വർഗത്തിൽ പ്രവേശിക്കുകയുമുണ്ടായി. താങ്കൾ ( ഇതിനു വേണ്ടി ) എന്താണ് പ്രവർത്തിച്ചതെന്ന് അദ്ദേഹത്തോട് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു : ' ഞാൻ ജനങ്ങളുമായി പണമിടപാടുകൾ നടത്താറുണ്ട്, അങ്ങനെ അവരിൽ ( കടം വാങ്ങിയവരിൽ ഞെരുക്കാരന് ) സാവകാശം നൽകുകയും പണം സ്വീകരിക്കുമ്പോൾ വരുന്ന ചെറിയ കുറവുകൾ ഞാൻ മാപ്പാക്കാറുമുണ്ട്. ' ( അത് കാരണമായി ) അദ്ദേഹത്തിന്റെ ( ചെറു ) പാപങ്ങൾ പൊറുക്കപ്പെട്ടു. " [ ബുഖാരി : 2391 , മുസ്‌ലിം : 1560 ]

- അബൂ ഹുറൈറ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " കടം വീട്ടാൻ പ്രയാസമനുഭവിക്കുന്നവന് അവധി നീട്ടി നൽകുകയോ അവന്റെ കടം വിട്ടേക്കുകയോ ചെയ്യുന്നവർക്ക് അല്ലാഹുവിന്റേതല്ലാത്ത മറ്റൊരു തണലുമില്ലാത്ത ദിവസം അവർ അല്ലാഹുവിന്റെ അർശിന്റെ തണലിലായിരിക്കും. " [ അഹ്‌മദ് : 8832 , തിർമിദി : 1306 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 207

### 38- നോമ്പനുഷ്ഠിക്കൽ

മഹത്വം : സ്വർഗ പ്രവേശനവും ധാരാളം പ്രതിഫലം ലഭിക്കുന്നതുമായ സൽകർമ്മം.

തെളിവ് : അബൂഉമാമ: -رضي الله عنه- നിന്ന് നിവേദനം : എനിക്ക് സ്വർഗ്ഗപ്രവേശനത്തിനുതകുന്ന ഒരു ആരാധന എന്നോട് കൽപ്പിച്ചാലുമെന്ന് റസൂൽ ﷺ നോട് ഞാൻ ചോദിച്ചപ്പോൾ അവിടുന്ന് പ്രതികരിച്ചു : " നീ നോമ്പ് മുറുകെപ്പിടിച്ചു കൊള്ളുക. അതിന് തുല്യമായ വേറെ ഒന്നുമില്ല. " [ അഹ്മദ് : 22759 , ഇബ്നു ഹിബ്ബാൻ : 3425] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

- അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നോമ്പൊഴികെയുള്ള മനുഷ്യന്റെ എല്ലാ കർമ്മങ്ങളും അവനുള്ളതാണ്. നോമ്പ് എനിക്കുള്ളതാണ്. ഞാനാണതിന് പ്രതിഫലം നൽകുന്നത്. " [ ബുഖാരി : 1904 , മുസ്‌ലിം : 1151 ]

നിർവഹിച്ചു

## സൽകർമം 208

### 39- ജനങ്ങൾക്ക് മാപ്പ് നൽകുകയും അതിക്രമം പ്രവർത്തിച്ചവർക്ക് പൊറുത്തു കൊടുക്കുകയും ചെയ്യൽ.

മഹത്വം : സ്വർഗ പ്രവേശനവും ധാരാളം പ്രതിഫലം ലഭിക്കുന്നതുമായ സൽകർമ്മം.

തെളിവ് : അല്ലാഹു പറഞ്ഞു : [ " നിങ്ങളുടെ റബ്ബിൽ നിന്നുള്ള പാപമോചനവും, ആകാശ - ഭൂമികളോളം വിശാലമായ സ്വർഗ്ഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠ പാലിക്കുന്നവർക്കു വേണ്ടി ഒരുക്കി വെക്കപ്പെട്ടതത്രെ അത്. ( അതായത് ) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ധാന ധർമ്മം ചെയ്യുകയും കോപം ഒതുക്കി വെക്കുകയും മനുഷ്യർക്ക് മാപ്പ് നൽകുകയും ചെയ്യുന്നവർ.." ] ( സൂറ: ആലു ഇംറാൻ : 133- 134 )

- അല്ലാഹു പറഞ്ഞു : [ " എന്നാൽ ആരെങ്കിലും മാപ്പു നൽകുകയും രഞ്ജിപ്പുണ്ടാക്കുകയും ആണെങ്കിൽ അവനുള്ള പ്രതിഫലം അല്ലാഹുവിന്റെ ബാധ്യതയിലാകുന്നു. " ( സൂറ: അശ്ശൂറാ : 40 )

നിർവഹിച്ചു

## സൽകർമം 209

## 40- ചോദിച്ച് വരുന്നവർക്കും ഉപജീവനം തടയപ്പെട്ടവർക്കും സമൃദ്ധാവസ്ഥയിലും വിഷമാവസ്ഥയിലും പിശുക്ക് ഇല്ലാതെ നൽകൽ.

മഹത്വം : സ്വർഗ പ്രവേശനവും ഇഹ- പര വിജയവും നല്ല പര്യാവസനവും ഉണ്ടാകും.

തെളിവ് : അല്ലാഹു പറഞ്ഞു : [ " നിങ്ങളുടെ റബ്ബിൽ നിന്നുള്ള പാപമോചനവും, ആകാശ - ഭൂമികളോളം വിശാലമായ സ്വർഗ്ഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠ പാലിക്കുന്നവർക്കു വേണ്ടി ഒരുക്കി വെക്കപ്പെട്ടതത്രെ അത്. ( അതായത് ) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ധാന ധർമ്മം നൽകുകയും ചെയ്യുന്നവർ.." ] (ആലു ഇംറാൻ : 133- 134)

- അല്ലാഹു പറഞ്ഞു : [ " എന്നാൽ ഏതൊരാൾ ദാനം നൽകുകയും സൂക്ഷ്മത പാലിക്കുകയും ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ അവനു നാം ഏറ്റവും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തിക്കൊടുക്കുന്നതാണ്. " ] ( സൂറ: അല്ലൈൽ : 5-7)
- അല്ലാഹു പറഞ്ഞു : [ " തീർച്ചയായും സൂക്ഷമത പാലിക്കുന്നവർ സ്വർഗത്തോപ്പുകളിലും അരുവികളിലുമായിരിക്കും. അവർക്ക് അവരുടെ രക്ഷിതാവ് നൽകിയത് ഏറ്റുവാങ്ങിക്കൊണ്ട് . തീർച്ചയായും അവർ അതിന് മുമ്പ് സദ്‌വൃത്തരായിരുന്നു. രാത്രിയിൽ നിന്ന് അൽപ്പഭാഗമേ അവർ ഉറങ്ങാറുണ്ടായിരുന്നുള്ളൂ. രാത്രിയുടെ അന്ത്യവേളകളിൽ അവർ പാപമോചനം തേടുന്നവരായിരുന്നു.

- അവരുടെ സ്വത്തുകളിലാകട്ടെ ചോദിച്ച് വരുന്നവനും ( ഉപജീവനം ) തടയപ്പെട്ടവനും ഒരു അവകാശമുണ്ടായിരിക്കുകയും ചെയ്യും " ] ( സൂറ: അദ്ദാരിയാത്ത് : 15 - 19 )
- അല്ലാഹു പറഞ്ഞു : [ " ആര്‍ മനസ്സിന്റെ പിശുക്കില്‍ നിന്ന് കാത്തു രക്ഷിക്കപ്പെടുന്നുവോ അവര്‍ തന്നെയാകുന്നു വിജയം പ്രാപിച്ചവര്‍. " ] ( സൂറ: അത്തഗാബുന്‍ : 16 )

നിര്‍വഹിച്ചു

## സല്‍കര്‍മം 210

**41- രാത്രി അല്‍പ്പ നേരം മാത്രം ഉറങ്ങുകയും, ജനങ്ങളെല്ലാം നിദ്രയിലാണ്ടു കഴിയുമ്പോള്‍ എണീറ്റ് നമസ്കരിക്കുകയും, ആയിരം ആയത്ത് പാരായണം ചെയ്ത് നമസ്കരിക്കുകയും ചെയ്യല്‍.**

മഹത്വം : സ്വര്‍ഗ പ്രവേശനവും ധാരാളം പ്രതിഫലങ്ങള്‍ ലഭിക്കുകയും ചെയ്യുന്നവരില്‍ ഉള്‍പ്പെടാം.

തെളിവ് : അല്ലാഹു പറഞ്ഞു : [ " തീര്‍ച്ചയായും സൂക്ഷമത പാലിക്കുന്നവര്‍ സ്വര്‍ഗത്തോപ്പുകളിലും അരുവികളിലുമായിരിക്കും. അവര്‍ക്ക് അവരുടെ രക്ഷിതാവ് നല്‍കിയത് ഏറ്റുവാങ്ങിക്കൊണ്ട്. തീര്‍ച്ചയായും അവര്‍ അതിന് മുമ്പ് സദ്‌വൃത്തരായിരുന്നു. രാത്രിയില്‍ നിന്ന് അല്‍പ്പഭാഗമേ അവര്‍ ഉറങ്ങാറുണ്ടായിരുന്നുള്ളൂ. " ] ( സൂറ: അദ്ദാരിയാത്ത് : 15 - 17 )

- അബ്ദുല്ല ബിന്‍ സലാം - رضي الله عنه - നിന്ന് നിവേദനം : റസൂല്‍ ﷺ പറഞ്ഞു : " ജനങ്ങള്‍ രാത്രി നിദ്രയിലാണ്ടു കഴിയുമ്പോള്‍ നിങ്ങള്‍ നമസ്കരിച്ച് കൊള്ളുക. എന്നാല്‍ സുരക്ഷിതരായിക്കൊണ്ട് നിങ്ങള്‍ക്ക് സ്വര്‍ഗത്തില്‍ പ്രവേശിക്കാം. " [ അഹ്മദ് : 24307 , തിര്‍മിദി : 2485 , ഇബ്നു മാജ: 1334 ]
- അബ്ദുല്ല ബിന്‍ അംറ് ബിന്‍ അല്‍ ആസ്വ് - رضي الله عنهما - നിന്ന് നിവേദനം : റസൂല്‍ ﷺ പറഞ്ഞു : " ആയിരം വചനങ്ങള്‍ പാരായണം ചെയ്തു കൊണ്ട് രാത്രി നമസ്കരിക്കുന്നവരെ ധാരാളം പ്രതിഫലങ്ങള്‍ ലഭിക്കുന്നവരില്‍ രേഖപ്പെടുത്തുന്നതാണ്. " [ അബൂ ദാവൂദ് : 1398 ]

നിർവഹിച്ചു

## സൽകർമം 211

### 42- സൂറത്തുൽ മുൽക് പാരായണം ചെയ്യൽ

മഹത്വം : സ്വർഗ പ്രവേശനവും ശുപാർശയും കരസ്ഥമാക്കാം.

തെളിവ് : അനസ് - رضي الله عنه - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ( സൂറത്തുൽ മുൽക് ) അതിന്റെ ആളുകളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നത് വരെ വാദിച്ചു കൊണ്ടിരിക്കും. " [ ത്വബ്റാനി : ഔസ്വത് : 3645 , സ്വഗീർ : 490 ]

- അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " മുപ്പത് വചനങ്ങളുള്ള ഒരു അദ്ധ്യായം വിശുദ്ധ ക്വുർആനിലുണ്ട്. പാപങ്ങൾ പൊറുക്കപ്പെടുന്നതുവരെ അതിന്റെ ആളുകൾക്ക് വേണ്ടി അത് ശുപാർശ ചെയ്തു കൊണ്ടിരിക്കും. അതത്രെ സൂറത്തുൽ മുൽക്. " [ ഇബ്നു മാജ: : 3786 , നസാഈ : സുനനുൽ കുബ്റാ : 10478 ]

നിർവഹിച്ചു

## സൽകർമം 212

# 43- അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനും പങ്കുകാരിത്തവനുമാണെന്നും മുഹമ്മദ് നബി അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്ന് സാക്ഷ്യം വഹിക്കൽ

മഹത്വം : പ്രവർത്തനങ്ങൾക്കനുസരിച്ചുള്ള സ്വർഗീയ പദവികളിലേക്ക് സ്വർഗത്തിലെ എട്ട് കവാടങ്ങളിൽ അവനുദ്ദേശിക്കുന്നതിലൂടെ പ്രവേശിക്കാം.

തെളിവ് : ഉബാദ: - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനും പങ്കുകാരിത്തവനുമാണെന്നും തീർച്ചയായും മുഹമ്മദ് നബി അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും തീർച്ചയായും ഈസാ നബി അല്ലാഹുവിന്റെ ദാസനും ദൂതനും, മർയമിലേക്ക് അവൻ ഇട്ടു കൊടുത്ത അവന്റെ വചനവും, അവനിൽ നിന്നുള്ള ഒരാത്മാവുമാണെന്നും സ്വർഗവും നരകവും സത്യമാണെന്നും സാക്ഷ്യം വഹിക്കുന്നവനെ താൻ ചെയ്ത പ്രവർത്തനങ്ങൾക്കനുസരിച്ചുള്ള പദവികളിലായി അല്ലാഹു സ്വർഗത്തിൽ പ്രവേശിപ്പിക്കും. " ഇമാം ബുഖാരിയുടെ റിപ്പോർട്ടിൽ ഇങ്ങനെയും കാണാം : " സ്വർഗത്തിലെ എട്ട് കവാടങ്ങളിൽ അവനുദ്ദേശിക്കുന്നതിലൂടെ അല്ലാഹു പ്രവേശിപ്പിക്കും. " [ ബുഖാരി : 3435 , മുസ്‌ലിം : 28 ]

നിർവഹിച്ചു

## സൽകർമം 213

### 44- പുണ്യകരമായ ഹജ്ജ് നിർവ്വഹിക്കൽ

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " പുണ്യകരമായ ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമല്ല. " [ ബുഖാരി : 1773 മുസ്‌ലിം : 1349 ]

നിർവഹിച്ചു

## സൽകർമം 214

### 45- അല്ലാഹുവിലേക്ക് ആത്മാർത്ഥമായി ഖേദിച്ച് മടങ്ങൽ.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അല്ലാഹു പറഞ്ഞു : [ " സത്യ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ ( സത്യസന്ധമായ ) പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ റബ്ബ് നിങ്ങളുടെ പാപങ്ങൾ മായ്ച്ചു തന്നേക്കാം. " ] ( സൂറ : അത്തഹ്‌രീം : 8)

നിർവഹിച്ചു

## സൽകർമം 215

### 46- വൻപാപങ്ങൾ പൂർണ്ണമായും ഉപേക്ഷിക്കൽ.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അല്ലാഹു പറഞ്ഞു : [ " നിങ്ങളോട് നിരോധിക്കപ്പെടുന്ന വൻപാപങ്ങൾ നിങ്ങൾ വർജ്ജിക്കുന്നപക്ഷം നിങ്ങളുടെ തിന്മകളെ നിങ്ങളിൽ നിന്ന് നാം മായ്ച്ചു കളയുകയും മാന്യമായ ഒരു സ്ഥാനത്ത് നിങ്ങളെ നാം പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. " ] ( സൂറ: അന്നിസാഅ് : 31 )

നിർവഹിച്ചു

## സൽകർമം 216

### 47- മാതാപിതാക്കൾക്ക് നന്മ ചെയ്യൽ

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " തന്റെ മാതാപിതാക്കളിൽ രണ്ടു പേരോ അവരിൽ ഒരാളോ വാർദ്ധക്യം പ്രാപിച്ച് തന്റെ പക്കലുണ്ടായിട്ടും ( അവർ മുഖേന ) സ്വർഗം കരസ്ഥമാക്കാൻ കഴിയാത്തവൻ നിന്ദ്യനാവട്ടെ, നിന്ദ്യനാവട്ടെ, നിന്ദ്യനാവട്ടെ." [ മുസ്‌ലിം : 2551 ]

- ഇയാദ് ബിൻ മർസദ് അല്ലെങ്കിൽ മർസദ് ബിൻ ഇയാദ് - رضي الله عنه - പറഞ്ഞു : " തനിക്ക് സ്വർഗപ്രവേശനം ലഭിക്കുന്ന ഒരു കർമ്മത്തെക്കുറിച്ച് ഒരാൾ നബി ﷺ യോട് ചോദിച്ചപ്പോൾ അവിടുന്ന് തിരിച്ച് ചോദിച്ചു : താങ്കളുടെ മാതാപിതാക്കളിൽ ആരെങ്കിലും ജീവിച്ചിരിപ്പുണ്ടോ..? അദ്ദേഹം പറഞ്ഞു : ഇല്ല. ഇതേ ചോദ്യം അദ്ദേഹം മൂന്ന് തവണ ആവർത്തിച്ചപ്പോൾ അവിടുന്ന് പറഞ്ഞു : താങ്കൾ ജനങ്ങൾക്ക് വെള്ളം ദാനം ചെയ്തു കൊള്ളുക; അവർ ഇല്ലാതിരിക്കുമ്പോൾ അവർക്കത് എത്തിച്ച് നൽകുകയും അവർ വന്നാൽ അവർക്കത് നൽകുകയും ചെയ്യുക. " [ ത്വബ്റാനി : മുഅ്ജമുൽ കബീർ : 1014)
- അബുദ്ദർദാഅ് -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു : " സ്വർഗ കവാടങ്ങളിൽ ഏറ്റവും ഉത്തമമായത് മാതാപിതാക്കളാകുന്നു. നീ ഉദ്ദേശിക്കുന്നുവെങ്കിൽ അവരെ കയ്യൊഴിയുകയോ അല്ലെങ്കിൽ സംരക്ഷിക്കുകയോ ചെയ്ത് കൊള്ളുക. " [ അഹ്മദ് : 28159 , തിർമിദി : 1900 , ഇബ്നു മാജ: : 3663 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് തിർമിദി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 217

### 48- വിപത്തുകളിൽ ക്ഷമിക്കൽ.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : ഇബ്നു അബ്ബാസ് - رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നീ ക്ഷമയവലംബിക്കുകയാണെങ്കിൽ നിനക്ക് സ്വർഗമുണ്ട്. "[ ബുഖാരി : 5652, മുസ്‌ലിം : 2576 ]

നിർവഹിച്ചു

## സൽകർമം 218

### 49- നോമ്പനുഷ്ഠിക്കുക, ജനാസയെ പിൻതുടരുക, പാവങ്ങൾക്ക് ഭക്ഷണം നൽകുക, രോഗിയെ സന്ദർശിക്കുക എന്നീ കാര്യങ്ങൾ ഒരൊറ്റ ദിവസം ചെയ്യൽ.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ( ഈ നാല് കാര്യങ്ങൾ ) ഒരു വ്യക്തിയിൽ ഒരുമിച്ച് കൂടിയാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കാതിരിക്കില്ല. " [ മുസ്‌ലിം : 1028]

നിർവഹിച്ചു

## സൽകർമം 219

### 50- മതവിജ്ഞാനമന്വേഷിക്കൽ.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " മതവിജ്ഞാനമന്വേഷിച്ചു കൊണ്ട് ആരെങ്കിലും ഒരു വഴിയിൽ പ്രവേശിച്ചാൽ സ്വർഗത്തിലേക്കുള്ള വഴി അല്ലാഹു അവന് എളുപ്പമാക്കി കൊടുക്കുന്നതാണ്. " [ മുസ്‌ലിം : 2699 ]

നിർവഹിച്ചു

## സൽകർമം 220

### 51- സത്യസന്ധത

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അബ്ദുല്ല ബിൻ മസ്ഊദ് - رضي الله عنه - നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " സത്യം പറയൽ നന്മയിലേക്കും നന്മ സ്വർഗ്ഗത്തിലേക്കും നയിക്കും. അങ്ങനെ ഒരുവൻ ( ജീവിതത്തിന്റെ സകല മേഖലയിലും ) സത്യസന്ധത പുലർത്തുന്ന പക്ഷം അല്ലാഹുവിന്റെയടുക്കൽ അവനെ സത്യസന്ധന്മാരുടെ കൂട്ടത്തിൽ രേഖപ്പെടുത്തുന്നതാണ്. " [ ബുഖാരി : 6094, മുസ്‌ലിം : 2606 ]

നിർവഹിച്ചു

## സൽകർമം 221

### 52- സലാം പറയൽ വ്യാപിപ്പിക്കൽ.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നിങ്ങൾ സത്യവിശ്വാസികളാകാതെ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. നിങ്ങൾ പരസ്പ്പരം സ്നേഹിക്കുന്നത് വരെ നിങ്ങളുടെ വിശ്വാസം പൂർണ്ണമാവുകയില്ല. ഞാനൊരു കാര്യം നിങ്ങൾക്ക് അറിയിച്ച് തരട്ടെയോ; അത് നടപ്പിലാക്കിയാൽ നിങ്ങൾ പരസ്പ്പരം സ്നേഹിക്കുന്നവരാകും. സാലാം പറയുന്നത് നിങ്ങൾക്കിടയിൽ വ്യാപിപ്പിക്കലത്രെ അത്. " [ മുസ്‌ലിം : 54]

- അബ്ദുല്ല ബിൻ സലാം - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ജനങ്ങളേ, നിങ്ങൾ സാലാം വ്യാപിപ്പിക്കുകയും ഭക്ഷണം നൽകുകയും ജനങ്ങൾ രാത്രി നിദ്രയിലാണ്ടു കഴിയുന്ന സമയം നമസ്കരിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ സുരക്ഷിതരായിക്കൊണ്ട് നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിക്കാം. " [ അഹ്മദ് : 24307 , തിർമിദി : 2485 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 222

### 53- മുസ്‌ലികളുടെ വഴിയിൽ നിന്നും അവർക്ക് ഉപദ്രവകരമാം വിധമുള്ള മരങ്ങളോ മറ്റ് തടസ്സങ്ങളോ നീക്കം ചെയ്യൽ.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " വഴി മധ്യേ കിടന്നിരുന്ന ഒരു മരക്കൊമ്പിനരികിലൂടെ ഒരാൾ നടന്ന് നീങ്ങവെ അയാൾ അല്ലാഹുവിൽ സത്യം ചെയ്ത് ഇപ്രകാരം പറയുകയുണ്ടായി; മുസ്‌ലിംകളിൽ ഒരാൾക്കും ഉപദ്രവമേൽക്കാതിരിക്കാനായി ഞാനിത് ഇവിടെ നിന്നും മാറ്റുക തന്നെ ചെയ്യും. അങ്ങനെ അദ്ദേഹം സ്വർഗത്തിൽ പ്രവേശിക്കപ്പെടുകയുണ്ടായി. " [ മുസ്‌ലിം : 1914 ]

- അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ജനങ്ങൾക്ക് ഉപദ്രവകരമാം വിധം വഴിയുടെ മധ്യത്തിലുണ്ടായിരുന്ന ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിലെ അനുഗ്രഹങ്ങൾ ആസ്വദിക്കുന്ന ഒരു വ്യക്തിയെ ഞാൻ കാണുകയുണ്ടായി. " [ മുസ്‌ലിം : 1914 ]

നിർവഹിച്ചു

**സൽകർമം 223**

## 54- വുദ്വൂഅ് പൂർണ്ണമായി എടുത്ത ശേഷം ഇപ്രകാരം പറയൽ :

## أشهد أن لا إله إلا الله وأن محمد عبد الله ورسوله

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : ഉമർ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നിങ്ങളിലൊരാൾ വുദ്വൂഅ് പൂർണ്ണമായി നിർവ്വഹിക്കുകയും ശേഷം ' അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. ' എന്ന് പറയുകയും ചെയ്താൽ അയാൾക്ക് വേണ്ടി സ്വർഗത്തിലെ എട്ട് കവാടങ്ങൾ തുറക്കപ്പെടുകയും ഇഷ്ടമുള്ളതിലൂടെ അയാൾക്ക് പ്രവേശിക്കാൻ കഴിയുകയും ചെയ്യും. " [ മുസ്‌ലിം : 234]

നിർവഹിച്ചു

**സൽകർമം 224**

## 55- അല്ലാഹുവിന്റെ അത്തിത്യുമമായ നാമങ്ങളിൽ നിന്നും 99 എണ്ണം മനഃപ്പാഠമാക്കൽ.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അല്ലാഹുവിന് തൊണ്ണൂറ്റി ഒൻപത് നാമങ്ങളുണ്ട്. അത് മനഃപ്പാഠമാക്കിയവരെല്ലാം സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. " [ ബുഖാരി : 6410 , മുസ്‌ലിം : 2677 ]

നിർവഹിച്ചു

## സൽകർമം 225

### 56- ജലദാനം ചെയ്യൽ

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : ഇയാദ് ബിൻ മർസദ് അല്ലെങ്കിൽ മർസദ് ബിൻ ഇയാദ് - -رضي الله عنه- പറഞ്ഞു : " തനിക്ക് സ്വർഗപ്രവേശനം ലഭിക്കുന്ന ഒരു കർമ്മത്തെക്കുറിച്ച് ഒരാൾ നബി ﷺ യോട് ചോദിച്ചപ്പോൾ അവിടുന്ന് തിരിച്ച് ചോദിച്ചു : താങ്കളുടെ മാതാപിതാക്കളിൽ ആരെങ്കിലും ജീവിച്ചിരിപ്പുണ്ടോ..? അദ്ദേഹം പറഞ്ഞു : ഇല്ല. ഇതേ ചോദ്യം അദ്ദേഹം മൂന്ന് തവണ ആവർത്തിച്ചപ്പോൾ അവിടുന്ന് പറഞ്ഞു : താങ്കൾ ജനങ്ങൾക്ക് വെള്ളം ദാനം ചെയ്തു കൊള്ളുക; അവർ ഇല്ലാതിരിക്കുമ്പോൾ അവർക്കത് എത്തിച്ച് നൽകുകയും അവർ വന്നാൽ അവർക്കത് നൽകുകയും ചെയ്യുക. " [ ത്വബ്റാനി : മുഅ്ജമുൽ കബീർ : 1014 )

നിർവഹിച്ചു

## സൽകർമം 226

### 57- മറ്റുള്ളവർക്ക് ഭക്ഷണം നൽകൽ.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അബ്ദുല്ല ബിൻ ഉമർ - رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നിങ്ങൾ ഭക്ഷണം നൽകുകയും സലാം വ്യാപിപ്പിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ സുരക്ഷിതരായിക്കൊണ്ട് നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിക്കാം". [ അഹ്മദ് : 6967 , തിർമിദി : 1855] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 227

### 58- തെറ്റുകളിൽ നിന്നും പാപമോചനം തേടുകയും അതിൽ തുടരാതിരിക്കുകയും ചെയ്യൽ .

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അല്ലാഹു പറഞ്ഞു : [ " നിങ്ങളുടെ റബ്ബിൽ നിന്നുള്ള പാപമോചനവും, ആകാശ - ഭൂമികളോളം വിശാലമായ സ്വർഗ്ഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠ പാലിക്കുന്നവർക്കു വേണ്ടി ഒരുക്കി വെക്കപ്പെട്ടതത്രെ അത്. ( അതായത് ) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ധാന ധർമ്മങ്ങൾ ചെയ്യുകയും, കോപം അടക്കി വെക്കുകയും, മനുഷ്യർക്ക് മാപ്പ് നൽകുകയും ചെയ്യുന്നവർക്ക് വേണ്ടി. ( അത്തരം ) സൽകർമ്മകാരികളെ അല്ലാഹു ഇഷ്ടപ്പെടുന്നു. വല്ല നീചകൃത്യവും ചെയ്തു പോയാൽ, അഥവാ സ്വദേഹത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തുപോയാൽ അല്ലാഹുവേ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പ് തേടുകയും ചെയ്യുന്നവർക്കുവേണ്ടി. പാപങ്ങൾ പൊറുക്കാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്.? ചെയ്തുപോയ ( ദുഷ് ) പ്രവർത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ " ] ( സൂറ: ആലു ഇംറാൻ : 133- 135 )

നിർവഹിച്ചു

## സൽകർമം 228

### 59- ദൃഢവിശ്വാസത്തോട് കൂടി ബാങ്ക് വിളിക്ക് ഉത്തരം നൽകൽ.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : ഉമർ ബിൻ ഖത്വാബ് - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ബാങ്ക് വിളിക്കുന്നവൻ : الله أكبر الله أكبر എന്ന് പറയുമ്പോൾ ( അതിനുത്തരമായി ) നിങ്ങളിലൊരാൾ : الله أكبر الله أكبر എന്ന് പറഞ്ഞു. ബാങ്ക് വിളിക്കുന്നവൻ : أشهد أن لا إله إلا الله എന്ന് പറയുമ്പോൾ ( അതിനുത്തരമായി ) أشهد أن لا إله إلا الله എന്ന് പറഞ്ഞു. ബാങ്ക് വിളിക്കുന്നവൻ : أشهد أن محمدا رسول الله എന്ന് പറയുമ്പോൾ (അതിനുത്തരമായി) أشهد أن محمدا رسول الله എന്ന് പറഞ്ഞു.ബാങ്ക് വിളിക്കുന്നവൻ : حي على الصلاة എന്ന് പറയുമ്പോൾ (അതിനുത്തരമായി ) لا حول ولا قوة إلا بالله എന്ന് പറഞ്ഞു.ബാങ്ക് വിളിക്കുന്നവൻ : حي على الفلاح എന്ന് പറയുമ്പോൾ ( അതിനുത്തരമായി ) لا حول ولا قوة إلا بالله എന്ന് പറഞ്ഞു.ബാങ്ക് വിളിക്കുന്നവൻ : الله أكبر الله أكبر എന്ന് പറയുമ്പോൾ ( അതിനുത്തരമായി ) الله أكبر الله أكبر എന്ന് പറഞ്ഞു. ബാങ്ക് വിളിക്കുന്നവൻ : لا إله إلا الله എന്ന് പറയുമ്പോൾ ( അതിനുത്തരമായി ) لا إله إلا اللهഎന്ന് കൂടി ഹൃദയത്തിൽ നിന്ന് പറയുകയാണെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. " [ മുസ്‌ലിം : 385 ]

- അബൂഹുറൈറ - رضي الله عنه- നിന്ന് നിവേദനം : നബി ﷺപറഞ്ഞു : " ബാങ്ക് വിളിക്കുന്നവൻ പറയുന്നത് പോലെ ദൃഢവിശ്വാസത്തോട് കൂടി അതേറ്റ് പറഞ്ഞവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. " [ ഇബ്നു ഹിബ്ബാൻ : 1667 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് ഇബ്നു ഹിബ്ബാൻ , അൽബാനി തുടങ്ങിയവർ വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 229

### 60- എല്ലാ നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷവും ആയതുൽ കുർസിയ്യ് ഓതൽ.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അബൂ ഉമാമ: - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " എല്ലാ നിർബന്ധ നമസ്കാരങ്ങൾക്കു ശേഷവും ആയതുൽ കുർസിയ്യ് പാരായണം ചെയ്യുന്നവർക്ക് സ്വർഗ്ഗ പ്രവേശനത്തിന് തടസ്സമായിക്കൊണ്ട് മരണമല്ലാതെ മറ്റൊന്നുമില്ല. " [ നസാഈ : സുനനുൽ കുബ്റാ : 9848 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് ഇബ്നു ഹിബ്ബാൻ , സുയൂഥി , അൽബാനി തുടങ്ങിയവർ വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 230

### 61- ഉറച്ച വിശ്വാസത്തോടെ രാവിലെയും വൈകുന്നേരവുമായി സയ്യിദുൽ ഇസ്തിഗ്ഫാർ ചൊല്ലൽ.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അബൂഹുറൈറ - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " സയ്യിദുൽ ഇസ്തിഗ്ഫാർ എന്നാൽ ഇപ്രകാരം പ്രാർത്ഥിക്കലാകുന്നു : ' അല്ലാഹുവേ നീയാണ് എന്റെ രക്ഷിതാവ്. നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. നീയാണ് എന്നെ സൃഷ്ടിച്ചത്. ഞാൻ നിന്റെ അടിമ. ഞാൻ നിന്നോടുള്ള കരാറും വാഗ്ദാനവും കഴിയുന്നത്ര പാലിക്കുന്നു. ഞാൻ ചെയ്ത് പോയ എല്ലാ തിന്മയിൽ നിന്നും നിന്നോട് ശരണം തേടുന്നു. എനിക്ക് നീ അനുഗ്രഹം ചെയ്തത് ഞാൻ അംഗീകരിക്കുന്നു. എന്റെ പാപങ്ങൾ ഞാൻ നിന്നോട് സമ്മതിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തു തരേണമേ. തീർച്ചയായും നീയല്ലാതെ പാപങ്ങൾ പൊറുക്കുകയില്ല. ' പിന്നീട് അവിടുന്ന് പറഞ്ഞു : ഒരാൾ ഇതിനെക്കുറിച്ചുള്ള ദൃഢ വിശ്വാസത്തോടെ പകലിൽ അത് ചൊല്ലുകയും അങ്ങിനെ ആ പകലിൽ വൈകുന്നേരത്തിന് മുമ്പായി അയാൾ മരണപ്പെടുകയും ചെയ്താൽ അയാൾ സ്വർഗാവകാശികളിലാണ്. ( അതു പോലെ ) ദൃഢ വിശ്വാസത്തോടെ രാത്രിയിൽ ഇത് ചൊല്ലുകയും നേരം പുലരും മുമ്പ് അയാൾ മരണപ്പെടുകയും ചെയ്താൽ അയാൾ സ്വർഗാവകാശികളിലാണ്. " [ ബുഖാരി : 6306 ]

നിർവഹിച്ചു

## സൽകർമം 231

### 62- അത്താഴ സമയത്ത് പാപ മോചനം തേടൽ.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അല്ലാഹു പറഞ്ഞു : [ " തീർച്ചയായും സൂക്ഷമത പാലിക്കുന്നവർ സ്വർഗത്തോപ്പുകളിലും അരുവികളിലുമായിരിക്കും. അവർക്ക് അവരുടെ രക്ഷിതാവ് നൽകിയത് ഏറ്റുവാങ്ങിക്കൊണ്ട് . തീർച്ചയായും അവർ അതിന് മുമ്പ് സദ്വൃത്തരായിരുന്നു. രാത്രിയിൽ നിന്ന് അൽപ്പഭാഗമേ അവർ ഉറങ്ങാറുണ്ടായിരുന്നുള്ളൂ. രാത്രിയുടെ അന്ത്യവേളകളിൽ അവർ പാപമോചനം തേടുന്നവരായിരുന്നു. " ] ( സൂറ: അദ്ദാരിയാത്ത് : 15 - 17 )

നിർവഹിച്ചു

## സൽകർമം 232

### 63- ദാഹിച്ച് വലഞ്ഞ മൃഗങ്ങൾക്ക് വെള്ളം നൽകൽ

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അബൂഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ( ദാഹിച്ച് വലഞ്ഞ ഒരാൾ ) വഴിയരികിൽ കണ്ട ഒരു കിണറ്റിലിറങ്ങി വെള്ളം കുടിച്ച് പുറത്തേക്ക് വന്നു. തത്സമയം ഒരു നായ നാവ് പുറത്തേക്ക് ഇട്ട് കിതച്ച്കൊണ്ടിരിക്കുന്നു. ആ നായയോട് കരുണ തോന്നിയ അദ്ദേഹം ഉടനെ വീണ്ടും കിണറ്റിലിറങ്ങി തന്റെ ഷൂസിൽ വെള്ളം നിറച്ച് ആ നായയെ കുടിപ്പിക്കുയുണ്ടായി. അക്കാരണത്താൽ അല്ലാഹു അയാളോട് നന്ദി കാണിക്കുകയും അദ്ദേഹത്തെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയുമുണ്ടായി. " [ ഇബ്നു ഹിബ്ബാൻ : 543 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് ഇബ്നു ഹിബ്ബാൻ വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 233

### 64- കടം വീട്ടുമ്പോഴും ലഭിക്കാനുള്ള കടം തിരിച്ച് ചോദിക്കുമ്പോഴും തന്റെ കൂട്ടുകാരനോട് വിട്ട് വീഴ്ചയോടെ വർത്തിക്കൽ.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അബ്ദുല്ല ബിൻ ഉമർ - رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " കടം വീട്ടുമ്പോഴും ലഭിക്കാനുള്ള കടം തിരിച്ച് ചോദിക്കുമ്പോഴും തന്റെ കൂട്ടുകാരനോട് വിട്ടു വീഴ്ചയോടെ വർത്തിച്ചവൻ സ്വർഗത്തിൽ പ്രവേശിച്ചിരിക്കുന്നു. " [ അഹ്മദ് : 7082 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അഹ്മദ് ശാകിർ വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 234

### 65- ഏറ്റവും പ്രിയപ്പെട്ടവർ മരണപ്പെടുപ്പോൾ അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിച്ച് ക്ഷമയോടെ കഴിയുക.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : അല്ലാഹു പറഞ്ഞിരിക്കുന്നു : " ദുനിയാവിൽ വെച്ച് തന്റെ പ്രിയപ്പെട്ടവരുടെ ജീവൻ ഞാൻ തിരിച്ച് എടുക്കുമ്പോൾ എന്റെ പ്രതിഫലം പ്രതീക്ഷിച്ച് ( ക്ഷമയോടെ ) കഴിയുന്ന വിശ്വാസിയായ എന്റെ ദാസന് സ്വർഗമായിരിക്കും എന്നിൽ നിന്നുള്ള പ്രതിഫലം. " [ ബുഖാരി : 6424 ]

നിർവഹിച്ചു

## സൽകർമം 235

### 66- ലജ്ജ മുറുകെ പിടിക്കൽ.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ലജ്ജ ഈമാനിന്റെ ഭാഗമാകുന്നു. ഈമാൻ സ്വർഗത്തിലെത്താനുള്ള ( കാരണമാണ്. ) " [ അഹ്മദ് : 10661 , തിർമിദി : 2009 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് ദഹബിയും അൽബാനിയും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 236

### 67- സൂറത്തുൽ ഇഖ്‌ലാസിനോട് പ്രത്യേകമായൊരു ഇഷ്ടം തോന്നൽ.

മഹത്വം : സ്വർഗ പ്രവേശനം.

തെളിവ് : അനസ് - رضي الله عنه- നിന്ന് നിവേദനം : " അൻസ്വാറുകളിൽ പെട്ട ഒരു വ്യക്തി ക്വുബാ പള്ളിയിൽ ജനങ്ങൾക്ക് ഇമാമായി നമസ്കരിക്കുമ്പോഴെല്ലാം ( ഫാതിഹക്ക് ശേഷം സൂറത്തുൽ ഇഖ്‌ലാസ് കൂടി പാരായണം ചെയ്യുമായിരുന്നു.) അങ്ങനെ ഒരിക്കൽ നബി ﷺ അവരിലേക്ക് വന്നപ്പോൾ ( ഒരു പരാതിയെന്ന നിലയിൽ ) അവർ കാര്യം അവതരിപ്പിച്ചു. അപ്പോൾ അദ്ദേഹത്തെ അപ്രകാരം പ്രവർത്തിക്കാൻ പ്രേരിപ്പിച്ച ഘടകമെന്താണെന്ന് നബി ﷺ ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം പ്രതികരിക്കുകയുണ്ടായി : അല്ലാഹുവിന്റെ ദൂതരേ, ഞാൻ ആ സൂറത്ത് അതിയായി ഇഷ്ടപ്പെടുന്നു. അപ്പോൾ അവിടുന്ന് പറഞ്ഞു : താങ്കളുടെ ആ ഇഷ്ടം താങ്കളെ സ്വർഗത്തിൽ പ്രവേശിപ്പിച്ചിരിക്കുന്നു. " [ തിർമിദി : 2901 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് ഇബ്നുൽ അറബിയും അൽബാനിയും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 237

### 68- വിപത്തുകളാൽ പരീക്ഷിക്കപ്പെടുന്നവരെ സമാശ്വസിപ്പിക്കൽ

മഹത്വം : കിയാമത്ത് നാളിൽ ആദരവിന്റെ വസ്ത്രം അണിയിക്കപ്പെടും.

തെളിവ് : മുഹമ്മദ് ബിൻ അംറ് ബിൻ ഹസ്മ് - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " വിപത്തുകളാൽ പരീക്ഷിക്കപ്പെടുന്ന തന്റെ സഹോദരനെ സമാശ്വസിപ്പിക്കുന്നവരെ കിയാമത്ത് നാളിൽ അല്ലാഹു ആദരവിന്റെ വസ്ത്രം അണിയിക്കുന്നതാണ്. " [ ഇബ്നു മാജ: : 1601 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 238

### 69- അല്ലാഹുവോട് മൂന്ന് തവണ സ്വർഗം ചോദിക്കൽ.

മഹത്വം : സ്വർഗ്ഗം അവനെ അതിലേക്ക് പ്രവേശിപ്പിക്കാനായി അല്ലാഹുവോട് തേടും.

തെളിവ് : അനസ് - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും അല്ലാഹുവോട് ( ആത്മാർത്ഥമായി ) മൂന്ന് തവണ സ്വർഗ്ഗം ചോദിച്ചാൽ അവർക്ക് വേണ്ടി സ്വർഗ്ഗം അല്ലാഹുവോട് ശുപാർശ ചെയ്യും : ' അല്ലാഹുവേ, അവനെ നീ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കേണമേ.. ' " [ അഹ്മദ് : 13375 , തിർമിദി : 2572 , നസാഈ : സുനനുൽ കുബ്റാ : 7907 , ഇബ്നു മാജ: : 4340 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂഥിയും അൽബാനിയും വിധി നൽകിയിട്ടുണ്ട്.

## സൽകർമം 239-244

### 70 , 75- നീതിയോട് കൂടി ഭരിക്കൽ , അല്ലാഹുവിന് ഇബാദത്ത് ചെയ്ത് വളർന്ന യുവാവ് , പള്ളിയുമായി ഹൃദയത്തെ ബന്ധിപ്പിക്കൽ , സൗന്ദര്യവതിയും കുലീനയുമായ ഒരു യുവതി വിളിച്ചപ്പോൾ ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു എന്ന് പറയൽ , രഹസ്യമായി ദാനം ചെയ്യൽ , ഏകാന്തനായി അല്ലാഹുവെ ഓർത്ത് കരയൽ.

മഹത്വം :ക്വിയാമത്ത് നാളിൽ അല്ലാഹു തണലേകും.

തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " അല്ലാഹുവിന്റേതല്ലാത്ത മറ്റൊരു തണലുമില്ലാത്ത ദിവസം ഏഴ് വിഭാഗം ആളുകൾക്ക് അവൻ തന്റെ അർശിന്റെ തണലിട്ടു നൽകുന്നതാണ്. നീതിമാനായ ഭരണാധികാരി, അല്ലാഹുവിന് ഇബാദത്ത് ചെയ്ത് വളർന്ന യുവാവ്, ഹൃദയം പള്ളിയുമായി ബന്ധപ്പെട്ടു കഴിയുന്നവൻ, അല്ലാഹുവിന്റെ പ്രീതിക്കായി പരസ്പരം സ്നേഹിക്കുകയും ഒരുമിച്ച് കൂടുകയും അവന്റെ പേരിൽ തന്നെ വേർപിരിയുകയും ചെയ്യുന്നവർ, സൗന്ദര്യവതിയും കുലീനയുമായ ഒരു യുവതി ( വ്യഭിചാരത്തിന് ) പ്രലോഭിപ്പിച്ചപ്പോൾ ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു എന്ന് പറഞ്ഞ് പിന്മാറിയവൻ, വലത് കൈ ധാനം ചെയ്തത് ഇടത് കൈ അറിയാത്ത വിധം ധർമ്മം ചെയ്യുകയും അത് രഹസ്യമാക്കുകയും ചെയ്തവൻ, ഏകന്തനായി അല്ലാഹുവിനെ ഓർത്ത് കണ്ണുനീർപൊഴിച്ചവൻ. " [ ബുഖാരി : 660 , മുസ്ലിം : 1031 ]

നിർവഹിച്ചു

## സൽകർമം 245

## 76- അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്നവന് തണലേകൽ.

മഹത്വം : ക്വിയാമത്ത് നാളിൽ അല്ലാഹു തണലേകും.

തെളിവ് : ഉമർ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു : " അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്ന ഒരു യോദ്ധാവിന് തണൽ വിരിച്ചവർക്ക് ക്വിയാമത്ത് നാളിൽ അല്ലാഹുവും തണലേകുന്നതാണ്. " [ അഹ്മദ് : 128 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അർനഊഥ് വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 246

## 77- നീതിയോടെ വിധി കൽപ്പിക്കൽ

മഹത്വം : അല്ലാഹുവിന്റെ ഇരുകരങ്ങൾക്കും അരികിലായി പ്രകാശം കൊണ്ടുള്ള ഇരിപ്പിടങ്ങളിലായിരിക്കും അവരുടെ സ്ഥാനം.

തെളിവ് : അബ്ദുല്ല ബിൻ അംറ് ബിൻ അൽ ആസ്വ് - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ദുനിയാവിൽ ( തങ്ങളുടെ വിധികളിലും ഏറ്റെടുത്ത കാര്യങ്ങളിലും ) നീതി പാലിച്ചവർ ക്വിയാമത്ത് നാളിൽ അല്ലാഹുവിന്റെ ഇരുകരങ്ങൾക്കും അരികിലായി പ്രകാശം കൊണ്ടുള്ള ഇരിപ്പിടങ്ങളിലായിരിക്കും. " [ അഹ്മദ് : 6560 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അഹ്മദ് ശാകിർ വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 247

### 78- മുസ്‌ലിമായ ഒരു സഹോദരനെ സന്തോഷിപ്പിക്കുന്നതിനായി അല്ലാഹുവിന് ഇഷ്ടമുള്ള കാര്യങ്ങളുമായി അവനെ സന്ദർശിക്കൽ.

മഹത്വം : ക്വിയാമത്ത് നാളിൽ സന്തോഷം ലഭിക്കുന്നു.

തെളിവ് : അനസ് - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " മുസ്‌ലിമായ ഒരു സഹോദരനെ സന്തോഷിപ്പിക്കുന്നതിനായി അവന് ഇഷ്ടമുള്ള കാര്യങ്ങളുമായി ആരെങ്കിലും അവനെ സന്ദർശിച്ചാൽ ക്വിയാമത്ത് നാളിൽ അല്ലാഹു അവനെയും സന്തോഷിപ്പിക്കുന്നതാണ്. " [ ത്വബ്റാനി : അസ്സ്വഗീർ : 1178 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് മുന്ദിരി , ദിംയാഥി ,ഹൈഥമി തുടങ്ങിയവർ വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 248

### 79- മുസ്‌ലിമായ ഒരു വ്യക്തിയുടെ ന്യൂനത മറച്ചു വെക്കൽ.

മഹത്വം : ക്വിയാമത്ത് നാളിൽ അല്ലാഹു അവന്റെ ന്യൂനതയും മറച്ച് വെക്കുന്നതാണ്.

തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " മുസ്‌ലിമായ ഒരു വ്യക്തി മറ്റൊരു വ്യക്തിയുടെ ന്യൂനത ദുനിയാവിൽ മറച്ചു വെച്ചാൽ ക്വിയാമത്ത് നാളിൽ അല്ലാഹു അവന്റെ ന്യൂനതയും മറച്ച് വെക്കുന്നതാണ്. " [ മുസ്‌ലിം : 2590]

- അബ്ദുല്ല ബിൻ ഉമർ - رضي الله عنهما നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : "ഒരു മുസ്‌ലിമിന്റെ ന്യൂനതകൾ ആരെങ്കിലും മറച്ചുവെക്കുന്ന പക്ഷം ക്വിയാമത്ത് നാളിൽ അല്ലാഹു അവന്റെ ന്യൂനതയും മറച്ച് വെക്കുന്നതാണ്. " [ ബുഖാരി : 2442 , മുസ്‌ലിം : 2580]

നിർവഹിച്ചു

## സൽകർമം 249

## 80- ഒരു സഹോദരന്റെ ആവശ്യം നിറവേറുന്നത് വരെ അവന്റെ കൂടെ നടക്കൽ.

മഹത്വം : കാലുകൾക്ക് പതർച്ച സംഭവിക്കുന്ന ദിനത്തിൽ അവയ്ക്ക് ശക്തിയും സ്ഥൈര്യം ലഭിക്കുന്നു , മസ്ജിദുന്നബവിയിൽ ഒരു മാസം ഇഅ്തികാഫ് ഇരിക്കുന്നതിനെക്കാൾ ശ്രേഷ്ഠം.

തെളിവ് : ഇബ്നു ഉമർ - رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ഒരു സഹോദരന്റെ ആവശ്യത്തിന് വേണ്ടി അവന്റെ കൂടെ നടക്കലാണ് മസ്ജിദുന്നബവിയിൽ ഒരു മാസം ഇഅ്തികാഫ് ഇരിക്കുന്നതിനെക്കാൾ എനിക്കിഷ്ടം. ആരെങ്കിലും തന്റെ സഹോദരന്റെ ആവശ്യം നിറവേറുന്നത് വരെ അവന്റെ കൂടെ നടന്നാൽ കാലുകൾക്ക് പതർച്ച സംഭവിക്കുന്ന ദിനത്തിൽ അല്ലാഹു അവയ്ക്ക് ശക്തിയും സ്ഥൈര്യം പകരുന്നതാണ്. " [ ത്വബ്റാനി : മുഅ്ജമുൽ കബീർ : 13646 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 250

### 81- ഉറങ്ങാൻ കിടക്കുമ്പോൾ ഉള്ള ദിക്ർ ചൊല്ലൽ.

മഹത്വം : അല്ലാഹു സൃഷ്ടിച്ച അതേ ശുദ്ധ പ്രകൃതിയിൽ മരിക്കാൻ കഴിയുന്നു.

തെളിവ് : ബർറാഅ് ബിൻ ആസിബ് - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ ഉറങ്ങാനൊരുങ്ങുമ്പോൾ തന്റെ വലത് ഭാഗത്തേക്ക് ചെരിഞ്ഞാണ് ഉറങ്ങാറുള്ളത്. പിന്നീട് ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു. ' അല്ലാഹുവേ, എന്നെ ഞാൻ നിന്നിൽ കീഴ്പ്പെടുത്തി വെക്കുകയും, എന്റെ മുഖം ഞാൻ നിന്നിലേക്ക് തിരിക്കുകയും, എന്റെ കാര്യങ്ങൾ ഞാൻ നിന്നിൽ ഏൽപ്പിക്കുകയും എന്റെ മുതുകിനെ ഞാൻ നിന്നിലർപ്പിക്കുകയും ചെയ്തിരിക്കുന്നു. നിന്നിൽ ( നിന്നുള്ള പ്രതിഫലം ) കാംക്ഷിച്ചും നിന്റെ ( ശിക്ഷ ) ഭയന്നുമാകുന്നു അത്. നിന്റെ മാർഗത്തിലേക്ക് പശ്ചാതപിച്ച് മടങ്ങുകയല്ലാതെ യാതൊരു രക്ഷയോ അഭയമോ ഇല്ലതന്നെ.! നീ ഇറക്കിയ ഗ്രന്ഥത്തിലും നീ അയച്ച ദൂതനിലും ഞാൻ വിശ്വസിച്ചിരിക്കുന്നു. ' പിന്നീട് അവിടുന്ന് പറഞ്ഞു : അങ്ങനെ ആ രാത്രി അവൻ മരിക്കുകയാണെങ്കിൽ ശുദ്ധ പ്രകൃതിയിലായിരിക്കും അവന്റെ മരണം. " [ ബുഖാരി : 6315 , മുസ്‌ലിം : 2710 ]

നിർവഹിച്ചു

## സൽകർമം 251

### 82- റമദ്വാനിൽ ഉംറ നിർവ്വഹിക്കൽ.

മഹത്വം : ഒരു ഹജ്ജിന്റെയോ അല്ലെങ്കിൽ റസൂൽ ﷺ കൂടെ ഹജ്ജ് നിർവ്വഹിച്ചതിന് തുല്യമായതോ ആയ പ്രതിഫലം ലഭിക്കുന്നു.

തെളിവ് : ഇബ്നു അബ്ബാസ് -رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " റമദ്വാനിലെ ഒരു ഉംറ ഒരു ഹജ്ജിനോ അല്ലെങ്കിൽ എന്റെ കൂടെ ഹജ്ജ് നിർവ്വഹിച്ചതിനോ തുല്യമാണ്. " [ ബുഖാരി : 1863 , മുസ്ലിം : 1256 ]

- ഇബ്നു അബ്ബാസ് -رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നിശ്ചയം റമദ്വാനിലെ ഒരു ഉംറ ഒരു ഹജ്ജിന് തുല്യമാണ്. " മറ്റൊരു റിപ്പോർട്ടിൽ കാണാം : " എന്റെ കൂടെ ഹജ്ജ് നിർവ്വഹിച്ചതിന് തുല്യമാണ്. " [ ബുഖാരി : 1772 , മുസ്ലിം : 1256 ]

നിർവഹിച്ചു

## സൽകർമം 252

### 83- സുബ്ഹ് നമസ്കാരം ജമാഅത്തായി നിർവ്വഹിക്കുകയും സൂര്യോദയം വരെ ദിക്റിലായി അവിടെ തന്നെ ഇരിക്കുകയും പിന്നീട് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്യൽ.

മഹത്വം : പരിപൂർണ്ണമായ ഉംറയുടെയും ഹജ്ജിന്റേയും പ്രതിഫലം ലഭിക്കുന്നു.

തെളിവ് : അനസ് - - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " സുബ്ഹ് നമസ്കാരം ജമാഅത്തായി നിർവ്വഹിക്കുകയും ശേഷം സൂര്യോദയം വരെ അല്ലാഹുവെ സ്മരിച്ച് പള്ളിയിൽ ഇരിക്കുകയും പിന്നീട് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്യുന്നവർക്ക് പരിപൂർണ്ണമായ, പരിപൂർണ്ണമായ, പരിപൂർണ്ണമായ ഉംറയുടെയും ഹജ്ജിന്റേയും പ്രതിഫലമുണ്ട്. " [ തിർമിദി : 586 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 253

## 84- നന്മ പഠിക്കുവാനോ പഠിപ്പിക്കുവാനോ ആയി പള്ളിയിലേക്ക് പോകൽ.

മഹത്വം : പരിപൂർണ്ണമായ ഹജ്ജിന്റെ പ്രതിഫലം ലഭിക്കുന്നു.

തെളിവ് : അബൂ ഉമാമ: - رضي الله عنه - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നന്മ പഠിക്കുവാനോ പഠിപ്പിക്കുവാനോ എന്നതല്ലാതെ മറ്റൊരു ഉദ്ദേശ്യവുമില്ലാതെ ഒരാൾ പള്ളിയിലേക്ക് പുറപ്പെട്ടാൽ അവന് പരിപൂർണ്ണമായ ഒരു ഹജ്ജ് നിർവ്വഹിച്ചവന്റെ പ്രതിഫലമുണ്ട്. " [ ത്വബ്റാനി : മുഅ്ജമുൽ കബീർ : 7473] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 254

## 85- ദുൽഹിജ്ജയിലെ ആദ്യ പത്ത് ദിനങ്ങളിൽ ആരാധനകൾ നിർവ്വഹിക്കൽ

മഹത്വം : അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിനെക്കാൾ ശ്രേഷ്ഠം, തന്റെ സമ്പത്തും ശരീരവുമായി യുദ്ധത്തിന് പുറപ്പെടുകയും പിന്നീട് മരണം വരിക്കുകയും ചെയ്ത ഒരു യോദ്ധാവിന്റെ പ്രവർത്തനമൊഴികെ.

തെളിവ് : ഇബ്നു അബ്ബാസ് - رضي الله عنهما - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " സൽക്കർമ്മങ്ങൾ നിർവ്വഹിക്കാൻ ദുൽഹിജ്ജയിലെ ആദ്യ പത്ത് ദിനങ്ങളെക്കാൾ അല്ലാഹുവിന് ഇഷ്ടപ്പെട്ട മറ്റു ദിനങ്ങളില്ല. സമ്പത്തും ശരീരവുമായി യുദ്ധത്തിന് പുറപ്പെടുകയും പിന്നീട് മരണം വരിക്കുകയും ചെയ്ത ഒരു യോദ്ധാവിന്റെ പ്രവർത്തനമൊഴികെ. " [അഹ്മദ് : 1993 , അബൂ ദാവൂദ് : 2438 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 255

### 86- വിധവകൾക്കും സാധുക്കൾക്കും നന്മ ചെയ്തു നൽകൽ

മഹത്വം : ജിഹാദിന്റെയും രാത്രി നമസ്കരിക്കുന്നതിന്റെയും പകൽ നോമ്പനുഷ്ഠിക്കുന്നതിന്റെയും പ്രതിഫലം ലഭിക്കും. തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " വിധവകൾക്കും സാധുക്കൾക്കും വേണ്ടി ഓടി നടക്കുന്നവൻ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവനെപ്പോലെയാണ്. അല്ലെങ്കിൽ രാത്രി മുഴുവൻ നമസ്കരിക്കുകയും പകൽ നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നവനെപ്പോലെയാണ്. "

[ ബുഖാരി : 6007 , മുസ്‌ലിം : 2982 ]

നിർവഹിച്ചു

## സൽകർമം 256

### 87- വിജയം വരിക്കുന്നത് വരെ അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്ന ഒരു യോദ്ധാവിനെ തയ്യാറാക്കൽ.

മഹത്വം : അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്ന ഒരു യോദ്ധാവിന്റെ പ്രതിഫലം ലഭിക്കും.

തെളിവ് : സൈദ് ബിൻ ഖാലിദ് - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്ന ഒരു യോദ്ധാവിനെ തയ്യാറാക്കിയവൻ യുദ്ധത്തിൽ പങ്കെടുത്തവനെപ്പോലെയാണ്. " [ ബുഖാരി : 2843 , മുസ്‌ലിം : 1895 ]

- ഉമർ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " വിജയം വരിക്കുന്നത് വരെ അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്ന ഒരു യോദ്ധാവിനെ തയ്യാറാക്കുന്നവർക്ക് അദ്ദേഹം മരിക്കുന്നത് വരെയോ യുദ്ധത്തിൽ നിന്ന് മടങ്ങി വരുന്നത് വരെയോ ലഭിക്കുന്ന പ്രതിഫലം അവർക്കും ലഭിക്കുന്നതാണ്. " [ അഹ്മദ് : 128 , ഇബ്നു മാജ: : 2758 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അർനഊഥ് വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 257

### 88- അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്ന യോദ്ധാവിന്റെ വീട്ടിൽ പിൻഗാമിയായി നല്ല രീതിയിൽ വർത്തിക്കൽ.

മഹത്വം : അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്ന ഒരു യോദ്ധാവിന്റെ പ്രതിഫലം ലഭിക്കും.

തെളിവ് : സൈദ് ബിൻ ഖാലിദ് - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്ന ഒരു യോദ്ധാവിനെ തയ്യാറാക്കിയവൻ യുദ്ധത്തിൽ പങ്കെടുത്തവനെപ്പോലെയാണ്. യോദ്ധാവിന്റെ വീട്ടിൽ പിൻഗാമിയായി നല്ല രീതിയിൽ വർത്തിച്ചവനും യുദ്ധത്തിൽ പങ്കെടുത്തവനെപ്പോലെയാണ്. " [ ബുഖാരി : 2843, മുസ്‌ലിം : 1895 ]

നിർവഹിച്ചു

## സൽകർമം 258

### 89- എല്ലാ മാസവും മൂന്ന് ദിവസം നോമ്പനുഷ്ഠിക്കൽ.

മഹത്വം : ഒരോ നോമ്പിനും പത്തിരട്ടിയായി പ്രതിഫലം ലഭിക്കുകയും വർഷം മുഴുവൻ നോമ്പനുഷ്ഠിച്ച പ്രതിഫലം രേഖപ്പെടുത്തുകയും ചെയ്യും.

തെളിവ് : അബ്ദുല്ല ബിൻ അംറ് - رضي الله عنهما- പറഞ്ഞു : ഒരിക്കൽ റസൂൽ ﷺ എന്റെ അടുത്ത് വന്നു പറഞ്ഞു : " എല്ലാ മാസവും മൂന്ന് ദിവസം നോമ്പനുഷ്ഠിക്കൽ താങ്കൾക്ക് മതിയായതാണ്; കാരണം, ഒരോ നന്മക്കും അതിന്റെ പത്തിരട്ടിയായാണ് പ്രതിഫലം നൽകപ്പെടുക. അങ്ങനെ കണക്കാക്കുമ്പോൾ അത് വർഷം മുഴുവൻ നോമ്പനുഷ്ഠിക്കുന്നതിന് തുല്യമാണ്".

[ ബുഖാരി : 6134 , മുസ്‌ലിം : 3418 ]

നിർവഹിച്ചു

## സൽകർമം 259

### 90- റമദ്വാനിലെ വ്രതത്തിന് ശേഷം ശവ്വാലിൽ ആറ് നോമ്പനുഷ്ഠിക്കൽ

മഹത്വം : വർഷം മുഴുവൻ നോമ്പനുഷ്ഠിച്ച പ്രതിഫലം.

തെളിവ് : അബൂ അയ്യൂബ് അൽ അൻസ്വാരി - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " റമദ്വാനിലെ വ്രതവും അതിനെ തുടർന്ന് ശവ്വാലിലെ ആറ് നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നവർ ആ വർഷം മുഴുവൻ നോമ്പനുഷ്ഠിച്ചതുപോലെയാണ്. " [ മുസ്‌ലിം : 1164 ]

നിർവഹിച്ചു

## സൽകർമം 260

### 91- വെള്ളിയാഴ്ച്ച ദിവസം ജുമുഅക്ക് വേണ്ടി കുളിക്കുകയും നടന്ന് കൊണ്ട് പള്ളിയിലേക്ക് നേരത്തെ പുറപ്പെടുകയും ഇമാമിന്റെ അടുത്തിരുന്ന് അനാവശ്യ കാര്യങ്ങളിൽ ഏർപ്പെടാതെ ഖുത്‌ബ ശ്രദ്ധിച്ച് കേൾക്കുകയും ചെയ്യൽ

മഹത്വം : ഒരു വർഷം നോമ്പനുഷ്ഠിക്കുകയും രാത്രി നമസ്കരിക്കുകയും ചെയ്ത പ്രതിഫലം. തെളിവ് : ഔസ് ബിൻ ഔസ് അസ്സകഫി - رضي الله عنه - നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു : " ആരെങ്കിലും ജുമുഅക്ക് വേണ്ടി കുളിക്കുകയും പിന്നീട് അതിരാവിലെ പള്ളിയിലേക്ക് വാഹനത്തിലല്ലാതെ നടന്ന് പോവുകയും പിന്നീട് ഇമാമിനോട് അടുത്തിരുന്ന് അനാവശ്യ കാര്യങ്ങളിൽ ഏർപ്പെടാതെ ഖുത്‌ബ ശ്രദ്ധിച്ച് കേൾക്കുകയും ചെയ്താൽ അവന് ഒരു വർഷം നോമ്പനുഷ്ഠിക്കുകയും രാത്രി നമസ്കരിക്കുകയും ചെയ്ത പ്രതിഫലമുണ്ട്. " [ അഹ്മദ് : 16426 , നസാഈ : സുനനുൽ കുബ്റാ : 1697 , അബൂ ദാവൂദ് : 345 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 261

### 92- നോമ്പ് തുറപ്പിക്കൽ.

മഹത്വം : നോമ്പനുഷ്ഠിച്ച പ്രതിഫലം.

തെളിവ് : സൈദ് ബിൻ ഖാലിദ് അൽ ജുഹനി - رضي الله عنه - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും നോമ്പ് തുറപ്പിച്ചാൽ നോമ്പുകാരന് ലഭിക്കുന്നതിന് തുല്യമായ പ്രതിഫലം അവനും ലഭിക്കുന്നതാണ്. അതു കൊണ്ട് നോമ്പുകാരന്റെ പ്രതിഫലത്തിൽ നിന്ന് ഒന്നും തന്നെ കുറയുകയില്ല. " [ തിർമിദി : 807 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂതിയും അൽബാനിയും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 262

### 93- നൂറ് തവണ തസ്ബീഹ് ചൊല്ലൽ.

മഹത്വം : മുസ്‌ലിംകളായ നൂറ് അടിമകളെ മോചിപ്പിച്ച പ്രതിഫലവും ആയിരം നന്മകൾ രേഖപ്പെടുത്തുകയും ചെയ്യുന്നു.

തെളിവ് : ഉമ്മു ഹാനിഅ് ബിൻത് അബീ ത്വാലിബ് -رضي الله عنها- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നീ നൂറ് തവണ തസ്ബീഹ് ചൊല്ലി കൊള്ളുക; നിശ്ചയം അത് ഇസ്മാഈൽ നബിയുടെ സന്താന പരമ്പരയിൽ നിന്നും നൂറ് അടിമകളെ മോചിപ്പിച്ചതിന് തുല്യമാകുന്നു. " [ അഹ്മദ് : 27553 , നസാഈ : സുനനുൽ കുബ്റാ : 10613 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

- സഅദ് ബിൻ അബീ വക്വാസ് -رضي الله عنه- പറഞ്ഞു : ഒരിക്കൽ ഞങ്ങൾ റസൂൽ ﷺ യുടെ കൂടെ ഇരിക്കവെ അവിടുന്ന് ചോദിച്ചു : " ഒരു ദിവസം ആയിരം നന്മകൾ കരസ്ഥമാക്കാൻ നിങ്ങൾക്ക് കഴിയുന്നില്ലയോ.? അപ്പോൾ സദസ്സിൽ നിന്ന് ഒരാൾ ആയിരം നന്മകൾ ഞങ്ങൾ എങ്ങനെയാണ് കരസ്ഥമാക്കുക എന്ന് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു : നിങ്ങൾ നൂറ് തവണ ' സുബ്ഹാനല്ലാഹ് ' പറയുകയാണെങ്കിൽ അവന് ആയിരം നന്മകൾ രേഖപ്പെടുത്തുകയോ അല്ലെങ്കിൽ അത്ര തന്നെ തെറ്റുകൾ അവനിൽ നിന്നും കൊഴിഞ്ഞ് പോവുകയോ ചെയ്യുന്നതാണ്. " [ മുസ്‌ലിം : 2698 ]

നിർവഹിച്ചു

## സൽകർമം 263

### 94- നൂറ് തവണ لا إله إلا الله എന്നോ അല്ലെങ്കിൽ لا إله إلا الله وحده لا شريك له الملك وله الحمد وهو على كل شيء قدير എന്നോ ചൊല്ലൽ.

മഹത്വം : പത്ത് അടിമകളെ മോചിപ്പിച്ച പ്രതിഫലം , ആകാശ ഭൂമികൾക്കിടയിൽ അത് നിറയും , നൂറ് നന്മകൾ രേഖപ്പെടുത്തും.

തെളിവ് : അബൂ ഹുറൈറ - رضي الله عنه - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ' അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് സർവ്വ സ്തുതിയും പരമാധികാരവും. അവൻ എല്ലാത്തിനും കഴിവുള്ളവനാണ്. ' എന്ന് ആരെങ്കിലും ഒരു ദിവസം നൂറ് തവണ ചൊല്ലിയാൽ അവന് പത്ത് അടിമകളെ മോചിപ്പിച്ചതിന് തുല്യമായ പ്രതിഫലവും നൂറ് നന്മകൾ രേഖപ്പെടുത്തുകയും ചെയ്യുന്നതാണ്. " [ ബുഖാരി : 3293 , മുസ്‌ലിം : 2691 ]

- ഉമ്മു ഹാനിഅ് ബിൻത് അബീ ത്വാലിബ് - رضي الله عنها - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നീ നൂറ് തവണ لا إله إلا الله ചൊല്ലി കൊള്ളുക. " ഇബ്നു ഖലഫ് പറഞ്ഞു : " അത് ( തഹ്‌ലീൽ ) ആകാശ - ഭൂമിക്ക് ഇടയിലുള്ളതിനെ നിറക്കുമെന്നും നീ ചെയ്തത് പോലുള്ള പ്രവർത്തനമല്ലാതെ ആ ദിവസം അല്ലാഹുവിലേക്ക് ഉയരുന്ന അതിനെക്കാൾ ശ്രേഷ്ഠമായ മറ്റൊരു കർമ്മവുമില്ല എന്നാണ് അദ്ദേഹം പറഞ്ഞതെന്ന് ഞാൻ കരുതുന്നു. " [ അഹ്മദ് : 27553 , നസാഈ : സുനനുൽ കുബ്റാ : 10613 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

## സൽകർമം 264

### 95- പത്ത് തവണ ഈ ദിക്ർ ചൊല്ലൽ :

### لا إله إلا الله وحده لا شريك له الملك وله الحمد وهو على كل شيء قدير

മഹത്വം : മുസ്‌ലിംകളിൽ നിന്നും നാല് അടിമകളെ മോചിപ്പിച്ച പ്രതിഫലം.

തെളിവ് : അംറ് ബിൻ മൈമൂൻ - رضي الله عنه - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ' അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് സർവ്വ സ്തുതിയും പരമാധികാരവും. അവൻ എല്ലാത്തിനും കഴിവുള്ളവനാണ്. ' എന്ന് ആരെങ്കിലും പത്ത് തവണ ചൊല്ലിയാൽ അവൻ ഇസ്മാഈൽ നബിയുടെ സന്താന പരമ്പരയിൽ നിന്നും നാല് അടിമകളെ മോചിപ്പിച്ചവനെപ്പോലെയാണ്. " [ ബുഖാരി : 6404 , മുസ്‌ലിം : 2693 ]

നിർവഹിച്ചു

## സൽകർമം 265

### 96- ഏഴ് തവണ കഅ്ബ ത്വവാഫ് ചെയ്യലും ശേഷം രണ്ട് റക്അത്ത് നമസ്കരിക്കലും.

മഹത്വം : ഒരടിമയെ മോചിപ്പിച്ച പ്രതിഫലം , ഒരോ കാലടികൾക്കും ഒരോ നന്മകൾ.

തെളിവ് : ഇബ്നു ഉമർ -رضي الله عنهما- നിന്ന് നിവേദനം : നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " ആരെങ്കിലും കഅ്ബയെ ഏഴ് തവണ ത്വവാഫ് ചെയ്യുകയാണെങ്കിൽ അവന് ഒരടിമയെ മോചിപ്പിച്ച പ്രതിഫലമുണ്ട്. " [ തിർമിദി : 959 , അഹ്മദ് : 4548] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

- ഇബ്നു ഉമർ -رضي الله عنهما- നിന്ന് നിവേദനം : നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " ആരെങ്കിലും കഅ്ബയെ ഏഴ് തവണ ത്വവാഫ് ചെയ്യുകയും പിന്നീട് രണ്ട് റക്അത്ത് നമസ്കരിക്കുകയുമാണെങ്കിൽ അവന് ഒരടിമയെ മോചിപ്പിച്ച പ്രതിഫലമുണ്ട്. " [ ഇബ്നു മാജ: : 2956 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.
- ഇബ്നു ഉമർ -رضي الله عنهما- നിന്ന് നിവേദനം : നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " ആരെങ്കിലും കഅ്ബയെ ഏഴ് തവണ ത്വവാഫ് ചെയ്യുകയാണെങ്കിൽ അവൻ വെക്കുന്ന ഓരോ കാലടികളും നിമിത്തം അല്ലാഹു അവനിൽ നിന്നും ഒരു തെറ്റിനെ മായ്ച്ചു കളയുകയും ഒരു നന്മ രേഖപ്പെടുത്തുകയും ഒരു പദവി ഉയർത്തുകയും ചെയ്യുന്നതാണ്. "[ അഹ്മദ് : 4548 , ഇബ്നു ഹിബ്ബാൻ : 3697 , തിർമിദി : 959] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 266-268

### 97 , 99- കറവയുള്ള ആടിനെ ഉപകാരമെടുക്കാൻ മറ്റൊരാൾക്ക് നൽകുക , കടം നൽകുക , വഴി കാണിച്ച് നൽകുക .

മഹത്വം : ഒരടിമയെ മോചിപ്പിച്ച പ്രതിഫലം.

തെളിവ് : ബറാഅ് ബിൻ ആസിബ് - رضي الله عنه - നിന്ന് നിവേദനം : നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " ആരെങ്കിലും നല്ല കറവയുള്ള ആടിനെ മറ്റൊരാൾക്ക് നൽകുകയും ഉപകാരമെടുത്ത ശേഷം അയാൾ അത് തിരിച്ചേൽപ്പിക്കുകയും ചെയ്യുകയോ കടമായി വെള്ളി നൽകുകയോ അന്ധന് വഴി കാണിക്കുകയോ ചെയ്താൽ അവന് ഒരടിമയെ മോചിപ്പിച്ചതിന് തുല്യമായ പ്രതിഫലമുണ്ട്. " [ അഹ്മദ് : 18810 , തിർമിദി : 1957 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 269

### 100- നൂറ് തവണ الحمد لله പറയൽ

മഹത്വം : ജീനിധരിപ്പിച്ച് കടിഞ്ഞാണിട്ട നൂറ് കുതിരകളെ അല്ലാഹുവിന്റെ മാർഗത്തിൽ ധാനം നൽകിയ പ്രതിഫലം.

തെളിവ് : ഉമ്മു ഹാനിഅ് ബിൻത് അബീ ത്വാലിബ് - رضي الله عنها - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അല്ലാഹുവിന് വേണ്ടി നൂറ് തവണ നീ തഹ്മീദ് (الحمد لله) ചൊല്ലിക്കൊള്ളുക; നിശ്ചയം അത് അല്ലാഹുവിന്റെ മാർഗത്തിൽ നൂറ് പടക്കുതിരകളെ ഒരുക്കി നിർത്തുന്നതിന് തുല്യമാകുന്നു. " [ അഹ്മദ് : 27553 , നസാഈ : സുനനുൽ കുബ്റാ : 10613 ]

നിർവഹിച്ചു

## സൽകർമം 270

## 101- താഴെ നൽകിയ ദിക്റും അത്ര തന്നെ തസ്ബീഹും നിർവ്വഹിക്കൽ

**الحمدُ للهِ عددَ ما خلقَ والحمدُ للهِ ملء ما خلق والحمدُ للهِ**
**عدد ما في السماوات وما في الأرضِ والحمدُ للهِ ملءَ ما أحصَى كتابُه والحمدُ للهِ**
**عددَ كلِّ شيءٍ وتسبحُ اللهَ مثلَهن ثم قال تعلَّمْهنَّ وعلِّمْهن عقبَك مِن بعدِك**

**മഹത്വം : രാപ്പകലുകൾ മുഴുവൻ അല്ലാഹുവെ സ്മരിക്കുന്നതിനെക്കാളും പ്രതിഫലം.**

**തെളിവ് : അബൂ ഉമാമ: - رضي الله عنه- പറഞ്ഞു : " ഞാനൊരിക്കൽ ചുണ്ട് ചലിപ്പിച്ച് കൊണ്ടിരിക്കെ നബി ﷺ എന്നെ കാണുകയും താങ്കൾ എന്താണ് ഉരുവിട്ട് കൊണ്ടിരിക്കുന്നതെന്ന് ചോദിക്കുകയും ചെയ്തപ്പോൾ അല്ലാഹുവെ സ്മരിച്ച് കൊണ്ടിരിക്കുകയാണെന്ന് ഞാൻ മറുപടി പറഞ്ഞു. അപ്പോൾ അവിടുന്ന് ചോദിച്ചു : നീ രാപ്പകലുകൾ മുഴുവൻ അല്ലാഹുവെ സ്മരിക്കുന്നതിനെക്കാളും പ്രതിഫലം ലഭിക്കുന്ന ഒരു കാര്യം ഞാൻ നിനക്കറിയിച്ച് തരട്ടെയോ..? ' അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും; അവൻ സൃഷ്ടിച്ചവയുടെ എണ്ണമത്രയും. അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും; അവൻ സൃഷ്ടിച്ച വസ്തുക്കൾ നിറയുന്ന അത്രയും. അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും; ആകാശ - ഭൂമിയിലുള്ള എണ്ണമത്രയും. അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും; ലൗഹുൽ മഹ്ഫൂദിൽ ഉൾകൊള്ളുന്ന എണ്ണമത്രയും. അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും; ലൗഹുൽ മഹ്ഫൂദ് നിറയുന്ന അത്രയും. അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും; സകല വസ്തുക്കളുടെയും എണ്ണമത്രയും. അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും; സകല വസ്തുക്കളും നിറയുന്ന അത്രയും. ' ഇത് പോലെ നീ തസ്ബീഹ് പറഞ്ഞ് കൊള്ളുക. പിന്നീട് അവിടുന്ന് പറഞ്ഞു : നിന്റെ കാല ശേഷം വരുന്നവരെ ആ വാക്കുകൾ നീ പഠിപ്പിച്ച് കൊള്ളുക. " [ അഹ്മദ് : 22573 , നസാഈ : സുനനുൽ കുബ്റാ : 9921 , ത്വബ്റാനി : മുഅ്ജമുൽ കബീർ : 7956] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.**

നിർവഹിച്ചു

സൽകർമ്മം 271

## 102- മൂന്ന് തവണ ഈ ദിക്ർ ചൊല്ലൽ

## سبحان الله وبحمده عدد خلقه ورضا نفسه وزنة عرشه ومداد كلماته

മഹത്വം : മറ്റു ധാരാളം പ്രാർത്ഥനകളുമായി തുലനം ചെയ്ത് നോക്കുമ്പോൾ ഇതിനായിരിക്കും ഭാരമുണ്ടാവുക.

തെളിവ് : ജുവൈരിയ്യ: - رضي الله عنها- നിന്ന് നിവേദനം : ഒരിക്കൽ നബി ﷺവീട്ടിൽ നിന്ന് അതി രാവിലെ പുറത്തേക്ക് പോകവെ ജുവരിയ്യ: - رضي الله عنها- സുബ്ഹ് നമസ്കാരം കഴിഞ്ഞ് അവിടെ തന്നെ ഇരിക്കുകയായിരുന്നു. അങ്ങനെ ദ്വുഹാ സമയത്ത് നബി ﷺ തിരിച്ച് വന്നപ്പോൾ അവരെ അതേ അവസ്ഥയിൽ കണ്ടപ്പോൾ അവിടുന്ന് ചോദിച്ചു : ഞാൻ പുറത്തേക്ക് പോകുമ്പോൾ ഉള്ള അതേ അവസ്ഥയിൽ തന്നെയാണല്ലേ നീ ഇപ്പോഴും..? അവർ ' അതെ ' എന്ന് പ്രതികരിച്ചപ്പോൾ നബി ﷺപറഞ്ഞു : ഞാൻ നിന്നെ വിട്ടുപോയതിനു ശേഷം നാല് വാക്യങ്ങൾ മൂന്ന് തവണ പറയുകയുണ്ടായി. നീ ഇന്ന് മുതൽ ചൊല്ലിയ പ്രാർത്ഥനകളെ അവയുമായി തുലനം ചെയ്ത് നോക്കിയാൽ അവയായിരിക്കും ഭാരം തൂങ്ങുക. ( അതിപ്രകാരമാകുന്നു : ) ' അല്ലാഹുവെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. അവന്റെ സൃഷ്ടികളുടെ എണ്ണമത്രയും. അവൻ സ്വയം സംതൃപ്തിപ്പെടുന്നത്രയും. അവന്റെ അർശിന്റെ ഭാരത്തിന്റെയത്രയും. അവന്റെ ( എണ്ണമറ്റ ) വചനങ്ങളുടെ ആധിക്യത്തിന്റെയത്രയും. ' " [ മുസ്‌ലിം : 2726]

നിർവഹിച്ചു

## സൽകർമം 272

## 103- لا حول ولا قوة إلا بالله എന്ന് പറയൽ.

മഹത്വം : സ്വർഗത്തിലെ നിധികളിൽ പെട്ട ഒരു നിധി.

തെളിവ് : അബൂ മൂസ അൽ അശ്അരി - - رضي الله عنه നിന്ന് നിവേദനം : " സ്വർഗ നിധികളിൽ പെട്ട ഒരു വാക്ക് അല്ലെങ്കിൽ ഒരു നിധിയെക്കുറിച്ച് ഞാൻ താങ്കൾക്ക് അറിയിച്ച് തരട്ടെയോ എന്ന് റസൂൽ ﷺ എന്നോട് ചോദിച്ചപ്പോൾ ഞാൻ ' അതെ ' എന്ന് പറയുകയുണ്ടായി. അപ്പോൾ അവിടുന്ന് പറഞ്ഞു : ' അല്ലാഹുവിനെ കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല. ' എന്ന് പറഞ്ഞ് കൊള്ളുക. നിശ്ചയം അത് സ്വർഗത്തിലെ നിധികളിൽ പെട്ട ഒരു നിധിയാകുന്നു. " [ ബുഖാരി : 6384 , മുസ്‌ലിം : 2704 ]

നിർവഹിച്ചു

## സൽകർമം 273

## 104- ഒരു നമസ്കാരം കഴിഞ്ഞ് അടുത്തതിനായി അവിടെ തന്നെ കാത്തിരിക്കുയും അത് നിർവ്വഹിക്കുകയും ചെയ്യൽ , അതിനിടയിൽ ദുനിയാവിന്റെ കാര്യങ്ങളിൽ മുഴുകാതിരിക്കുകയും ചെയ്യൽ.

മഹത്വം : മലക്കുകളുടെയും മുഅ്മിനുകളായ മനുഷ്യ - ജിന്നുകളുടെയും സൽപ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്ന ' ഇല്ലിയ്യീനിൽ ' ഈ കർമ്മം രേഖപ്പെടുത്തും.

തെളിവ് : അബൂ ഉമാമ: - رضي الله عنه - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ഒരു നമസ്കാരം കഴിഞ്ഞ് ( അടുത്തതിനായി അവിടെ തന്നെ കാത്തിരിക്കുയും ) അത് നിർവ്വഹിക്കുകയും ചെയ്താൽ ( മലക്കുകളുടെയും മുഅ്മിനുകളായ മനുഷ്യ - ജിന്നുകളുടെയും സൽപ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്ന ) ' ഇല്ലിയ്യീനിൽ ' ഈ കർമ്മം രേഖപ്പെടുത്തുന്നതാണ്. " [ അഹ്മദ് : 22735 , അബൂ ദാവൂദ് : 1288 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അർനഊഥ് വിധി നൽകിയിട്ടുണ്ട്.

## സൽകർമം 274

### 105- സത്യ സന്ധമായി അല്ലാഹുവോട് രക്തസാക്ഷിത്വം ചോദിക്കൽ.

മഹത്വം : അല്ലാഹുവിന്റെ മാർഗത്തിൽ രക്ത സാക്ഷിത്വം വിഹിച്ച പ്രതിഫലം. തെളിവ് : സഹ്ൽ ബിൻ ഹനീഫ് - رضي الله عنه - നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ആരെങ്കിലും സത്യസന്ധമായി അല്ലാഹുവോട് രക്തസാക്ഷിത്വം ചോദിച്ചാൽ തന്റെ വിരിപ്പിൽ കിടന്ന് മരിച്ചാലും അല്ലാഹു അവനെ രക്തസാക്ഷികളുടെ പദിവിയിലേക്ക് എത്തിക്കുന്നതാണ്. " [ മുസ്‌ലിം : 1909]

- അനസ് ബിൻ മാലിക് - رضي الله عنه - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും സത്യസന്ധമായി അല്ലാഹുവോട് രക്തസാക്ഷിത്വം ചോദിക്കുകയാണെങ്കിൽ അല്ലാഹു അവനത് നൽകുന്നതാണ്. " [ മുസ്‌ലിം : 1908 ]

നിർവഹിച്ചു

സൽകർമം 275

## 106- ദ്വുഹാ നമസ്കാരമോ മറ്റ് ഐച്ഛിക നമസ്കാരങ്ങളോ മാത്രം ലക്ഷ്യം വെച്ച് പള്ളിയിലേക്ക് പുറപ്പെടൽ.

മഹത്വം : ഉംറയുടെ പ്രതിഫലം ലഭിക്കുന്നു.

തെളിവ് : അബൂ ഉമാമ: - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ഐച്ഛിക നമസ്കാരങ്ങൾക്ക് വേണ്ടി ( പള്ളിയിലേക്ക് ) കാൽനടയായി പോകുന്നവർക്ക് പൂർണ്ണമായ ഉംറ നിർവ്വഹിച്ച പ്രതിഫലമുണ്ട്. " [ അഹ്മദ് : 22735 , അബൂ ദാവൂദ് : 558, ത്വബ്റാനി : മുഅ്ജമുൽ കബീർ : 7578] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

- അബൂ ഉമാമ: - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ദ്വുഹാ നമസ്കരിക്കണമെന്ന ഉദ്ദേശ്യത്തോടെ മാത്രം ( പള്ളിയിലേക്ക് ) കാൽനടയായി പോകുന്നവർക്ക് ഉംറ നിർവ്വഹിച്ചവന്റെ അതേ പ്രതിഫലമുണ്ട്. " [ അഹ്മദ് : 22735 , അബൂ ദാവൂദ് : 558 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

സൽകർമം 276

## 107- മദീനയിലെ മസ്ജിദു ക്വുബാ യിൽ വെച്ച് നമസ്കരിക്കൽ.

മഹത്വം : ഉംറയുടെ പ്രതിഫലം ലഭിക്കുന്നു. തെളിവ് : സഹ്ൽ ബിൻ ഹനീഫ് - رضي الله عنه - നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ( വീട്ടിൽ നിന്നും വുദ്വൂഅ് ചെയ്ത് ) മസ്ജിദു ക്വുബാ യിലേക്ക് പുറപ്പെടുകയും അങ്ങനെ അവിടെ എത്തി നമസ്കരിക്കുകയും ചെയ്യുന്നവർക്ക് ഒരു ഉംറ നിർവ്വഹിച്ചതിന് തുല്യമായ പ്രതിഫലമുണ്ട്. " [ നസാഈ : സുനനുൽ കുബ്റാ : 780] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 277

### 108- നൂറ് തവണ തക്ബീർ ചൊല്ലൽ

മഹത്വം : നൂറ് ഒട്ടകങ്ങളെ മസ്ജിദുൽ ഹറാമിലേക്ക് ദാനമായി നൽകിയ പ്രതിഫലം.

തെളിവ് : ഉമ്മു ഹാനിഅ് ബിൻത് അബീ ത്വാലിബ് - رضي الله عنها - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നീ നൂറ് തവണ ത്ക്ബീർ الله أكبر ചൊല്ലി കൊള്ളുക. നിശ്ചയം അത് നൂറ് ബലി ഒട്ടകങ്ങളെ മസ്ജിദുൽ ഹറാമിലേക്ക് ദാനമായി നൽകിയതിന് തുല്യമാകുന്നു. " [ അഹ്മദ് : 28036 , നസാഈ : സുനനുൽ കുബ്റാ : 10613 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 278

### 109- നന്മ കൽപ്പിക്കലും സന്മാർഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും ചെയ്യൽ

മഹത്വം : ദാന ധർമ്മം ചെയ്ത പ്രതിഫലവും സന്മാർഗത്തെ പിൻപറ്റിയവർ ചെയ്യുന്ന പ്രവർത്തങ്ങളുടെ പ്രതിഫലവും ലഭിക്കുന്നു.

തെളിവ് : അബൂ ദർറ് - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " നന്മ കൽപ്പിക്കൽ ധർമ്മമാകുന്നു. " [ മുസ്‌ലിം : 720 ]

- അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " സന്മാർഗത്തിലേക്ക് ക്ഷണിക്കുന്നവന് അതിനെ പിൻപറ്റി പ്രവർത്തിച്ചവന് ലഭിക്കുന്ന പ്രതിഫലത്തിൽ നിന്നും യാതൊന്നും കുറയാതെ തന്നെ തുല്യമായ പ്രതിഫലം ലഭിക്കുന്നതാണ്. " [ മുസ്‌ലിം : 2674]

നിർവഹിച്ചു

## സൽകർമം 279

### 110- തിന്മ വിരോധിക്കൽ

മഹത്വം : ദാന ധർമ്മം ചെയ്ത പ്രതിഫലം.

തെളിവ് : അബൂ ദർറ് - رضي الله عنه - നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " തിന്മ വിരോധിക്കൽ ധർമ്മമാകുന്നു. " [ മുസ്‌ലിം : 720]

നിർവഹിച്ചു

## സൽകർമം 280-281

### 111 , 112- വാഹനപ്പുറത്ത് കയറുവാനും സാധങ്ങൾ കയറ്റി വെക്കുവാനും സഹായിക്കൽ.

മഹത്വം : ദാനധർമ്മത്തിന്റെ പ്രതിഫലം ലഭിക്കുന്നു.

തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ( സൂര്യനുദിച്ച് വരുന്ന ) എല്ലാ ദിവസത്തിലും മനുഷ്യരുടെ ഒരോ സന്ധികൾക്കും സ്വദകയുണ്ട്. വാഹന മൃഗത്തിൽ കയറുവാനോ അതിന്മേൽ ചരക്കുകൾ കയറ്റി വെക്കുവാനോ സഹായിക്കുന്നതും ധർമ്മമാകുന്നു". [ബുഖാരി : 2891 , മുസ്‌ലിം : 1009] )

നിർവഹിച്ചു

## സൽകർമം 282

### 113- രണ്ട് റക്അത്ത് ദുഹാ നമസ്കരിക്കൽ.

മഹത്വം : മനുഷ്യരുടെ ഒരോ സന്ധികൾക്കും സ്വദക നൽകിയ പ്രതിഫലം.

തെളിവ് : അബൂ ദർറ് - - رضي الله عنه നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " സൂര്യനുദിച്ച് വരുന്ന എല്ലാ ദിവസത്തിലും മനുഷ്യരുടെ ഒരോ സന്ധികൾക്കും സ്വദകയുണ്ട്. " ഈ ഹദീസിന്റെ അവസാന ഭാഗത്ത് കാണാം." ദുഹാ സമയത്ത് നിർവ്വഹിക്കുന്ന രണ്ട് റക്അത്ത് നമസ്കാരം അവയ്ക്കെല്ലാം പകരമായി മതിയായതാകുന്നു. " [ മുസ്‌ലിം : 720 ]

നിർവഹിച്ചു

## സൽകർമം 283

### 114- ഭൗതിക നേട്ടം ആഗ്രഹിക്കാതെയും മറ്റ് നിബന്ധനകൾ വെക്കാതെയും കടം നൽകൽ.

തെളിവ് : സ്വദക നൽകുന്നതിന്റെ പകുതി പ്രതിഫലം ലഭിക്കുന്നു.
മഹത്വം : ഇബ്നു മസ്ഊദ് - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " നിശ്ചയം ( ഭൗതിക നേട്ടം ആഗ്രഹിക്കാതെയും മറ്റ് നിബന്ധനകൾ വെക്കാതെയും ) കടം നൽകിയാൽ സ്വദക്വ നൽകുന്നതിന്റെ പകുതി പ്രതിഫലം ലഭിക്കുന്നതാണ്. " [ അഹ്മദ് : 3988 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 284 - 285

### 115 , 116- സുബ്ഹും ഇശാഉം ജമാഅത്തായി നമസ്കരിക്കൽ.

മഹത്വം : രാത്രി നമസ്കാരത്തിന്റെ പ്രതിഫലം ലഭിക്കുന്നു.
തെളിവ് : ഉഥ്മാൻ ബിൻ അഫ്ഫാൻ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു : " ഇശാ നമസ്കാരം സംഘടിതമായി നിർവ്വഹിച്ചവർ രാത്രി പകുതി വരെ നമസ്കരിച്ചവരെ പോലെയാണ്. സുബ്ഹ് നമസ്കാരം സംഘടിതമായി നിർവ്വഹിച്ചവർ രാത്രി മുഴുവനും നമസ്കരിച്ചവരെ പോലെയാണ്. " [ മുസ്‌ലിം : 656 ]

നിർവഹിച്ചു

## സൽകർമം 286

### 117- മസ്ജിദുൽ ഹറാമിൽ വെച്ച് നമസ്കരിക്കൽ.

മഹത്വം : ഒരു ലക്ഷം നമസ്കാരത്തെക്കാൾ ശ്രേഷ്ഠമായത്.
തെളിവ് : ഉമർ ബിൻ ഖത്വാബ് - - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു : " മസ്ജിദുൽ ഹറാമിൽ വെച്ചുള്ള ഒരു നമസ്ക്കാരം മറ്റു പള്ളികളിൽ വെച്ച് നിർവ്വഹിക്കുന്ന ഒരു ലക്ഷം നമസ്കാരത്തെക്കാൾ ശ്രേഷ്ഠമുള്ളതാണ്. " [ അഹ്മദ് : 14920 , ഇബ്നു മാജ: : 1406 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂഥിയും അൽബാനിയും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 287

### 118- മസ്ജിദുന്നബവിയിൽ വെച്ച് നമസ്കരിക്കൽ.

മഹത്വം : ആയിരം നമസ്കാരത്തെക്കാൾ ശ്രേഷ്ഠമായത്.
തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " എന്റെ ഈ പള്ളിയിൽ വെച്ചുള്ള ഒരു നമസ്കാരം മറ്റു പള്ളികളിൽ വെച്ച് നിർവ്വഹിക്കുന്ന ആയിരം നമസ്കാരത്തെക്കാൾ ശ്രേഷ്ഠമുള്ളതാണ്. എന്നാൽ മസ്ജിദുൽ ഹറാം ഇതിൽ പെടുകയില്ല. " [ ബുഖാരി : 1190 , മുസ്ലിം : 1394 ]

നിർവഹിച്ചു

## സൽകർമം 288

### 119- ഇമാമിന്റെ കൂടെ ജമാഅത്തായി നമസ്കരിക്കൽ

മഹത്വം : ഇരുപതിൽ പരമോ, ഇരുപത്തി അഞ്ചോ, ഇരുപത്തി ഏഴോ ഇരട്ടി പ്രതിഫലം ലഭിക്കുന്നു.

തെളിവ് : അബ്ദുല്ല ബിൻ ഉമർ - رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " സംഘടിത നമസ്ക്കാരത്തിന് തനിച്ച് നമസ്കരിക്കുന്നതിനെക്കാൾ ഇരുപത്തി ഏഴിരട്ടി പ്രതിഫലമുണ്ട്. " [ ബുഖാരി : 645 , മുസ്‌ലിം : 650 ]

- അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ഇമാമിന്റെ കൂടെയുള്ള ഒരു നമസ്കാരം തനിച്ച് നമസ്കരിക്കുന്ന ഇരുപത്തി അഞ്ച് നമസ്കാരത്തെക്കാൾ ശ്രേഷ്ഠമാണ്. " [ ബുഖാരി : 648 , മുസ്‌ലിം : 649 ]
- അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നിങ്ങളിലൊരാൾ സംഘടിതമായി നമസ്കരിക്കുന്നതാണ് അയാൾ തന്റെ ജോലി സ്ഥലത്തോ വീട്ടിലോ നമസ്കരിക്കുന്നതിനെക്കാൾ ഇരുപതിൽ പരം പദവി കൂടുതലുള്ളത്. " [ ബുഖാരി 2119, മുസ്‌ലിം : 649 ]

നിർവഹിച്ചു

## സൽകർമം 289

# 120 - ഏകാന്തമായോ വീട്ടിൽ വെച്ചോ ഐച്ഛിക നമസ്കാരങ്ങൾ നിർവ്വഹിക്കൽ.

മഹത്വം : ഇരുപത്തിയഞ്ച് ഇരട്ടി പ്രതിഫലം , സുന്നത്ത് നമസ്കാരങ്ങളെക്കാൾ ഫർദ് നമസ്കാരത്തിനുള്ള ശ്രേഷ്ഠത പോലെയാകുന്നു ഇത്.

തെളിവ് : സുഹൈബ് - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ഒരു വ്യക്തി ഏകാന്തനായി ഐച്ഛിക നമസ്കാരം നിർവ്വഹിക്കുകയാണെങ്കിൽ അവൻ ജനങ്ങൾക്ക് മുന്നിൽ വെച്ച് നിർവ്വഹിക്കുന്ന ഇരുപത്തിയഞ്ച് നമസ്കാരങ്ങൾക്ക് അത് തുല്യമാണ്. " [ അബൂ യഅ്ലാ : 574 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

- സുഹൈബ് ബിൻ നുഅ്മാൻ -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " സുന്നത്ത് നമസ്കാരങ്ങളെക്കാൾ ഫർദ് നമസ്കാരത്തിനുള്ള ശ്രേഷ്ഠത പോലെയാണ് ജനങ്ങളുടെ ദൃഷ്ടിയിൽ നിന്ന് അകന്ന് വീട്ടിൽ വെച്ച് ഐച്ഛിക നമസ്കാരങ്ങൾ നിർവ്വഹിക്കുന്നതിന്റെ ശ്രേഷ്ഠത. " [ ത്വബ്റാനി : മുഅ്ജമുൽ കബീർ : 7322 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 290

### 121- വിശുദ്ധ ഖുർആനിൽ നിന്നും ഒരക്ഷരം പാരായണം ചെയ്യൽ.

മഹത്വം : ഒരു നന്മ രേഖപ്പെടുത്തും. പിന്നീട് അതിന് പത്തിരട്ടിയായി പ്രതിഫലം ലഭിക്കും. , ഖുർആനിന്റെ ശുപാർശ ലഭിക്കും.

തെളിവ് : അബ്ദുല്ല ബിൻ മസ്ഊദ് - رضي الله عنه - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " വിശുദ്ധ ഖുർആനിൽ നിന്നും ഒരക്ഷരം പാരായണം ചെയ്യുന്നവർക്ക് ഒരു നന്മയുണ്ട്; നന്മകൾക്ക് പത്തിരട്ടിയായാണ് പ്രതിഫലം ലഭിക്കുക. ' അലിഫ് ലാം മീം ' ഒരക്ഷരമാണെന്ന് ഞാൻ പറയുകയില്ല; മറിച്ച്, അലിഫ് ഒരക്ഷരവും ലാം ഒരക്ഷരവും മീം ഒരക്ഷരവുമാകുന്നു. " [ തിർമിദി : 2910] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂഥിയും അൽബാനിയും വിധി നൽകിയിട്ടുണ്ട്.

- അബൂ ഉമാമ: അൽ ബാഹിലി - - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " നിങ്ങൾ ഖുർആൻ പാരായണം ചെയ്തു കൊള്ളുക; നിശ്ചയം അതിന്റെ ആളുകൾക്ക് അന്ത്യനാളിൽ അത് ശുപാർശ ചെയ്യുന്നതാണ്. "
  [ മുസ്‌ലിം : 804 ]

നിർവഹിച്ചു

## സൽകർമം 291

### 122- ബാങ്കിന് ഉത്തരം നൽകിയ ശേഷം നബി ﷺ യ്ക്ക് വേണ്ടി സ്വലാത്ത് നിർവ്വഹിക്കൽ.

മഹത്വം : പത്തിരട്ടിയായി പ്രതിഫലം ലഭിക്കുന്നു.

തെളിവ് : അബ്ദുല്ല ബിൻ അംറ് ബ്നുൽ ആസ് - رضي الله عنهم- നിന്ന് നിവേദനം : നബി ﷺ പറയുന്നതായി അദ്ദേഹം കേട്ടു : " ബാങ്ക് വിളിക്കുന്നവന്റെ വിളിനാദം കേൾക്കുമ്പോൾ നിങ്ങളും അത് ഏറ്റ് പറയുക. തുടർന്ന് എനിക്ക് വേണ്ടി സ്വലാത്ത് ചൊല്ലുക. കാരണം, ആരെങ്കിലും എന്റെ മേൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന്റെ മേൽ പത്ത് സ്വലാത്ത് നിർവ്വഹിക്കുന്നതാണ്. " [ മുസ്‌ലിം : 384 ]

നിർവഹിച്ചു

## സൽകർമം 292

### 123- ബലി കർമ്മം നിർവ്വഹിക്കൽ.

മഹത്വം : ഖിയാമത്ത് നാളിൽ ബലിമൃഗം ഇഴുപതിരട്ടിയാവുകയും എന്നിട്ട് പരലോകത്തെ ത്രാസിൽ അതിനെ വെക്കുകയും ചെയ്യും.

തെളിവ് : അലി -رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ ഫാത്തിമയോട് പറഞ്ഞു : " നിന്റെ ബലികർമ്മത്തിന് നീ സാക്ഷിയായി കൊള്ളുക; അതിൽ നിന്നും ഉറ്റി വീഴുന്ന ആദ്യ രക്തത്തുള്ളി നീ പ്രവർത്തിച്ച മുഴുവൻ പാപങ്ങളെയും പൊറുത്ത് തരുന്നതാണ്. നിശ്ചയം ഖിയാമത്ത് നാളിൽ ആ മൃഗം അതിന്റെ ഇഴുപത് ഇരട്ടി മാംസവും രക്തവുമായി വരികയും എന്നിട്ട് പരലോകത്തെ നിന്റെ ത്രാസിൽ അത് വെക്കുകയും ചെയ്യും. " അപ്പോൾ അബൂ സഈദ് അൽ ഖുദ്‌രി - رضي الله عنه - ചോദിച്ചു : റസൂലേ, ഈ പ്രതിഫലം മുഹമ്മദ് നബി ﷺ യുടെ കുടുംബത്തിന് പ്രത്യേകമാണോ അതല്ല ജനങ്ങൾക്കെല്ലാം ഉണ്ടോ..? അപ്പോൾ അവിടുന്ന് പറഞ്ഞു : ഇത് എല്ലാവർക്കുമുള്ളതാണ്. "

[ ബൈഹകി : സുനനുൽ കുബ്റാ : 19227] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂഥി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 293

### 124- سبحان الله وبحمده ، سبحان الله العظيم എന്ന് ചൊല്ലൽ

മഹത്വം : പരലോകത്തെ ത്രാസിൽ ഭാരമുള്ള ദിക്ർ.

തെളിവ് : അബൂഹുറൈറ - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " നാവുകൊണ്ട് ഉച്ചരിക്കാൻ ഭാരം ലഘുവായതും (പരലോകത്തെ) ത്രാസിൽ ഭാരമുള്ളതും പരമകാരുണ്യവാനായ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടതുമായ രണ്ടു വാക്കുകൾ ഇവയാണ്; سبحان الله وبحمده ، سبحان الله العظيم (അല്ലാഹുവെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. ഉന്നതനായ അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. ) " [ ബുഖാരി : 6406 , മുസ്‌ലിം : 2694 ]

നിർവഹിച്ചു

## സൽകർമം 294

### 125- ക്ഷമ മുറുകെ പിടിക്കൽ

മഹത്വം : അല്ലാഹു കണക്കില്ലാതെ പ്രതിഫലം നൽകുന്നതാണ്.

തെളിവ് : അല്ലാഹു പറഞ്ഞു : [ " ക്ഷമാശീലർക്ക് തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റി കൊടുക്കപ്പെടുന്നത്. " ] ( സൂറ: അസ്സുമർ : 10 )

നിർവഹിച്ചു

## സൽകർമം 295

## 126- സത്യവിശ്വാസികൾക്ക് വേണ്ടി അല്ലാഹുവോട് പാപമോചനം തേടൽ.

മഹത്വം : ഒരോ സത്യവിശ്വാസിക്കനുസരിച്ചും ഒരു നന്മ അവന് ലഭിക്കും.

തെളിവ് : ഉബാദ: ബിൻ സ്വാമിത് - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " സത്യവിശ്വാസികളായ സ്ത്രീ - പുരുഷന്മാർക്ക് വേണ്ടി ആരെങ്കിലും പാപമോചനം തേടിയാൽ ഒരോ സത്യവിശ്വാസിക്കനുസരിച്ചും അല്ലാഹു അവന് ഒരു നന്മ രേഖപ്പെടുത്തുന്നതാണ്. " [ ത്വബ്റാനി : മുസ്നദ് അശ്ശാമിയ്യീൻ : 3 / 234 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 296-297

## 127_128- വീട്ടിൽ നിന്നും ജനാസയെ അനുഗമിക്കുകയും പിന്നീട് മയ്യിത്ത് നമസ്കരിക്കുകയും മറവു ചെയ്തു കഴിയുന്നത് വരെ കൂടെ നിൽക്കൽ , അല്ലെങ്കിൽ മയ്യിത്ത് നമസ്കാരത്തിൽ മാത്രം പങ്കെടുത്ത് മടങ്ങിപ്പോകൽ.

മഹത്വം : മയ്യിത്തിന് വേണ്ടി നമസ്കരിക്കുകയും മറവു ചെയ്തു കഴിയുന്നത് വരെ കൂടെ നിൽക്കുകയുമാണെങ്കിൽ രണ്ട് കീറാത്ത് പ്രതിഫലവും മയ്യിത്ത് നമസ്കാരത്തിൽ മാത്രം പങ്കെടുത്ത് മടങ്ങുകയാണെങ്കിൽ ഒരു കീറാത്ത് പ്രതിഫലവും ലഭിക്കും.

തെളിവ് : അബൂഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും ജനാസക്ക് സന്നിഹിതനാവുകയും മയ്യിത്ത് നമസ്കരിക്കുകയും ചെയ്താൽ അവന് ഒരു കീറാത്ത് പ്രതിഫലമുണ്ട്. ഇനി ആരെങ്കിലും മറവ് ചെയ്തു കഴിയുന്നത് വരെ സന്നിഹിതനായാൽ അവന് രണ്ട് കീറാത്ത് പ്രതിഫലമുണ്ട്. രണ്ട് കീറാത്ത് എന്നാൽ എന്താണെന്ന് റസൂൽ ﷺയോട് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു : രണ്ട് വലിയ മലയോളം വരും. " [ ബുഖാരി : 1325 , മുസ്‌ലിം 945]

- അബൂഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞതായി അദ്ദേഹം കേട്ടു : " ആരെങ്കിലും ജനാസയെ വീട്ടിൽ നിന്നും അനുഗമിക്കുകയും മയ്യിത്ത് നമസ്കരിക്കുകയും മറവു ചെയ്തു കഴിയുന്നത് വരെ അതിൽ പങ്കെടുക്കുകയുമാണെങ്കിൽ അവന് രണ്ട് കീറാത്ത് പ്രതിഫലമുണ്ട്; ഒരോ കീറാത്തും ഉഹ്ദ് മലയോളം ഉണ്ടായിരിക്കും. ഇനി ഒരാൾ മയ്യിത്ത് നമസ്കാരത്തിൽ മാത്രം പങ്കെടുത്ത് മടങ്ങുകയാണെങ്കിൽ അവന് ഒരു ഉഹ്ദ് മലയോളം പ്രതിഫലമുണ്ട്. " [ ബുഖാരി : 47 , മുസ്‌ലിം : 945 ]

നിർവഹിച്ചു

## സൽകർമ്മം 298

## 129- കുറ്റകരമായതോ കുടുംബ ബന്ധം വിച്ഛേദിക്കുന്നതോ അല്ലാത്ത കാര്യങ്ങൾ അല്ലാഹുവോട് ചോദിക്കൽ.

മഹത്വം : അല്ലാഹു പരലോകത്തേക്ക് പ്രതിഫലം നീട്ടിവെക്കും.

തെളിവ് : അബൂ സഈദ് അൽ ഖുദ്‌രി - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " മുസ്‌ലിമായ ഒരു വ്യക്തി കുറ്റകരമായതോ കുടുംബ ബന്ധം വിച്ഛേദിക്കുന്നതോ അല്ലാത്ത ഏത് നല്ല കാര്യവും അല്ലാഹുവോട് ചോദിക്കുകയാണെങ്കിൽ മൂന്നാലൊരു കാര്യം അവന് ലഭിക്കുന്നതായിരിക്കും. ( ഒന്ന് ) പെട്ടന്ന് തന്നെ അതിനുള്ള ഉത്തരം ലഭിക്കും. ( രണ്ട് ) അതിന്റെ പ്രതിഫലം പരലോകത്തേക്ക് അല്ലാഹു നീട്ടിവെക്കും. ( മൂന്ന് ) പ്രാർത്ഥനയുടെ തോതനുസരിച്ച് അവനിൽ നിന്നും തിന്മകൾ തടയപ്പെടും. ( അപ്പോൾ ഒരു സ്വഹാബി ) എങ്കിൽ ഞങ്ങൾ ധാരാളമായി അല്ലാഹുവോട് ചോദിക്കുമെന്ന് പറഞ്ഞപ്പോൾ അവിടുന്ന് പറഞ്ഞു : ( ചോദിക്കുന്നവർക്ക് ) അല്ലാഹു ധാരാളമായി നൽകുന്നതാണ്. " [ അഹ്മദ് : 11302] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 299

### 130- ദീനിൽ അടിസ്ഥാനമുള്ള ഒരു കർമ്മത്തെ ജീവിപ്പിക്കൽ.

മഹത്വം : അതിന് തുടക്കം കുറിച്ചതിനുള്ള പ്രതിഫലവും അവനു ശേഷം അതനുസരിച്ച് പ്രവർത്തിച്ചവരുടെ പ്രതിഫലവും ലഭിക്കുന്നു. തെളിവ്: ജരീർ ബിൻ അബ്ദുല്ല - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ഇസ്‌ലാമിൽ ( അടിസ്ഥാനമുള്ളൊരു ) കർമ്മത്തിന് ആരെങ്കിലും തുടക്കം കുറിച്ചാൽ അയാൾക്ക് അതിനുള്ള പ്രതിഫലവും അവനു ശേഷം അതനുസരിച്ച് പ്രവർത്തിച്ചവരുടെ പ്രതിഫലവും അവരുടെ പ്രതിഫലത്തിൽ നിന്ന് ഒട്ടും കുറയാതെ ലഭിക്കുന്നതാണ്. " [ മുസ്‌ലിം : 1017 ]

നിർവഹിച്ചു

## സൽകർമം 300

### 131- സൽകർമ്മങ്ങൾ ചെയ്യണമെന്ന സത്യസന്ധമായ ഉദ്ദേശ്യമുണ്ടായിരിക്കൽ .

മഹത്വം : ആ പ്രവർത്തനം ചെയ്ത അതേ പ്രതിഫലം ലഭിക്കും. തെളിവ് : അബൂ കബ്ശതൽ അൻമാരി - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അല്ലാഹു അറിവും സമ്പത്തും നൽകിയ ഒരാൾ തന്റെ വിജ്ഞാനത്തിനനുസൃതമായി പ്രവർത്തിക്കുകയും തന്റെ സമ്പത്ത് അതിന്റെ അവകാശികൾക്കായി ചിലവഴിക്കുകയും ചെയ്യുന്നു. എന്നാൽ അല്ലാഹു സമ്പത്ത് നൽകാതെ അറിവ് മാത്രം നൽകിയ ഒരു വ്യക്തി പറയുകയാണ് ' അവന് ലഭിച്ചത് പോലെ എനിക്കുമുണ്ടായിരുന്നെങ്കിൽ അവൻ പ്രവർത്തിച്ചത് പോലെ ഞാനും ചെയ്യുമായിരുന്നു. ' പിന്നീട് റസൂൽ ﷺ പറഞ്ഞു : അവരിരുവരും പ്രതിഫലത്തിൽ തുല്യരാണ്. " [ അഹ്മദ് : 18309, ഇബ്നു മാജ: : 4228] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 301

### 132- ബാങ്ക് വിളിക്കുന്നതിനും നമസ്കാരത്തിൽ ഒന്നാമത്തെ സ്വഫ് ലഭിക്കുന്നതും വേണ്ടി സന്നിഹിതനാകൽ.

മഹത്വം : നറുക്കെടുപ്പിലൂടെ കരസ്ഥമാക്കാൻ കഴിയുന്ന പ്രതിഫലം.

തെളിവ് : അബൂഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ബാങ്ക് വിളിക്കുന്നതിനും നമസ്കാരത്തിൽ ഒന്നാമത്തെ സ്വഫ്ഫിനുമുള്ള മഹത്വം ജനങ്ങൾ മനസ്സിലാക്കിയിരുന്നുവെങ്കിൽ അത് കരസ്ഥമാക്കുവാനായി നറുക്കെടുപ്പല്ലാത്ത മറ്റ് വഴികളൊന്നുമില്ലെങ്കിൽ അവർ അതിനായി നറുക്കിടുക തന്നെ ചെയ്യുമായിരുന്നു. " [ ബുഖാരി : 652 , മുസ്‌ലിം : 437]

നിർവഹിച്ചു

## സൽകർമം 302-303

### 133_134- ഒറ്റയടിക്ക് പല്ലിയെ കൊല്ലൽ , അല്ലെങ്കിൽ രണ്ടോ മൂന്നോ അടിക്ക് കൊല്ലൽ.

മഹത്വം : ഒറ്റയടിക്ക് കൊന്നാൽ നൂറ് പ്രതിഫലവും രണ്ടോ മൂന്നോ അടിക്ക് കൊന്നാൽ അതിനെക്കാൾ കുറഞ്ഞ പ്രതിഫലവും രേഖപ്പെടുത്തുന്നു.

തെളിവ് : അബൂഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " പല്ലിയെ ഒറ്റയടിക്ക് കൊന്നവർക്ക് നൂറ് നന്മകൾ രേഖപ്പെടുത്തുന്നതാണ്. രണ്ടാമത്തേതിലാണെങ്കിൽ അതിനെക്കാൾ കുറവായിരിക്കും മൂന്നാമത്തേതിലാണെങ്കിൽ അതിനെക്കാൾ കുറവായിരിക്കും. " [ മുസ്‌ലിം 2240]

നിർവഹിച്ചു

## സൽകർമം 304-306

### 135_137- മൂന്ന് രൂപത്തിൽ സലാം പറയൽ ( السلام عليكم ) ( السلام عليكم ورحمة الله ) ( السلام عليكم ورحمة الله وبركاته )

മഹത്വം : പത്തോ ഇരുപതോ മുപ്പതോ നന്മകൾ രേഖപ്പെടുത്തുന്നു.

തെളിവ് : ഇംറാൻ ബിൻ ഹുസൈൻ - رضي الله عنه- നിന്ന് നിവേദനം : അദ്ദേഹം പറഞ്ഞു : " ഒരിക്കൽ നബി ﷺയുടെ അടുക്കലേക്ക് വന്ന് ഒരാൾ ' ‘ السلام عليكم എന്ന് സലാം പറഞ്ഞു. നബി ﷺസലാം മടക്കുകയും വന്ന വ്യക്തി സദസ്സിൽ ഇരിക്കുകയും ചെയ്തു. അപ്പോൾ അവിടുന്ന് പറഞ്ഞു : ( അയാൾക്ക് ) പത്ത് ( പ്രതിഫലമുണ്ട്. ) കുറച്ച് കഴിഞ്ഞ് മറ്റൊരാൾ വന്ന്' السلام عليكم ورحمة الله ' എന്ന് സലാം പറഞ്ഞു. നബി ﷺ സലാം മടക്കുകയും വന്ന വ്യക്തി സദസ്സിൽ ഇരിക്കുകയും ചെയ്തു. അപ്പോൾ അവിടുന്ന് പറഞ്ഞു : ( അയാൾക്ക് ) ഇരുപത് ( പ്രതിഫലമുണ്ട്. ) പിന്നീട് മൂന്നാമതൊരാൾ വന്ന് ' ' السلام عليكم ورحمة الله وبركاته എന്ന് സലാം പറഞ്ഞു. നബി ﷺ സലാം മടക്കുകയും വന്ന വ്യക്തി സദസ്സിൽ ഇരിക്കുകയും ചെയ്തു. അപ്പോൾ അവിടുന്ന് പറഞ്ഞു : ( അയാൾക്ക് ) മുപ്പത്ത് ( പ്രതിഫലമുണ്ട്. ) " [ അഹ്മദ് : 20267, അബൂ ദാവൂദ് : 5195 , തിർമിദി : 2689 , നസാഈ : സുനനുൽ കുബ്റാ : 10097 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

സൽകർമം 307

## 138- അല്ലാഹുവിന്റെ മാർഗത്തിൽ അതിർത്തിക്കളിൽ കാവൽ നിൽക്കെ മരണപ്പെടൽ .

മഹത്വം : മരണത്തിന് ശേഷവും കിയാമത്ത് നാൾ വരെ അവരുടെ പ്രവർത്തനങ്ങൾ തുടരുകയും അവ ഇരട്ടിയായിക്കൊണ്ടിരിക്കുകയും ചെയ്യും.

തെളിവ് : ഫദ്വാല ബിൻ ഉബൈദ് - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " മരണപ്പെടുന്ന എല്ലാവരുടെയും പ്രവർത്തനങ്ങൾ അതോടു കൂടി അവസാനിക്കുന്നതാണ്. അല്ലാഹുവിന്റെ മാർഗത്തിൽ അതിർത്തികളിൽ കാവൽ നിൽക്കുന്നവന്റെതൊഴികെ. അവരുടെ പ്രവർത്തനങ്ങൾ കിയാമത്ത് നാൾ വരെ ഇരട്ടിയായിക്കൊണ്ടിരിക്കും." [ അബൂ ദാവൂദ് : 2500 , തിർമിദി : 1621, അഹ്മദ് : 24584 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

- ഇർബാദ്വ് ബിൻ സാരിയ: - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു :" മരണപ്പെടുന്ന എല്ലാവരുടെയും പ്രവർത്തനങ്ങൾ അതോടു കൂടി അവസാനിക്കുന്നതാണ്. അല്ലാഹുവിന്റെ മാർഗത്തിൽ അതിർത്തികളിൽ കാവൽ നിൽക്കുന്നവന്റെതൊഴികെ. കിയാമത്ത് നാൾ വരെ അവരുടെ പ്രവർത്തനങ്ങൾ ഇരട്ടിയായിക്കൊണ്ടിരിക്കുകയും ( സ്വർഗത്തിൽ നിന്ന് ) അവർക്ക് ഉപജീവനം ലഭിക്കുകയും ചെയ്യും. " [ ത്വബ്റാനി : മുഅ്ജമുൽ കബീർ : 641 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.
- സൽമാനുൽ ഫാരിസി - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " ( അല്ലാഹുവിന്റെ മാർഗത്തിൽ അതിർത്തികളിൽ കാവൽ നിൽക്കെയാണ് ) വല്ലവനും മരണപ്പെടുന്നതെങ്കിൽ കിയാമത്ത് നാൾ വരെ അവന്റെ പ്രവർത്തനങ്ങൾ ഇരട്ടിയായിക്കൊണ്ടിരിക്കും. " [ തിർമിദി : 1665 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

- സൽമാനുൽ ഫാരിസി - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " ( അല്ലാഹുവിന്റെ മാർഗത്തിൽ അതിർത്തികളിൽ കാവൽ നിൽക്കെയാണ് ) വല്ലവനും മരണപ്പെടുന്നതെങ്കിൽ അവൻ പ്രവർത്തിച്ച് കൊണ്ടിരുന്നതിന്റെ പ്രതിഫലം തുടർന്നും ലഭിക്കുന്നതാണ്. " [ മുസ്‌ലിം : 1913 ]

നിർവഹിച്ചു

## സൽകർമം 308

### 139- ബാങ്കിന് ഉത്തരം നൽകിയ ശേഷം വസീല: എന്ന പദവി നബി ﷺക്ക് ലഭിക്കാനായി പ്രാർത്ഥിക്കൽ.

മഹത്വം : പരലോകത്ത് നബി ﷺയുടെ ശുപാർശ ലഭിക്കും.

തെളിവ് : ജാബിർ ബിൻ അബ്ദുല്ല - رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ബാങ്ക് കഴിഞ്ഞ ഉടനെ

اللَّهمَّ ربَّ هذِهِ الدَّعوةِ التَّامَّةِ ، والصَّلاةِ القائمةِ ، آتِ مُحمَّدًا الوسيلةَ والفَضيلةَ ، وابعثهُ مقامًا مَحمودًا الَّذي وعدتَهُ

(ഈ പരിപൂർണമായ വിളിയുടെയും ആസന്നമായ നമസ്കാരത്തിന്റേയും ഉടമസ്ഥനായ അല്ലാഹുവേ, മുഹമ്മദ് നബി ﷺക്ക് വസീല:, ഫദീല: എന്നീ പദവികൾ നൽകേണമേ. നീ വാഗ്ദാനം ചെയ്ത സ്തുത്യർഹമായ സ്ഥാനത്തേക്ക് അദ്ദേഹത്തെ നീ നിയോഗിക്കുകയും ചെയ്യേണമേ) ' എന്ന് പ്രാർത്ഥിച്ചവർക്ക് എന്റെ ശഫാഅത്ത് ലഭിക്കുന്നതായിരിക്കും. " [ ബുഖാരി : 614 ]

- അബ്ദുല്ല ബിൻ അംറ് ബ്നുൽ ആസ് - رضي الله عنهما - നിന്ന് നിവേദനം : നബി ﷺ പറയുന്നതായി അദ്ദേഹം കേട്ടു : ബാങ്ക് വിളിക്കുന്നവന്റെ വിളിനാദം കേൾക്കുമ്പോൾ നിങ്ങളും അത് ഏറ്റ് പറയുക. തുടർന്ന് എനിക്ക് വേണ്ടി സ്വലാത്ത് ചൊല്ലുക. കാരണം; ആരെങ്കിലും എന്റെ മേൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന്റെ മേൽ പത്ത് സ്വലാത്ത് നിർവ്വഹിക്കുന്നതാണ്. അതിനു ശേഷം സ്വർഗ്ഗത്തിലെ " വസീല: " എന്ന പദവി എനിക്ക് ലഭിക്കാൻ വേണ്ടി നിങ്ങൾ അല്ലാഹുവോട് ചോദിക്കുക. അല്ലാഹുവിന്റെ അടിമകളിൽ ഒരാൾക്കല്ലാതെ ആ പദവി ലഭിക്കുകയില്ല. അതിനാൽ ആ വ്യക്തി ഞാൻ ആയിരിക്കണമെന്ന് ഞാൻ അതിയായി ആഗ്രഹിക്കുന്നു. അങ്ങിനെ എനിക്ക് വേണ്ടി വസീല: തേടുന്നവർക്ക് നാളെ ക്വിയാമത്ത് നാളിൽ എന്റെ ശുപാർശ ഉണ്ടായിരിക്കുന്നതാണ്. " [ മുസ്‌ലിം : 384 ]

നിർവഹിച്ചു

**സൽകർമം 309**

## 140- രാവിലെയും വൈകുന്നേരവുമായി നബി ﷺക്ക് വേണ്ടി പത്ത് സ്വലാത്ത് ചൊല്ലൽ .

മഹത്വം : പരലോകത്ത് നബി ﷺയുടെ ശുപാർശ ലഭിക്കും.

തെളിവ് : അബുദ്ദർദാഅ് - رضي الله عنه - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " പ്രഭാതത്തിലും പ്രദോഷത്തിലുമായി എനിക്ക് വേണ്ടി പത്ത് സ്വലാത്ത് നിർവ്വഹിക്കുന്നവർക്ക് ക്വിയാമത്ത് നാളിൽ എന്റെ ശുപാർശ ലഭിക്കുന്നതായിരിക്കും. " [ ത്വബ്റാനി : 17022 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂഥി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 310

### 141- സൂറതുൽ ബകഃറയും ആലു ഇംറാനും പാരയണം ചെയ്യൽ.

മഹത്വം : പരലോകത്ത് അവ രണ്ടും ശുപാർശ ചെയ്യും.

തെളിവ് : അബൂ ഉമാമ: അൽ ബാഹിലി - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു : " നിങ്ങൾ കഃുർആൻ പാരായണം ചെയ്ത് കൊള്ളുക; നിശ്ചയം അതിന്റെ ആളുകൾക്ക് കഃിയാമത്ത് നാളിൽ അത് ശുപാർശ ചെയ്യുന്നതാണ്. പ്രകാശ പൂരിതങ്ങളായ സൂറതുൽ ബകഃറയും ആലു ഇംറാനും നിങ്ങൾ പാരായണം ചെയ്ത് കൊള്ളുക; നിശ്ചയം അവ രണ്ടും കഃിയാമത്ത് നാളിൽ രണ്ട് മേഘങ്ങളായോ രണ്ട് തണലുകളായോ ( വിശാലമായ ചിറകുകളുള്ള ) രണ്ട് പക്ഷിക്കൂട്ടങ്ങളായോ വരുന്നതാണ്. എന്നിട്ട് അതിന്റെ ആളുകൾക്ക് ( ശുപാർശക്ക് ) വേണ്ടി അവ വാദിക്കുന്നതാണ്. " [ മുസ്‌ലിം : 804 ]

നിർവഹിച്ചു

## സൽകർമം 311

### 142- ഉപ്പയുടെ സ്നേഹിതന്മാർക്ക് സമ്മാനങ്ങൾ നൽകൽ.

മഹത്വം : പുണ്യങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത്. തെളിവ് : അബ്ദുല്ല ബിൻ ഉമർ - رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ഒരു മകൻ തന്റെ ഉപ്പയുടെ സ്നേഹിതന്മാർക്ക് സമ്മാനങ്ങൾ നൽകലത്രെ പുണ്യങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത്. " [ മുസ്‌ലിം : 2552]

നിർവഹിച്ചു

## സൽകർമം 312

### 143- സൂറതു സൽസല പാരായണം ചെയ്യൽ.

മഹത്വം : വിശുദ്ധ ഖുർആനിന്റെ പകുതി പാരായണം ചെയ്ത പ്രതിഫലം ലഭിക്കുന്നു.

തെളിവ് : ഇബ്നു അബ്ബാസ് - رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " إذا زلزلت (സൂറതു സൽസല ) ഖുർആനിന്റെ പകുതിക്ക് തുല്യമാവുന്നതാണ്. " [ തിർമിദി : 3152 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂഥിയും ഇബ്നുൽ ഖയ്യിമും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 313

### 144- സൂറതുൽ ഇഖ്ലാസ് പാരയണം ചെയ്യൽ.

മഹത്വം : വിശുദ്ധ ഖുർആനിന്റെ മൂന്നിലൊന്ന് പാരായണം ചെയ്ത പ്രതിഫലം ലഭിക്കുന്നു.

തെളിവ് : അബുദ്ദർദാഅ് - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ഒരൊറ്റ രാത്രികൊണ്ട് ഖുർആനിന്റെ മൂന്നിലൊന്ന് പാരായണം നിങ്ങൾക്ക് കഴിയില്ലേ..?! സ്വഹാബികൾ (ആശ്ചര്യത്തോടെ) ചോദിച്ചു : എങ്ങനെയാണ് ഖുർആനിന്റെ മൂന്നിലൊന്ന് പാരായണം ചെയ്യുക..? അവിടുന്ന് പറഞ്ഞു : قل هو الله أحد (സൂറതുൽ ഇഖ്ലാസ് ) ഖുർആനിന്റെ മൂന്നിലൊന്നിന് തുല്യമാവുന്നതാണ്. " [ മുസ്ലിം : 811 ]

നിർവഹിച്ചു

## സൽകർമം 314

### 145- സൂറതുൽ കാഫിറൂൻ പാരായണം ചെയ്യൽ.

മഹത്വം : വിശുദ്ധ ക്വുർആനിന്റെ നാലിലൊന്ന് പാരായണം ചെയ്ത പ്രതിഫലം ലഭിക്കുന്നു.

തെളിവ് : ഇബ്നു അബ്ബാസ് - رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " قل يأيها الكافرون (സൂറതുൽ കാഫിറൂൻ ) ക്വുർആനിന്റെ നാലിലൊന്നിന് തുല്യമാവുന്നതാണ്. " [ തിർമിദി : 3152 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂഥിയും ഇബ്നുൽ ഖയ്യിമും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 315

### 146- അതി രാവിലെ പള്ളിയിലേക്ക് പുറപ്പെടുകയും വിശുദ്ധ ഖുർആനിൽ നിന്നും ചില ആയത്തുകൾ പാരായണം ചെയ്യലും.

മഹത്വം : ആയത്തുകളുടെ എണ്ണത്തിനനുസരിച്ച് ഒട്ടകങ്ങൾ ലഭിക്കുന്നതിനെക്കാൾ ശ്രേഷ്ഠം.

തെളിവ് : ഉക്ബ: ബിൻ ആമിർ - رضي الله عنه- നിന്ന് നിവേദനം : " ഒരിക്കൽ ഞങ്ങൾ മസ്ജിദുന്നബവിയുടെ ചാരത്തിരിക്കവെ റസൂൽ ﷺചോദിച്ചു : എല്ലാ ദിവസവും അതി രാവിലെ ബുത്ഹാനിലേക്കോ അഖീകിലേക്കോ പോവുകയും എന്നിട്ട് പാപം ചെയ്യാതെയും കുടുംബ ബന്ധങ്ങൾ വിച്ഛേദിക്കാതെയും ഉയർന്ന പൂഞ്ഞകളുള്ള രണ്ട് ഒട്ടകങ്ങളുമായി തിരിച്ച് വരുന്നത് നിങ്ങളിലാരാണ് ഇഷ്ടപ്പെടുന്നത്..? ഞങ്ങളെല്ലാം അത് ഇഷ്ടപ്പെടുന്നവരാണെന്ന് പ്രതികരിച്ചപ്പോൾ അവിടുന്ന് പറഞ്ഞു : എങ്കിൽ നിങ്ങളിലൊരാൾ അതി രാവിലെ പള്ളിയിലേക്ക് പോവുകയും എന്നിട്ട് രണ്ട് ആയത്ത് പഠിക്കുകയോ പാരായണം ചെയ്യുകയോ ആണ് രണ്ട് ഒട്ടകങ്ങളെക്കാൾ അവനുത്തമമായിട്ടുള്ളത്. മൂന്ന് ആയത്ത് മൂന്ന് ഒട്ടകങ്ങളെക്കാളും നാല് ആയത്ത് നാല് ഒട്ടകങ്ങളെക്കാളും ആയത്തുകളുടെ എണ്ണത്തിനനുസരിച്ച് അത്ര തന്നെ ഒട്ടകങ്ങളെക്കാളും അവനുത്തമമായിട്ടുള്ളത്. " [ മുസ്‌ലിം : 803 ]

# ഭാഗം നാല്:
# മനസ്സിലെ ലക്ഷ്യങ്ങൾ
# നിറവേറ്റാനുള്ള കർമങ്ങൾ
## (31 സൽകർമങ്ങൾ)

നിർവഹിച്ചു

## സൽകർമം 316

### 1- തക്വയിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കൽ.

മഹത്വം : മരണ നേരത്ത് സന്തോഷ വാർത്തയുമായി മലക്കുകൾ വരും , അല്ലാഹുവിന്റെ കാരുണ്യം പ്രത്യേകമായി ലഭിക്കും , ക്വുർആനിൽ നിന്നും ഉൽബോധനം ഉൾകൊള്ളാം.

തെളിവ് : അല്ലാഹു പറഞ്ഞു : [ " വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. അവർക്കാണ് ഐഹിക ജീവിതത്തിലും പരലോകത്തും സന്തോഷവാർത്തയുള്ളത്. അല്ലാഹുവിന്റെ വചനങ്ങൾക്ക് യാതൊരു മാറ്റവുമില്ല. അതു (സന്തോഷവാർത്ത ) തന്നെയാണ് മഹത്തായ ഭാഗ്യം. " ] ( സൂറ: യൂനുസ് : 63-64 )

- അല്ലാഹു പറഞ്ഞു : [ " നിങ്ങൾ സൂക്ഷ്മത പാലിക്കുക ചെയ്യുക നിങ്ങൾ കരുണ ചെയ്യപ്പെടാൻ വേണ്ടി. " ] ( സൂറ: അൽ അൻആം : 155 )
- അല്ലാഹു പറഞ്ഞു : [ " എൻറെ കാരുണ്യം സർവ്വ വസ്തുക്കളെയും ഉൾക്കൊള്ളുന്നതായിരിക്കും എന്നാൽ ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് ( പ്രത്യേകമായി ) ഞാൻ അത് രേഖപ്പെടുത്തുന്നതാണ്. " ] ( സൂറ: അൽ അഅ്റാഫ് : 156 )
- അല്ലാഹു പറഞ്ഞു : [ " സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവന്റെ ദൂതനിൽ വിശ്വസിക്കുകയും ചെയ്യുക. എന്നാൽ അവന്റെ കാരുണ്യത്തിൽ നിന്ന് രണ്ട് ഓഹരി അവർ നിങ്ങൾക്ക് നൽകുന്നതാണ്. " ] ( സൂറ: അൽഹദീദ് : 28 )
- അല്ലാഹു പറഞ്ഞു : [ " ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്. " ] ( സൂറ: അൽ ബക്വറ: : 2 )
- അല്ലാഹു പറഞ്ഞു : [ " തീർച്ചയായും ഇത് (ഖുർആൻ ) ഭയഭക്തിയുള്ളവർക്ക് ഒരു ഉൽബോധനമാകുന്നു. " ] ( സൂറ: അൽ ഹാക്വ: : 48 ]

## സൽകർമം 317-318

### 2 , 3- ഹജ്ജും ഉംറയും നിർവ്വഹിച്ച ശേഷം തല മുണ്ഡനം ചെയ്യുകയോ മുടി വെട്ടി ചെറുതാക്കുകയോ ചെയ്യൽ.

മഹത്വം : തല മുണ്ഡനം ചെയ്തവർക്ക് വേണ്ടി രണ്ടോ മൂന്നോ തവണ റസൂൽ ﷺ കാരുണ്യത്തിനായി പ്രാർത്ഥിക്കുകയും മുടി ചെറുതാക്കിയവർക്ക് വേണ്ടി ഒറ്റ തവണ അത് നിർവ്വഹിക്കുകയും ചെയ്തു.

തെളിവ് : അബ്ദുല്ല ബിൻ ഉമർ - رضي الله عنهما- നിന്ന് നിന്ന് നിവേദനം : റസൂൽ ﷺപ്രാർത്ഥിച്ചു : " അല്ലാഹുവേ, തല മുണ്ഡനം ചെയ്തവർക്ക് നീ കാരുണ്യം ചൊരിയേണമേ. മുടി വെട്ടിയവർക്കും എന്ന് പ്രാർത്ഥിച്ചാലും എന്ന് സ്വഹാബിമാർ ആവശ്യപ്പെട്ടപ്പോൾ വീണ്ടും നബി ﷺപ്രാർത്ഥിച്ചു : " അല്ലാഹുവേ, തല മുണ്ഡനം ചെയ്തവർക്ക് നീ കാരുണ്യം ചൊരിയേണമേ. സ്വഹാബികൾ പറഞ്ഞു : പ്രവാചകരേ, മുടി വെട്ടിയവരേയം. അപ്പോൾ നബി ﷺ പ്രാർത്ഥിച്ചു : മുടി വെട്ടിയവരേയും. " ലൈഥ് - رحمه الله- പറഞ്ഞു : നാഫിഅ് എന്നോട് പറഞ്ഞിട്ടുണ്ട് : " തല മുണ്ഡനം ചെയ്തവർക്ക് അല്ലാഹു കാരുണ്യം ചൊരിയട്ടെ എന്ന് ഒന്നോ രണ്ടോ പ്രാവശ്യം പ്രാർത്ഥിച്ചിട്ടുണ്ട്. " ഉബൈദുല്ല പറഞ്ഞു : നാഫിഅ് എന്നോട് പറഞ്ഞിട്ടുണ്ട് : " നാലാം പ്രാവശ്യമാണ് മുടി വെട്ടിയവർക്ക് വേണ്ടി നബി ﷺപ്രാർത്ഥിച്ചത്. " [ ബുഖാരി : 1727 , മുസ്‌ലിം : 1301 ]

നിർവഹിച്ചു

## സൽകർമം 319

## 4- അസ്വ്ർ നമസ്കാരത്തിന് മുമ്പ് നാല് റക്അത്ത് നമസ്കരിക്കൽ

മഹത്വം : അവർക്ക് വേണ്ടി റസൂൽ ﷺകാരുണ്യത്തിനായി പ്രാർത്ഥിച്ചിട്ടുണ്ട്.

തെളിവ് : ഇബ്നു ഉമർ - رضي الله عنهما- നിന്ന് നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " അസ്വ്റിന് മുമ്പ് നാല് റക്അത്ത് നമസ്കരിക്കുന്ന വ്യക്തിക്ക് അല്ലാഹു കരുണ ചൊരിയട്ടെ. " [ അബൂ ദാവൂദ് : 1271 , തിർമിദി : 430, അഹ്മദ് : 6088 , ഇബ്നു ഹിബ്ബാൻ : 2453 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂഥിയും ഇബ്നു ബാസും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 320

## 5- അല്ലാഹുവെ സ്മരിക്കുന്നതിനായി ഒരുമിച്ച് കൂടൽ

മഹത്വം : പാപങ്ങൾ പൊറുക്കപ്പെടും.

തെളിവ് : അബൂഹുറൈറ , അബൂ സഈദ് അൽ ഖുദ്രി - رضي الله عنهما- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " അല്ലാഹുവെ സ്മരിക്കുന്നതിനായി ഒരുമിച്ച് കൂടുന്നവരെ മലക്കുകൾ വലയം ചെയ്യുകയും ( അല്ലാഹുവിന്റെ ) കാരുണ്യം അവരെ പൊതിയുകയും ചെയ്യുന്നതാണ്. " [ മുസ്ലിം : 2700 ]

- അബൂഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " അല്ലാഹുവെ സ്മരിക്കുന്നവരെ അന്വേഷിച്ച് നടക്കുന്ന ചില പ്രത്യേക തരം മലക്കുകൾ അവനുണ്ട്. അങ്ങനെ അവർ അതിന്റെ ആളുകളെ കണ്ടെത്തിയാൽ അവർ പരസ്പ്പരം വിളിച്ച് പറയും : നിങ്ങൾ അന്വേഷിച്ച് നടക്കുന്നതിലേക്ക് ധൃതിപ്പെട്ട് വരുവീൻ. അങ്ങനെ അവർ വരികയും തങ്ങളുടെ ചിറകുകൾ ഒന്നാനാകശത്തേക്ക് വിടർത്തി കൊണ്ട് അവരെ വലയം ചെയ്യുകയും ചെയ്യും. അപ്പോൾ അവരെക്കാൾ നന്നായി തന്റെ അടിമകളെക്കുറിച്ച് അറിയുന്ന അല്ലാഹു അവരോട് ചോദിക്കും : എന്റെ ദാസന്മാർ എന്താണ് ഉരുവിട്ട് കൊണ്ടിരിക്കുന്നത്.? അവർ പറയും : ( റബ്ബേ, ) അവർ നിന്നെ പരിശുദ്ധപ്പെടുത്തുകയും മഹത്വപ്പെടുത്തുകയും സ്തുതി കീർത്തനങ്ങൾ പറഞ്ഞ് കൊണ്ടിരിക്കുകയുമാണ്. " [ ബുഖാരി : 6408 ]

നിർവഹിച്ചു

സൽകർമം 321

## 6- രാത്രി നമസ്കരിക്കാനായി ഭാര്യയെ വിളിച്ചുണർത്തുകയും അവൾ എഴുന്നേൽക്കാതിരുന്നപ്പോൾ മുഖത്തേക്ക് വെള്ളം തെളിക്കുകയും ചെയ്യൽ.

മഹത്വം : അവന്റെ മേൽ അല്ലാഹുവിന്റെ കാരുണ്യം വർഷിക്കും

തെളിവ് : അബൂ ഹുറൈറ - رضي الله عنه - നിന്ന് നിവേദനം റസൂൽ ﷺ പറഞ്ഞു : " രാത്രി എഴുന്നേറ്റ് നമസ്കരിക്കുകയും തന്റെ ഭാര്യയെ വിളിച്ചുണർത്തുകയും; ഇനി അവൾ ( മടി കാരണം ) എഴുന്നേൽക്കാൻ വിസമ്മതിക്കുകയാണെങ്കിൽ അവളുടെ മുഖത്തേയ്ക്ക് വെള്ളം തെളിച്ച് എഴുന്നേൽപ്പിക്കുകയും ചെയ്തവനിൽ അല്ലാഹുവിന്റെ കാരുണ്യം വർഷിക്കട്ടെ. അപ്രകാരം തന്നെ രാത്രി എഴുന്നേറ്റ് നമസ്കരിക്കുകയും തന്റെ ഭർത്താവിനെ വിളിച്ചുണർത്തുകയും; ഇനി അവൻ ( മടി കാരണം ) എഴുന്നേൽക്കാൻ വിസമ്മതിക്കുകയാണെങ്കിൽ അവന്റെ മുഖത്തേയ്ക്ക് വെള്ളം തെളിച്ച് എഴുന്നേൽപ്പിക്കുകയും ചെയ്തവളിൽ അല്ലാഹുവിന്റെ കാരുണ്യം വർഷിക്കട്ടെ. " [ അബൂ ദാവൂദ് : 1308 , നസാഈ : സുനനുൽ കുബ്റാ : 1302 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂഥിയും അൽബാനിയും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 322

### 7- ക്രയവിക്രയങ്ങളിലും കടം തിരിച്ച് ചോദിക്കുമ്പോഴും വീട്ടു വീഴ്ച്ച ചെയ്യൽ.

മഹത്വം : അവന്റെ മേൽ അല്ലാഹുവിന്റെ കാരുണ്യം വർഷിക്കും.

തെളിവ് : ജാബിർ ബിൻ അബ്ദുല്ല - رضي الله عنهما- നിന്ന് നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " വിൽക്കുമ്പോഴും വാങ്ങുമ്പോഴും കിട്ടാനുള്ള കടം തിരിച്ച് ചോദിക്കുമ്പോഴും വീട്ടു വീഴ്ച്ച കാണിക്കുന്ന വ്യക്തിക്ക് അല്ലാഹുവിന്റെ കാരുണ്യം ഉണ്ടാവട്ടെ. " [ ബുഖാരി : 2076 ]

നിർവഹിച്ചു

## സൽകർമം 323

### 8- കുറ്റകരമായതോ കുടുംബ ബന്ധം വിച്ഛേദിക്കുന്നതോ അല്ലാത്ത കാര്യങ്ങൾ അല്ലാഹുവോട് ചോദിക്കൽ.

മഹത്വം : പ്രാർത്ഥനക്ക് പെട്ടന്ന് തന്നെ ഉത്തരം ലഭിക്കും.

തെളിവ് : അബൂ സഈദ് അൽ ഖുദ്‌രി - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " മുസ്‌ലിമായ ഒരു വ്യക്തി കുറ്റകരമായതോ കുടുംബ ബന്ധം വിച്ഛേദിക്കുന്നതോ അല്ലാത്ത ഏത് നല്ല കാര്യവും അല്ലാഹുവോട് ചോദിക്കുകയാണെങ്കിൽ മൂന്നാലൊരു കാര്യം അവന് ലഭിക്കുന്നതായിരിക്കും. ( ഒന്ന് ) പെട്ടന്ന് തന്നെ അതിനുള്ള ഉത്തരം ലഭിക്കും. ( രണ്ട് ) അതിന്റെ പ്രതിഫലം പരലോകത്തേക്ക് അല്ലാഹു നീട്ടിവെക്കും. ( മൂന്ന് ) പ്രാർത്ഥനയുടെ തോതനുസരിച്ച് അവനിൽ നിന്നും തിന്മകൾ തടയപ്പെടും. ( അപ്പോൾ ഒരു സ്വഹാബി ) എങ്കിൽ ഞങ്ങൾ ധാരാളമായി അല്ലാഹുവോട് ചോദിക്കുമെന്ന് പറഞ്ഞപ്പോൾ അവിടുന്ന് പറഞ്ഞു : ( ചോദിക്കുന്നവർക്ക് ) അല്ലാഹു സമൃദ്ധമായി നൽകുന്നതാണ്. " [ അഹ്മദ് : 11302] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

Done

## സൽകർമം 324

### 9- തന്റെ സഹോദരന് വേണ്ടി അവന്റെ അസാന്നിധ്യത്തിൽ വെച്ച് പ്രാർത്ഥിക്കൽ.

മഹത്വം : അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയും അവന് വേണ്ടി മലക്കുകൾ പ്രാർത്ഥിക്കുകയും ചെയ്യും.

തെളിവ് : അബു ദ്ദർദാഅ് - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " മുസ്‌ലിമായ ഒരു വ്യക്തി തന്റെ സഹോദരന് വേണ്ടി അവന്റെ അസാന്നിധ്യത്തിൽ വെച്ച് നിർവ്വഹിക്കുന്ന പ്രാർത്ഥന ഉത്തരം ലഭിക്കപ്പെടുന്നതാണ്. തന്റെ സഹോദരന് വേണ്ടി പ്രാർത്ഥിക്കുമ്പോഴെല്ലാം അവന്റെ തലയുടെ അടുത്ത് ഏൽപ്പിക്കപ്പെട്ട ഒരു മലക്ക് ഇപ്രകാരം പ്രാർത്ഥിച്ച് കൊണ്ടിരിക്കും : അല്ലാഹുവേ, അവന്റെ പ്രാർത്ഥനക്ക് നീ ഉത്തരം നൽകുകയും അതു പോലുള്ളത് അവന് നീ നൽകുകയും ചെയ്യേണമേ.." [ മുസ്‌ലിം : 2733]

നിർവഹിച്ചു

## സൽകർമം 325

### 10- രാത്രിയുടെ മൂന്നിലൊന്നിന്റെ അവസാന സമയത്ത് അല്ലാഹുവോട് പ്രാർത്ഥിക്കൽ.

മഹത്വം : അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നു.

തെളിവ് : ജാബിർ - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " നിശ്ചയം രാത്രിയിൽ ഒരു ( പ്രത്യേക ) സമയമുണ്ട്. മുസ്‌ലിമായ ഒരു വ്യക്തി ഇഹ - പര കാര്യങ്ങളിൽ നന്മ ചോദിക്കുന്നത് ആ സമയവുമായി യോജിച്ച് വന്നാൽ അല്ലാഹു അവനത് നൽകുക തന്നെ ചെയ്യും. എല്ലാ രാത്രിയിലും ഇത് ( സംഭവിക്കുന്നുണ്ട്. ) " [ മുസ്‌ലിം : 757 ]

- അബൂഹുറൈറ - عنه الله رضي- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " രാത്രിയുടെ മൂന്നിലൊന്നിന്റെ അവസാന സമയത്ത് ഭൂമിയോട് അടുത്ത ആകാശത്തേക്ക് എല്ലാ രാത്രിയും അല്ലാഹു ഇറങ്ങി വരികയും എന്നിട്ട് ഇപ്രകാരം പറയുകയും ചെയ്യും : ആരുണ്ട് എന്നോട് പ്രാർത്ഥിക്കാൻ ഞാനവന് ഉത്തരം നൽകുന്നതാണ്, ആരുണ്ട് എന്നോട് ചോദിക്കാൻ ഞാനവന് നൽകുന്നതാണ്, ആരുണ്ട് എന്നോട് പാപ മോചനം തേടാൻ ഞാനവന് പൊറുത്തു നൽകുന്നതാണ്. " [ ബുഖാരി : 7494 , മുസ്‌ലിം : 758 ]

നിർവഹിച്ചു

**സൽകർമം 326**

## 11- ബുധനാഴ്ച ദിവസം ദ്വുഹ്റിനും അസ്വ്റിനുമിടയിൽ പ്രാർത്ഥിക്കൽ.

മഹത്വം : അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നു.

തെളിവ് : ജാബിർ ബിൻ അബ്ദുല്ല - عنهما الله رضي- നിന്ന് നിവേദനം : "നബി ﷺ മസ്ജിദ് ഫത്ഹിൽ വെച്ച് തിങ്കൾ ചൊവ്വ ബുധൻ ദിവസങ്ങളിൽ പ്രാർത്ഥിക്കുകയുണ്ടായി. അങ്ങനെ ബുധനാഴ്ച്ച ദിവസം ദ്വുഹ്റിനും അസ്വ്റിനുമിടയിൽ അദ്ദേഹത്തിന് ഉത്തരം ലഭിക്കുകയുണ്ടായി. അതിന്റെ സന്തോഷം അവിടുത്തെ മുഖത്തിൽ പ്രകടമായിരുന്നു. " ജാബിർ- - عنه الله رضي- പറഞ്ഞു : " വളരെ പ്രയാസമേറിയ കാര്യങ്ങൾ എന്നെ ബാധിക്കുമ്പോൾ ഞാൻ ആ സമയം ലക്ഷ്യം വെച്ച് പ്രാർത്ഥിക്കാറുണ്ടായിരുന്നു , എനിക്ക് ഉത്തരം ലഭിക്കാറുമുണ്ടായിരുന്നു". [അഹ്മദ് : 14787 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 327

## 12- യൂനുസ് നബി - عليه السلام- ന്റെ പ്രാർത്ഥന നിർവ്വഹിക്കൽ

## (لا إله إلا أنت سبحانك إني كنت من الظالمين)

മഹത്വം : അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നു. തെളിവ് : സഅ്ദ് - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " മത്സ്യത്തിന്റെ വയറ്റിലായിരിക്കെ യൂനുസ് നബി - عليه السلام- ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി : ' ( അല്ലാഹുവേ, ) നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. നീ എത്ര പരിശുദ്ധൻ തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു. ' മുസ്‌ലിമായ ഒരു വ്യക്തി അവന്റെ ഏത് ആവശ്യങ്ങളും ഇത് കൊണ്ട് പ്രാർത്ഥിച്ചാൽ അല്ലാഹു അവന് ഉത്തരം നൽകുന്നതാണ്. " [ നസാഈ : സുനനുൽ കുബ്റാ : 10417 , തിർമിദി : 3505 , അഹ്മദ് : 3505 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 328

## 13- വെള്ളിയാഴ്ച്ച ദിവസത്തിലെ ഒരു പ്രത്യേക സമയത്ത് അല്ലാഹുവോട് പ്രാർത്ഥിക്കൽ.

മഹത്വം : അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നു.

തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ വെള്ളിയാഴ്ച്ചയെ സംബന്ധിച്ച് സംസാരിക്കവെ അവിടുന്ന് പറഞ്ഞു : " ആ ദിവസത്തിൽ ഒരു പ്രത്യേക സമയമുണ്ട്. തന്റെ ആവശ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്ന മുസ്‌ലിമായ ഒരു വ്യക്തിയുടെ പ്രാർത്ഥന ആ സമയവുമായി യോജിച്ച് വന്നാൽ അല്ലാഹു അവനത് നൽകുക തന്നെ ചെയ്യും. ആ സമയം വളരെ കുറവാണെന്ന് റസൂൽ ﷺ തന്റെ കൈ കൊണ്ട് ചൂണ്ടി കാണിച്ചു. " [ബുഖാരി : 935 , മുസ്‌ലിം : 852 ]

നിർവഹിച്ചു

## സൽകർമം 329

### 14- പ്രാർത്ഥിക്കുന്ന ഘട്ടത്തിൽ കൈ ഉയർത്തൽ.

മഹത്വം : അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നു.

തെളിവ് : സൽമാൻ അൽ ഫാരിസി - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " തീർച്ചയായും നിങ്ങളുടെ റബ്ബ് ലജ്ജയുള്ളവനും ഉദാരനുമാകുന്നു. അതിനാൽ പ്രാർത്ഥിക്കുവാനായി അവനിലേക്ക് ഉയർത്തിയ കരങ്ങൾ ഒന്നുമില്ലാതെ മടക്കാൻ അവൻ ലജ്ജിക്കുന്നു. " [ തിർമിദി : 2556] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂഥിയും അൽബാനിയും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 330

### 15- ബാങ്കിനും ഇകാമത്തിനുമിടയിൽ പ്രാർത്ഥിക്കൽ

മഹത്വം : അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നു.

തെളിവ് : അനസ് ബിൻ മാലിക് - - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ബാങ്കിനും ഇകാമത്തിനുമിടയിലുള്ള പ്രാർത്ഥന തള്ളപ്പെടുകയില്ല. " [ അബൂ ദാവൂദ് : 521 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 331

### 16- ബാങ്കിന് ഉത്തരം നൽകിയ ശേഷം തന്റെ ആവശ്യങ്ങൾ അല്ലാഹുവോട് ചോദിക്കൽ.

മഹത്വം : അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നു.

തെളിവ് : അബ്ദുല്ല ബിൻ അംറ് - رضي الله عنهما- നിന്ന് നിന്ന് നിവേദനം : " ബാങ്ക് വിളിക്കുന്നവർ (പ്രതിഫലത്തിലും , നന്മയിലും ) ഞങ്ങളെക്കാൾ മുൻ കടന്നവരാണല്ലോ എന്ന് ഒരാൾ നബി ﷺ യോട് പറഞ്ഞപ്പോൾ അവിടുന്ന് പ്രതികരിച്ചത് : ( നിനക്കും അത് പോലെ ലഭിക്കണമെങ്കിൽ ) അവർ പറയുന്നത് നീയും ഏറ്റ് പറയുക. തുടർന്ന് ബാങ്കിന് ശേഷം അല്ലാഹുവോട് നിന്റെ ആവശ്യങ്ങൾ ചോദിച്ചു കൊള്ളുക. അവൻ നിനക്കത് നൽകുന്നതാണ്. " [ അബൂദാവൂദ് : 524, നസാഈ : സുനനുൽ കുബ്റാ : 9789 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 332

### 17- രാത്രി ഉറക്കിൽ നിന്ന് അസമയത്ത് ഉണർന്നാൽ ഇപ്രകാരം പറഞ്ഞതിന് ശേഷം വല്ലതും പ്രാർത്ഥിക്കൽ

### لا إله إلا الله وحده لا شريكله الملك وله الحمد وهو على كل شيء قدير ، الحمد لله وسبحان الله ، ولا إله إلا الله ، والله أكبر ، ولا حول ولا قوة إلا بالله ، اللهم اغفر لي

മഹത്വം : അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നു.

തെളിവ് : ഉബാദത് ബിൻ സ്വാമിത് - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " രാത്രി ഉറക്കിനിടയിൽ ഉണർന്നാൽ - ' അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ ഏകനും പങ്കുകാരില്ലാത്താവനുമാണ്. സർവ്വ സ്തുതിയും പരമാധികാരവും അവനാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനാണ്. സർവ്വ സ്തുതിയും അല്ലാഹുവിനാണ്. അല്ലാഹു എത്ര പരിശുദ്ധൻ !. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അല്ലാഹു ഏറ്റവും വലിയവനാകുന്നു. അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല. ' - എന്ന് പറയുകയും ശേഷം അല്ലാഹുവോട് പാപമോചനം തേടുകയോ പ്രാർത്ഥിക്കുകയോ ചെയ്താൽ അവൻ ഉത്തരം നൽകുന്നതാണ്. " [ ബുഖാരി : 1154]

നിർവഹിച്ചു

## സൽകർമം 333

## 18- നോമ്പ് കാരനായിരിക്കെ പകലിലും നോമ്പ് തുറക്കാൻ നേരത്തും പ്രാർത്ഥിക്കൽ.

മഹത്വം : അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നു.

തെളിവ് : അബ്ദുല്ല ബിൻ അംറ് ബിൻ അൽ ആസ്- رضي الله عنهما - നിന്ന് നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നിശ്ചയം നോമ്പ് തുറക്കുന്ന വേളയിൽ നോമ്പുകാരന് തള്ളപ്പെടാത്ത പ്രാർത്ഥനയുണ്ട്. " [ ഇബ്നു മാജ: : 1753 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അഹ്മദ് ശാകിർ വിധി നൽകിയിട്ടുണ്ട്.

- അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " മൂന്ന് വിഭാഗം ആളുകളുടെ പ്രാർത്ഥനകൾ തള്ളപ്പെടുകയില്ല; നോമ്പ് തുറക്കുന്നത് വരെയുള്ള നോമ്പുകാരന്റെ പ്രാർത്ഥന, നീതിമായ ഭരണാധികാരിയുടെ പ്രാർത്ഥന, അക്രമിക്കപ്പെട്ടവന്റെ പ്രാർത്ഥന എന്നിവയത്രെ അത്. " [തിർമിദി : 3598 , ഇബ്നു മാജ: : 1752 , അഹ്മദ് : 9784 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് ഇബ്നുൽ മുലഖിൻ വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 334

## 19- അല്ലാഹുവെ സദാ സ്മരിച്ച്കൊണ്ടിരിക്കൽ.

മഹത്വം : അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നു.

തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " മൂന്ന് വിഭാഗം ആളുകളുടെ പ്രാർത്ഥനകൾ തള്ളപ്പെടുകയില്ല; അല്ലാഹുവെ സദാ സ്മരിച്ച് കൊണ്ടിരിക്കുന്നവന്റെ പ്രാർത്ഥന, അക്രമിക്കപ്പെട്ടവന്റെ പ്രാർത്ഥന, നീതിമായ ഭരണാധികാരിയുടെ പ്രാർത്ഥന എന്നിവയത്രെ അത്. " [ ബസ്സാർ (15/271) 8751 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 335

### 20- പ്രാർത്ഥന

മഹത്വം : അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നു.

തെളിവ് : അല്ലാഹു പറഞ്ഞു : [ " നിങ്ങളുടെ റബ്ബ് പറഞ്ഞിരിക്കുന്നു : നിങ്ങൾ എന്നോട് പ്രാർത്ഥിക്കുവീൻ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച. " ] ( സൂറ: ഗാഫിർ : 60 )

നിർവഹിച്ചു

## സൽകർമം 336

### 21- റമദ്വാനിലെ രാപ്പകലുകളിൽ പ്രാർത്ഥനയിൽ മുഴുകൽ.

മഹത്വം : അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നു.

തെളിവ് : അബൂ സഈദ് അൽ ഖുദ്രി- - رضي الله عنه നിന്ന് നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നിശ്ചയം റമദ്വാനിലെ എല്ലാ ദിവസവും അല്ലാഹുവിന് നരകത്തിൽ നിന്ന് മോചിപ്പിക്കുന്ന ധാരാളം ആളുകളുണ്ട്. അതു പോലെ മുസ്‌ലിമായവർക്കെല്ലാം അതിലെ എല്ലാ ദിവസവും ഉത്തരം ലഭിക്കുന്ന പ്രാർത്ഥനയുമുണ്ട്. "

[ ത്വബ്റാനി : ഔസ്വത് : 6401 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 337

## 22- അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ച് വിനയം കാണിക്കൽ.

മഹത്വം : അല്ലാഹുവിന്റെയടുക്കൽ അവന്റെ സ്ഥാനമുയരും.

തെളിവ് : അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം റസൂൽ ﷺ പറഞ്ഞു : " അല്ലാഹുവിനായി ഒരാൾ വിനയം കാണിച്ചാൽ അല്ലാഹു അവനെ ഉയർത്തുന്നതാണ്. " [ മുസ്‌ലിം : 2588 ]

നിർവഹിച്ചു

## സൽകർമം 338

## 23- നാവിനെ സൂക്ഷിക്കൽ.

മഹത്വം : അല്ലാഹു അവന്റെ ന്യൂനത മറച്ച് വെക്കും.

തെളിവ് : അനസ് - رضي الله عنه- നിന്ന് നിവേദനം: റസൂൽ ﷺ പറഞ്ഞു : " കോപത്തെ അടക്കി വെക്കുന്നവരിൽ നിന്നും അല്ലാഹു അവന്റെ ശിക്ഷയെ തടഞ്ഞ് വെക്കുന്നതാണ്. ( ജനങ്ങളുടെ ന്യൂനതകൾ പറയാതെ ) നാവിനെ സൂക്ഷിക്കുന്നവരുടെ ന്യൂനതകൾ അല്ലാഹു മറച്ച് വെക്കുന്നതാണ്. "[ ദിയാഉ് അൽ മക്ദിസി : മുഖ്താറ: : 2066 ]

ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 340-341

### 24 , 25- സൽസ്വഭാവവും , നല്ല അയൽപ്പക്ക ബന്ധവും നിലനിർത്തൽ.

മഹത്വം : ആയുസ്സിൽ വർധനവ് ലഭിക്കുന്നു.

തെളിവ് : ആയിഷ - رضي الله عنها- നിന്ന് നിവേദനം നബി ﷺ പറഞ്ഞു : " കുടുംബ ബന്ധം ചേർക്കലും സൽസ്വഭാവും നല്ല അയൽപ്പക്ക ബന്ധവുമെല്ലാം നാടിനെ ജീവസ്സുറ്റതാക്കുകയും ആയുസ്സിൽ വർധനവുണ്ടാക്കുകയും ചെയ്യും".

[അഹ്മദ് : 25896 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 339

### 26- കുടുംബ ബന്ധം ചേർക്കൽ.

മഹത്വം : ആയുസ്സിൽ വർധനവ് ഉണ്ടാകുന്നു.

തെളിവ് : അബൂ ഉമാമ: - رضي الله عنه- നിന്ന് നിവേദനം റസൂൽ ﷺ പറഞ്ഞു : " കുടുംബ ബന്ധം ചേർക്കൽ ആയുസ്സിൽ വർധനവുണ്ടാക്കുന്നതാണ്. " [ ത്വബ്റാനി : മുഅ്ജമുൽ കബീർ : 8014] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

- ആയിഷ - رضي الله عنها- നിന്ന് നിവേദനം നബി ﷺപറഞ്ഞു : " കുടുംബ ബന്ധം ചേർക്കലും സൽസ്വഭാവും നല്ല അയൽപ്പക്ക ബന്ധവുമെല്ലാം നാടിനെ ജീവസ്സുറ്റതാക്കുകയും ആയുസ്സിൽ വർധനവുണ്ടാക്കുകയും ചെയ്യും. " [ അഹ്മദ് : 25896 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.
- അനസ് ബിൻ മാലിക് - رضي الله عنه- നിന്ന് നിവേദനം റസൂൽ ﷺപറഞ്ഞു : " ഉപജീവനത്തിൽ വിശാലതയും ദീർഘായുസ്സും ലഭിക്കണമെന്നാഗ്രഹിക്കുന്നവർ തന്റെ കുടുംബ ബന്ധം ചേർത്ത് കൊള്ളട്ടെ. " [ ബുഖാരി : 5986 , മുസ്‌ലിം : 2557 ]

നിർവഹിച്ചു

## സൽകർമം 342

### 27- ഇസ്മിദ് കൊണ്ട് സുറുമയിടൽ.

മഹത്വം : കണ്ണിന്റെ കാഴ്ച്ചയെ ശക്തിപ്പെടുത്തുന്നു.

തെളിവ് : ഇബ്നു അബ്ബാസ് -رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " നിങ്ങൾ ' ഇസ്മിദ് ' കൊണ്ട് സുറുമയിടുക. കാരണമത് കണ്ണിനെ ശക്തിപ്പെടുത്തുകയും കൺപോളയിലെ രോമത്തെ മുളപ്പിക്കുന്നതുമാണ്. " [അഹ്മദ് : 2254 , നസാഈ : സുനനുൽ കുബ്റാ : 9344 , അബൂ ദാവൂദ് : 3878 , തിർമിദി : 1757 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

[ഇസ്മിദ് : മുന്തിയ ഇനം സുറുമക്കല്ല് ]

നിർവഹിച്ചു

## സൽകർമം 343

### 28- ഒന്നാമത്തെ സ്വഫ്ഫിൽ വെച്ച് നമസ്കരിക്കൽ.

മഹത്വം : മലക്കുകൾ അവന് വേണ്ടി പ്രാർത്ഥിക്കുന്നതാണ്.

തെളിവ് : ബറാഅ് ബിൻ ആസ്വിബ് - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " നിശ്ചയം അല്ലാഹു അവന്റെ മലക്കുകളും ഒന്നാമത്തെ സ്വഫ്ഫിൽ നമസ്കരിക്കുന്നവർക്ക് വേണ്ടി സ്വലാത്ത് നിർവ്വഹിക്കുന്നതാണ്. " [ നസാഈ : സുനനുൽ കുബ്റാ : 1622 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 344

### 29- വുദ്വൂഅ് നഷ്ടപ്പെടാതെ നമസ്കാര സ്ഥലത്ത് തന്നെ ഇരിക്കൽ .

മഹത്വം : മലക്കുകൾ അവന് വേണ്ടി പ്രാർത്ഥിക്കുന്നതാണ്. തെളിവ് : അബൂ ഹുറൈറ - رضي الله عنه - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " വുദ്വൂഅ് നഷ്ടപ്പെടാതെ നമസ്കരിച്ചിരുന്ന അതേ സ്ഥലത്ത് ഇരിക്കുമ്പോൾ മലക്കുകൾ നിങ്ങൾക്ക് വേണ്ടി ഇപ്രകാരം പ്രാർത്ഥിക്കുന്നതാണ് : ' അല്ലാഹുവേ, അദ്ദേഹത്തിന് നീ പൊറുത്ത് കൊടുക്കുകയും കാരുണ്യം വർഷിക്കുകയും ചെയ്യേണമേ. ' " [ ബുഖാരി : 445 , മുസ്‌ലിം : 649 ]

നിർവഹിച്ചു

## സൽകർമം 345

### 30- മുസ്‌ലിമായ തന്റെ സഹോദരനെ സന്ദർശിക്കൽ

മഹത്വം : മലക്കുകൾ അവന് വേണ്ടി പ്രാർത്ഥിക്കുന്നതാണ്.

തെളിവ് : അലി - رضي الله عنه - നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു : " മുസ്‌ലിമായ ഒരു വ്യക്തി തന്റെ സഹോദരനെ രാവിലെ സന്ദർശിക്കുകയാണെങ്കിൽ വൈകുന്നേരമാകുന്നത് വരെ എഴുപതിനായിരം മലക്കുകൾ അവന് വേണ്ടി പാപമോചനത്തിനായി പ്രാർത്ഥിക്കുന്നുണ്ട്. ഇനി വൈകുന്നേരമാണ് സന്ദർശിക്കുന്നതെങ്കിൽ രാവിലെ വരെ എഴുപതിനായിരം മലക്കുകൾ അവന് വേണ്ടി പാപമോചനത്തിന് പ്രാർത്ഥിക്കുന്നതാണ്. " [ തിർമിദി : 969 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

## സൽകർമം 346

### 31 - ബാങ്ക് വിളിക്കൽ.

മഹത്വം : കിയാമത്ത് നാളിൽ ജീവനുള്ളതും നിർജീവമായതുമായ എല്ലാ വസ്തുക്കളും അവന് വേണ്ടി സാക്ഷ്യം വഹിക്കുന്നതാണ്.
തെളിവ് : അബൂ ഹുറൈറ - رضي الله عنه - നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ബാങ്ക് വിളിക്കുന്നവന്റെ ശബ്ദമെത്തുന്ന പരിധിയോളം ( അവന്റെ പാപങ്ങൾ ഉണ്ടെങ്കിലും അല്ലാഹു ) അവന് പൊറുത്തു നൽകുന്നതാണ്. കിയാമത്ത് നാളിൽ ജീവനുള്ളതും നിർജീവമായതുമായ എല്ലാ വസ്തുക്കളും അവന് വേണ്ടി സാക്ഷ്യം വഹിക്കുന്നതാണ്. " [ നസാഈ : സുനനുൽ കുബ്റാ : 1621 , അബൂ ദാവൂദ് : 515] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

# ഭാഗം അഞ്ച് :
# ഇഹലോക ലക്ഷ്യങ്ങൾ നിറവേറ്റാൻ സഹായിക്കുന്ന കർമങ്ങൾ.

(10 സൽകർമങ്ങൾ)

شبكة الألوكة

നിർവഹിച്ചു

## സൽകർമം 347

### 1- തന്റെ സഹോദരന്റെ ആവശ്യ നിർവ്വഹണത്തിനായി അവന്റെ കൂടെ നടക്കൽ

മഹത്വം : അവന്റെ ആവശ്യങ്ങളിൽ അല്ലാഹു ഉണ്ടായിരിക്കും. തെളിവ്: അബ്ദുല്ല ബിൻ ഉമർ -رضي الله عنهما- നിന്ന് നിന്ന് നിവേദനം : റസൂൽ ﷺപറഞ്ഞു : " ഒരാൾ തന്റെ സഹോദരന്റെ ആവശ്യങ്ങൾ നിറവേറ്റി നൽകുന്നിടത്തോളം അല്ലാഹു അയാളുടെ ആവശ്യത്തിലായിരിക്കും. " [ ബുഖാരി : 2442 , മുസ്‌ലിം : 2580 ]

നിർവഹിച്ചു

## സൽകർമം 348

### 2- കുടുംബ ബന്ധം ചേർക്കൽ.

മഹത്വം : ദുനിയാവിൽ വെച്ച് തന്നെ പ്രതിഫലം ലഭിക്കുന്ന സൽകർമ്മം , സമ്പത്തിൽ വളർച്ചയും സന്താനങ്ങളിൽ വർധനവും ഉപജീവനത്തിൽ വിശാലതയും ലഭിക്കുന്നു.

തെളിവ് : അബൂ ബക്റ: - رضي الله عنه- നിന്ന് നിവേദനം : നബി ﷺ പറഞ്ഞു : " ദുനിയാവിൽ വെച്ച് തന്നെ പ്രതിഫലം ലഭിക്കുന്ന സൽകർമ്മമത്രെ കുടുബ ബന്ധം ചേർക്കൽ. ബന്ധം ചേർക്കുന്നവർ അധർമ്മകാരികളാണെങ്കിൽ പോലും അത് കാരണമായി അവരുടെ സമ്പത്തിൽ വളർച്ചയും സന്താനങ്ങളിൽ വർധനവുമുണ്ടാവും. " [ ഇബ്നു ഹിബ്ബാൻ : 440 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അർനഊഥ് വിധി നൽകിയിട്ടുണ്ട്.

- അനസ് ബിൻ മാലിക് - رضي الله عنه- നിന്ന് നിവേദനം റസൂൽ ﷺ പറഞ്ഞു : " ഉപജീവനത്തിൽ വിശാലതയും ദീർഘായുസ്സും ലഭിക്കണമെന്നാഗ്രഹിക്കുന്നവർ തന്റെ കുടുംബ ബന്ധം ചേർത്ത് കൊള്ളട്ടെ. " [ ബുഖാരി : 2067 , മുസ്‌ലിം : 2557 ]

നിർവഹിച്ചു

## സൽകർമം 349

### 3- പാപമോചനം പതിവാക്കുകയും അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുകയും ചെയ്യൽ

മഹത്വം : ദുനിയാവിൽ നല്ല വിഭവങ്ങൾ ലഭിക്കുകയും അവൻ പ്രതീക്ഷിക്കാത്ത വിധത്തിൽ ഉപജീവനം നൽകപ്പെടുകയും ചെയ്യും.

തെളിവ് : അല്ലാഹു പറഞ്ഞു : [ " നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുകയും എന്നിട്ട് അവനിലേക്ക് ഖേദിച്ചു മടങ്ങുകയും ചെയ്യുക. എങ്കിൽ നിർണ്ണിതമായ ഒരവധിവരെ അവൻ നിങ്ങൾക്ക് നല്ല സൗഖ്യമനുഭവിപ്പിക്കുന്നതാണ്. " ] ( സൂറ: ഹൂദ് : 3)

ഇബ്നു അബ്ബാസ് - رضي الله عنهما- നിന്ന് നിവേദനം : റസൂൽ ﷺ പറഞ്ഞു : " ആരെങ്കിലും പാപമോചനം പതിവാക്കുന്നുവെങ്കിൽ അവന്റെ എല്ലാ ബുദ്ധിമുട്ടുകളിൽ നിന്നും അല്ലാഹു ഒരു പോംവഴി നൽകുന്നതും എല്ലാ ദുഃഖത്തിൽ നിന്നും ഒരു തുറവി നൽകുന്നതുമാണ്. അതുപോലെ അവൻ കണക്കാക്കാത്ത വിധത്തിൽ അവന് ഉപജീവനം നൽകുകയും ചെയ്യും. " [ അബൂ ദാവൂദ് : 1518 , നസാഈ : സുനനുൽ കുബ്റാ : 10217 , ഇബ്നു മാജ: : 3819 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് അബ്ദുൽ ഹഖ് അൽ ഇശ്ബീലിയും ഇബ്നു ബാസും വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 350

### 4- തക്വ്‌വയിലധിഷ്ഠിതമായി ജീവതം ക്രമീകരിക്കൽ.

മഹത്വം : ആകാശ - ഭൂമിയിൽ നിന്ന് അനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറക്കപ്പെടുകയും അവൻ കണക്കാക്കാത്ത വിധത്തിൽ ഉപജീവനം ലഭിക്കുകയും അവന്റെ കാര്യങ്ങൾ എളുപ്പമാവുകയും ചെയ്യും. തെളിവ് : അല്ലാഹു പറഞ്ഞു : [ " ആ നാടുകളിലുള്ളവർ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ ആകാശത്ത് നിന്നും ഭൂമിയിൽ നിന്നും നാം അവർക്കു അനുഗ്രഹങ്ങൾ തുറന്നു കൊടുക്കുമായിരുന്നു. " ] ( സൂറ: അൽ അഅ്റാഫ് : 96 )

- അല്ലാഹു പറഞ്ഞു : [ " വല്ലവനും അല്ലാഹുവെ സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവനൊരു പോം വഴി ഉണ്ടാക്കിക്കൊടുക്കുകയും, അവൻ കണക്കാക്കാത്ത വിധത്തിൽ അവന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. " ] ( സൂറ: അത്ത്വലാക്വ് : 2-3)
- അല്ലാഹു പറഞ്ഞു : [ " വല്ലവനും അല്ലാഹുവെ സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവന്റെ കാര്യത്തിൽ എളുപ്പമുണ്ടാക്കി കൊടുക്കുന്നതാണ്. " ] ( സൂറ: അത്ത്വലാക്വ് : 4 )

നിർവഹിച്ചു

## സൽകർമം 351

### 5- അല്ലാഹുവിൽ മാത്രം ഭരമേൽപ്പിക്കൽ.

മഹത്വം : ഉപജീവനം നൽകപ്പെടും.

തെളിവ് : ഉമർ ബിൻ ഖത്ത്വാബ് - رضي الله عنه- നിന്ന് നിവേദനം റസൂൽ ﷺ പറഞ്ഞു : " നിങ്ങൾ യഥാരൂപത്തിൽ അല്ലാഹുവിൽ ഭരമേൽപ്പിക്കുകയാണെങ്കിൽ പക്ഷികൾക്ക് ഉപജീവനം നൽകുന്നത് പോലെ അവൻ നിങ്ങൾക്കും ഉപജീവനം നൽകുമായിരുന്നു. ഒട്ടിയ വയറുമായി അവ രാവിലെ പുറപ്പെടുകയും നിറഞ്ഞ വയറുമായി വൈകുന്നേരം തിരിച്ചു വരികയും ചെയ്യുന്നു. " [ തിർമിദി : 2344 , ഇബ്നു മാജ: : 4164 , അഹ്മദ് : 210] ഈ ഹദീസ് സ്വീകാര്യമാണെന്ന് അൽബാനി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 352

### 6- നന്മയുടെ മാർഗത്തിൽ ചെലവഴിക്കൽ .

മഹത്വം : ചെലവഴിച്ചതിന് പകരം നൽകുന്നതാണ്.

തെളിവ് : അല്ലാഹു പറഞ്ഞു : [ " നീ പറയുക : തീർച്ചയായും എന്റെ രക്ഷിതാവ് തന്റെ ദാസന്മാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലമാക്കുകയും താൻ ഉദ്ദേശിക്കുന്നവർക്ക് ഇടുങ്ങിയതാക്കുകയും ചെയ്യുന്നതാണ്. നിങ്ങൾ എന്തൊന്ന് ചിലവഴിച്ചാലും അവൻ അതിന് പകരം നൽകുന്നതാണ്. അവൻ ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനാകുന്നു. " ] ( സൂറ: സബഅ് : 39 )

- അബൂ ഹുറൈറ - رضي الله عنه- നിന്ന് നിവേദനം റസൂൽ ﷺ പറഞ്ഞു : " എല്ലാ ദിവസവും നേരം പുലരുമ്പോൾ രണ്ട് മലക്കുകൾ ഇറങ്ങി വരും. അവരിൽ ഒരാൾ ' അല്ലാഹുവേ, ( നിന്റെ മാർഗത്തിൽ ) ചിലവഴിക്കുന്നവർക്ക് നീ പകരം നൽകേണമേ.. ' എന്നും രണ്ടാമൻ ' അല്ലാഹുവേ, ( നന്മയുടെ വഴിയിൽ ) ചിലവഴിക്കാതെ പിടിച്ച് വെക്കുന്നവർക്ക് നീ നാശം നൽകേണമേ.. ' എന്നും പ്രാർത്ഥിക്കുന്നതാണ്. " [ ബുഖാരി : 1442 , മുസ്‌ലിം : 1010 ]

നിർവഹിച്ചു

**സൽകർമം 353**

### 7- പ്രായമുള്ളവരെ ബഹുമാനിക്കൽ.

മഹത്വം : അവന്റെ വാർദ്ധക്യ കാലത്ത് അവനെ ബഹുമാനിക്കുന്നവരെ അല്ലാഹു ഒരുക്കുന്നതാണ്.

തെളിവ് : അനസ് ബിൻ മാലിക് - رضي الله عنه- നിന്ന് നിവേദനം റസൂൽ ﷺ പറഞ്ഞു : " ഒരു യുവാവ് പ്രായമുള്ളവരെ ബഹുമാനിച്ചാൽ അവന്റെ വാർദ്ധക്യ കാലത്ത് അവനെ ബഹുമാനിക്കുന്നവരെ അല്ലാഹു ഒരുക്കുന്നതാണ്. " [ തിർമിദി : 2022 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂഥി വിധി നൽകിയിട്ടുണ്ട്.

നിർവഹിച്ചു

## സൽകർമം 354

### 8- വിപത്തുകൾ ബാധിക്കുമ്പോൾ ഇപ്രകാരം പറയൽ :
### إنا لله وإنا إليه راجعون ، اللهم أجرني في مصيبتي ، وأخلف لي خيرا منها

**മഹത്വം : അതിനെക്കാൾ ഉത്തമമായത് പകരം ലഭിക്കും.**

**തെളിവ് : ഉമ്മു സലമ: - رضي الله عنها- നിന്ന് നിവേദനം : റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : " അല്ലാഹുവിന്റെ ഏതെങ്കിലുമൊരു അടിമക്ക് ഒരു വിപത്ത് ബാധിക്കുകയും അയാൾ ' ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവനിലേക്ക് തന്നെ മടങ്ങാനുള്ളവരുമാണ്. അല്ലാഹുവേ എന്റെ ഈ വിപത്തിൽ എനിക്ക് നീ പ്രതിഫലം നൽകേണമേ, അതിന് പകരം അതിലും ഉത്തമമായത് എനിക്ക് നീ നൽകേണമേ. ' ഇങ്ങനെ ചൊല്ലുകയും ചെയ്താൽ അല്ലാഹു അയാൾക്ക് അതിൽ പ്രതിഫലം നൽകുകയും അതിനെക്കാൾ ഉത്തമമായത് പകരം നൽകുകയും ചെയ്യുന്നതാണ്. " [ മുസ്‌ലിം : 918 ]**

നിർവഹിച്ചു

## സൽകർമം 355

### 9- വാങ്ങുന്നവനും വിൽക്കുന്നവനും കച്ചവടത്തിൽ സത്യസന്ധതയും യാഥാർത്ഥ്യങ്ങൾ തുറന്ന് പറയുകയും ചെയ്യൽ .

മഹത്വം : കച്ചവടത്തിൽ ബറക്കത്ത് ഉണ്ടാവും.

തെളിവ് : ഹകീം ബിൻ ഹിസാം - رضي الله عنه- നിന്ന് നിവേദനം റസൂൽ ﷺ പറഞ്ഞു : " വസ്തു വാങ്ങുന്നവനും വിൽക്കുന്നവനും കച്ചവട സ്ഥലത്ത് നിന്നും വേർപിരിയും വരെ അതിൽ നിന്ന് പിന്മാറുവാനോ അത് നടപ്പിലാക്കുവാനോ അവകാശമുള്ളവരാണ്. എന്നാൽ അവരിരുവരും സത്യസന്ധത പുലർത്തുകയും യാഥാർത്ഥ്യങ്ങൾ തുറന്ന് പറയുകയും ചെയ്യുന്ന പക്ഷം അവരുടെ ഇടപാടിൽ അനുഗ്രഹം ചൊരിയുന്നതാണ്. ഇനി യാഥാർത്ഥ്യങ്ങൾ മറച്ചുവെക്കുകയും കളവ് പറയുകയും ചെയ്താൽ അവരുടെ കച്ചവടത്തിലെ അനുഗ്രഹം ഇല്ലാതാവുന്നതാണ്. " [ ബുഖാരി : 2079, മുസ്‌ലിം : 1532 ]

നിർവഹിച്ചു

## സൽകർമം 356

### 10- കിടപ്പറയിലേക്ക് ചെല്ലുമ്പോൾ 34 തവണ തക്ബീറും 33 തവണ വീതം തസ്ബീഹും തഹ്മീദും ചൊല്ലൽ.

മഹത്വം : പരിചാരകനെക്കാൾ ഉത്തമമായത്.

തെളിവ് : അലി - رضي الله عنه- നിന്ന് നിവേദനം റസൂൽ ﷺപറഞ്ഞു : " നിങ്ങളിരുവരും കിടപ്പറയിലേക്ക് പോകുമ്പോൾ മുപ്പത്ത് നാല് തവണ തക്ബീറും മുപ്പത്തിമൂന്ന് തവണ വീതം തസ്ബീഹും തഹ്മീദും ചൊല്ലി കൊള്ളുക; അതത്രെ നിങ്ങൾക്ക് ഒരു വേലക്കാരനെക്കാൾ ഉത്തമമായത്. " [ ബുഖാരി : 3705 , മുസ്‌ലിം : 2727 ]

# ഭാഗം ആറ്:

# നിനക്ക് ചുറ്റുമുള്ളവരോട് നിറവേറ്റാനുള്ള കർമങ്ങൾ.

(4 സൽകർമങ്ങൾ)

നിർവഹിച്ചു

## സൽകർമം 357

### 1- തിന്മമയെ നന്മ കൊണ്ട് പ്രതിരോധിക്കൽ.

മഹത്വം : ശത്രു മിത്രമായിത്തീരുന്നു.

തെളിവ് : അല്ലാഹു പറഞ്ഞു : [ " നന്മയും തിന്മയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അതു കൊണ്ട് നീ തിന്മയെ പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവൻ ഒരു ഉറ്റബന്ധുവെന്നപോലെ ആയിത്തീരുന്നു. " ] ( സൂറത്തു ഫുസ്സിലത്ത് : 34)

നിർവഹിച്ചു

## സൽകർമം 358-359

### 2- 4- കുടുംബ ബന്ധം ചേർക്കൽ , സൽസ്വഭാവം , നല്ല അയൽപ്പക്ക ബന്ധം നിലനിർത്തൽ.

മഹത്വം : നാടുകളെ ജീവസ്സുറ്റതാക്കുന്നു.

തെളിവ് : ആയിഷ - رضي الله عنها - നിന്ന് നിവേദനം നബി ﷺ പറഞ്ഞു : " കുടുംബ ബന്ധം ചേർക്കലും സൽസ്വഭാവും നല്ല അയൽപ്പക്ക ബന്ധവുമെല്ലാം നാടിനെ ജീവസ്സുറ്റതാക്കുന്നു. " [ അഹ്മദ് : 25896 ] ഈ ഹദീസ് സ്വീകാര്യമാണെന്ന് സുയൂഥി വിധി നൽകിയിട്ടുണ്ട്.

## ഉള്ളടക്കം

ശൈഖ് അബ്ദുൽ അസീസ് സദ്ഹാൻ ഈ ഗ്രന്ഥത്തിന് നല്കിയ ആമുഖം

ഈ പുസ്തകത്തിൽ രചയിതാവ് സ്വീകരിച്ച ശൈലി

**അദ്ധ്യായം ഒന്ന്:**
**അടിമയിൽ നിന്ന് അല്ലാഹു ഉദ്ദേശിക്കുന്ന ലക്ഷ്യം പൂർത്തീകരിക്കാനും അവന്റെ സാമീപ്യവും കൃപയും നേടാൻ സഹായിക്കുന്ന കർമങ്ങൾ**

**ഭാഗം ഒന്ന് : അടിമയിൽ നിന്ന് അല്ലാഹു ഉദ്ദേശിക്കുന്ന ലക്ഷ്യം പൂർത്തീകരിക്കാൻ സഹായിക്കുന്ന കാര്യങ്ങൾ :**

1. പ്രാർത്ഥന
2. സത്യസന്ധത
3. തക്വ്‌വയിലധിഷ്ഠിതമായി ജീവിക്കൽ
4. കോപം അടക്കുക
5. ജനങ്ങൾക്ക് വിട്ടു വീഴ്ച്ച നൽകുക.
6. ചൂട് ശക്തമാകുമ്പോൾ ദ്വുഹാ നമസ്കരിക്കൽ
7. നാൽപ്പത് ദിവസം തുടർച്ചയായി ജമാഅത്ത് നിസ്കാരം ലഭിക്കൽ
8. നോമ്പ്
9. അല്ലാഹുവെ സദാ സ്മരിച്ച് കൊണ്ടിരിക്കൽ
10. നൂറ് തവണ لا إلهَ إلّا اللهُ وحدَه لا شريكَ.. എന്ന ദിക്ർ ചൊല്ലൽ.
11. പ്രഭാതത്തിലും പ്രദോഷത്തിലുമായി നൂറ് തവണ سبحان الله وبحمده ചൊല്ലൽ
12. ഭക്ഷണം നൽകൽ
13. പരിചയമുള്ളവരോടും ഇല്ലാത്തവരോടും സലാം പറയൽ
14. മുസ്‌ലിമായ ഒരു വ്യക്തിയെ സന്തോഷിപ്പിക്കുക
15. മുസ്‌ലിമായ ഒരു വ്യക്തിയുടെ പ്രയാസങ്ങൾ നീക്കുക
16. മുസ്‌ലിമായ ഒരു വ്യക്തിയുടെ കടങ്ങൾ വീട്ടി നല്കുക
17. മുസ്‌ലിമായ ഒരു വ്യക്തിയുടെ വിശപ്പകറ്റുക
18. അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുക..
19. ലൈലത്തുൽ ഖദറിൽ സൽപ്രവർത്തനങ്ങളിൽ മുഴുകൽ
20. പിണങ്ങി നിൽക്കുന്നവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കൽ

**21-** വെള്ളിയാഴ്ച്ച ദിനം സുബ്ഹ് നമസ്കാരം ജമാഅത്തായി നിർവ്വഹിക്കൽ.

22- ഐച്ഛിക നമസ്കാരങ്ങൾ വീട്ടിൽ വെച്ച് നിർവ്വഹിക്കൽ

23-നൂറ് ആയത്ത് പാരായണം ചെയ്ത് രാത്രി നമസ്കരിക്കൽ

24-മുഹർറം മാസത്തിൽ നോമ്പനുഷ്ഠിക്കൽ

25- ഇശാഅ് നമസ്കാര ശേഷം ഒരൊറ്റ സലാമിൽ നാല് റക്അത്ത് നമസ്കരിക്കൽ

**ഭാഗം രണ്ട് : അല്ലാഹുവിന്റെ സാമീപ്യം നേടാൻ സഹായിക്കുന്ന കർമങ്ങൾ**

1. തക്വ്‌വയിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കൽ
2. മറ്റുള്ളവർക്ക് നന്മ ചെയ്യൽ
3. അല്ലാഹുവെ സദാ സ്മരിക്കൽ
4. അല്ലാഹുവോട് പ്രാർത്ഥിക്കൽ
5. ജനങ്ങൾക്ക് ഉപകാരം ചെയ്യൽ
6. അല്ലാഹുവിൽ മാത്രം ഭരമേൽപ്പിക്കൽ
7. അല്ലാഹുവിന്റെ മാർഗത്തിൽ പരസ്പ്പരം സ്നേഹിക്കുക
8. അല്ലാഹുവിന്റെ മാർഗത്തിൽ പരസ്പര ബന്ധം പുലർത്തൽ
9. അല്ലാഹുവിന്റെ മാർഗത്തിൽ സമ്പത്ത് ചെലവഴിക്കൽ
10. അൻസ്വാരികളെ സ്നേഹിക്കൽ
11. അല്ലാഹുവെ കണ്ട് മുട്ടുന്നത് ഇഷ്ടപ്പെടൽ
12. കുടുംബ ബന്ധം ചേർക്കൽ
13. സുജൂദിൽ ദുആ വർധിപ്പിക്കൽ

**ഭാഗം മൂന്ന് : അല്ലാഹുവിന്റെ കൃപ നേടാൻ സഹായിക്കുന്ന കർമങ്ങൾ** :–

1. തക്വ്‌വയിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കൽ
2. അന്ന - പാനീയങ്ങൾക്കു ശേഷം الحمد لله എന്ന് പറയൽ
3. ദന്ത ശുദ്ധീകരണം വരുത്തൽ
4. രാവിലെയും വൈകുന്നേരവുമായി ...رضينا بالله ربا എന്ന ദിക്ർ ചൊല്ലൽ
5. അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങൽ
6. ക്വുർആൻ പഠിക്കുകയും അത് പഠിപ്പിക്കുകയും ചെയ്യൽ
7. എല്ലാ നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷവും ദിക്ർ ചോല്ലൽ.
8. നോമ്പ് തുറക്കാൻ ധൃതി കാണിക്കുക

9. നബി ﷺയുടെ മേൽ സ്വലാത്ത് ചൊല്ലൽ
10. ജമാഅത്ത് നമസ്കാരം ഒന്നാമത്തെ സ്വഫ്ഫിൽ വെച്ച് നിർവ്വഹിക്കൽ
11. ദാഹിച്ച് വലഞ്ഞ മൃഗങ്ങൾക്ക് വെള്ളം നൽകൽ
12. അല്ലാഹുവെ സ്മരിക്കുന്നതിനായി ഒരുമിച്ച് കൂടൽ
13. അല്ലാഹുവെ സദാ സ്മരിക്കൽ
14. ഏകാന്തനായിരിക്കെ അല്ലാഹുവെ സ്മരിക്കൽ
15. അല്ലാഹുവിന് കീഴ്പ്പെടലും ജനങ്ങൾക്കിടയിൽ ദുർബലനായി കഴിയലും
16. ഐച്ഛിക നമസ്കാരങ്ങൾ വീട്ടിൽ വെച്ച് നിർവ്വഹിക്കൽ
17. സൂറത്തുൽ ബക്വറ പാരായണം ചെയ്യൽ
18. നോമ്പിന് അത്താഴം കഴിക്കൽ
19. തിന്മമയെ നന്മ കൊണ്ട് പ്രതിരോധിക്കൽ
20. വെള്ളിയാഴ്ച്ച ദിവസം സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യൽ
21. മൂന്ന് ഇറക്കുകളായി വെള്ളം കുടിക്കൽ

**അദ്ധ്യായം രണ്ട്:**

## ഇഹ- പര ലോകത്തെ പ്രയാസങ്ങൾ നീങ്ങുവാനുള്ള കർമങ്ങൾ

**ഭാഗം ഒന്ന് : ദീനിന് ഉപദ്രവം വരുത്തുന്ന കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കാൻ സഹായിക്കുന്ന കർമങ്ങൾ.**

1. നൂറ് തവണ سبحان الله وبحمده എന്ന് ചൊല്ലൽ
2. നല്ല നിലയിൽ വുദ്വൂഅ് ചെയ്യൽ
3. സ്ത്രീ - പുരുഷ സംസർഗമോ ദുർവൃത്തിയോ ചെയ്യാതെ ഹജ്ജ് നിർവ്വഹിക്കൽ
4. നമസ്കാരം ലക്ഷ്യം വെച്ച് മസ്ജിദുൽ അഖ്സയിലേക്ക് പുറപ്പെടൽ
5. ബലികർമ്മത്തിന് സാക്ഷ്യം വഹിക്കൽ

6. യുദ്ധത്തിൽ രക്തസാക്ഷിത്വം വരിക്കൽ
7. നല്ല നിലയിൽ വുദൂഅ് ചെയ്ത ശേഷം മനസ്സിൽ മറ്റു ചിന്തകൾ കടന്നു വരാതെ രണ്ട് റക്അത്ത് നമസ്കരിക്കുകയും അതിന് ശേഷം പാപമോചനം തേടുകയും ചെയ്യൽ
8. റമദ്വാൻ മാസം ഈമാനോടും പ്രതിഫലേഛയോടും കൂടി രാത്രി നമസ്കരിക്കൽ
9. ലൈലത്തുൽ ക്വദ്റിന്റെ രാവിൽ ഈമാനോടും പ്രതിഫലേഛയോടും കൂടി രാത്രി നമസ്കരിക്കൽ
10. ഇമാമിന്റെ കൂടെ ആമീൻ പറയുന്നതോടൊപ്പം മലക്കുകളുടെ ആമീനുമായി യോജിച്ച് വരൽ
11. لا إله إلا الله ، والله أكبر ، ولا حول ولا قوة إلا بالله എന്ന ദിക്ർ ചൊല്ലൽ
12. എല്ലാ നിർബന്ധ നമസ്കാരങ്ങൾക്കു ശേഷവും 100 തവണ ദിക്ർ ചൊല്ലൽ .
13. ഫർദ് നമസ്കാരം ജമാഅത്തായി നിർവ്വഹിക്കണമെന്ന ഉദ്ദേശ്യത്തോടെ മാത്രം വീട്ടിൽ നിന്നും നല്ല രീതിയിൽ വുദൂഅ് ചെയ്ത് പള്ളിയിലേക്ക് കാൽനടയായി പുറപ്പെടൽ
14. ഒരു നമസ്കാരത്തിന് ശേഷം അടുത്തതിനായി അവിടെ തന്നെ കാത്തിരിക്കൽ
15. രാത്രിയുടെ യാമങ്ങളിൽ നമസ്കരിക്കൽ
16. സമൃദ്ധാവസ്ഥയിലും പ്രയാസ ഘട്ടത്തിലും ദാനധർമ്മം ചെയ്യൽ
17. തുടരെത്തുടരെ ഹജ്ജും ഉംറയും നിർവ്വഹിക്കൽ
18. അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യൽ
19. അല്ലാഹുവിലേക്ക് ആത്മാർത്ഥമായി ഖേദിച്ച് മടങ്ങൽ
20. തക്വ്വയിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കൽ
21. പാപമോചനം തേടുകയും أستغفر الله الذي لا إله إلا هو الحي القيوم وأتوب إليه എന്ന് പ്രാർത്ഥിക്കുകയും തെറ്റുകളിൽ തുടരാതിരിക്കുകയും ചെയ്യൽ
22. രോഗം, ക്ഷീണം, പ്രയാസം, വിഷമം പോലുള്ള വിപത്തുകൾ ബാധിക്കുമ്പോൾ ക്ഷമയവലംബിക്കൽ
23. തിന്മകൾക്ക് തുടരെ നന്മ പ്രവർത്തിക്കൽ
24. വൻപാപങ്ങൾ പൂർണ്ണമായും ഉപേക്ഷിക്കൽ

25. ഒരു വ്യക്തി തന്റെ പ്രാർത്ഥനകൾ മുഴുവൻ നബി ﷺയ്ക്ക് വേണ്ടി സ്വലാത്ത് ആക്കി മാറ്റൽ
26. സൂറത്തുൽ മുൽക് പാരായണം ചെയ്യൽ
27. അല്ലാഹുവെ സ്മരിക്കുന്നതിനായി ഒരുമിച്ച് കൂടൽ
28. രാത്രിയുടെ മൂന്നിലൊന്നിന്റെ അവസാന സമയത്ത് പാപ മോചനം തേടൽ
29. പരസ്പരം കണ്ടുമുട്ടുമ്പോൾ ഹസ്തദാനം ചെയ്യൽ
30. ബാങ്കിന് ശേഷം ദുആ പറയൽ
31. വഴിയിൽ നിന്ന് തടസ്സം നീക്കൽ
32. കോപം അടക്കി വെക്കുക
33. ജനങ്ങൾക്ക് മാപ്പ് നൽകുക.
34. ബാങ്ക് വിളിക്കൽ
35. ദാഹിച്ച് വലഞ്ഞ മൃഗങ്ങൾക്ക് വെള്ളം നൽകൽ
36. മരണപ്പെട്ട വ്യക്തിക്ക് വേണ്ടി അദ്ദേഹത്തിന്റെ സമ്പത്തിൽ നിന്നും ദാനം ചെയ്യൽ
37. കടം വീട്ടാൻ പ്രയാസമനുഭവിക്കുന്നവന് അവധി നീട്ടി നൽകലും കടത്തിൽ ഇളവ നൽകലും
38. കഅ്ബയെ ത്വവാഫ് ചെയ്യുമ്പോൾ വെക്കുന്ന കാലടികൾ.
39. ഹജറുൽ അസ്‌വദിന്റെയും റുക്നുൽ യാമിനിയുടെയും മൂല കൈ കൊണ്ട് തടവൽ.
40. അല്ലാഹുവിനായി സുജൂദ് നിർവ്വഹിക്കൽ
41. അങ്ങാടിയിലേക്ക് പ്രവേശിക്കുമ്പോൾ പറയേണ്ട പ്രാർത്ഥന
42. അറഫാ ദിനത്തിൽ നോമ്പനുഷ്ഠിക്കൽ
43. ആശൂറാഅ് ദിനത്തിൽ നോമ്പനുഷ്ഠിക്കൽ
44. ഒരു ഉംറ മുതൽ അടുത്ത ഉംറ വരെയുള്ള കാലയളവ്.
45. നൂറ് തവണ لا إله إلا الله وحده لا شريك له... എന്ന ദിക്ർ പറയുക
46. സുബ്ഹ് നമസ്കാര ശേഷം ഇരിക്കുന്ന രൂപത്തിൽ മാറ്റം വരുത്താതെയും ഭൗതികമായ കാര്യങ്ങൾ സംസാരിക്കുന്നതിനും മുമ്പായി പത്ത് പ്രാവശ്യം പറയേണ്ട പ്രാർത്ഥന
47. സദസ്സ് പിരിയുന്നതിന് മുമ്പായി പറയേണ്ട പ്രാർത്ഥന
48. അല്ലാഹുവിൽ ഭരമേൽപ്പിക്കൽ
49. ഉറങ്ങാൻ കിടക്കുമ്പോൾ ആയത്തുൽ കുർസിയ്യ് ഓതൽ.
50. ഭാര്യയെ സംയോഗം ചെയ്യുന്നതിന് മുമ്പായി ഇപ്രകാരം പ്രാർത്ഥിക്കൽ

51- അനാഥയെ തലോടൽ

52- സാധുക്കൾക്ക് ഭക്ഷണം നൽകൽ

53- പത്ത് ആയത്ത് പാരായണം ചെയ്തു കൊണ്ട് രാത്രി നമസ്കരിക്കൽ.

**ഭാഗം രണ്ട് : മരണാനന്തര ജീവിതത്തിൽ പ്രയാസങ്ങൾ വരാതിരിക്കാൻ സഹായിക്കുന്ന കർമങ്ങൾ.**

1. തക്വ്വയിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കുകയും , പ്രവർത്തനങ്ങൾ നന്നാക്കുകയും ചെയ്യുക.
2. അല്ലാഹുവിന്റെ മാർഗത്തിൽ ഒരു ദിവസം നോമ്പനുഷ്ഠിക്കൽ.
3. നാൽപ്പത് ദിവസം തുടർച്ചയായി ജമാഅത്ത് നമസ്കാരത്തിൽ തക്ബീറതുൽ ഇഹ്റാം ലഭിക്കൽ.
4. ദ്വുഹ്ർ നമസ്കാരത്തിന് മുമ്പും ശേഷവുമായി നാല് റക്അത്ത് പതിവാക്കൽ .
5. കാരക്കയുടെ ഒരു കഷ്ണമെങ്കിലും ദാനം ചെയ്യൽ
6. അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തിൽ കാൽ പാദങ്ങൾ പൊടിപിടിക്കുകയും പൊടി ശ്വസിക്കുകയും ചെയ്യൽ.
7. അല്ലാഹുവെ സ്മരിക്കൽ
8. പെൺ മക്കളെ ക്ഷമയോടെ പരിപാലിക്കുകയും അവരോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യൽ
9. അല്ലാഹുവെ ഭയപ്പെട്ട് കരയൽ
10. സൗമ്യനും മൃദുലനും ജനങ്ങളോട് അടുത്തവനുമാവുക.
11. മുസ്‌ലിമിന്റെ അഭിമാനത്തെ അവന്റെ അസാന്നിധ്യത്തിൽ പ്രതിരോധിക്കൽ
12. അല്ലാഹുവിന്റെ മാർഗത്തിൽ ഉറക്കമുണർന്ന് കാവലിരിക്കൽ.
13. റമദ്വാനിലെ രാപ്പകലുകൾ ആരാധനകളാൽ സജീവമാക്കൽ.
14. കോപമടക്കി വെക്കൽ
15. നരകത്തിൽ നിന്നും മൂന്ന് തവണ അല്ലാഹുവോട് അഭയം ചോദിക്കൽ
16. അല്ലാഹുവിന്റെ മാർഗത്തിൽ അതിർത്തികളിൽ കാവൽ നിൽക്കെ മരണപ്പെടൽ.
17. മുസ്‌ലിമായ ഒരു വ്യക്തിയുടെ പ്രയാസം ദൂരീകരിക്കൽ.

**ഭാഗം മൂന്ന് : ഇഹ ലോക ജീവിതത്തിൽ പ്രയാസങ്ങൾ വരാതിരിക്കാൻ സഹായിക്കുന്ന കർമങ്ങൾ.**

1. വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കൽ
2. പ്രഭാതത്തിലും പ്രദോഷത്തിലുമായി സൂറതുൽ ഇഖ്ലാസും ഫലകും നാസും മൂന്ന് തവണ ഓതുക.
3. പ്രഭാതത്തിലും പ്രദോഷത്തിലുമായി മൂന്ന് തവണ ഇപ്രകാരം പ്രാർത്ഥിക്കൽ
4. ഉറങ്ങാൻ കിടക്കുമ്പോൾ ആയത്തുൽ കുർസിയ്യ് ഓതൽ
5. ദുഃഖവും വിഷമവും ഉണ്ടാകുമ്പോൾ പറയേണ്ട പ്രാർത്ഥന
6. സുബ്ഹ് നമസ്കാര ശേഷം ഇരിക്കുന്ന രൂപത്തിൽ മാറ്റം വരുത്താതെയും ഭൗതികമായ കാര്യങ്ങൾ സംസാരിക്കുന്നതിനും മുമ്പായി പത്ത് പ്രാവശ്യം ഇപ്രകാരം പ്രാർത്ഥിക്കൽ
7. അല്ലാഹുവിൽ മാത്രം ഭരമേൽപ്പിക്കൽ
8. ദുരിതം ബാധിച്ചവനെ കാണുമ്പോൾ പറയേണ്ട പ്രാർത്ഥന
9. കുറ്റകരമായതോ കുടുംബ ബന്ധം വിച്ഛേദിക്കുന്നതോ അല്ലാത്ത കാര്യങ്ങൾ അല്ലാഹുവോട് ചോദിക്കൽ
10. ഒരു വ്യക്തി തന്റെ പ്രാർത്ഥനകൾ മുഴുവൻ നബി ﷺ യ്ക്ക് വേണ്ടി സ്വലാത്ത് ആക്കി മാറ്റൽ.
11. രാവിലെയും വൈകുന്നേരവും ഏഴ് തവണ ഇപ്രകാരം ചൊല്ലൽ حسبي الله لا إله إلا هو عليه توكلت وهو رب العرش العظيم
12. സൂറത്തുൽ ബക്വറയിലെ അവസാന രണ്ട് വചനങ്ങൾ പരായണം ചെയ്യൽ
13. തക്വ്‌വയിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കൽ
14. പാപമോചനം പതിവാക്കൽ
15. നാല് റക്അത്ത് ദുഹാ നമസ്കരിക്കൽ
16. തുടരെത്തുടരെ ഹജ്ജും ഉംറയും നിർവ്വഹിക്കൽ
17. ക്ഷമ മുറുകെ പിടിക്കൽ
18. സൂറത്തുൽ ബക്വറ പാരായണം ചെയ്യൽ
19. ഉറക്കിനിടയിൽ ദുസ്വപ്നം കാണാനിടയായാൽ ചെയ്യേണ്ട കാര്യങ്ങൾ
20. ഉറക്കിനിടയിൽ ഭയമോ വിഭ്രാന്തിയോ ഉണ്ടായാൽ ഇപ്രകാരം പ്രാർത്ഥിക്കൽ
21. സൂറ: അൽ കഹ്ഫിലെ ആദ്യ പത്ത് വചനങ്ങൾ മനഃപ്പാഠമാക്കൽ.

## അദ്ധ്യായം മൂന്ന്:

### ഇഹ- പര ലോകത്തെ നമ്മുടെ ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള കർമങ്ങൾ

**ഭാഗം ഒന്ന്: മതപരമായ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള കർമങ്ങൾ.**

1. അല്ലാഹുവെക്കുറിച്ച് എപ്പോഴും സദ് വിചാരം വെച്ച് പുലർത്തൽ
2. സുബ്ഹിന് മുമ്പ് രണ്ട് റക്അത്ത് നമസ്കരിക്കൽ
3. തക്വ്വയിലധിഷ്ഠിതമായി ജീവതം ക്രമീകരിക്കൽ
4. അല്ലാഹുവിന് തൃപ്തിയുള്ള മാർഗത്തിൽ ദാനം നൽകൽ
5. വീട്ടിൽ നിന്നും പുറത്ത് പോകുമ്പോൾ ഇപ്രകാരം പറയൽ

**ഭാഗം രണ്ട്: പ്രവർത്തനങ്ങളിലെ ലക്ഷ്യം നിറവേറ്റാനുള്ള കർമങ്ങൾ.**

1. തക്വ്വയിലധിഷ്ഠിതമായി ജീവതം ക്രമീകരിക്കൽ
2. മുസ്‌ലിമായ ഒരു വ്യക്തിയെ സന്തോഷിപ്പിക്കുക
3. മുസ്‌ലിമായ ഒരു വ്യക്തിയുടെ  പ്രയാസങ്ങൾ നീക്കുക
4. മുസ്‌ലിമായ ഒരു വ്യക്തിയുടെ  കടങ്ങൾ വീട്ടുക
5. മുസ്‌ലിമായ ഒരു വ്യക്തിയുടെ  വിശപ്പകറ്റുക
6. ദുൽഹിജ്ജയിലെ ആദ്യ പത്ത് ദിനങ്ങളിൽ ആരാധനകൾ നിർവ്വഹിക്കൽ
7. ദുൽഹിജ്ജ പത്തിന് ബലി കർമ്മം നടത്തൽ
8. سبحان الله ، والحمد لله ، ولا إله إلا الله، والله أكبر എന്ന് പറയൽ
9. سبحان الله وبحمده എന്ന് പറയൽ
10. سبحان الله العظيم ، سبحان الله وبحمده എന്ന് ചൊല്ലൽ.
11. രാത്രി ഉറക്കിൽ നിന്ന് അസമയത്ത് ഉണർന്നാൽ ഇപ്രകാരം പ്രാർത്ഥിക്കുക
12. സ്വന്തം കുടുംബത്തിന് ചിലവിന് നൽകുമ്പോൾ റബ്ബിന്റെ പ്രതിഫലം കാംക്ഷിക്കൽ
13. സൂര്യൻ മധ്യാഹ്നത്തിൽ നിന്ന് തെറ്റിയതിന് ശേഷം ദുഹ്റിന് മുമ്പായി നാല് റക്അത്ത് നമസ്കരിക്കൽ
14. നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷം (سبحان الله ، الحمد لله ، الله أكبر) എന്ന് 33 തവണ പറയൽ

ഭാഗം മൂന്ന് : പരലോക ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള കർമങ്ങൾ.

1. അല്ലാഹുവെ സദാ സ്മരിച്ച് കൊണ്ടിരിക്കൽ
2. അങ്ങാടിയിലേക്ക് പ്രവേശിക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കൽ
3. സുബ്ഹ് നമസ്കാര ശേഷം ഇരിക്കുന്ന രൂപത്തിൽ മാറ്റം വരുത്താതെയും ഭൗതികമായ കാര്യങ്ങൾ സംസാരിക്കുന്നതിനും മുമ്പായി പത്ത് പ്രാവശ്യം ഇപ്രകാരം പ്രാർത്ഥിക്കൽ
4. വീട്ടിൽ നിന്ന് വുദൂഅ് ചെയ്ത് ഫർദ് നമസ്കാരം ജമാഅത്തായി നിർവ്വഹിക്കുന്നതിന് നടന്ന് വെച്ച് പള്ളിയിലേക്ക് പോകൽ
5. ഒരു നമസ്കാരത്തിന് ശേഷം അടുത്തതിനായി കാത്തിരിക്കൽ
6. പ്രയാസ ഘട്ടങ്ങളിൽ വുദൂഅ് പൂർണ്ണമായും നിർവ്വഹിക്കൽ.
7. അല്ലാഹുവിനായി സുജൂദ് വർധിപ്പിക്കൽ
8. മാതാപിതാക്കളുടെ മരണ ശേഷം അവർക്ക് വേണ്ടി മക്കൾ പാപമോചനം തേടൽ
9. ശകുനം നോക്കാതിരിക്കൽ
10. മന്ത്രിക്കാൻ ആവശ്യപ്പെടാതിരിക്കൽ
11. ചൂട് വെച്ചുള്ള ചികിത്സ നടത്താതിരിക്കുക
12. അല്ലാഹുവിൽ മാത്രം ഭരമേൽപ്പിക്കുക
13. മുഹമ്മദ് നബി ﷺയെ സ്നേഹിക്കൽ
14. ഒരു വ്യക്തി അയാളുടെ പെൺ മക്കൾക്കോ സഹോദരിമാർക്കോ അവർ അദ്ദേഹവുമായി വേർപിരിയുന്നത് വരെയോ അല്ലെങ്കിൽ ആ വ്യക്തി അവരെ ബാക്കിയാക്കി യാത്രയകുന്നത് വരെയോ അവരെ പരിചരിക്കുകയും അവരുടെ ചിലവുകൾ വഹിക്കുകയും ചെയ്യൽ.
15. അനാഥയുടെ സംരക്ഷണമേറ്റെടുക്കൽ
16. നന്നായി വുദൂഅ് ചെയ്തതിന് ശേഷം ഹൃദയവും മുഖവുമായി അല്ലാഹുവിലേക്ക് മുന്നിട്ട് രണ്ട് റക്അത്ത് നമസ്കരിക്കൽ
17. അൽപ്പ നേരമാണെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യൽ
18. നാവും ഗുഹ്യാവയവും തെറ്റുകളിൽ നിന്നും സൂക്ഷിക്കൽ
19. പ്രഭാതത്തിൽ ഇപ്രകാരം ചൊല്ലൽ ...رضيت بالله ربا وبالإسلام
20. മുസ്‌ലികളുടെ ജമാഅത്തിനെ മുറുകെ പിടിക്കൽ
21. രോഗിയെയോ അല്ലാഹുവിന്റെ മാർഗത്തിൽ മുസ്‌ലിമായ തന്റെ സഹോദരനെയോ സന്ദർശിക്കൽ
22. അല്ലാഹുവിന്റെ മാർഗത്തിൽ പരസ്പരം സ്നേഹിക്കൽ
23. സൽസ്വഭാവം

24. വിപത്തുകൾ ബാധിക്കുമ്പോൾ അല്ലാഹുവെ സ്തുതിക്കുകയും ഇപ്രകാരം പറയുകയും ചെയ്യൽ
25. തമാശയ്ക്കാണെങ്കിലും കളവ് ഉപേക്ഷിക്കൽ.
26. നിർബന്ധ നമസ്കാരങ്ങൾക്ക് പുറമെ ദിവസവും പന്ത്രണ്ട് റക്അത്ത് നമസ്കരിക്കൽ.
27. പള്ളി നിർമ്മിക്കൽ
28. ന്യായമുണ്ടായിട്ടും കുതർക്കമുപേക്ഷിൽ
29. തഖ്‌വയിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കൽ
30. سبحان الله പറയൽ
31. الحمد لله പറയൽ
32. لا إله إلا الله പറയൽ
33. الله أكبر പറയൽ
34. سبحان الله العظيم وبحمده എന്ന ദിക്ർ ചൊല്ലൽ
35. കോപം അടക്കി വെക്കൽ
36. അല്ലാഹുവിന് കീഴ്പ്പെടലും ജനങ്ങൾക്കിടയിൽ ദുർബലനായി കഴിയലും കഴിവുണ്ടായിട്ടും പൊങ്ങച്ചത്തിന്റെ വസ്ത്രം ഉപേക്ഷിക്കലും
37. കടം വീട്ടാൻ പ്രയാസമനുഭവിക്കുന്നവന് അവധി നീട്ടി നൽകലും കടത്തിൽ ഇളവ നൽകലും അവന്റെ കടം വിട്ടേക്കുകയോ ചെയ്യൽ
38. നോമ്പനുഷ്ഠിക്കൽ
39. ജനങ്ങൾക്ക് മാപ്പ് നൽകുകയും അതിക്രമം പ്രവർത്തിച്ചവർക്ക് പൊറുത്തു കൊടുക്കുകയും ചെയ്യൽ
40. ചോദിച്ച് വരുന്നവർക്കും ഉപജീവനം തടയപ്പെട്ടവർക്കും സമൃദ്ധാവസ്ഥയിലും വിഷമാവസ്ഥയിലും പിശുക്ക് ഇല്ലാതെ നൽകൽ.
41. രാത്രി അൽപ്പ നേരം മാത്രം ഉറങ്ങുകയും, ജനങ്ങളെല്ലാം നിദ്രയിലാണ്ടു കഴിയുമ്പോൾ എണീറ്റ് നമസ്കരിക്കുകയും, ആയിരം ആയത്ത് പാരായണം ചെയ്ത് നമസ്കരിക്കുകയും ചെയ്യൽ.
42. സൂറത്തുൽ മുൽക് പാരായണം ചെയ്യൽ
43. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനും പങ്കുകാരിത്തവനുമാണെന്നും മുഹമ്മദ് നബി അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്ന് സാക്ഷ്യം വഹിക്കൽ
44. പുണ്യകരമായ ഹജ്ജ് നിർവ്വഹിക്കൽ
45. അല്ലാഹുവിലേക്ക് ആത്മാർത്ഥമായി ഖേദിച്ച് മടങ്ങൽ

46. വൻപാപങ്ങൾ പൂർണ്ണമായും ഉപേക്ഷിക്കൽ
47. മാതാപിതാക്കൾക്ക് നന്മ ചെയ്യൽ
48. വിപത്തുകളിൽ ക്ഷമിക്കൽ
49. നോമ്പനുഷ്ഠിക്കുക, ജനാസയെ പിൻന്തുടരുക, പാവങ്ങൾക്ക് ഭക്ഷണം നൽകുക, രോഗിയെ സന്ദർശിക്കുക എന്നീ കാര്യങ്ങൾ ഒരൊറ്റ ദിവസം ചെയ്യൽ.
50. മതവിജ്ഞാമന്വേഷിക്കൽ
51. സത്യസന്ധത
52. സലാം പറയൽ വ്യാപിപ്പിക്കൽ
53. മുസ്‌ലികളുടെ വഴിയിൽ നിന്നും അവർക്ക് ഉപദ്രവകരമാം വിധമുള്ള മരങ്ങളോ മറ്റ് തടസ്സങ്ങളോ നീക്കം ചെയ്യൽ.
54. വുദ്വൂഅ് പൂർണ്ണമായി എടുത്ത ശേഷം പറയേണ്ട പ്രാർഥന
55. അല്ലാഹുവിന്റെ അത്തിത്യുമമായ നാമങ്ങളിൽ നിന്നും 99 എണ്ണം മനഃപ്പാഠമാക്കൽ.
56. ജലദാനം ചെയ്യൽ
57. മറ്റുള്ളവർക്ക് ഭക്ഷണം നൽകൽ.
58. തെറ്റുകളിൽ നിന്നും പാപമോചനം തേടുകയും അതിൽ തുടരാതിരിക്കുകയും ചെയ്യൽ
59. ദൃഢവിശ്വാസത്തോട് കൂടി ബാങ്ക് വിളിക്ക് ഉത്തരം നൽകൽ.
60. എല്ലാ നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷവും ആയതുൽ കുർസിയ്യ് ഓതൽ.
61. ഉറച്ച വിശ്വാസത്തോടെ രാവിലെയും വൈകുന്നേരവുമായി സയ്യിദുൽ ഇസ്തിഗ്ഫാർ ചൊല്ലൽ.
62. അത്താഴ സമയത്ത് പാപ മോചനം തേടൽ
63. ദാഹിച്ച് വലഞ്ഞ മൃഗങ്ങൾക്ക് വെള്ളം നൽകൽ
64. കടം വീട്ടുമ്പോഴും ലഭിക്കാനുള്ള കടം തിരിച്ച് ചോദിക്കുമ്പോഴും തന്റെ കൂട്ടുകാരനോട് വിട്ട് വീഴ്ചയോടെ വർത്തിക്കൽ.
65. ഏറ്റവും പ്രിയപ്പെട്ടവർ മരണപ്പെടുപ്പോൾ അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിച്ച് ക്ഷമയോടെ കഴിയുക.
66. ലജ്ജ മുറുകെ പിടിക്കൽ.
67. സൂറത്തുൽ ഇഖ്‌ലാസിനോട് പ്രത്യേകമായൊരു ഇഷ്ടം തോന്നൽ.
68. വിപത്തുകളാൽ പരീക്ഷിക്കപ്പെടുന്നവരെ സമാശ്വസിപ്പിക്കൽ

68. വിപത്തുകളാൽ പരീക്ഷിക്കപ്പെടുന്നവരെ സമാശ്വസിപ്പിക്കൽ
69. അല്ലാഹുവോട് മൂന്ന് തവണ സ്വർഗം ചോദിക്കൽ
70. നീതിയോട് കൂടി ഭരിക്കൽ
71. അല്ലാഹുവിന് ഇബാദത്ത് ചെയ്ത് വളർന്ന യുവാവ്
72. പള്ളിയുമായി ഹൃദയത്തെ ബന്ധിപ്പിക്കൽ
73. സൗന്ദര്യവതിയും കുലീനയുമായ ഒരു യുവതി വിളിച്ചപ്പോൾ ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു എന്ന് പറയൽ
74. രഹസ്യമായി ദാനം ചെയ്യൽ
75. ഏകാന്തനായി അല്ലാഹുവെ ഓർത്ത് കരയൽ.
76. അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്നവന് തണലേകൽ
77. നീതിയോടെ വിധി കൽപ്പിക്കൽ
78. മുസ്‌ലിമായ ഒരു സഹോദരനെ സന്തോഷിപ്പിക്കുന്നതിനായി അല്ലാഹുവിന് ഇഷ്ടമുള്ള കാര്യങ്ങളുമായി അവനെ സന്ദർശിക്കൽ
79. മുസ്‌ലിമായ ഒരു വ്യക്തിയുടെ ന്യൂനത മറച്ചു വെക്കൽ
80. ഒരു സഹോദരന്റെ ആവശ്യം നിറവേറുന്നത് വരെ അവന്റെ കൂടെ നടക്കൽ.
81. ഉറങ്ങാൻ കിടക്കുമ്പോൾ ഉള്ള ദിക്ർ ചൊല്ലൽ
82. റമദ്വാനിൽ ഉംറ നിർവ്വഹിക്കൽ
83. സുബ്ഹ് നമസ്കാരം ജമാഅത്തായി നിർവ്വഹിക്കുകയും സൂര്യോദയം വരെ ദിക്റിലായി അവിടെ തന്നെ ഇരിക്കുകയും പിന്നീട് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്യൽ
84. നന്മ പഠിക്കുവാനോ പഠിപ്പിക്കുവാനോ ആയി പള്ളിയിലേക്ക് പോകൽ
85. ദുൽഹിജ്ജയിലെ ആദ്യ പത്ത് ദിനങ്ങളിൽ ആരാധനകൾ നിർവ്വഹിക്കൽ
86. വിധവകൾക്കും സാധുക്കൾക്കും നന്മ ചെയ്തു നൽകൽ
87. വിജയം വരിക്കുന്നത് വരെ അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്ന ഒരു യോദ്ധാവിനെ തയ്യാറാക്കൽ.
88. അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്ന യോദ്ധാവിന്റെ വീട്ടിൽ പിൻഗാമിയായി നല്ല രീതിയിൽ വർത്തിക്കൽ.
89. എല്ലാ മാസവും മൂന്ന് ദിവസം നോമ്പനുഷ്ഠിക്കൽ
90. റമദ്വാനിലെ വ്രതത്തിന് ശേഷം ശവ്വാലിൽ ആറ് നോമ്പനുഷ്ഠിക്കൽ

91. വെള്ളിയാഴ്ച്ച ദിവസം ജുമുഅക്ക് വേണ്ടി കുളിക്കുകയും നടന്ന് കൊണ്ട് പള്ളിയിലേക്ക് നേരത്തെ പുറപ്പെടുകയും ഇമാമിന്റെ അടുത്തിരുന്ന് അനാവശ്യ കാര്യങ്ങളിൽ ഏർപ്പെടാതെ ഖുത്ബ ശ്രദ്ധിച്ച് കേൾക്കുകയും ചെയ്യൽ
92. നോമ്പ് തുറപ്പിക്കൽ
93. നൂറ് തവണ തസ്ബീഹ് ചൊല്ലൽ.
94. നൂറ് തവണ لا إله إلا الله എന്നോ അല്ലെങ്കിൽ لا إله إلا الله وحده لا شريك له الملك وله الحمد وهو على كل شيء قدير എന്നോ ചൊല്ലൽ
95. പത്ത് തവണ ഈ ദിക്ർ ചൊല്ലൽ : إلا الله وحده لا شريك له الملك وله الحمد وهو على كل شيء قدير
96. ഏഴ് തവണ കഅ്ബ ത്വവാഫ് ചെയ്യലും ശേഷം രണ്ട് റക്അത്ത് നമസ്കരിക്കലും
97. കറവയുള്ള ആടിനെ ഉപകാരമെടുക്കാൻ മറ്റൊരാൾക്ക് നൽകുക
98. കടം നൽകുക
99. വഴി കാണിച്ച് നൽകുക .
100. നൂറ് തവണ الحمد لله പറയൽ
101. താഴെ നൽകിയ ദിക്റും അത്ര തന്നെ തസ്ബീഹും നിർവ്വഹിക്കൽ الحمدُ للهِ عددَ ما خلقَ والحمدُ للهِ ملء ما خلق والحمدُ
102. ..... سبحان الله وبحمده എന്ന ദിക്ർ മൂന്ന് തവണ ചൊല്ലൽ
103. لا حول ولا قوة إلا بالله എന്ന് പറയൽ
104. ഒരു നമസ്കാരം കഴിഞ്ഞ് അടുത്തതിനായി അവിടെ തന്നെ കാത്തിരിക്കുയും അത് നിർവ്വഹിക്കുകയും ചെയ്യൽ .
105. സത്യ സന്ധമായി അല്ലാഹുവോട് രക്തസാക്ഷിത്വം ചോദിക്കൽ
106. ദ്വുഹാ നമസ്കാരമോ മറ്റ് ഐച്ഛിക നമസ്കാരങ്ങളോ മാത്രം ലക്ഷ്യം വെച്ച് പള്ളിയിലേക്ക് പുറപ്പെടൽ.
107. മദീനയിലെ മസ്ജിദു ക്വുബാ യിൽ വെച്ച് നമസ്കരിക്കൽ
108. നൂറ് തവണ തക്ബീർ ചൊല്ലൽ
109. നന്മ കൽപ്പിക്കലും സന്മാർഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും ചെയ്യൽ
110. തിന്മ വിരോധിക്കൽ
111. വാഹനപ്പുറത്ത് കയറുവാൻ സഹായിക്കൽ
112. സാധങ്ങൾ കയറ്റി വെക്കുവാൻ സഹായിക്കൽ.
113. രണ്ട് റക്അത്ത് ദ്വുഹാ നമസ്കരിക്കൽ
114. ഭൗതിക നേട്ടം ആഗ്രഹിക്കാതെയും മറ്റ് നിബന്ധനകൾ വെക്കാതെയും കടം നൽകൽ.

115. സുബ്ഹ് ജമാഅത്തായി നമസ്കരിക്കൽ.
116. ഇശാ ജമാഅത്തായി നമസ്കരിക്കൽ.
117. മസ്ജിദുൽ ഹറാമിൽ വെച്ച് നമസ്കരിക്കൽ.
118. മസ്ജിദുന്നബവിയിൽ വെച്ച് നമസ്കരിക്കൽ.
119. ഇമാമിന്റെ കൂടെ ജമാഅത്തായി നമസ്കരിക്കൽ
120. ഏകാന്തമായോ വീട്ടിൽ വെച്ചോ ഐച്ഛിക നമസ്കാരങ്ങൾ നിർവ്വഹിക്കൽ
121. വിശുദ്ധ ക്വുർആനിൽ നിന്നും ഒരക്ഷരം പാരായണം ചെയ്യൽ
122. ബാങ്കിന് ഉത്തരം നൽകിയ ശേഷം നബി ﷺയ്ക്ക് വേണ്ടി സ്വലാത്ത് നിർവ്വഹിക്കൽ.
123. ബലി കർമ്മം നിർവ്വഹിക്കൽ.
124. سبحان الله وبحمده ، سبحان الله العظيم എന്ന് ചൊല്ലൽ
125. ക്ഷമ മുറുകെ പിടിക്കൽ
126. സത്യവിശ്വാസികൾക്ക് വേണ്ടി അല്ലാഹുവോട് പാപമോചനം തേടൽ.
127. വീട്ടിൽ നിന്നും ജനാസയെ അനുഗമിക്കുകയും പിന്നീട് മയ്യിത്ത് നമസ്കരിക്കുകയും മറവു ചെയ്തു കഴിയുന്നത് വരെ കൂടെ നിൽക്കൽ
128. മയ്യിത്ത് നമസ്കാരത്തിൽ മാത്രം പങ്കെടുത്ത് മടങ്ങിപ്പോകൽ
129. കുറ്റകരമായതോ കുടുംബ ബന്ധം വിച്ഛേദിക്കുന്നതോ അല്ലാത്ത കാര്യങ്ങൾ അല്ലാഹുവോട് ചോദിക്കൽ.
130. ദീനിൽ അടിസ്ഥാനമുള്ള ഒരു കർമ്മത്തെ ജീവിപ്പിക്കൽ
131. സൽകർമ്മങ്ങൾ ചെയ്യണമെന്ന സത്യസന്ധമായ ഉദ്ദേശ്യമുണ്ടായിരിക്കൽ
132. ബാങ്ക് വിളിക്കുന്നതിനും നമസ്കാരത്തിൽ ഒന്നാമത്തെ സ്വഫ് ലഭിക്കുന്നതും വേണ്ടി സന്നിഹിതനാകൽ.
133. ഒറ്റയടിക്ക് പല്ലിയെ കൊല്ലൽ
134. രണ്ടോ മൂന്നോ അടിക്ക് പല്ലിയെ കൊല്ലൽ.
135. السلام عليكم ورحمة الله وبركاته എന്ന് സലാം പറയൽ
136. السلام عليكم ورحمة الله എന്ന് സലാം പറയൽ .

137. السلام عليكم എന്ന് സലാം പറയൽ
138. അല്ലാഹുവിന്റെ മാർഗത്തിൽ അതിർത്തിക്കളിൽ കാവൽ നിൽക്കെ മരണപ്പെടൽ
139. ബാങ്കിന് ഉത്തരം നൽകിയ ശേഷം വസീല: എന്ന പദവി നബി ﷺ ക്ക് ലഭിക്കാനായി പ്രാർത്ഥിക്കൽ.
140. രാവിലെയും വൈകുന്നേരവുമായി നബി ﷺക്ക് വേണ്ടി പത്ത് സ്വലാത്ത് ചൊല്ലൽ .
141. സൂറതുൽ ബകറയും ആലു ഇംറാനും പാരയണം ചെയ്യൽ.
142. ഉപ്പയുടെ സ്നേഹിതന്മാർക്ക് സമ്മാനങ്ങൾ നൽകൽ.
143. സൂറതു സൽസല പാരായണം ചെയ്യൽ.
144. സൂറതുൽ ഇഖ്ലാസ് പാരയണം ചെയ്യൽ

145. സൂറതുൽ കാഫിറൂൻ പാരായണം ചെയ്യൽ

ഭാഗം നാല് : മനസ്സിലെ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള കർമങ്ങൾ.

1. തക്വ്വയിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കൽ
2. ഹജ്ജും ഉംറയും നിർവ്വഹിച്ച ശേഷം തല മുണ്ഡനം ചെയ്യുകയോ
3. മുടി വെട്ടി ചെറുതാക്കുകയോ ചെയ്യൽ.
4. അസ്വ്ർ നമസ്കാരത്തിന് മുമ്പ് നാല് റക്അത്ത് നമസ്കരിക്കൽ
5. അല്ലാഹുവെ സ്മരിക്കുന്നതിനായി ഒരുമിച്ച് കൂടൽ
6. രാത്രി നമസ്കരിക്കാനായി ഭാര്യയെ വിളിച്ചുണർത്തുകയും അവൾ എഴുന്നേൽക്കാതിരുന്നപ്പോൾ മുഖത്തേക്ക് വെള്ളം തെളിക്കുകയും ചെയ്യൽ.
7. ക്രയവിക്രയങ്ങളിലും കടം തിരിച്ച് ചോദിക്കുമ്പോഴും വിട്ടു വീഴ്ച്ച ചെയ്യൽ.
8. കുറ്റകരമായതോ കുടുംബ ബന്ധം വിച്ഛേദിക്കുന്നതോ അല്ലാത്ത കാര്യങ്ങൾ അല്ലാഹുവോട് ചോദിക്കൽ.
9. തന്റെ സഹോദരന് വേണ്ടി അവന്റെ അസാന്നിധ്യത്തിൽ വെച്ച് പ്രാർത്ഥിക്കൽ.
10. രാത്രിയുടെ മൂന്നിലൊന്നിന്റെ അവസാന സമയത്ത് അല്ലാഹുവോട് പ്രാർത്ഥിക്കൽ.
11. ബുധനാഴ്ച ദിവസം ദ്വുഹ്റിനും അസ്വ്റിനുമിടയിൽ പ്രാർത്ഥിക്കൽ.
12. യൂനുസ് നബി - عليه السلام- ന്റെ പ്രാർത്ഥന നിർവ്വഹിക്കൽ
13. വെള്ളിയാഴ്ച്ച ദിവസത്തിലെ ഒരു പ്രത്യേക സമയത്ത് അല്ലാഹുവോട് പ്രാർത്ഥിക്കൽ.

14. പ്രാർത്ഥിക്കുന്ന ഘട്ടത്തിൽ കൈ ഉയർത്തൽ.
15. ബാങ്കിനും ഇകാമത്തിനുമിടയിൽ പ്രാർത്ഥിക്കൽ
16. ബാങ്കിന് ഉത്തരം നൽകിയ ശേഷം തന്റെ ആവശ്യങ്ങൾ അല്ലാഹുവോട് ചോദിക്കൽ.
17. രാത്രി ഉറക്കിൽ നിന്ന് അസമയത്ത് ഉണർന്നാൽ ഇപ്രകാരം പറഞ്ഞതിന് ശേഷം വല്ലതും പ്രാർത്ഥിക്കൽ
18. നോമ്പ് കാരനായിരിക്കെ പകലിലും നോമ്പ് തുറക്കാൻ നേരത്തും പ്രാർത്ഥിക്കൽ
19. അല്ലാഹുവെ സദാ സ്മരിച്ച്കൊണ്ടിരിക്കൽ.
20. പ്രാർത്ഥന
21. റമദ്വാനിലെ രാപ്പകലുകളിൽ പ്രാർത്ഥനയിൽ മുഴുകൽ.
22. അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ച് വിനയം കാണിക്കൽ.
23. നാവിനെ സൂക്ഷിക്കൽ
24. സൽസ്വഭാവവും
25. നല്ല അയൽപ്പക്ക ബന്ധവും നിലനിർത്തൽ.
26. കുടുംബ ബന്ധം ചേർക്കൽ
27. ഇസ്മിദ് കൊണ്ട് സുറുമയിടൽ.
28. ഒന്നാമത്തെ സ്വഫ്ഫിൽ വെച്ച് നമസ്കരിക്കൽ.
29. വുദ്വൂഅ് നഷ്ടപ്പെടാതെ നമസ്കാര സ്ഥലത്ത് തന്നെ ഇരിക്കൽ
30. മുസ്‌ലിമായ തന്റെ സഹോദരനെ സന്ദർശിക്കൽ
31. ബാങ്ക് വിളിക്കൽ

**ഭാഗം അഞ്ച് : ഇഹലോക ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള കർമങ്ങൾ.**

1. തന്റെ സഹോദരന്റെ ആവശ്യ നിർവ്വഹണത്തിനായി അവന്റെ കൂടെ നടക്കൽ
2. കുടുംബ ബന്ധം ചേർക്കൽ
3. പാപമോചനം പതിവാക്കുകയും അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുകയും ചെയ്യൽ
4. തക്വ്‌വയിലധിഷ്ഠിതമായി ജീവതം ക്രമീകരിക്കൽ
5. അല്ലാഹുവിൽ മാത്രം ഭരമേൽപ്പിക്കൽ
6. നന്മയുടെ മാർഗത്തിൽ ചെലവഴിക്കൽ
7. പ്രായമുള്ളവരെ ബഹുമാനിക്കൽ.

8. വിപത്തുകൾ ബാധിക്കുമ്പോൾ ഇപ്രകാരം പറയൽ
9. വാങ്ങുന്നവനും വിൽക്കുന്നവനും കച്ചവടത്തിൽ സത്യസന്ധതയും യാഥാർത്ഥ്യങ്ങൾ തുറന്ന് പറയുകയും ചെയ്യൽ .
10. കിടപ്പറയിലേക്ക് ചെല്ലുമ്പോൾ 34 തവണ തക്ബീറും 33 തവണ വീതം തസ്ബീഹും തഹ്മീദും ചൊല്ലൽ.

ഭാഗം ആറ് : നിനക്ക് ചുറ്റുമുള്ളവരോട് നിറവേറ്റാനുള്ള കർമങ്ങൾ.

1. തിന്മയെ നന്മ കൊണ്ട് പ്രതിരോധിക്കൽ
2. കുടുംബ ബന്ധം ചേർക്കൽ
3. സൽസ്വഭാവം
4. നല്ല അയൽപ്പക്ക ബന്ധം നിലനിർത്തൽ.